

# TKM COLLEGE OF ARTS AND SCIENCE QUILON

1983

Scanned with OKEN Scanner

# Thangal Kunju Musaliar College of Arts and Science



Annual - 1983

Scanned with OKEN Scanner

THE LATE JANAB A. THANGAL KUNJU MUSALIAR



*THY DREAMS FULFILLED*
*THY MEMORY IS CHERISHED BY ALL.*

Scanned with OKEN Scanner



JANAB T. K. SHAHAL HASSAN MUSALIAR
(Chairman, College Governing Body)

Scanned with OKEN Scanner



JANAB T. K. KAMALUDEEN MUSALIAR
(Treasurer, College Governing Body)



PROF: S. M. SAINULABDEEN, M. Sc.
Our Principal

Scanned with OKEN Scanner

# report of the staff editor

We are happy and grateful to God for yet another successful year of this college with remarkable achievements when we are presenting this 18th Volume of the College Magazine, reflecting the multipurpose activities in this institution. The strength of the College is nearly three thousand with two Post-graduate Courses. Our boys and girls have excelled in their performance in the field of N. C. C., N. S. S. and Sports representing at International level also.

We remember our beloved founder late Janab A. Thangal Kunju Musaliar whose gifted farsight and philanthrophy is enjoyed by each and every student and staff of this institution. His memory beckons us to steer clear of all problems in this institution. We record our immense gratitude to our management especially our Chairman Janab T. K. Shahal Hassan Musaliar for their keen interest and guidance in the activities of this institution.

We have printed a good number of Malayalam articles, a few in English, Hindi and Arabic. Our Principal Prof. S. M. Sainulabdeen has spared no efforts inspite of his other administrative duties to guide and help us in bringing out this magazine in time and well equipped, giving his personal attention. The pages of activities in this magazine will impress upon our dear readers that there is perfect discipline in this college at a time when the adolescent youth of many institutions are under troubles and turmoils

The co-operation from the Editorial Board, staff and students is very much appreciated. Our thanks to all of them.

Our hearts are filled with grief when we remember our colleague Late Prof. A. Hussain, Head of the Dept. of Botany, who left for his Heavenly abode. May his soul rest in peace. We also feel very sad to mention about two lost flowers of this college, Kumari A. S. Bini of II D. C. Maths and Sri. Rahim Kutty of final B. Com. both in bus accidents, who are dead eve their prime.

Our student community should understand that continual hard work is important and free time hanging heavily on their heads as the saying goes is "idle mind is devil's workshop" and they respond readily to any invitation to misbehaviour. Drawing Cartoons, indulging in photography, writing articles and collecting quotations from learned men will divert their mental attitude into useful achievements and there can be no better forum than a College magazine to express their talents.

Mrs. M. RAZVI

Scanned with OKEN Scanner



## മുഖവുര

പ്രിയരെ,

ആധുനികതയുടെ അതിരുകടന്ന കാടത്തങ്ങളിൽ ആസ്വാദനശക്തിയെ ദർശിയ്ക്കുന്ന ഒരുവനല്ല ഞാൻ. എങ്കിലും, പഴയ താലീപത്രത്തിന്റെ എളിമയിൽ, ഇന്നത്തെ അറിവിന്റെ വിശാലതയിൽ, ഇത്രയും ഒരുക്കിയെടുത്തതു് 'പൂർണ്ണതയിൽ ആയി' എന്നു വീമ്പിളക്കാൻ അല്ല. കാരണം ഇതിലെ എഴുത്തുകാർ ഒരു കാളിദാസനോ, ഒമർഖയ്യാമോ അല്ലല്ലോ? തുടക്കംമുതൽ ഒടുക്കംവരെ നല്ലതിനുമാത്രം ശ്രമിച്ചു. അധർമ്മയുദ്ധങ്ങളുടെ കാലഘട്ടങ്ങളിൽ ധർമ്മത്തിനു വേണ്ടി പൊരുതേണ്ടിവരുന്നവരുടെ നിലനില്പിന്റെ വേരുകൾ പടരുന്ന ദുഃഖസാന്ദ്രമായ വഴിത്താരകൾ എനിക്കു് വഴികാട്ടിയായി. എങ്കിലും, പ്രതികരിച്ചവരെ, ഇത്തരം ഒരു സൃഷ്ടിയുടെ പിന്നിലെ പ്രയാസങ്ങൾ അനുഭവിച്ചറിഞ്ഞാൽ........

എന്നിൽ സ്നേഹവും വിശ്വാസവുമർപ്പിച്ച നിങ്ങൾക്കു് എന്റെ ഹൃദയംനിറഞ്ഞ നന്ദിരേഖപ്പെടുത്തുന്നതോടൊപ്പം, നേർത്ത മൂടൽമഞ്ഞുപോലെ ആവരണംചെയ്തുനിൽക്കുന്ന അജ്ഞതയുടെ ദുരൂഹസമസ്യകളിൽനിന്നുള്ള മോചനത്തിന് ശംഖനാദംമുഴക്കുന്ന ഈ കലാലയ സ്മരണികയെ അത്യന്തം സന്തോഷത്തോടുകൂടി സമർപ്പിച്ചുകൊണ്ടു ഈ രേഖയുടെ അന്ത്യം സവിനയം കുറിക്കട്ടെ.

നിങ്ങളുടെ
ചീഫ് എഡിറ്റർ
ബാബു പി.

# EDITORIAL BOARD



Managing Editor: Prof: S.M. Sainulabdeen M. Sc. (Principal), Chief Editor: Prof: Maqbool Razvi M. Sc.

Chief Student Editor: Babu P.

Associate Editors: Prof: Narayana Swami S., Prof: Ameer Ali I., Prof: Mathew E., Prof: Sathi Amma S., Sri. Girija Kumar M., Sri. Badarudeen A., Sri. Hasheem Kutty V. A., Smt. Sulekha G., Sri. Anil Kumar S. (Chairman), Sri. Abdulla Shaffi M. (Gen: Secretary)

Cover Page Designer:
Mohamed Shaffee Y.
III B. Sc. Botany.

Scanned with OKEN Scanner

ലേഖനം

# ഭാഷാപ്രശ്നം ഒരാമുഖം

ബി. തൃദീപ്കുമാർ

III B. Sc. (മാത്തമാറ്റിക്സ്)

ദേശീയഭാഷ, ബന്ധഭാഷ (Link Language), ഔദ്യോഗികഭാഷ, പാഠനമാദ്ധ്യമം തുടങ്ങി ഭാഷകൾ നിർവ്വഹിക്കേണ്ടുന്ന നാനാതരം കൃത്യങ്ങളുണ്ട്. അവ ഏതേത് ഭാഷകൾ നിർവ്വഹിക്കുമെന്നത് ഇന്ന് വളരെയധികം ചർച്ചകൾക്ക് വിഷയീഭവിച്ചിട്ടുള്ള ഒന്നാണ്. ഏതു ഭാഷ ഏതു കൃത്യം നിർവ്വഹിച്ചാലും ആ കൃത്യം നിർവ്വഹിക്കേണ്ടുന്ന ഭാഷയുടെ ശേഷിക്കും, പ്രാപ്തിക്കും, സമ്പന്നതയ്ക്കും സവിശേഷപ്രാധാന്യമുണ്ട്.

കൺഫ്യൂഷിയസ് എന്ന ദാർശനികൻ പറഞ്ഞു

If the language is not Correct
Then what is said is not
What is meant,
Then what ought to bedone
remains undone,
if this remains undone
morals and art will deteriorate
If morals and art will deteriorate,
justice will be astray;
if justise goes astray,
the people will stand about
in helpless Confusion.

[illegible]

[illegible] കൾ സംസാരിക്കുന്ന ഒരു നാട്ടിൽ എന്തായാലും ഒരു ഭാഷയെ ദേശീയഭാഷയായോ, ഔദ്യോഗികഭാഷയായോ സ്വീകരിക്കുമ്പോൾ, ദേശീയ ഉദ്ഗ്രഥനത്തിനും ഐകകാത്മകതയ്ക്കും അത് എത്രത്തോളം സഹായകമാകുമെന്ന് അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇൻഡ്യയിൽ പൊതുവായ ഒരു വിനിമയ ഭാഷയുടെ (Lingua Franca) അഭാവം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ഇൻഡ്യയിലെ ഏതെങ്കിലുമൊരു ഭാഷയെ ഔദ്യോഗികഭാഷയായോ ദേശീയഭാഷയായോ നിലനിർത്താൻ കഴിയുമോ? നമ്മുടെ പ്രാദേശികഭാഷകൾ വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആദ്യം സൂചിപ്പിച്ച, ഭാഷ നിർവ്വഹിക്കേണ്ടുന്ന നാനാതരം കൃത്യങ്ങൾ ഇൻഡ്യയിലെ ഒരു ഭാഷയ്ക്കും ചെയ്യാൻ കഴിയാതെ വരുന്നു. വികസിതവും സമ്പന്നവുമായ ഒരു ഭാഷയ്ക്കേ ഈ കൃത്യങ്ങൾ ചെയ്യാൻ കഴിയൂ എന്ന യാഥാർത്ഥ്യം കണക്കിലെടുക്കുമ്പോഴാണ് ആംഗലേയ പ്രസക്തി കാണാൻ കഴിയുന്നത്.

## ഇംഗ്ലീഷ് വിദേശഭാഷയല്ല

ഇൻഡ്യയ്ക്കു് ഒരു ദേശീയഭാഷ ഉണ്ടാകണമെന്നും, എങ്കിൽ മാത്രമേ ദേശീയോദ്ഗ്രഥനം സാദ്ധ്യമാവൂ എന്നും, ഇൻഡ്യയിലെ40% ജനങ്ങൾ കൈകാര്യം ചെയ്യുന്ന ഭാഷ ഹിന്ദിയാണെന്നും, അതു [illegible] 1965 [illegible]

ഇംഗ്ലീഷിന് എതിരായുള്ള [illegible] ദേശീയ സ്വാതന്ത്ര്യത്തിനും പരമാധികാരത്തിനും (against the intrest of our national independence and Sovereignty) എതിർക്കപ്പെടേണ്ടതാണ്. ഈ വാദഗതികളുടെ നിജസ്ഥിതി എന്താണെന്ന് പരിശോധിക്കാം.

ഇൻഡ്യയുമായി 300-ലേറെ വർഷക്കാലം പഴക്കമുള്ള ഒരു ഭാഷയാണ് ഇംഗ്ലീഷ്. ഇന്നാട്ടിലെ ജനങ്ങളുടെ ബൗദ്ധികവളർച്ചയിലും വികാസത്തിലും നിർണ്ണായകമായ പങ്കു വഹിക്കുന്ന, ഇൻഡ്യയുമായി ജൈവബന്ധം പുലർത്തുന്ന ഒരു ഭാഷ, വിദേശത്ത് ജന്മം കൊണ്ടു എന്നതാവിച്ചാൽ നമുക്ക് വൈദേശികമാകുമോ? അമേരിക്കയിലെ ജനങ്ങൾ ഇംഗ്ലീഷ്ഭാഷ സംസാരിക്കുന്നു. ആശയവിനിമയത്തിന് അവർ ഇംഗ്ലീഷ് ഉപയോഗിക്കുന്നു. പക്ഷെ ഇംഗ്ലീഷിന്റെ ജന്മസ്ഥലം അമേരിക്കയല്ല. അതുകൊണ്ട് അവർ ഇംഗ്ലീഷ് ഭാഷ

* Article 343 of the Constitution of India and provisions of official Languages Act

യുടെമേൽ വൈദേശികത്വം ആരോപിക്കുന്നുണ്ടോ? സങ്കുചിത ബുദ്ധികൾക്കേ അത്തരത്തിൽചിന്തിക്കാൻ കഴിയൂ. കാനഡയിൽ ഇംഗ്ലീഷും ഫ്രഞ്ചും ഔദ്യോഗികഭാഷയാണ്. ഈ രണ്ടുഭാഷയും കാനഡയിലല്ല ജന്മംകൊണ്ടത്. ഇന്നുവരെ കാനഡയിലെ ജനങ്ങൾ ഈ ഭാഷകളുടെ മേൽ വൈദേശികത്വം ആരോപിച്ചിട്ടില്ല. പല ലാററിൻ അമേരിക്കൻ രാജ്യങ്ങളുടേയും ഔദ്യോഗിക ഭാഷ സ്പാനിഷ് ആണ്. സ്പാനിഷ് സ്പെയിനിലാണ് ജന്മം കൊണ്ടത്. സ്വന്തംദേശത്ത്ജന്മം കൊള്ളാത്ത ഭാഷ ഔദ്യോഗികഭാഷയായും ബന്ധഭാഷയായും സ്വീകരിച്ചു എന്നകാരണത്താൽ ദേശീയോദ്ഗ്രഥനത്തിലും, സ്വാതന്ത്ര്യത്തിലും, പരമാധികാരത്തിലും അവർ സംശയാലുക്കളുമല്ല. ഒരു രാജ്യത്തെ സംബന്ധിച്ചിടത്തോളം ഒരു ഭാഷ ദേശീയമോ വൈദേശികമോ എന്ന്നിശ്ചയിക്കുമ്പോൾ പ്രധാനമായും ഇക്കാര്യം കണക്കിലെടുക്കണം.

1) ഒരു ഭാഷ ഒരു നാട്ടിൽ ഒരു വിഭാഗം ജനങ്ങളുടെ (ഭൂരിപക്ഷമോ ന്യൂനപക്ഷമോ എന്നത് പ്രസക്തമല്ല) മാതൃഭാഷയായിരിക്കുമ്പോൾ, അതിലുമുപരി ആശയവിനിമയത്തിന് ഉപയോഗിക്കുന്ന ഒന്നാകുമ്പോൾ ആ ഭാഷയുടെ മേൽ വൈദേശികത്വം ആരോപിക്കാൻ പാടില്ല. ഒരു ഭാഷ ഒരു നാട്ടിലെ ജനങ്ങൾക്ക് ഉയർന്ന സാമൂഹ്യ — സാംസ്കാരിക, ശാസ്ത്രീയ — സാങ്കേതിക ധാരണകൾ നൽകാൻ ഉതകുന്ന മാധ്യമായി നിലനിൽക്കുമ്പോൾ അങ്ങനെ അവഗണിക്കാൻ സാധ്യമല്ലതന്നെ. നമ്മുടെ നാട്ടിൽ ഒരു വിഭാഗത്തിൻെറ (ആംഗ്ലോ—ഇൻഡ്യൻ കമ്മ്യൂണിററി)മാതൃഭാഷയായ, സംസ്ഥാനാന്തര ബന്ധത്തിന് സഹായിക്കുന്ന, ശാസ്ത്ര— സാങ്കേതികമേഖലകളിലെ ഉന്നതധാരണകളെ നമുക്ക് മനസ്സിലാക്കിത്തരുന്ന ഇംഗ്ലീഷ്ഭാഷയുടെമേൽ വൈദേശികത്വം ആരോപിക്കുന്നതിൻെറ അർത്ഥശൂന്യത വെളിപ്പെടുന്നതിവിടെയാണ്.

## ഉന്നതവിദ്യാഭ്യാസ മാധ്യമം ഇംഗ്ലീഷായിരിക്കണം

ഉന്നതവിദ്യാഭ്യാസത്തിൻെറ മേഖലയിൽനിന്നും ഇംഗ്ലീഷ്ഭാഷയെ ഒഴിച്ചുനിർത്താൻ കേന്ദ്ര— സംസ്ഥാന സർക്കാരുകൾ ചില ഗൂഢ തന്ത്രങ്ങൾ ആവിഷ്കരിക്കുന്നു. പ്രത്യക്ഷത്തിൽ ചില നടപടികൾ അവർ കൈക്കൊള്ളുകയുംചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലെ ഈ മാധ്യമമാററം സാമാന്യ ജനങ്ങളെ വിജ്ഞാനത്തിൻെറ മേഖലകളിൽനിന്നും അകററിനിർത്താനുള്ള ശ്രമങ്ങളുടെ പ്രത്യക്ഷോദാഹരണമാണ്.

മാതൃഭാഷയാണ് പഠനമാധ്യമത്തിന് നല്ലത്, തർക്കമില്ല. മാതൃഭാഷയിലൂടെ മാത്രമേ വിദ്യാഭ്യാസം നടത്താവൂ എന്ന് ശഠിക്കുന്നവർ മാതൃഭാഷകളുടെ ശേഷിയേയും വികാസത്തേയും ഒപ്പം പരിമിതിയേയും കുറിച്ച് ബോധവാൻമാരായിരിക്കണം. പഠനമാധ്യമമായി മാതൃഭാഷയെ തിരഞ്ഞെടുക്കുമ്പോൾ അവസ്ഥ് സുപ്രധാനമായ ഈ മൂന്നു സംഗതികൾ തൃപ്തിപ്പെടുത്താൻ കഴിയുമോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

1) ഇൻഡ്യയിലെ വിദ്യാർത്ഥികളുടെ മാതൃഭാഷകളായിരിക്കുന്ന വിവിധ പ്രാദേശിക ഭാഷകൾക്ക്, സാഹിത്യം, തത്വശാസ്ത്രം, നീതിന്യായ ശാസ്ത്രം തുടങ്ങി ശാസ്ത്ര—സാങ്കേതികമേഖലവരെയുള്ള വിജ്ഞാനശാഖകളിലെ നൂതനവും സങ്കീർണ്ണവുമായ ധാരണകളേയും മൂല്യങ്ങളേയും പ്രതിഫലിപ്പിക്കാൻ കഴിയുമോ?

2) മാതൃഭാഷയിൽ, ഉന്നതവിദ്യാഭ്യാസത്തിൻേറയും ഗവേഷണത്തിൻേറയും മേഖലവരെ കൈകാര്യംചെയ്യാൻ കഴിയുന്ന അദ്ധ്യാപകരുടെ ഒരു ദളം രൂപപ്പെട്ടിട്ടുണ്ടോ?

3) നിയമനിർമ്മാണവുമായി ബന്ധപ്പെട്ട രേഖകൾ, സുപ്രീം കോടതിയിലേയും, ഹൈക്കോടതികളിലേയും നിയമപരമായ തീരുമാനങ്ങളുടെ മെച്ചപ്പെട്ട പരിഭാഷ ഇവ ഇൻഡ്യയിലെ മുപ്പത്തിമൂന്നോളം പ്രാദേശിക ഭാഷകളിലുമുണ്ടാകുന്നുണ്ടോ? ഈ പരമപ്രധാനമായ മൂന്നുകാര്യങ്ങളും ഇൻഡ്യൻ പ്രാദേശിക ഭാഷകൾക്ക് അസാധ്യമായിരിക്കുന്ന സാഹചര്യത്തിൽ, ഇംഗ്ലീഷ്ഭാഷയെ പഠനമാധ്യമമായി നിലനിർത്തിക്കൊണ്ട്, ഈ ദുഷ്കരവും വേണ്ടതരത്തിൽ പ്രയോജനപ്പെടാത്തതും, ദുരിതപൂർണ്ണവുമായ ഏർപ്പാടും ഉപേക്ഷിക്കുന്നതല്ലേ ബുദ്ധി?

## ഇംഗ്ലീഷ് കാലഘട്ടത്തിൻെറ ഭാഷ

ഇൻഡ്യയിലെ പ്രാദേശിക ഭാഷകളുടെ വളർച്ചയിലും വികാസത്തിലും പങ്കുവഹിച്ച ഭാഷ, ഇന്നാട്ടിലെ ജനങ്ങളുടെ ബുദ്ധിപരമായ മേഖലയെ കാര്യമായി വികസിപ്പിച്ച ഭാഷ ഇനിയും ആ കർത്തവ്യം നിറവേററേണ്ടുന്ന ഭാഷ, അത് നമ്മെ സംബന്ധിച്ചിടത്തോളം ഇംഗ്ലീഷ് മാത്രമാണ്. സ്വാതന്ത്ര്യസമരകാലത്ത് ലോകമാന്യതിലകൻ പറഞ്ഞതുപോലെ "The English language is like the milke of tigress........ India's liberation would be hastened if the youth of India are fed on it" ഇതിൻെറപ്രസക്തി ഇന്നും നിലനിൽക്കുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് ഇത്രയേറെ പ്രാധാന്യവും ആവശ്യകതയും നിലനില്ക്കുമ്പോൾ, കേന്ദ്ര—സംസ്ഥാന സർക്കാരുകളും അവരുടെ ഏറാൻമൂളി 'ബുദ്ധിജീവികളും' ഇംഗ്ലീഷ് ഭാഷാപഠനത്തിന് എതിരെ മുദ്രാവാക്യം ഉയ



Scanned with OKEN Scanner

ത്തുന്നതിനും, മാതൃഭാഷാ ദ്വേഷത്തിന് പകരം മാതൃഭാഷാ ഭ്രാന്ത് കാണിക്കുന്നതിനും പിന്നിൽ മറ്റെന്തോ ഉദ്ദേശം ഉണ്ടെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഉന്നതവിജ്ഞാനത്തിന്റെ മാധ്യമമായി നിലനില്ക്കുന്ന ഇംഗ്ലീഷ് ഭാഷ, ഇൻഡ്യയിലെ വിദ്യാർത്ഥികൾക്ക് പ്രൈമറിനിലവാരം മുതൽ പഠിക്കാനുള്ള അവസരം കൊടുക്കുന്നതിലൂടെ, വേണ്ടതരത്തിൽ പഠിപ്പിക്കുന്നതിലൂടെ മാത്രമേ ഇന്നാട്ടിലെ ജനങ്ങളുടെ പുരോഗതിയും, തദ്വാരാ ഈ ദേശത്തിന്റെ ഉദ്ഗ്രഥനവും സാധ്യമാവൂ.

1) ഇൻഡ്യക്ക് ഒരു ദേശീയഭാഷയേയുള്ളൂ ഇവിടെ ദേശീയഭാഷകൾ ഇല്ല.

2) പ്രാദേശികഭാഷകളെ പകരം ദേശീയ ഭാഷകൾ എന്ന് പറയുമ്പോൾ grammatical ആയി കുഴപ്പമൊന്നുമില്ലെങ്കിലും അത് അംഗീകൃത അർത്ഥപരിമിതികൾക്കപ്പുറം ചാടുന്നു.

3) Lingua Franca — പൊതുവിനിമയ ഭാഷയാണ്. what to you mean by സങ്കരഭാഷ?

3) ഹിന്ദിയെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചത് കാസ്റ്റിംഗ് വോട്ടിന്റെ പിൻബലത്തോടെയാണോ?

# കലാലയാസ്വസ്ഥതയുടെ വേരുകളെത്തേടി

ഇരവിപുരം കെ. ഫസലുദീൻ

ഒരു കാലത്ത് അറിവിന്റെയും, സംസ്കാരത്തിന്റെയും കേന്ദ്രങ്ങളായി കരുതപ്പെട്ടിരുന്ന നമ്മുടെ കലാലയങ്ങൾ ഇന്ന് അസ്വസ്ഥതയുടെയും അരാജക കലാപത്തിന്റെയും ഈറ്റില്ലങ്ങളായി മാറിയിരിക്കുന്നു. വിദ്യാർത്ഥികൾ അസ്വസ്ഥതയുടെ ഈ ഉണർത്തുപാട്ടുകൾ കേട്ടാണ് ഇവിടെ ഉദ്ബുദ്ധരാകുന്നത്. ഇതെവിടെ നിന്നാരംഭിച്ചു? ആരാണിതിന്നുത്തരവാദി? പരിഹാരമാർഗ്ഗമെന്ത്? ഈ കാര്യങ്ങൾ നമ്മുടെ ചർച്ചാവേദികളുടെ സജീവ ശ്രദ്ധ ആകർഷിച്ചുവയാണ്.

ഓരോ കലാലയവർഷവും നമ്മെ കടന്ന് പോകുന്നത് മറക്കാൻ കഴിയാത്ത കുറെ ദുസ്സ്മരണകൾ മാത്രം നമുക്ക് നൽകിക്കൊണ്ടാണ്. സമരങ്ങളുടെ എണ്ണവും ദൈർഘ്യവും ഏറുന്നു; കലാലയങ്ങൾക്ക് മുമ്പിൽ ബസ്സുകൾ കത്തിയെരിയുന്നു; അക്രമങ്ങൾ കൊലപാതകങ്ങൾവരെ ചെന്നെത്തുന്നു. സ്ഥിരമായി അംഗവൈകല്യമുള്ളവരും, രക്തസാക്ഷികളും അവിടെ സൃഷ്ടിക്കപ്പെടുന്നു. ഈ സ്ഥിതി തുടർന്ന് പോയാൽ? ശോഭനമായ ഒരു ഭാവി കാംക്ഷിക്കുന്നവരുടെ സത്വര ശ്രദ്ധപതിയേണ്ട രംഗമാണിത്. വിദ്യാർത്ഥികളിൽ വളർന്ന്‌വരുന്ന ഈ നശീകരണ സ്വഭാവത്തിന് കാരണം അസ്വസ്ഥതയാണെന്ന കാര്യത്തിൽ ആർക്കും അഭിപ്രായവ്യത്യാസമില്ല. പക്ഷെ ആ അസ്വസ്ഥതകളുടെ അടിസ്ഥാന കാരണങ്ങൾ കണ്ടുപിടിച്ച് അവയ്ക്ക് വ്യക്തമായ പരിഹാരം പ്രയോഗവൽക്കരിച്ച് കണ്ടില്ല! ശില്പത്തിന്റെ വിരൂപതയ്ക്ക് കാരണം ശില്പിയാണെന്ന് സമ്മതിക്കാമെങ്കിൽ ഈ അസ്വസ്ഥതകളെ സൃഷ്ടിക്കുന്ന അടിസ്ഥാന കാരണങ്ങളിലൊന്ന് നമ്മുടെ വികലമായ വിദ്യാഭ്യാസ സമ്പ്രദായമാണെന്ന് തുറന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

അനുദിനം പുരോഗതിയെ കാംക്ഷിക്കുന്ന ഒരു രാഷ്ട്രത്തിന് വേണ്ടി വിഭാവനം ചെയ്തതല്ല നമ്മുടെ വിദ്യാഭ്യാസം. പണ്ട് മെക്കാളെ ബ്രിട്ടീഷുകാർക്ക് ഗുമസ്തന്മാരെ സൃഷ്ടിച്ചുകൊടുക്കാൻ തയ്യാറാക്കിയ ആ വിദ്യാഭ്യാസക്രമമാണ് നാം ഇന്നും ഇവിടെ അനുവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ അതിന് ധാരാളം പോരായ്മകളുമുണ്ട്. പാശ്ചാത്യ സംസ്കാരത്തിന് ചുവടൊപ്പിച്ചു നീങ്ങുന്ന ഇന്നത്തെ ഇന്ത്യൻ വിദ്യാഭ്യാസത്തിന് ആർഷഭാരത വിദ്യാക്രമത്തിലെ പ്രധാന വിഷയമായ ധാർമ്മികപഠനം കൈവിട്ടുപോയി. അതാകട്ടെ വിദ്യാഭ്യാസത്തിന്റെ മഹോന്നത ലക്ഷ്യങ്ങളിൽ നിന്നും നമ്മെ വളരെ അകലത്തിൽ കൊണ്ടെത്തിച്ചു. തെറ്റു കൂടാതെ കൂട്ടാനും, കിഴിക്കാനും, വ്യാകരണപ്പിശക് കൂടാതെ സംസാരിക്കാനും, എഴുതാനും കഴിവുള്ളവരാക്കുക എന്നതു മാത്രമാണ് വിദ്യാഭ്യാസ ലക്ഷ്യമെന്ന് പറയിക്കുന്നിടംവരെ അത് നമ്മെ കൊണ്ടെത്തിക്കുകയും ചെയ്തു. ''നൈതിക മൂല്യങ്ങളെ കയ്യൊഴിച്ച ഒരു സമൂഹവും നാശമടയാതിരുന്നിട്ടില്ല.'' ലോകത്തിലെ വിവിധ സംസ്കാരങ്ങളെക്കുറിച്ച് അവഗാഹംനേടിയ ആർനോൾഡ് ടോയൻബി പറഞ്ഞു. ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ ദുരന്തം ഈ യാഥാർത്ഥ്യത്തിനുനേരേ കണ്ണടച്ചതാണ്.

ഗുരുവിനെ ഈശ്വരതുല്യം ബഹുമാനിച്ചിരുന്ന മാമുനിമാരുടെ പർണ്ണാശ്രമങ്ങൾ നിലനിന്നിരുന്ന നാട്ടിലാണ്, ഗുരുദക്ഷിണയായി വലതുകൈയിലെ പെരുവിരൽപോലും ഛേദിച്ചുനൽകാൻ മടികാണിക്കാഞ്ഞ ഏകലവ്യന്റെ കഥകേട്ട് വളർന്നവരുടെ നാട്ടിലാണ് ഈയടുത്തകാലത്ത് 'സാധനാ സർക്കാർ' എന്ന കോളേജ് പ്രിൻസിപ്പൽ തന്റെ വിദ്യാർത്ഥികളാൽ ഘെരാവോചെയ്യപ്പെട്ട് മരുന്നും വെള്ളവുംപോലും കുടിക്കാനനുവദിക്കപ്പെടാതെ അന്ത്യശ്വാസം വലിച്ചത്. നമ്മുടെ അടുത്തുള്ള ചില കോളേജുകൾ സഹവിദ്യാർത്ഥികളുടെ ചോരകൊണ്ട് കലാലയ ചരിത്രത്തിൽ കറുത്ത പുള്ളി വരച്ചുചേർത്തവയാണ്. കാരണങ്ങൾ പഴയതും ആഴത്തിൽ വേരൂന്നിയവയുമാണ്.

വിദ്യാർത്ഥി, വിദ്യാർത്ഥി എന്നതിനോടൊപ്പം ഒരു സാമൂഹ്യജീവി കൂടിയാണെന്ന കാര്യം വിസ്മരിച്ചുകൂടാ. തന്മൂലം സാമൂഹ്യ ചലനങ്ങൾ കലാലയ കാമ്പസുകളിലുംപ്രതിഫലിച്ചേക്കും. പക്ഷേ ആ പ്രതിഫലനങ്ങളുടെ ശക്തി കുറയ്ക്കാനും അതിന് ക്രിയാത്മകമായ പരിഹാരമാരായാനും വിദ്യാർത്ഥിക്ക് കഴിയണമെങ്കിൽ അവനു സമൂഹത്തോടുള്ള ധാർമ്മികമായ ബന്ധം മനസ്സിലാക്കിച്ചേ മതിയാവൂ. ദൗർഭാഗ്യവശാൽ മററു ജീവജാലങ്ങളുടെ സാമൂഹ്യജീവിതത്തെ വളരെ വിശദമായി അപഗ്രഥിച്ചു പഠിക്കുന്ന നമുക്ക്, നമ്മുടെ സാമൂഹ്യജീവിതത്തെപ്പററി പഠിക്കാനുള്ള അവസരമില്ല! തന്മൂലം തന്റെ സഹപാഠിയെ തന്നെപ്പോലെ കാണാനും സ്നേഹത്തിന്റേയും ബഹുമാനത്തിന്റേയും ഭാഷയിൽ അവനോടു സഹകരിക്കാനും വിദ്യാർത്ഥിക്ക് പലപ്പോഴും കഴിയുന്നുമില്ല.

ഇന്നത്തെ വിദ്യാർത്ഥിക്ക് ഒരു ലക്ഷ്യവും ഒരു നല്ല ഭാവിയും വാഗ്ദാനംചെയ്യാൻ നമുക്ക് കഴിയാതെപോയതും അസ്വസ്ഥതയുടെ കാരണങ്ങളിലൊന്നായിട്ടുണ്ടാം. അലക്ഷ്യമായവിദ്യാഭ്യാസഘടനയ്ക്ക് അസ്വസ്ഥതയല്ലാതെ മറെറന്താണ് സംഭാവനചെയ്യുവാൻ കഴിയുക.

ഇഷ്ടമില്ലാത്ത വിഷയം പഠിക്കാൻ നിർബന്ധിതനാവുന്ന വിദ്യാർത്ഥിയും, മാസ്റ്റർബിരുദം നേടിയ ഉടനെ മറെറാരു മാർഗ്ഗവുമില്ലാത്തതിനാൽ അദ്ധ്യാപകനായി, വീട്ടിലിരുന്നു വേണ്ടത്ര തയ്യാറെടുപ്പുപോലും ചെയ്യാതെ ക്ലാസ്മുറികളിൽ വിദ്യാർത്ഥികളുടെ മുമ്പിൽ പതറുന്ന അദ്ധ്യാപകനും അസ്വസ്ഥതവിതയ്ക്കുന്നവരാണ്.

കഴിഞ്ഞകാലങ്ങളിൽ പരീക്ഷാക്കടലാസ് നോക്കുന്ന കാര്യത്തിൽ അദ്ധ്യാപകർകാട്ടുന്ന കൃത്യവിലോപവും, യൂണിവേഴ്സിററിയുടെ പവിത്രതയെ ചോദ്യം ചെയ്ത മാർക്ക ലിസ്റ്റ് അപവാദവും, രാത്രികൾ പകലാക്കി പഠിച്ചാലും പണമുള്ളവനേ യോഗ്യതയുള്ളവനായിട്ടെണ്ണപ്പെടൂ എന്നു വന്ന അവസ്ഥയും ഏതു വിദ്യാർത്ഥിയുടെ മനസ്സിനെയാണ് പിടിച്ചുകുലുക്കാഞ്ഞത്.

ഇവയ്ക്ക് ആവുന്നതും വേഗം പരിഹാരം കണ്ടെത്തിയില്ലെങ്കിൽ ഉണ്ടാകാവുന്ന ആഘാതങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. 'കലാലയ പ്രശ്ന' പരിഹാരത്തിന് ധാർമ്മിക ശിക്ഷണത്തിനു വളരെസ്വാധീനമുണ്ടെന്നാണ്, അതേസംബന്ധിച്ച് പഠിച്ച റിപ്പോർട്ട് സമർപ്പിച്ച യൂണിവേഴ്സിററി എഡ്യൂക്കേഷൻ കമ്മിററിയും (1948), ശ്രീ പ്രകാശം കമ്മീഷനും, കോത്താരി കമ്മീഷനും (1949) അഭിപ്രായപ്പെട്ടത്.

ഈ വസ്തുതകളെല്ലാം കണക്കിലെടുത്തുകൊണ്ട് വിദ്യാഭ്യാസരംഗത്ത് ഇന്നുള്ള അസ്വസ്ഥതകളുടെ പരിഹാരത്തിനായി ഏതാനും നിർദ്ദേശങ്ങൾ ഞാനിവിടെ നിരത്തുകയാണ്.

1. ധാർമ്മികബോധനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു സിലബസ് പരിഷ്കരണം.

2. അഭിരുചിക്കനുസൃതമായ വിഷയം പഠിക്കാനുള്ള അവസരം.

3. വിദ്യാർത്ഥികളുടെ കഴിവിനെ അളക്കുന്ന ഏകമാനദണ്ഡം എന്ന നിലയ്ക്ക് പരീക്ഷാ സമ്പ്രദായത്തിനുള്ള പവിത്രത പരിരക്ഷിക്കുക.

4. എന്തും ഏതും വിദ്യാർത്ഥികളെക്കൊണ്ട് സമരം ചെയ്യിച്ചേപരിഹരിക്കപ്പെടൂ എന്ന നിലപാട് അധികാരികൾ മാററണം.

ഇവയൊന്നും ദുഷ്കരങ്ങളായ കാര്യങ്ങളല്ലതന്നെ. പക്ഷെ ഇവയൊക്കെ ആത്മാർത്ഥമായി പ്രാവർത്തികമാക്കാൻ നമ്മുടെ സമൂഹത്തിനു കഴിയുമോ?

**മഹാന്മാരുടെ ദൃഷ്ടിയിൽ സ്ത്രീ**

അമൃതു പോലെ തോന്നിക്കുന്ന വിഷമെന്ത് ?

അതാണ് സ്ത്രീ

—ശങ്കരാചാര്യർ

'സ്ത്രീകളില്ലാത്ത സമുദായം ഒന്നുമല്ല.

—നെപ്പോളിയൻ

(സമ്പാദക: ആർ. രാധാമണി IInd B 1)

# "ഓർമ്മയ്ക്കായ്"

അഷറഫ് എ.

IIIrd B. Com.

മണി ഒൻപതു് കഴിഞ്ഞു. ബസ്സ് ഇനിയും വന്നിട്ടില്ല. കാലപ്പഴക്കത്തിൽ ഒട്ടും മോശമല്ലെങ്കിലും, കൃത്യനിഷ്ഠയിൽ ഒട്ടും മടി കാണിക്കമായിരുന്നില്ല. എന്തേ ഇന്നുമാത്രം വൈകാൻ. ഞാൻ ആകാംക്ഷയോടുകൂടി ബസ്സുംപ്രതീക്ഷിച്ചു നിന്നു. നാം പ്രതീക്ഷിക്കുന്നതുപോലെ എപ്പോഴും നടന്നെന്നുവരുകയില്ലല്ലോ. മനുഷ്യൻ ഒന്നാഗ്രഹിക്കുന്നു ദൈവം മറ്റൊന്നു കല്പിക്കുന്നു. എന്നാലും സമാധാനത്തോടുകൂടി നിന്നു. പുള്ളിപ്പാവാടയും, തവിട്ടുനിറത്തിലുള്ള ധാവണിയും ധരിച്ച് കഴുത്തിൽ പേളമാലയുമണിഞ്ഞു് പൃഷ്ഠംവരെയെത്തികിടക്കുന്ന മനോഹരമായ കാർകൂന്തലിൽ റോസാപ്പൂവും ചൂടി സുസ്മേരവദനയായി മന്ദം മന്ദം നടന്നുവരാറുള്ള എന്റെ പ്രിയപ്പെട്ടവളെ, എന്തേ നീ ഇന്നു വൈകാൻ കാരണം. ഞാൻ അക്ഷമനായി. വാച്ചിലെ സമയം നീങ്ങിക്കൊണ്ടേയിരുന്നു ഒച്ചിനെപ്പോലെ. എങ്കിൽതന്നെ മിനിട്ടിനു് മണിക്കൂറുകളേക്കാൾ നീളം. മണി പത്തു് കഴിഞ്ഞു. 10-30, ബസ്സ് ഇനിയും വന്നിട്ടില്ല. അപ്പോഴാണു് ആ പ്രദേശത്തെ മുഴുവനും ദുഃഖത്തിലാഴ്ത്തികൊണ്ടു് കാലന്റെ അവതാരമായി ഒരുകാർ ആവഴിവന്നതു്. അതിൽനിന്നും കേട്ട വിവരം ഞെട്ടിക്കുന്നതായിരുന്നു. മദ്രാസ്സിൽനിന്നും തിരുവനന്തപുരത്തേയ്ക്കു് അതിവേഗം പാഞ്ഞുവന്ന ''മെയിൽ'' ട്രയിൻ മൈനാഗപ്പള്ളിയിൽവച്ചു് കായംകുളത്തേയ്ക്ക വരുകയായിരുന്ന ബസ്സിൽ ഇടിച്ചു. ബസ്സിന്റെ പകുതിഭാഗവുമായി ട്രയിൻ മുന്നോട്ട് പോയി നിലകൊണ്ടു. അതിൽ എഴുപേർ മരിച്ചു അനേകം ആളുകൾക്ക് പരുക്കേറ്റു. വിവരം അറിഞ്ഞ ആളുകൾ സംഭവസ്ഥലത്തേയ്ക്ക് കുതിച്ചു. ആ കൂട്ടത്തിൽ അവിടെ എത്തിയ എനിക്ക് കാണുവാൻ കഴിഞ്ഞതു് മരണപ്പെട്ടവരുടെയിടയിൽ രക്തത്തിൽ കുളിച്ച്കിടക്കുന്ന എന്റെ രാജിയേയായിരുന്നു. സംഭവം കണ്ട് പുറകിലേയ്ക്ക് മറിഞ്ഞ ഞാൻ കണ്ണു് തുറന്നപ്പോൾ താലൂക്കാശുപത്രിയിലെ ഒരു കട്ടിലിൽ മരുന്നുകളുടെയുംമററും മണവുമായി ചുററിനും പരിഭ്രമംനിഴലിച്ച മുഖവുമായി, ആകാംക്ഷഭരിതരായ ബന്ധുക്കളെയും.

സംഭവം കഴിഞ്ഞിട്ടു് ഇന്നേയ്ക്ക് ഒരു വർഷം തികയുന്നു. നാട്ടിൻപ്രദേശത്തു് നിന്നും ഠൗണിൽ ഉള്ള ഒരു പാരലൽ കോളേജിൽ വന്നു് പഠിക്കുകയായിരുന്നു എന്റെ രാജി. എനിക്ക് രാജിയും, രാജിക്ക് ഞാനും. രണ്ടു് ഉടലെങ്കിലും ഒരാത്മാവിന്റേതായ ബന്ധം എന്ന നിലയിലായിരുന്നു ഞങ്ങളുടെ സ്നേഹം. അധികം സാമ്പത്തികശേഷിയില്ലാത്ത ഒരു കുടുംബത്തിൽനിന്നും വന്നു് പഠിച്ചുപോകുന്ന മിതഭാഷിയായ എന്റെ രാജി അതിസുന്ദരിയല്ലെങ്കിലും സ്വഭാവത്തിലും സ്നേഹത്തിലും അസൂയ ഉളവാക്കുന്ന രീതിയിലായിരുന്നു. എന്റെ പ്രിയപ്പെട്ട രാജീ നീ മരിച്ചുകിടക്കുന്ന സമയത്തും മന്ദസ്മിതം തൂകിയ ആ കപോലങ്ങളിൽ സ്നേഹത്തിന്റെയും സമാധാനത്തിന്റെയുമായ പ്രതിഭ നിഴലിച്ചുനിന്നിരുന്നു. മരണസമയത്തുപോലും എനിക്കിഷ്ടപ്പെട്ട വസ്ത്രമണിഞ്ഞു് അതിനേക്കാളം ഹൃദയഹാരിയായ റോസാപ്പൂവുമായി മരണം വരിച്ച എന്റെ രാജീ നിന്നെക്കുറിച്ചുള്ള വേദനയേറിയ സ്മരണയിൽ വിരഹദുഃഖത്തിൽനിന്നും അടർത്തിയെടുത്ത വേദനയേറിയ ആയിരമായിരം റോസാപ്പൂക്കളെ വിതറട്ടെ!!

For Mafatlal Textiles

sudarsana
Main Road,
Quilon.

ചെറുകഥ

# ചിറകറ്റ ഓർമ്മകൾ

**സുഭാഷിതൻ കെ.**

സെക്കൻറ് പി. ഡി. സി

സി 3 ബാച്ച്

പതിവുപോലെ അന്നും ക്ലാസ്സു കഴിഞ്ഞു് റെയിൽവേസ്റ്റേഷനിലേക്കു് നടന്നു. സ്റ്റേഷൻ അടുക്കാറായപ്പോൾ എന്തോ ഒന്നു് മനസ്സിൽ ആളിക്കത്തി. പതിവിലേറെ അധികമായി ആളുകൾ സ്റ്റേഷന്റെ പ്രധാന കവാടത്തിനു മുൻപിൽ തടിച്ചുകൂടി നിൽക്കുന്നു.

‘‘കാലുകൾ രണ്ടും പോയി’’ എതിരെവന്ന ഒരാൾ ഇത്രയും പറഞ്ഞപ്പോൾ ഏതോ അപകടം സംഭവിച്ചിരിക്കുന്നു എന്നു മനസ്സിലായി.

‘‘തലയും വേർപെട്ടിരിക്കുന്നു.’’ മറ്റെയാളിന്റെ ആ വാക്കുകൾ തന്നെ തളർത്തിക്കഴിഞ്ഞു. ഒരു വല്ലാത്ത മാന്ദ്യം അനുഭവപ്പെടുന്നു. ആൾക്കൂട്ടത്തിനടുത്തേക്കു് പോകാൻ മനസ്സനുവദിച്ചില്ല.

നെഞ്ചിന്റെ താളംതെറ്റിയ മിടിപ്പുകാരണം മാറോടു ചേർത്തിരിക്കുന്ന ഫയലിൽ സ്റ്റീൽപാത്രം തട്ടിതട്ടി ഒരു പ്രത്യേകവാദ്യമേളം മുഴക്കി.

വാച്ചിൽ നോക്കി. അഞ്ചു് നാല്പത്തി അഞ്ചു്. ട്രെയിൻ വരാൻ ഇനി അഞ്ചോ ആറോ മിനിട്ടേയുള്ളു.

തന്റെ കണ്ണുകൾ സ്റ്റേഷന്റെ സമീപത്തും ഫ്ളാറ്റ്ഫോമിലുമായി പരതി. ആ ബാലനെ കാണാൻ. താൻ വരുന്നതും കാത്തു് അവനിവിടെ കാണുമായിരുന്നു. ആ കൊച്ചു കുട്ടിയെ കാണുന്നില്ല. ‘‘ചേച്ചീ....’’ എന്നുള്ള സ്നേഹമസൃണമായ വിളികേൾക്കുമ്പോൾ ടിക്കറ്റിനുള്ള പൈസ അവന്റെ കൈവശം കൊടുക്കും. കൂടെ മിഠായിവാങ്ങാനും പൈസ കൊടുക്കുമായിരുന്നു. പക്ഷേ ഇന്നവനെ കണ്ടില്ലല്ലോ. ഓ.... ആൾക്കൂട്ടത്തിലെവിടെയെങ്കിലും കാണും.

‘‘ഷൈനീ.... ഇടറിയസ്വരം.

സ്വപ്നലോകത്തെന്നപോലെ ഞെട്ടി മുഖമുയർത്തിനോക്കി. മുൻപിലതാ വാടിയ മുഖവുമായ് തന്റെ സ്നേഹിത, മായ നിൽക്കുന്നു.

‘‘എന്താടീ അവിടെ ഒരാൾക്കൂട്ടം? എന്തോ അപകടം പറ്റിയതുപോലെ?’’ ആൾക്കൂട്ടമുള്ള ഭാഗത്തേക്കുനോക്കി ഷൈനി തന്റെ കൂട്ടുകാരിയോടായി ചോദിച്ചു. മായ അനങ്ങുന്നില്ല. കുനിഞ്ഞു് ഒരേയൊരു നിൽപ്പ്.

മായയുടെ മുഖം തീർത്തുംമ്ലാനമായിരുന്നു. അവളുടെ കവിളിൽക്കൂടി കണ്ണുനീർക്കണങ്ങൾ ഒഴുകുന്നതു് ഷൈനി ശ്രദ്ധിച്ചു.

‘‘നിനക്കെന്നോട് പറയാൻ പാടില്ലാത്തതാണെങ്കിൽ നീ അതു്പറയേണ്ട. വാ നമുക്ക് ടിക്കറ്റെടുക്കാം.’’ ഷൈനിയുടെ വാക്കുകൾ കേട്ടപ്പോൾ മായ ചെറുതായി ഒന്നു നിശ്വസിച്ചു.

അക്കാര്യം അവളോടു വെട്ടിത്തുറന്നു പറഞ്ഞാൽ അവളിവിടെത്തന്നെ നില്ക്കും. ട്രെയിൻവരാൻ ഇനി നിമിഷങ്ങളെയുള്ളു. അവർ ടിക്കറ്റു കൗണ്ടറിനടുത്തേക്കു് നടന്നപ്പോൾ ആ സത്യത്തിന്റെ ഏതോ ഒരു രൂപം കിട്ടി.

‘‘അച്ഛാ എന്റത്രേള്ള് ആ ചെക്കൻ. അല്ലേച്ഛാ....’’ ഷൈനി ഒന്നു ഞെട്ടി. ശബ്ദം കേട്ട ദിക്കിലേയ്ക്കു് തിരിഞ്ഞപ്പോൾ വിശ്രമമുറിയിൽ സിമന്റുബെഞ്ചിലിരിയ്ക്കുന്ന ഒരു കൊച്ചു കുട്ടി തന്റെ പിതാവിനോടായിരുന്നു പറഞ്ഞതു്. ഷൈനി അർദ്ധോക്തിയിൽ മായയുടെ മുഖത്തു് നോക്കി. മായ തലകുനിച്ചതേയുള്ളു. ഷൈനിക്കു് ഏതോ ഒക്കെ ഊഹിയ്ക്കാൻ കഴിഞ്ഞു.

‘‘മായേ നീ ഈ പുസ്തകം ഒന്നു പിടിച്ചേ.... ഞാനാ ശവം ഒന്നു കാണട്ടെ.’’

‘‘ഷൈനീ.... നീ അതു കാണണ്ട.’’

‘‘ഉം.... എന്താ’’

‘‘അതു്....’’ മായ കള്ളം പറയാൻ ശ്രമിച്ചു. ‘‘വീട്ടിൽച്ചെന്നാൽ നിനക്കു് ഒന്നും കഴിയ്ക്കാൻ തോന്നുകയില്ല.’’

ശരിയാണു് കഴിഞ്ഞവർഷം ഇതുപോലൊരപകടമരണം സംഭവിച്ചു. ആ ശവം കണ്ടപ്പോൾത്തന്നെ ഒരസ്വസ്ഥതയായിരുന്നു. വീട്ടിൽ ചെന്നപ്പോഴും ആ ഓർമ്മ വിട്ടില്ല. ആഹാരം കഴിയ്ക്കാൻ മനസ്സനുവദിച്ചതുമില്ല. അതു്



Scanned with OKEN Scanner

എന്തുതന്നെയായാലും തനിയ്ക്കാ ശവം കാണണം.

മായയുടെ കൈയിൽ പുസ്തകം കൊടുത്തിട്ട് ഷൈനി ശവം കാണാൻ നിൽക്കുന്ന ആൾക്കൂട്ടത്തിനടുത്തേയ്ക്ക് നടന്നു. അവൾ എന്തെങ്കിലും അവിവേകം കാട്ടുമെന്ന് ഉറപ്പുള്ള മായയും പുറകെപോയി.

"തള്ളാതെ അവിടെ നിൽക്ക്. കുറെ കഴിഞ്ഞ് കാണാം." എന്ന് പറയാൻ ആരും തുനിഞ്ഞില്ല. കാരണം, ആ തള്ളുന്നത് സ്ത്രീകളായതുകൊണ്ട്.

"ബാലൻ...." അറിയാതെ അവളുടെ അന്തരംഗം മന്ത്രിച്ചു. ഷൈനി ആ ശവത്തിൽ ഒന്നേ നോക്കിയുള്ളൂ.

തലകറങ്ങുന്നതായി തോന്നി, ഭൂമി ആകപ്പാടെ കറങ്ങുന്നപോലെ. ശരീരം ആകെ തളരുന്നു. താൻ കാണുന്നത് സ്വപ്നമാണോ? ഒന്നും ഓർക്കാൻപോലും കഴിയുന്നില്ല. തന്റെ ശരീരത്തിനാകെ തളർച്ച. കണ്ണ് പതിയെ അടഞ്ഞ് താൻ പുറകോട്ട് ചായുന്നതായി മാത്രം ഓർമ്മയുണ്ട്.

കണ്ണുതുറന്നു നോക്കിയപ്പോൾ വൃക്ഷങ്ങളും വീടും കടയും ആ സ്ഥലവുമാകെ ആരെയോ കണ്ട് പേടിച്ച പോലെ ദൂരേയ്ക്ക് ഓടുന്നു. സമീപത്തായി തന്റെ സ്നേഹിതകൾ—മായ ഉൾപ്പെടെ—എല്ലാവരും ബുക്കും ഫയലുമെടുത്ത് തന്നെ വീശുന്നു, ഇപ്പോൾ തനിയ്ക്ക് എല്ലാം മനസ്സിലായി. അതെ താൻ ട്രെയിനിൽത്തന്നെ. പതിയെ എഴുന്നേൽക്കാൻ ശ്രമിച്ചു. അടുത്തു നിന്ന ശ്രീലത എഴുന്നേൽക്കാൻ സഹായിച്ചതു കാരണം തളർന്നു വീണില്ല.

കഴിഞ്ഞതെല്ലാം ഓർമ്മവന്നു. എല്ലാം. ബാലന്റെ മരണം. ആ കൊച്ചു കുട്ടിയുടെ ചതഞ്ഞരഞ്ഞ കിളുന്തു കാലുകൾ. കഴുത്തിൽ നിന്നും വേർപെട്ട ശിരസ്സ്. നിണത്തിൽ കുളിച്ച കൊച്ചു മുഖം! ഹൊ.... ഓർക്കാൻകൂടി കഴിയുന്നില്ല.

"മായേ.... നമ്മുടെ ബാലൻ....?" കണ്ഠം ഇടറിയിരുന്നു. ഷൈനിയുടെ ആ ചോദ്യത്തിനുത്തരമായി തീവണ്ടിയുടെ 'കട കട' ശബ്ദം മാത്രമായിരുന്നു.

പാതി ഇരുന്നപ്പോൾ തലയ്ക്കു മുകളിൽ ട്രെയിനിനേക്കാൾ വേഗത്തിൽ കറങ്ങുന്ന ഫാനുകൾ. തീവണ്ടിയുടെ 'കട കട' ശബ്ദത്തോടൊപ്പം 'പട പട' ശബ്ദമടിച്ചു കറങ്ങുന്ന ഫാനിൽ നോക്കി അവൾ തന്റെ കഴിഞ്ഞുപോയ ഇന്നലകളെക്കുറിച്ചോർത്തു. തെളിഞ്ഞു വന്ന പ്രകാശത്തിൽ മിന്നിമറഞ്ഞ വീചികളെപ്പോലെ ആ ഓർമ്മകൾ തന്റെ മനസ്സിൽ മായാതെ നിൽക്കുന്നു.

'ചേച്ചീ.... ഇന്ന് ഫസ്റ്റ് ക്ലാസ്സിന്റെയോ സെക്കൻഡ് ക്ലാസ്സിന്റെയോ?' പതിവുള്ള ആ ചോദ്യം ഇനി ഒരിക്കലും കേൾക്കാൻ കഴിയില്ലല്ലോ എന്നോർത്തപ്പോൾ വല്ലാത്ത ഒരു തിക്താനുഭവം.

'ചേച്ചിയ്ക്ക് അവിടെ ആരാ ടിക്കറ്റെടുത്തു തരുന്നത്....?' രാവിലെ ട്രെയിനിൽ നിന്നിറങ്ങിയപ്പോൾ ആ 'കിരുകിരുപ്പൻ' ശബ്ദം കേട്ടു

'ഞാൻ തനിയെ എടുക്കും.'

'എന്നാലെ ഞാനും ചേച്ചീടെ കൂടെ വരട്ടെ. രാവിലെ അവിടുന്നു ടിക്കറ്റെടുത്തു തരാം. ചേച്ചി എന്നെ കൊണ്ടുപോവോ?'

'നാളെ കൊണ്ടുപോകാം. ഇന്നു മോൻപോയി അമ്മയോട് പറഞ്ഞിട്ടു വരണം. കേട്ടോ'

'ആരോടാ ?' സംശയാസ്പദമായ ചോദ്യം.

'അമ്മയോട്''

'ഏതമ്മയോട്'' പിന്നെയും സംശയം.

'മോന്റെ വീട്ടിലെ അമ്മയോട്''

'ഏതു വീട്ടിലെ ?'

എന്താ ബാലാ. ചേച്ചിയെ കളിയാക്കുവാണോ ?'

'അതെ ചേച്ചി.' ഇടറിയ സ്വരത്തോടെ ആ ബാലൻ തുടർന്നു. 'വീടും അമ്മയും അപ്പനുമൊക്കെയുള്ള ചേച്ചിയെ ഞാൻ കളിയാക്ക്യോ.'

മനസ്സിൽ ഒരു കൊള്ളിയാൻ മിന്നുന്നപോലെ. ആ ഒട്ടിയ കവിളും ഒട്ടിയ വയറും എല്ലുന്തിയ നെഞ്ചും കറുത്ത തൊലിയുമുള്ള ആ കുട്ടി.... അവനെ കണ്ടാൽ ആർക്കും സഹതാപം തോന്നും.

'അപ്പോ ബാലനെവിടെയാ ഉറങ്ങുന്നെ ?'

'ഇവിടെ എങ്ങാനും കിടക്കും.' റെയിൽവേസ്റ്റേഷനിലെ പ്ലാറ്റ്ഫോമിന്റെ ഒരു കോണിൽ നിൽക്കുന്ന മാവിൻചുവട്ടിനടുത്തേയ്ക്ക് ചൂണ്ടി ആ കൊച്ചു കുട്ടി പറഞ്ഞു.

പിന്നീട് ഒന്നും ചോദിക്കണമെന്നു തോന്നിയില്ല. ഈ ലോകത്തോട് വെറുപ്പുതോന്നി. സമൂഹം കാട്ടുന്ന വികൃതികൾ. ദൈവം മനുഷ്യർക്കു നൽകുന്ന വിധിയുടെ രീതി, അവയുടെ ചിറകററ വശം. സ്വർണ്ണച്ചിറകുള്ള മറുവശം. ഹൊ........ എന്തൊരു പൈശാചികത്വം.

'ചേച്ചീ.... എന്താ ആലോചിക്കുന്നെ ?'

'ഒന്നുമില്ല.' ഒരു നിശ്വാസത്തിനുശേഷം തുടർന്നു:

'മോനെ.... നീ എവിടുന്നാ ആഹാരം കഴിക്കുന്നത് ?'

'ചേച്ചിയെപ്പോലെയുള്ളവർ ഉണ്ടിട്ട് ബാക്കി കളയുന്ന എച്ചിൽ ചോറ്''

'മനസ്സിൽ ഒരു കൊള്ളിയാൻ മിന്നുന്നപോലെ. ഒരു പുറം ആ

ളുകൾ ആകാശം മുട്ടുവോളം മണിമാളിക പണിഞ്ഞ് ഏററവും മുകളിലത്തെ നിലയിൽ എയർകണ്ടീഷൻ ചെയ്ത മുറിയിൽ–സ്വർണ്ണക്കിടക്കയിലെ പട്ടുമെത്തയിൽ....! തീൻമേശയിൽ നിറയെ സ്വർണ്ണത്തളികയിൽ വിഭവസമൃദ്ധമായ സദ്യ. ഏതു നിമിഷവും മരണപ്പെടാവുന്ന മനുഷ്യന്റെ കഥ.

മറുവശത്ത് ഒരു ചാൺ വയറിനുവേണ്ടി ഒന്നു വിശപ്പടക്കാൻ വേണ്ടി മററൊരാൾ കഴിച്ചുകളയുന്ന ആഹാരം. എച്ചിലിലകളെ അഭയം തേടുന്ന ബാലനെപ്പോലെയുള്ള അനുഭവം. ദൈവമെന്നും എയർകണ്ടീഷൻ ചെയ്ത കാറിലും ആകാശത്തുകൂടി പറക്കുന്ന പ്ലെയിൻ സ്വന്തമായി ഉള്ളവരുടെ കൂടെ.

വാച്ചിലേയ്ക്കു നോക്കി. സമയം അതിക്രമിച്ചിരിക്കുന്നു. ബല്ലടിക്കാൻ സമയമായി. സംസാരിച്ചുനിന്നതുകൊണ്ടു സമയത്തിനു ദൈർഘ്യം ഏറിവന്നു.

'മോനെ.... നീ ഈ ചോറ് തിന്നോളൂ....' തന്റെ ചോറും പാത്രം നീട്ടിക്കൊണ്ടു ഷൈനി പറഞ്ഞു.

'അപ്പൊ ചേച്ചിയോ?

'കൂട്ടുകാരികൾ കൊണ്ടുവരുന്ന ചോറ് ഞാൻ കഴിച്ചോളാം. ചോറുണ്ടിട്ട് പാത്രവുംകൊണ്ട് ഉച്ചയ്ക്കു കോളജിൽ വരണം കേട്ടോ?'

'ഉം....'

'എന്നാ ചേച്ചി പോകട്ടെ'

'ഉം....'

'വൈകിട്ട് മോനേംകൊണ്ട് എന്റെ വീട്ടിൽ പോകാം. നിനക്കവിടെ കളിക്കൂട്ടുകാരൊക്കെയുണ്ട്'

താൻ തിരിഞ്ഞുനടന്നു.

'പാവം ആരോരുമില്ലാതെ വളർന്നു. നൊന്തു പ്രസവിച്ച അമ്മപോലും ഉപേക്ഷിച്ചു. മാതൃഹൃദയം ഇത്രയും പൈശാചികമോ? ക്രൂരതയുടെ മുഖംമൂടി അണിഞ്ഞ ഒരമ്മ! ഇതേപോലെ ഒരമ്മയുടെ ഹൃദയത്തിന് സ്നേഹമെന്നോ ദയയെന്നോ മാതൃത്വമെന്നോ എന്തെങ്കിലുമൊരു ഭാവം ആ മാതൃത്വത്തിന് ഇല്ലാതെ പോയല്ലോ?'

ക്ലാസ്സിന്റെ വാതിലിനടുത്ത് എത്തിയപ്പോൾ മനസ്സിലായി, പ്രൊഫസ്സർ ക്ലാസ്സെടുക്കുന്നു എന്ന്. ക്ലാസ്സിൽ കയറാനുള്ള അനുവാദം കിട്ടി. തന്റെ സീററിലിരുന്നു.

പഠിക്കണമെന്ന് തോന്നിയില്ല. ഒരേയൊരു ചിന്ത.

'ബാലൻ....'

അദ്ധ്യാപകർ കാര്യഗൗരവമായി പഠിപ്പിക്കുന്നു. വിദ്യാർത്ഥികൾ പഠിക്കുന്നു. ഇടയ്ക്കിടയ്ക്ക് എല്ലാവരും ചിരിക്കുന്നു. തനിക്ക് അതിലൊന്നും പങ്കുകൊള്ളാൻ മനസ്സനുവദിച്ചില്ല.

'എന്താടീ നിനക്കിത്ര മൗനം. വല്ലാത്ത ഒരു മ്ലാനത?' അടുത്തിരുന്ന മായയുടെ ചോദ്യം.

'ആ ബാലന്റെ കാര്യം....'

അർദ്ധോക്തിയിൽ അത്രയും പറഞ്ഞു നിർത്തി.

'ബാലനോ?' എന്തോ ഓർത്തപോലെ മായ തുടർന്നു;

'ആ ടിക്കറെറടുത്തു തരുന്ന കൊച്ചുകുട്ടിയോ?'

'ങ്....ഹാ........' തുടർന്ന് ബാലന്റെ കഥ മുഴുവനും ഷൈനി പറഞ്ഞു കേട്ടപ്പോൾ മായ ഒന്നു നിശ്വസിച്ചു. മായയുടെ മുഖത്ത് സഹതാപം നിഴലിട്ടുനിന്നു.

ഉച്ചസമയത്ത് ഗേററിനു പുറത്തിറങ്ങിയപ്പോൾ പാത്രവുംകൊണ്ടു തന്നെ കാത്തുനിൽക്കുന്ന ആ ബാലനെ കണ്ടു. മായയ്ക്ക് ഇനിയും എന്തോ യാഥാർത്ഥ്യമായത് അറിയണമായിരുന്നു.

'ബാലാ.... മോൻ എവിടെയാ വളർന്നത്'?

ബാലന് ദുഃഖമുണ്ടെങ്കിലും അവൻ കൂസലന്യേ പറഞ്ഞു:

'റെയിൽവേ സ്റ്റേഷനിലെ കൊടികാണിക്കുന്ന വെല്യപ്പൻ പറയുമായിരുന്നു, 'റെയിൽവേ സ്റ്റേഷനിൽ ജനിച്ച് അവിടെ തന്നെ വളർന്ന തെണ്ടിയാണ്'' ഞാനെന്ന്''

'ബാലാ....' ആ വിളിയിൽ നേരിയ ഗൗരവമുണ്ടായിരുന്നു.

'നീ അവസാനം പറഞ്ഞു നിർത്തിയതെന്താ തെണ്ടിയെന്നോ?'

ചേച്ചി പറയുന്നതല്ല. എന്നെ കാണുന്ന ചെക്കൻമാരെല്ലാം തെണ്ടീന്ന് തന്ന്യാ വിളിക്കാ.'

ബാലന്റെ അന്തരംഗത്തിന്റെ പ്രതികാരത്തിന്റെ ദാഹം നിഴലിച്ചിരുന്നു. അവനു സമൂഹത്തോടുള്ള വെറുപ്പ്.

ട്രെയിനിന്റെ 'കട കട' ശബ്ദം നിലച്ചു. മായ ഷൈനിയെ തട്ടിവിളിച്ചു. ഇപ്പോഴാണ് പരിസരബോധം മനസ്സിലായത്. അവൾ എഴുന്നേററു. തനിക്ക് ഇറങ്ങേണ്ട സ്ഥലം എത്തിക്കഴിഞ്ഞു. ട്രെയിനിന്റെ വാതിലിൽക്കൂടി പതിയെ ഇറങ്ങിയപ്പോഴും ആ ബാലന്റെ ഓർമ്മ. അതാ ആ ഫ്ളാററ്ഫോമിൽ ബാലന്റെ ശവം കിടക്കുന്നപോലെ.

ചതഞ്ഞരഞ്ഞ കൊച്ചുകാലുകൾ. ശരീരത്തിൽനിന്നും വേർപെട്ട ശിരസ്സ്. നിണത്തിൽ കുളിച്ച ആ ശവശരീരത്തിൽനിന്നും പുറത്തുചാടിയ വൻകടലുകൾ! ശ്ശൊ എന്തൊരു ഭീകരമാ



Scanned with OKEN Scanner



ANILKUMAR S. (Chairman)



SHYLA I. (Vice-Chairman)

# COLLEGE UNION EXECUTIVE



ABDULLA SHAFFI M. (General Secretary)



SHARAFUDEEN K. (Arts Club Secretary)

Scanned with OKEN Scanner

## University Union Councillors



KAIKKARA NAWAB
(University Union Executive Member)



URASH KUMAR M.



BABU P. (Chief Editor)

Scanned with OKEN Scanner



REPRESENTATIVES

I P. D. C. MATHAIKUTTY Y

II P. D. C AMANULLA.H.

I D. C MONSOOR

II D. C. NOUSHAD

III D. C. CHANDRAN PILLAI

I P. G. NIZARUDEEN

II P. G. RAJAN PILLAI

HARIJAN REP:- SUBHASH

LADY REP:-THAJINISA BEEVI

LADY REP. LAIZY K. KOSHY.

Scanned with OKEN Scanner

## N.S.S. Volunteer Secretaries



ASHRAF A,
III- B- Com.



R.U. UNNITHAN,
II. B.Sc. (Chem)



SHIHAB. A,
III- B.com





SALIM. M
III. B.Sc. Botany.
SPORTS COUNCIL SECRETARY.



Y.M. SHAFEE
III. B.Sc. Botany
COVERPAGE DESIGNER & INSIDE DECORATIONS.



MAHESH. K
III. B.Sc. Botany.
PHOTO LAY OUT

# വിധി

**മണിയമ്മ ജി.**

II D. C. ബോട്ടണി

**അ**രുവിയുടെ കരയിൽക്കൂടി നടക്കുമ്പോൾ തോന്നി മന്ദമാരുതൻ തന്നോട് എന്തോ മന്ത്രിക്കുന്നു എന്ന്. ഈ അരുവിയുടെ ഒഴുക്ക് എത്ര അലസമായിട്ടാണ്. ഒരു പക്ഷേ തന്റെ കഥ പറയാൻ ഈ അരുവിക്ക് കഴിഞ്ഞേക്കും. ഇവിടം തനിക്ക് എന്നും ഒരാശ്വാസമാണ്. എന്തൊക്കെയോ ഓർത്തു അടുക്കും ചിട്ടയും ഇല്ലാത്ത കാര്യങ്ങൾ, അപ്പോഴാണ് ബിന്ദുവിന്റെ വിളി കേട്ടത്. ഉമ ചേച്ചി എത്ര നേരമായി ഇവിടെ ഇരിക്കാൻ തുടങ്ങിയിട്ട്. ബിന്ദു, മോളിങ്ങ് വന്നേ, ചിററമ്മയുടെ മകളാണ് ബിന്ദു. ചിററമ്മക്കില്ലാത്ത സ്നേഹം അവൾക്ക് എങ്കിലും ഉണ്ടോ ? എന്റെ അമ്മ ഉണ്ടായിരുന്നെങ്കിൽ എനിക്ക് ഇത്രയധികം ദുഃഖിക്കേണ്ടി വരില്ലായിരുന്നു. ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ് അമ്മ മരിക്കുന്നത്. അമ്മയ്ക്ക് എന്തോ വലിയ അസുഖം ആയിരുന്നത്രേ. ചിററമ്മ വന്നതോടുകൂടി അച്ഛന്റെ സ്നേഹവും കുറഞ്ഞു തുടങ്ങി. എല്ലാം കണ്ടില്ലെന്ന് നടിച്ച് എസ്. എസ്. എൽ. സി. വരെ പഠിച്ചു ജയിച്ചു. പിന്നെ ചിററമ്മ അച്ഛനോട് പറയുന്നതു കേട്ട്, ഇവിടെ ആരും ഇല്ലല്ലോ ഇനി ഉമയെ പഠിക്കാൻ വിടണ്ട. അച്ഛനും അതാണ് ഇഷ്ടം എന്നു തോന്നി. അല്ലെങ്കിൽ തനിക്ക് എന്താണ് ഒരു സ്വാതന്ത്ര്യം. വീട്ടിലെ ജോലിയെടുത്തു മടുത്തു. ചിററമ്മയ്ക്ക് കുളിക്കാൻപോലും വെള്ളം കോരി കൊടുക്കണം. ഒരു വേലക്കാരിയുടെ സ്ഥാനംപോലും തനിക്കീവീട്ടിൽ ഇല്ല. എന്തൊരു വിധി ! ഈ വീട് ഒരു നരകമാണ്. ദൈവമേ ! എനിക്ക് എന്നാണ് ഒരു മോചനം, തന്റെ വിധി ഇതായിരിക്കും. ബിന്ദു പോയ്ക്കഴിഞ്ഞോ. അപ്പോഴാണ് രഘുവേട്ടന്റെ വരവ്. ഓ ഉമ ഇവിടെ തപസ്സിരിക്കുകയാണ്, ഏതു വരമാണാവോ വേണ്ടത്. ഏതു ഭഗവാനോടാണ് കൂടുതലിഷ്ടം. പെട്ടെന്ന് പ്രസാദിക്കുന്ന ഭഗവാൻ ഏതാണ് രഘുവേട്ടാ. ആ ഭഗവാനോടാണ് എനിക്ക് കൂടുതലിഷ്ടം. രഘുവേട്ടന്റെ ചിരികണ്ട് ഞാനും അറിയാതെ ചിരിച്ചുപോയി. ഉമാ എന്നും ഇങ്ങനെ കഴിഞ്ഞാൽ മതിയോ. രഘുവേട്ടൻ എന്റെ ഒരേ ഒരു അമ്മാവന്റെ മകനാണ്. രഘുവേട്ടൻ പറയാറുണ്ട്, നിന്റെ ദുഃഖങ്ങൾ എല്ലാം മാറും ഉമാ, നീ എന്റെ സ്വന്തമാകട്ടെ. വീണ്ടും രഘുവേട്ടന്റെ ചോദ്യം നീ എന്താണ് ഒന്നും മിണ്ടാത്തത്. പിന്നെ ഞാനെന്തുവേണം ചേട്ടാ.... നീ എന്റെ കൂടെ വരാൻ എത്ര നാളായി പറയുന്നു. എനിക്കതിന് കഴിയില്ല ചേട്ടാ. എന്നെ ഇഷ്ടമല്ലെങ്കിലും, എന്റെ അച്ഛനെ ദുഃഖിപ്പിക്കാൻ എനിക്ക് കഴിയില്ല. ഉമ നീ ദുഃഖിക്കേണ്ടി വരും. എനിക്ക് ദുഃഖമല്ലാതെ ദൈവം മറെറാന്നും വിധിച്ചിട്ടില്ല രഘുവേട്ടാ. എനിക്ക് ഏക ആശ്വാസം ചേട്ടനാണ്. ചേട്ടൻ കൂടി നഷ്ടപ്പെട്ടാൽ എന്റെ ശവം ചേട്ടന് കാണേണ്ടി വരും. അവർ ഇപ്പോൾ രഘുവേട്ടനിൽ കണ്ടെത്തിയ കാരണം ജോലിയില്ലെന്ന്. പണ്ട് രഘുവെന്നു വച്ചാൽ അച്ഛന് ജീവനായിരുന്നു. രഘു നീതിയെ പ്രവർത്തിക്കൂ അല്ലെങ്കിൽ അമ്മാവന് അവിടെ എന്താണ് കാര്യം, ചിററമ്മയെ അപ്പടി അനുസരിക്കുകമാത്രം. പണ്ടത്തെ അച്ഛനല്ല ഇന്ന്. ഇന്ന് മുഖംമൂടിയണിഞ്ഞ അച്ഛൻ. ഉമ ഞാൻ പോകുന്നു. രഘുവേട്ടൻ ഇനി എന്നാണ് ഇങ്ങോട്ട് വരുന്നത്, അപ്പോഴേയ്ക്കും രഘുവേട്ടൻ പോയികഴിഞ്ഞിരുന്നു. വീണ്ടും ദിവസങ്ങൾ അതിന്റെ കടമകൾ നിർവഹിച്ചു. ദിവസങ്ങൾ ആഴ്ചകളായി കടന്നുപൊയ്ക്കൊണ്ടേയിരുന്നു. ഒരു ദിവസം അച്ഛൻ ചിററമ്മയോട് പറയുന്നതുകേട്ടു രഘുവിന്റെ വിവാഹം ഉറച്ചു. ഒരുപാട് സ്വത്ത് ഉള്ള പെണ്ണാണുപോലും. അടുത്ത ആഴ്ചയിൽ ആണുപോലും വിവാഹം. എന്റെ കാൽക്കീഴിൽനിന്ന് ഭൂമി താഴേയ്ക്ക് പോകുന്നതായി തോന്നി, ഞാനും അതിനോടൊപ്പം പാതാളത്തിലേയ്ക്ക് താണുപോയതുപോലെ തോന്നി. വീഴാതിരിക്കാൻ വാതിലിൽ ബലമായി പിടിച്ചു. അപ്പോൾ ചിററമ്മയുടെ സംസാരം, ശല്യം ഒഴിഞ്ഞല്ലോ. ശരിയാണ് ചിററമ്മേ നിങ്ങളുടെ എല്ലാം ശല്യം കുറഞ്ഞു. മനസ്സിൽ ഓർത്തു, അവർക്ക് അവരുടെ കാര്യം മാത്രം. ഞാൻ ഒരു യന്ത്രംപോലെ ഇവിടെ ജീവിക്കുന്നു. എന്റെ രഘുവേട്ടാ എന്നോടിതു് വേണ്ടായിരുന്നു. എന്നോട് ഒരു വാക്കുപോലും പറഞ്ഞില്ലല്ലോ. ഞാൻ ഇതനുവദിക്കില്ല, രഘുവേട്ടൻ മറെറാരാളുടേതാകാൻ. ഞാൻ ജീവിച്ചിരിക്കുമ്പോൾ ഇതു് നടക്കില്ല, അല്ലെ

---

യ കാഴ്ച ! സഹിക്കാൻ കഴിയുന്നില്ല. ഒരിക്കലും മറക്കാൻ കഴിയാത്ത ആ അവസ്ഥ. വിധിയെന്ന ക്രൂരതയുടെ പ്രതീകം. ശരീരമാകെ തളരുന്നു. ബാലന്റെ മുഖം പിന്നെയും തെളിയുന്നില്ല. 'ദൈവമേ.... നിരപരാധികൾക്ക് ഇനിയും ഇങ്ങനെയുള്ള അപകടം സംഭവിക്കരുതേ' എന്നു മനസ്സിൽ പ്രാർത്ഥിച്ചുകൊണ്ട് പതിയെ വീട്ടിലേയ്ക്കു നടന്നു. തകരുന്ന ഹൃദയവുമായി.

ങ്കിൽ ഞാൻ മരിക്കണം. മരണം അതെന്നെ വിളിക്കുന്നതുപോലെ എനിക്ക് തോന്നി. ഞാൻ എന്തിനു ജനിച്ചു. ഞാൻ ജീവിക്കുന്നതുകൊണ്ട് എന്താണ് ഒരു ഗുണം. അടുത്ത ദിവസം അരുവിയോട് എന്റെ നിശ്ശബ്ദദുഃഖത്തിന്റെ കഥ പറയാൻ ഒരുങ്ങുമ്പോൾ ആണ് രഘുവേട്ടന്റെ ശബ്ദം കേട്ടത്. ഉമാ. ഞാൻ ഒന്നും അറിയാത്തതുപോലെ നടിച്ചു. രഘുവേട്ടനെ കണ്ടിട്ട് എത്ര നാളായി അല്ലെങ്കിൽ എന്റെ പരാതിക്ക് എന്താണ് വില. അല്ല ചേട്ടൻ ഒന്നും മിണ്ടാത്തത് എന്താണ്. ഉമേ ഞാൻ ഒരു കാര്യം പറയാൻ വന്നതാണ്. എന്റെ വിവാഹം നാളെയാണ്. ചേട്ടാ അപ്പോൾ ഇതെല്ലാം അഭിനയമായിരുന്നോ? എന്നെ ഈ ലോകത്തിൽ ആർക്കും വേണ്ടാതായതുപോലെ തോന്നി. നീ എന്താണ് ഒന്നും മിണ്ടാത്തത്. എനിക്ക് മിണ്ടാൻ കഴിയുന്നില്ല, ഞാൻ എത്ര ശ്രമിച്ചിട്ടും മിണ്ടാൻ കഴിയുന്നില്ല. ഉമാ, നീ എന്തെങ്കിലും ഒന്നു പറയൂ. ഇല്ല രഘുവേട്ടാ, എനിക്ക് ഇനി ഒരിക്കലും മിണ്ടാൻ കഴിയില്ലെന്ന സത്യം ഞാൻ മനസ്സിലാക്കി. രഘുവേട്ടന്റെ വിവാഹം നാളെയാണ്. എനിക്കതു കാണാനുള്ള കരുത്തില്ല. രാത്രിയിൽ ഒന്ന് അടിക്കുന്ന ശബ്ദം കേട്ടു. എങ്ങോ എന്നെ സ്വീകരിക്കുന്ന കരങ്ങൾ എന്നെ വിളിക്കുന്നതുപോലെ തോന്നി. ആരും അറിയാതെ പതുക്കെ എണീറ്റ് ഊമയായ തനിക്ക് ഇതു മാത്രമാണ് നല്ലതെന്ന് തോന്നി. ദൈവമേ ഞാൻ ചെയ്യുന്ന പാപത്തിന് എനിക്ക് മാപ്പ് തരണേ ! അരുവിയുടെ കുറച്ച് അകലെയുള്ള കുളത്തിലേയ്ക്ക് പോയി, അപ്പോഴും അരുവിയിലെ ജലം അതിൽ വീണുകൊണ്ടേയിരുന്നു. ഞാൻ അരുവിയോട് മന്ത്രിച്ചു, അരുവീ ഞാനും വരുന്നു. എന്റെ രഘുവേട്ടന്റെ വിവാഹം നാളെയാണ്. അതിനുമുമ്പേ ഞാനും വരുന്നു. പിന്നീട് സർവ്വശക്തിയും സംഭരിച്ച് കുളത്തിന്റെ അഗാധതയിലേയ്ക്ക് താണുപോയി.

〰〰

ററി. കെ. എം. ആർട്ട്സ്

# 'ആഫീസിനുള്ളിൽ'

ഉണ്ണികൃഷ്ണൻ നായർ എസ്.
I D C. ഫിസിക്സ്

ചെന്നു, ഞാനാ സർക്കാരാ—
ഫീസിനു മുന്നിലായ്
നിന്നു, നീണ്ടുനിൽക്കുന്ന
ക്യൂവിന്റെ പിന്നിലായ്.
നോക്കി; ഞാ, നാഫീസി—
നുള്ളിലേയ്ക്ക്—ഒളിഞ്ഞു
ലക്ഷ്യത്തിൽ ശ്രദ്ധാപൂർവ്വം
ഇല്ല, വന്നില്ലയദ്ദേ—
ഹ, മൊരുമണിക്കൂറി—
ലധികം 'ലേററാ'യിട്ടും.
നിന്നു മടുത്ത ഞാന—
വിടെ കുത്തിയിരിക്കവേ,
ആരോ പറയുന്നതു—
കേട്ടു ഞാനവിടെ നി—
ന്നെഴുന്നേററു നോക്കവെ,
ധൃതിയിലെത്തുന്നു; ആ—
കൊമ്പനാം മീശക്കാരൻ
വയറും താങ്ങിക്കൊണ്ട്.
വന്നിരുന്നു;—പതുക്കെ
ജനാലയും തുറന്ന്
പങ്കയും കറക്കി, കാലും
മേശമേൽക്കേററി—ചെറി—
യൊരു വിശ്രമത്തിനൊ—
രുങ്ങവേ, ഞാനൊട്ടു
ധൈര്യമവലംബിച്ചു
ചോദിച്ചുപോയയാളോ—
'ടെന്റെ സാറെ.... എന്തായി? '
'....ത്തിരിക്കഴിയും....' ഘന
ഗംഭീരമായി പൊട്ടി—
ച്ചയാളൊരു 'വെള്ളിടി'
ഇവന്മാരെയിത്തരം
സ്ഥാനങ്ങളിലേററിയ—
വരാരെന്നു ചിന്തിച്ച—
വിടെ നില്ക്കുമ്പോൾ,
ചോദിച്ചൊരാളടുത്തു
നിന്നവരോടായിട്ട്;
'ഇനിയുമാ വമ്പന്റെ
കുംഭമനക്കാൻ വയ്യേ?'
ഇനിയുമവിടിരി—
ക്കുന്നതു പന്തിയല്ലെ—
ന്നോർത്തിട്ടാകാമയാള—
വിടെ നിന്നെഴുന്നേററു
ഒരുകെട്ടു ചോറുമായ്
ഉണ്ണാനിരിക്കുമ്പോൾ ഞാൻ
കേട്ടു—തെറിയോടൊപ്പം—
'ഉണ്ണെടാ.... ഭേഷായിട്ടു
ഞങ്ങളുടെ മജ്ജയും,
മാംസവും, നീരാക്കിയു—
ണ്ടാക്കിയതാണെടാ
*ബൂശ്ടിക്കേ....'

*ബൂശ്ടിക്—തെമ്മാടി.

# ഞാൻ ഏകനാണ്

**സജിത് ബാബു**
IInd P. D. C.

അമർഷത്തോടെയാണ് പുലച്ചക്കെഴുന്നേറ്റത്. സത്യത്തിൽ ഒരു രാത്രി ഉറങ്ങിയതുകൊണ്ട് ഒരു സഞ്ചാരിയായ എനിക്ക് വളരെ ക്ഷീണംതോന്നി. ഉറക്കംവരാത്ത രാത്രിയായിരുന്നു അത്. ഏതോ ഒരു സ്വപ്നംകണ്ട ഞെട്ടിയുണർന്ന എനിക്ക് പിന്നെയുറങ്ങാൻ സാധിച്ചില്ല. അരനാഴികനേരംകൊണ്ട് പ്രഭാതകൃത്യങ്ങളൊക്കെ കഴിഞ്ഞ് ഞാൻ പുറത്തേക്കിറങ്ങി. സത്രമുടമ എങ്ങോട്ടേയ്ക്കാണെന്നു ചോദിച്ചപ്പോൾ ഇതാ ഇവിടെവരെ എന്നുമാത്രം മറുപടി പറഞ്ഞു. വഴിയിലുള്ള അമ്പലത്തിൽ ശ്രീദേവീദർശനത്തിനായി കയറി. അർച്ചനയ്ക്കായി കുറേ പനിനീർപ്പൂക്കൾ വാങ്ങി. അപ്പോൾത്തന്നെ പൂജക്കെടുത്ത പൂക്കളെക്കുറിച്ചോർത്തുപോയി. ഞാനുമവയിലൊന്നല്ലേ?

x x x x

കടത്തുകയറി അങ്ങാടിയിലേക്ക് നടന്നു. അവിടെയാകെ ചുറ്റിക്കറങ്ങി കുറേനേരം നിന്നശേഷം തുറമുഖത്തേക്ക് ചെന്നു. കടൽപ്പാലത്തിന്റെ തണലിൽ തെക്കൻകാറ്റിന്റെ തലോടലിൽ കുറേസമയം വിശ്രമിച്ചു. കാറ്റുകൊണ്ടപ്പോൾ ഒരു സുഖംതോന്നി. അറിയാതെ ഒന്നു മയങ്ങിപ്പോയി.

ദൂരെയെവിടെയോ ഒരു സ്ഫോടനംകേട്ടാണ് ഞെട്ടിയുണർന്നത്. ആ നിമിഷത്തിൽത്തന്നെ ശബ്ദംകേട്ട ഭാഗത്തേക്ക് വളരെ ആവേശത്തോടെ ഞാൻ കുതിച്ചു. ധാരാളം ദൂരം ഉണ്ടായിരുന്നുവെങ്കിലും എനിക്ക ദൂരം അരികെയായി തോന്നി. ഏഷ്യാഡ് റിക്കാർഡിനെ തകർത്തുകൊണ്ട് ഞാൻ സംഭവസ്ഥലത്തെത്തി. ഒരു ലോറിയും കാറും തമ്മിൽ കൂട്ടിയിടിച്ചിരിക്കുന്നു. കാറിലുണ്ടായിരുന്നവർക്ക് മാരകമായ പരിക്കുകളേറ്റു. അവിടെയെല്ലാം രക്തം കിടന്നിരുന്നു. ജയിക്കാനായ് ജനിച്ചവൻ എന്ന ഭാവത്തിൽ ലോറി ഒരു മരത്തിൽ മുട്ടി കിടപ്പുണ്ടായിരുന്നു. രക്തം കണ്ടപ്പോൾ വിഷം കുടിച്ചവനെപ്പോലെ ഞാൻ തിരിച്ചുനടന്നു. കവലയിൽ എത്തിയപ്പോൾ ആരോ പറയുന്നതു കേട്ട് 'ലോറിഡ്റൈവർ മദ്യപിച്ചിരുന്നു.' ഞാൻ കടൽത്തീരത്തുകൂടി നടന്നു. മുക്കവന്മാർ ഉയർത്തിയ ചീനവലയിൽ കിടന്നു പിടയ്ക്കുന്ന മീനുകളെ കണ്ടപ്പോൾ പഴയ ചില കാര്യങ്ങൾ ഓർമ്മയിൽ തെളിഞ്ഞു.

കോളേജിലായ ലക്ഷ്മിയെ കണ്ടതുമുതൽ അവളെ വിവാഹം കഴിക്കണമെന്നായിരുന്നു എനിക്കാഗ്രഹം. എന്തുയൊക്കെ ഞാൻ പരിശ്രമിച്ചിട്ടും അവളുമായി സംസാരിക്കാൻ കഴിഞ്ഞില്ല. യാദൃച്ഛികമായി ഞാൻ കാത്തിരുന്ന നിമിഷം വന്നെത്തി. എനിക്കറിയാവുന്ന ദൈവങ്ങളെയെല്ലാം മനസ്സിൽ ധ്യാനിച്ചുകൊണ്ട് എന്റെ അഭിലാഷം ലക്ഷ്മിയെ അറിയിച്ചു. അല്പനേരം ആലോചിച്ചശേഷം അവൾ പറഞ്ഞു: 'ഒരു സ്വയംവരത്തിന് എനിക്കെതിർപ്പില്ല. ലൗ മാരേജിന് വീട്ടുകാർ സമ്മതിക്കുകയുമില്ല. അതുകൊണ്ട് എന്റെ വീട്ടുകാരുമായി ആലോചിക്കൂ.' അങ്ങനെ ആ ഉത്തരത്തിലൂടെ കൊണ്ട് ഒത്തിരി കാര്യങ്ങൾ ഞങ്ങൾ പറഞ്ഞുതീർത്തു. വിടപറയുംമുമ്പേ അവളുടെ അഡ്രസ് വാങ്ങാൻ ഞാൻ മറന്നില്ല. ജോലിത്തിരക്കുമൂലം കുറച്ചുദിവസം അവളുടെ വീട്ടിൽ പോകുവാൻ സാധിച്ചില്ല. എന്നാലും അവളെ മനസ്സിൽ സ്വപ്നംകാണുന്നുണ്ടായിരുന്നു. ഹണിമൂൺ ഊട്ടിയിൽ വേണോ അതോ കന്യാകുമാരിയിൽ വേണോ? ആനന്ദം പരമാനന്ദമായി ഹണിമൂൺ എവിടെയെങ്കിലും കഴിയ്ക്കണം. അവസാനം കഴിയിടേണ്ടിവന്നു. ദിവസങ്ങൾ കഴിയുന്തോറും എന്റെ സങ്കല്പങ്ങൾക്ക് ആക്കംകൂടിവന്നു. ഒരു സുപ്രഭാതത്തിൽ ഞാൻ ലക്ഷ്മിയുടെ വീട്ടിലേക്ക് പോകാനായി ഇറങ്ങി. പെട്ടെന്ന് ഒരു കരിംപൂച്ച കുറുക്കുചാടി. ഏതോ കാലക്കേടുകൊണ്ടാണെന്നു കരുതി അരമണിക്കൂർ കഴിഞ്ഞ ഞാൻ യാത്ര പുറപ്പെട്ടുള്ളൂ. അഡ്രസ് അനുസരിച്ച് ഞാൻ ലക്ഷ്മിയുടെ നാട്ടിലെത്തി. ലക്ഷ്മിയെക്കുറിച്ച് അന്വേഷിച്ചു. ഒരു പയ്യൻ എനിക്ക വഴി കാട്ടിത്തന്നു. ഞാൻ ഒരു പണിതീരാത്ത വീടിന്റെയടുത്തെത്തി. വീടിതാണെന്ന് ഞാനൂഹിച്ചു. കോളിൽ ബെല്ലിൽ വിരലമർത്തി അല്പംകഴിഞ്ഞപ്പോൾ നീണ്ടതാടിയുള്ള നാററത്തോടുകൂടിയ ഒരു ഗഞ്ചാവുഹിപ്പി വന്നു കതകുതുറന്നു. അയാൾ ഒരു പൂച്ചസന്യാസിയെപ്പോലിരുന്നു. അയാൾ എന്നോട് കാര്യംചോദിച്ചു. ഞാൻ ലക്ഷ്മിയുമായുള്ളകല്യാണക്കാര്യത്തെപ്പററി പറഞ്ഞു. ഉടനെ അകത്തുകയറി ഇരിക്കൂ. ലക്ഷ്മി എന്നോട് എല്ലാക്കാര്യവും പറഞ്ഞിട്ടുണ്ട് എന്നു പറഞ്ഞു. ഞാൻ വലിയ ഗമയിൽ അകത്തുകയറി സോഫായിലിരുന്നു ഉടൻതന്നെ അയാൾ മടങ്ങി വന്നു. പക്ഷേ അയാളുടെ കൈയിൽ ഒരുലക്ക ഉണ്ടായിരുന്നു. എന്റെനേരേ ഉലക്കയുമായയാൾ

With the best compliments from

**'DECARTS'**
Main Road,
Quilon.

വന്നു. ഞാനെന്ന ധൈര്യശാലി വിറച്ചു. അയാൾ അലറി.

'ജീവൻ വേണമെങ്കിൽ ഓടിക്കോ അല്ലെങ്കിൽ ഇവിടിട്ടു ചതയ്ക്കും....'

ആ നിമിഷത്തിൽത്തന്നെ എന്റെ ജീവനും കൈയിലെടുത്തോണ്ടോടി. പിന്നീടുള്ള സത്യാന്വേഷണത്തിലാണ് അറിയുന്നത് ആ നാറി ലക്ഷ്മിയുടെ ഭർത്താവാണെന്ന്. അങ്ങനെ ഞാനാകുന്ന അവശകാമുകൻകൂടി പിറന്നു. ഞാനെപ്പോഴും ഇഷ്ടപ്പെടുന്ന ഒരു ഗാനം എന്റെ നാവിൻതുമ്പിലെത്തി.

'മാനസമൈനേ വരൂ....
മധുരം നുള്ളി തരൂ'....

~~~

# ദേശാടനപ്പക്ഷികൾ

**ഷിറാസ്**
[illegible]

കൂട്ടം തെറ്റിയലഞ്ഞിടുവോർ, കൂട്ടം കാണാതുഴലുവോർ
കൂട്ടരേ, യിന്നു നാം വെറും ദേശാടനപ്പക്ഷികൾ.

നിന്നെയുമോർക്കുന്നുവോ, പണ്ടൊരു പകലിൽ നാ-
മേകരായ് വന്നെത്തി ഈ കലാലയത്തിൽ നിന്നതും
മെല്ലെ നാം പരസ്പരം പരിചയം നേടിയതും
നല്ല ചിരികൾ കൈമാറിത്തുടങ്ങിയതുമെന്നതും ?

ഓർമ്മകൾ, കവിതകൾ, കുറിപ്പുകളീ ദേശാടനം,
കർമ്മം കവനവുമായ് തൻ തീർത്ഥയാത്രയീ ദേശാടനം,
കൂട്ടരെ, നമ്മൾ തൻ കിനാവു തീരാത്ത കൺകളിൽ
കനിവാണ്, ഒലിവാണ്, ഏകതയാണീ ദേശാടനം.

ചിര വിരഹച്ചിതയിൽ ചിതറി വീഴേണ്ടോർ നാം
നമ്മുടെ ചെറ്റും ഓരമലിൽ ചിരിയേണ്ട പക്ഷികൾ
തീച്ചിറകുകൾ വീശി, യാത്രതലപ്പെടുത്തുന്ന വേനൽ
തീപ്പെട്ട് പോകുമല്ലോ സപ്തസ്വരം വനാന്തരം.

ഓർമ്മകൾ തുളുമ്പിയെൻ സ്മൃതി കുംഭം പൊട്ടുന്നല്ലോ,
ഉന്മാദം പരണം തീർത്തി, യാടിയാടിയെത്തുന്നല്ലോ,
അന്ത്യ സമ്മേളനത്തിലെ, നിന്നെഞ്ചിലെരിച്ചുപ്പിച്ചൊരു
നനുണിച്ചിരിതൻ നിലവിളി നിലച്ചിലീല്ലോ—ഇനി ?

—ഇനി തപ്രാക്ഷരം കോർത്തൊരു ജപമാല തീർക്കും ഞാൻ
പ്രാണ പ്രേയസ്സിയുടെ കണ്ഠത്തിനൊരു,പഹാരമായ്
കവിതാക്ഷരങ്ങളാൽ രണ്ട് മൗനച്ചിലമ്പുകൾ പണിയും ഞാൻ
പ്രാണ പ്രണയിനി തൻ കണങ്കാലിന്നിണയായ്.

തേങ്ങലിൻ ശീലുകൾ പിക്കേണ്ട പികയേണ്ട,
തുവലിൻ തുമ്പുകൾ തേടേണ്ട തളരേണ്ട,
മിഴി നീർ തൂകിയിച്ചിത കെടുത്താൻ തുനിയേണ്ട,
കരൾ കൊണ്ട് കമ്പിൾ കോട്ടി കയ്പ് നീർ കുടിക്കേണ്ട.

ഒത്തുകൂടാ, മൊന്നാർത്തു ചിലയ്ക്കാൻ ചിരിക്കാൻ; നാളെ
തെമിച്ചയരേണ്ടോർ, ചിതറിപ്പറക്കേണ്ടോർ നാം
കൂട് പിരിഞ്ഞു പോകേണ്ടോർ, കൂട് വിട്ടകലേണ്ടോർ
കൂട്ടരേ, യിന്നു നാം വെറും ദേശാടനപ്പക്ഷികൾ.

~~~

# ഭാവനയുടെ സ്വപ്നം

എം. എ. സമദ്
സെക്കൻറ് ബികോം.

ആകാശത്തോളം ഞാനുയർന്നു. അവളുടെ മടിയിൽ തല ചായ്ച്ച് കിടക്കുമ്പോൾ അങ്ങനാണെനിക്ക് തോന്നിയത്. എനിക്കാ പരിസരത്തോട് തികച്ചും വെറുപ്പ് തോന്നി. എല്ലാവർക്കും അസൂയ തോന്നുന്നവിധത്തിൽ സ്വപ്നസാഗരത്തിലാറാടുന്ന ഞങ്ങളെ എന്തേ പ്രകൃതി നീയൊരു കുളിർകാററുകൊണ്ട് തഴുകാത്തത് എന്നൊക്കെ ചോദിക്കാൻ തോന്നി.

പിണങ്ങാനവൾക്ക് മടിയാണ്. പ്രത്യേകിച്ച് എന്നോട്. ഇഷ്ടപ്പെടാത്ത എന്നിലെ വാക്കുകൾക്ക് മറുപടി കണ്ണുകളിൽ ഊറിയുറയുന്ന ജലകണങ്ങളായിരുന്നു. പിന്നെ നിലയ്ക്കാത്ത ഏങ്ങൽ....

സാന്ത്വനത്തിനുവേണ്ട വാക്കുകളേറെ കൈവശമുണ്ടെങ്കിൽപ്പോലും ഞാൻ സ്തബ്ധനായി നിന്നുപോകാറുണ്ട്.

ഇറുകെ പുണർന്നു പൊട്ടിക്കരഞ്ഞുകൊണ്ട് പറയും

'ഇല്ല വിനുചേട്ടാ ഞാൻ സഹിക്കില്ല.'

എന്തെന്തു മധുരാനുഭവങ്ങൾ !

ഒരിക്കൽ ഞാൻ വെറുതെ ചോദിച്ചു.

'ഷൈനിമോൾക്ക....' അതെ അവളെ അങ്ങനെയാണ് ഞാൻ വിളിച്ചിരുന്നത്. കേൾക്കുമ്പോഴുണ്ടാകുന്ന കുട്ടിത്തംമാറാത്ത നാണം.

'ഷൈനിമോൾക്ക് ഒരു പക്ഷേ നാളെ എന്നെ കാണാൻ പററിയില്ലങ്കിലോ?' കണ്ണുകൾ നിമിഷങ്ങളോളം മുഖത്തു തറച്ചു നിന്നു. ഞാൻ ചിരിക്കാൻ ശ്രമിച്ചു.

പക്ഷേ ആ രൗദ്രഭാവംകണ്ട ഞാനമ്പരന്നിരുന്നു.

പൊട്ടിത്തെറിക്കാൻ, പൊട്ടിക്കരയാൻ മററൊരു കാരണം ആവശ്യമില്ലായെന്നു തോന്നി. എഴുന്നേററോടി മാറി. മിണ്ടിയില്ല. ഒന്നല്ല. ദിവസങ്ങളോളം. വേദനയുടെ രുചി ആദ്യമായി എന്തെന്നറിഞ്ഞു. പുറത്തു നടിച്ച പിണക്കത്തിന്റെ ഉള്ളിലെ വേദനയുമായി ഒളിഞ്ഞും പതുങ്ങിയും കണ്ടുകൊണ്ട് ഞാൻ ദിവസങ്ങളെ വഴക്കുപറഞ്ഞോടിക്കേണ്ടി വന്നു. ഒരു ദിവസം രാവിലെ കോളേജിൽവച്ചാണതു സംഭവിച്ചത്. തീരെ പ്രതീക്ഷിച്ചില്ല. ക്ലാസ് തുടങ്ങേണ്ട സമയം. പഴയതും പുതിയതും ആ നിമിഷത്തിന്റേതുമായ കഥകൾ തുരുതുരാ ഉരുവിടുന്ന എന്റെ സഹപാഠികളുടെ ഒരുവിൽ ഞാനും ഏകനായി നടന്നിരുന്നു. മുന്നോട്ട് വെറുതെ ഉയർന്ന കണ്ണുകൾ പെട്ടെന്നു ദൂരെ തറച്ചുനിന്നു. നടന്നും അല്ലാതെയും പോകുന്ന അനേകം പേരുടെ ഇടയിലൂടെ എന്നെ രണ്ടു കണ്ണുകൾ ഉററുനോക്കുന്നു. എന്റെ ഇമ വെട്ടിയില്ല. കൊടുങ്കാററിന്റെ വേഗതയിൽ പാഞ്ഞെത്തിയ അവൾ എന്നെ വിടില്ലെന്നമട്ടിൽ പൊത്തിപ്പിടിച്ചുകൊണ്ട് ഏങ്ങലടിച്ചു.

'ഇല്ല വിനുവേട്ടാ. ഞാൻ വിനുവേട്ടനെ വേദനിപ്പിക്കില്ല. ഇനി ഒരിക്കലും' ഞാൻ പെട്ടെന്നു പിടിച്ചുമാററി കണ്ണുകൾ തുടച്ചു. അന്നേരം അങ്ങനെ ചെയ്യാനാണെനിക്കു തോന്നിയത്. ചുററും നോക്കി പ്രത്യേകിച്ചാരും കണ്ടില്ല. എന്നിട്ടുപോലും വെളുത്ത ചുമരിൽ കറുത്ത അക്ഷരങ്ങൾ നിരന്നു.

വിനു + ഷൈനി

അതിലേക്കു നോക്കി ചിരിച്ച അവളോട് ഞാൻ ചോദിച്ചു:

'എന്താ പെണ്ണേ ചിരിക്കുന്നത്....?'

'അല്ല വിനുവേട്ടാ.... ഇവർക്കിപ്പോഴാണോ ബുദ്ധി ഉദിച്ചത്?'

ആരുംകാണാതെ ഞാനൊരടികൊടുക്കേണ്ടിവന്നു.

പരിഭവം കലർന്ന ചിരിയുമായി ഓടിമറയുന്ന അവളെ കുറേനേരം നോക്കിനിന്നു. എത്തിപ്പിടിക്കാൻ പററാത്ത ഉത്തുംഗതയാണ് അവളുടെ ദർശനമെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്. പക്ഷേ ആ പെരുമാററം എന്നിൽ ഉണർവ്വിന്റെ പൂക്കൾവിരിക്കാൻപോന്നവയായിരുന്നു.

എന്റെ അടുക്കൽ നിൽക്കുമ്പോൾ പരിഭ്രമത്തിന്റെ ആവരണമണിഞ്ഞ് അവളെ ഞാൻ കണ്ടിട്ടില്ല.

എനിക്കില്ലാത്ത ധൈര്യം അതിന് അവൾക്കുണ്ടെന്ന് പലപ്പോഴും തോന്നിയിട്ടുമുണ്ട്.

ആഗ്രഹങ്ങൾ ഏറെ മനസ്സിലുള്ളത് പലപ്പോഴും എന്നോടു നിരത്തിയിട്ടുണ്ട്.

'ജീവിതം' എത്ര സുന്ദരമായ പദമാണത്.

'നമുക്കും ജീവിക്കണം വിനോദേട്ടാ' എന്നവൾ പറയുമ്പോൾ എന്താണ് അവൾ ഉദ്ദേശിക്കുന്നതെന്ന് ഞാൻ ആരാഞ്ഞു.

'വിനോദേട്ടന്' ഒന്നും അറിയില്ല. നമ്മൾ ജീവിക്കും. വിവാഹം കഴിക്കും. ഒരു വീടുവച്ചു താമസിക്കും. പിന്നെ.......' അതങ്ങനെ നീണ്ടുനീണ്ടുപോയി.

ഞാനും ആലോചിച്ചു. എത്ര രസമായിരിക്കും അവളുമായുള്ള ജീവിതം! എതിർക്കാൻ ആരുമില്ലാത്ത അവളുമായുള്ള വിവാഹം. പിന്നെ അവൾ പറഞ്ഞതുപോലെയുള്ള ജീവിതം. ആർക്കാണ് ഞങ്ങളോടസൂയ തോന്നാത്തത്.

കെമിസ്ട്രിയുടെയും, ഫിസിക്സിന്റെയും വളപ്പിന്റെ മണ്ണിൽനിന്നും കിളിർത്ത ഞങ്ങളുടെ ബന്ധം ഉയർന്നുയർന്നങ്ങനെ അനേകം കൺമണിപ്പൂക്കളെ ഉണർത്തിവിട്ടു.

x x x x

ആരോ തട്ടിവിളിച്ചു എന്നു തോന്നി തട്ടിപ്പിടഞ്ഞെഴുന്നേറ്റു.

'എന്താ വിനു, കോളേജിലേക്കുപോവാൻ സമയം എത്രയായല്ലോ....?'

അമ്മയുടെ സ്വരത്തിൽ ദേഷ്യം കലർന്നിരുന്നു. മുന്നിൽ ഉയർത്തിയിട്ടിരുന്ന ക്ലോക്കിലേയ്ക്ക് നോക്കി. ശരിയാണ്. അമ്മ പറഞ്ഞതെത്ര ശരിയാണ്. സമയം എട്ടിനോടടുത്തിരിക്കുന്നു. പ്രഭാതകൃത്യങ്ങൾ ബാക്കിയാണെല്ലാം. ഉറക്കത്തെ താങ്ങിയിരുന്ന പുസ്തകം എടുത്തു മടക്കിവച്ചു.

അമ്മയോട് തീർത്തും അമർഷം തോന്നി.

ഞാൻ എവിടെയായിരുന്നു ഇത്രയുംനേരം. എല്ലാ രസമായിരുന്നു. എന്തിനമ്മ എന്നെ തട്ടിയുണർത്തി? എന്നെ വേട്ടയാടിയ അന്യതാബോധം എത്ര നിമിഷം നീണ്ടുപോയി.

ആരെയോ എന്തിനെയോ ശപിച്ചുകൊണ്ട് കോളേജിലേക്ക് പടിയിറങ്ങിയ ഞാൻ അവസാനമായി ഒരു തീരുമാനം എടുത്തിരുന്നു. തീർച്ച ഇന്നവളോട് തുറന്നു പറയും:

'ഷൈനി.... നിന്നെ ഞാൻ സ്നേഹിക്കുന്നു' എന്ന ഞാനുറക്കെ പറയും. അവളെ ഞാൻ സ്നേഹിക്കുന്നുണ്ടെന്നും, എന്റെ ജീവിതത്തിന്റെ ഒരു ഭാഗമായി അവളെ ചേർക്കാൻ ആഗ്രഹിക്കുന്നുവെന്നും അറിയിക്കും. തീർച്ച. ഞാനുറച്ചു.

With the best compliments from

TEMPLE OF COMMERCE
QUILON



റ്റി. കെ. എം. ആർട്സ്

Scanned with OKEN Scanner

# സ്മരണകൾ....
# നിമിഷങ്ങൾ....

**പത്മകുമാർ കെ. പി.**

സെക്കൻറ് ബി. എസ്സ്സി. ബോട്ടണി

നിരത്തുകൾ ഏതാണ്ട് ശൂന്യമായിരുന്നു, വലിയ തണുപ്പിലും പരുപരുത്തതും, വൃത്തികെട്ടതുമായ കടത്തിണ്ണകളിൽ പട്ടമെത്തയുടെ സുഖം കണ്ടെത്തി ചുരുണ്ടുകൂടുന്ന തെരുവിൻെറ മക്കളെ ഗൗനിക്കാതെ 'രാജൻ' പതുക്കെ വിജനമായ ആ പാതയിലൂടെ നീങ്ങിക്കൊണ്ടിരുന്നു. മഞ്ഞുകാലമായതുകൊണ്ടായിരിക്കും തെരുവുകൾ വിജനം എന്ന് എനിക്ക് തോന്നി. ആളുകൾ നേരത്തേ വീട്ടപറ്റി കിടക്കപൂകിയ മട്ടാണ്. മഞ്ഞുപെയ്ത്ത തണുത്തുകിടക്കുന്ന ഭൂമിയെ വെളിച്ചത്തിലേക്ക്നയിക്കാൻ ഒരു ലൈററ്പോലും ഞാൻ കണ്ടില്ല എന്ന് തോന്നി. രാജന് തെരുവുകളിൽ കൂടി ലക്ഷ്യമില്ലാതെ കറങ്ങുന്നത് ഇഷ്ടമില്ലാതിരുന്നിട്ടുകൂടി വിജനമായ വീഥിയിലൂടെ രാത്രിയിൽ ഏകനായി തണുത്ത വായുവും ശ്വസിച്ചു കൈകൾ ആഞ്ഞു വീശി ചുണ്ടിൽ എരിയുന്ന സിഗററും വലിച്ച് നടക്കുന്നതിൻെറ സുഖം ഒന്ന് വേറെ തന്നെയാണ്.

സംഗതികൾ മനസ്സിലൊതുക്കി ഞാൻ റയിൽവേസ്റേറഷനിലേയ്ക്ക് നടന്നു. നടന്നിട്ടും എത്തുന്നില്ല. എന്നാലും സകലെരെയും മനസ്സിൽ കണ്ടുകൊണ്ട് നടത്തയ്ക്ക് വേഗം കൂട്ടി. സ്റ്റേഷൻെറ മുമ്പിൽ എത്തിയപ്പോൾ ഏതാണ്ട് ആശ്വാസം ആയി. ഒന്ന് ദീർഘനിശ്വാസം വിട്ടാൽകൊള്ളാമെന്ന് എനിക്ക് തോന്നി. പതുക്കെ വാച്ചിലേയ്ക്കു നോക്കി. സമയം 11—30, ഇപ്പം ട്രെയിൻ കാണമോ, എന്തോ! ചിലപ്പം കാണമായിരിക്കും. ഉച്ചയ്ക്ക് വരേണ്ട വണ്ടി പിറേറന്ന് ഉച്ചയ്ക്ക്പോലും വരില്ല എന്നാണ് എൻെറ മനസ്സിൽ തോന്നിയത്. അസമയത്താണ്, പണ്ടെങ്ങാണ്ടോ വന്ന ഒരു സായ്പിൻെറ കഥ ഓർത്തുപോയി. ആ സായ്പ് ഇൻഡ്യൻ റെയിൽവേയുടെ ഒരു പ്രധാന സ്റ്റേഷനിൽ മറെറാരുസ്ഥലത്തേയ്ക്ക് പോകാൻ വന്നു. സായ്പിന് നമ്മുടെ റെയിൽവേയുടെ സ്ഥിതി അറിയാമായിരുന്നു. എപ്പോഴും ട്രെയിൻ താമസിച്ചേ വരുകയുള്ളൂ. സായ്പിൻെറ ഭാഗ്യവശാൽ ട്രെയിൻ കറക്ട് സമയത്തിന് എത്തി. ഹാ: സമയം കറക്ട്. ആരാപറഞ്ഞത് സമയമില്ലാത്തത്ആണെന്ന്. അടുത്ത് നിന്നിരുന്ന ഒരു ഇൻഡ്യാക്കാരൻ ചിരിച്ചുകൊണ്ട് പറഞ്ഞു. ഇത് ഇന്നലെ ഇതേ സമയത്ത് വരണ്ട വണ്ടിയാണ്. സായ്പിൻെറ കണ്ണ് തള്ളി. എന്തായാലും ഒരു പാണ്ഡിക്കാരൻ പറഞ്ഞ് വണ്ടിവരാൻ സമയമായിഎന്ന്. ഒരു സിഗററ് വായിൽ തിരുകി കയററി ചുററുപാടുംഒന്ന് കണ്ണോടിച്ചു.

അങ്ങ് അകലെ വണ്ടിയുടെ ഒരു നേരിയ ചൂളം വിളി, എന്തായാലും ഒരെണ്ണമുണ്ടല്ലോ. സമാധാനം കിട്ടിയത് പോലെ തോന്നി. പതുക്കെ സിഗററ്കത്തിച്ചു. ആളുകളുടെ ഇടയിൽ കൂടി ചാടി ഒരു ടിക്കററ് സമ്പാദിച്ചു. വണ്ടി പതുക്കെ ഞരങ്ങി, ഞരങ്ങി പ്ലാററുഫോമിലെത്തി. വണ്ടിമുഴുവനും നല്ല തിരക്ക്. എവിടെയാ ഒന്ന കയറുക. അവസാനം ഒരെണ്ണത്തിൽ ചാടിക്കയറി. റിസർവേഷനാ എന്ന് തോന്നി. പതുക്കെ ചാടി അടുത്തുള്ള കംമ്പാർട്ട്മെൻറിലേയ്ക്ക് നീങ്ങി. ഒരുവിധം നില്ക്കാനുള്ള സൗകര്യം കിട്ടി. വണ്ടി ചൂളം വിളിച്ച് തണുപ്പിനെ കീറിമുറിച്ചുകൊണ്ട് മുന്നോട്ട് നീങ്ങാൻ തുടങ്ങി. അകത്തേക്ക് തണുപ്പ് അരിച്ച്കയറികൊണ്ടിരുന്നു. ഒരു നല്ല മനുഷ്യൻ സ്വയം ഒന്നു ഒതുങ്ങി ഒരു സ്ഥലം തന്നു.

എയ് സുഹൃത്തേ! ഇവിടെ ഇരിക്കാം.

ഞാൻ നന്ദി പറഞ്ഞുകൊണ്ട് അങ്ങോട്ട്ചെന്ന് ഇരിപ്പുറപ്പിച്ചു. കുറെ നേരം ഇരുന്നു. പതുക്കെ മുകളിലോട്ട് ഒന്ന നോക്കി, ഒരു ബെത്ത് ഒഴിവുണ്ട്. വലിഞ്ഞ് അതിൻെറ മുകളിലേട്ട് കയറാൻതുടങ്ങി. എനിക്ക് സ്ഥലം തന്ന ആ മനുഷ്യന് മനസ്സിൽ എന്ത് തോന്നിക്കാണമോ? തണുപ്പിനെ മാററാൻ അത് നല്ലത് എന്ന് തോന്നി. എനിക്ക് ഉറക്കം വന്നില്ല. പലരും തൂങ്ങി തട്ടികൊണ്ടിരുന്നു. എനിക്ക് എൻെറ പഴയ ഓർമ്മകളാണ് വന്നുകൊണ്ടിരുന്നത് മനസ്സിൽ കൂടി. വണ്ടി സ്റേറഷൻ വിട്ട് നല്ല വേഗതയിലേയ്ക്ക് നീങ്ങിക്കൊണ്ടിരുന്നു. എൻെറ ലക്ഷ്യത്തിലെത്താൻ കുറഞ്ഞത് മൂന്ന് മണിക്കൂറ് ആവശ്യമാണ്. അപ്പോഴും തണുപ്പിൻെറ കാഠിന്യം കൂടിവന്നു. കൈയിലിരുന്ന ഒരു വീക്കിലി തുറന്ന് നോക്കി. അത് ആ ദിവസം എനിക്കുണ്ടായ ആ അനുഭവം ഇന്ന്

വിടെ കിടക്കുന്നു. വഴി കണ്ടെത്തുന്നത് ചിലപ്പോൾ നേരായ മാർഗ്ഗങ്ങളിൽ കൂടിയായിരിക്കില്ല. അത് രണ്ടറ്റവും കാണാത്ത നടപ്പാതപോലെയാണ്. ഓരോ കഷ്ടപ്പാടുകൾ വരുമ്പോൾ അവയെ കുറിച്ച് ഓർത്ത് ദുഃഖിക്കാതെ അവയെ എങ്ങനെ നേരിടണംഎന്ന് നോക്കുക. കടലിൽനിന്ന് രക്ഷപ്പെടാൻ നോക്കുന്ന ഒരുവനെ രക്ഷപ്പെടുത്താതെ നോക്കിനില്ക്കുന്ന മറ്റൊരാളെയും എങ്ങനെ നോക്കണം. അവസാനം കടലിൽ കിടന്നവൻ ഒരുവിധം കഷ്ടപ്പെട്ട് കരയ്ക്കടിഞ്ഞത് അപ്പോൾ പിടിച്ച് എഴുന്നേൽപ്പിച്ചവനാണോ മനുഷ്യൻ. അല്ല മനുഷ്യനല്ല, അവൻ.

കോളേജ് ജീവിതത്തിനിടയിൽ പലരുമായും കൂട്ടുകൂടുകയും കണ്ടുമുട്ടുകയും ചെയ്തു. സ്നേഹത്തിനു വേണ്ടി ദാഹിച്ചുനടന്നു. എല്ലാം ഗുളികയുടെയും പുറംചട്ടയിൽകൂടി മാത്രം. പഞ്ചസാരകൊണ്ട് പൊതിഞ്ഞ് ഉള്ളിൽ നിറയെ കയ്പ്പ്. സ്നേഹിക്കുന്നവരെ അവിടെ ആർക്കും സ്ഥാനമില്ല. പലപ്പോഴും എന്റെ മനസ്സിൽ ഞാൻ 'ഒറ്റപ്പെട്ട്' എന്നപോലും തോന്നുന്നു. എല്ലാം നല്ല ലോകം. ഒരു പെണ്ണിനെയും വിശ്വസിക്കാനാവില്ല. അവരുടെ മനസ്സിൽ എല്ലാവരും ഒരുപോലെയാണ്, സ്വന്തം ആങ്ങളെയപ്പോലും അവർ വിശ്വസിക്കുന്നില്ല. എല്ലാം അവർക്ക് സംശയം. തിരിച്ചറിയാതെ നടക്കുന്ന കുറെ മാനംചാടികൾ. ഇത് മനുഷ്യനിലല്ല മൃഗങ്ങളിൽവരെ കാണാം. ഇണചേർന്നുകഴിഞ്ഞ് ആൺ ചിലന്തിയെ തിന്നുന്ന പെൺചിലന്തി. എല്ലാം അവരുടെ ലോകം. ആങ്ങള മരിച്ചാലുംവേണ്ടില്ല നാത്തൂന്റെ ദുഃഖം കാണണം ഇതാണ് അവരുടെ വിശ്വാസം.

ഇതിന്റെയൊക്കെ മനസ്സ് ഇത്രഭയങ്കരമാണോ? ഇവരെങ്ങനെ മനസ്സിനെ നിയന്ത്രിക്കും. എന്ത് കണ്ടാലും മതിവരാത്ത കണ്ണിൽ ചോരയില്ലാത്ത വർഗ്ഗങ്ങൾ. ചിരിയ്ക്കാനും അറിയാം, കരയാനും അറിയാം. ശ്രീനാരായണ ഗുരു പറഞ്ഞതുപോലെ മതം ഏതായാലുംമതി മനുഷ്യൻ നന്നാവണം. ഇവർക്കുള്ളത് ''മനസ്സ് എവിടെയോപോട്ട് സ്വന്തം കാര്യം സിന്ദാബാദ്.''

കഥ പറയാൻ തുടങ്ങിയമൺതരിയെ അടിച്ച് പറപ്പിച്ച കാറ്റിനെ രണ്ട് തെറി പറയണം എന്ന് എനിക്ക് തോന്നി. കുറെയൊക്കെ എന്തൊക്കെയോ പറഞ്ഞ് ഞങ്ങൾക്ക് ഒന്നും മനസ്സിലായില്ല. ഞങ്ങൾ എഴുന്നേറ്റ് കടലിലേയ്ക്കു ഒന്നു നോക്കി അനന്തമായ കടൽ. പോകട്ടേ, വീണ്ടും കാണാം എന്ന് പറഞ്ഞ് ഞങ്ങൾ പിൻവാങ്ങി. വിളക്കുമരം മിന്നിമറയാൻ തുടങ്ങി. വേണു വീട്ടിലേയ്ക്കുപോയി വേണുവിന് കാര്യങ്ങൾ എല്ലാം അറിയാമായിരുന്നു. ഒരേ ക്ലാസ്സിലാണ് പഠിക്കുന്നത്. ചെറുപ്പത്തിലെ രണ്ടുപേരും ഒരുമിച്ചു പഠിക്കുന്നവർ. രാജൻ വീട്ടിലെത്തി അമ്മയോട് കാര്യങ്ങൾ പറഞ്ഞു, ജോലിക്ക് തെരക്കികൊണ്ടിരിക്കുകയാണ്.

പല പരീക്ഷകളും എഴുതി അവസാനം എനിക്ക് ഇൻഡ്യൻ ഓവർസീസ് ബാങ്കിൽ ജോലി കിട്ടി. അങ്ങനെ അമ്മയെ സ്വന്തം വീട്ടിൽ ഒറ്റയ്ക്കാക്കീട്ട് ഞാൻ ജോലിക്കായി പോയി. വർഷം 4 കഴിഞ്ഞു. പലപ്പോഴും വീട്ടിൽ വന്നും പോയി നിന്നു. അമ്മ ഓരോ കാര്യങ്ങൾനോക്കി മകനെ സന്തോഷിപ്പിക്കുന്നതിൽ ശ്രദ്ധ കാണിച്ചു. മകന് അമ്മയോട് വലിയ സ്നേഹമായിരുന്നു.

വണ്ടി എവിടെയോ തട്ടി നിന്നപ്പോഴാണ് ഞാൻ ഞെട്ടിയുണർന്നത്. ഞാൻ എവിടെയായിരുന്നു. എല്ലാം ഓർമ്മകൾ മാത്രം. സ്വപ്നം കണ്ട ഒരു വിഡ്ഢി പതുക്കെ പൊടിയും തട്ടി എഴുന്നേറ്റ് ബർത്തിൽ നിന്ന് താഴെ ഇറങ്ങി ഷൂസ് ഇട്ട് ചാടി ഇറങ്ങി ട്രെയിന്റെ വെളിയിലേയ്ക്ക്. അടുത്ത് സ്റ്റേഷൻ ആണ്. അടയാളം കാണിച്ചാലേ വണ്ടിയ്ക്ക് സ്റ്റേഷനിൽ കയറാവുള്ളൂ. പതുക്കെ ഒന്ന് പരിസരം നോക്കി. ആഹാ, ഞാൻ ഇവിടെ ഇറങ്ങിയാ. ഇനി അല്പം ദൂരമേ ഉള്ളൂ വീട്ടിലേയ്ക്ക്. സ്റ്റേഷനിൽ പോയാൽ കിടന്ന് കറങ്ങണം. സഹയാത്രികരോട് ഗുഡ് ബൈ പറഞ്ഞ് നേരേ വീട്ടിലേയ്ക്ക് നടന്നു. പുതിയ ഭൂമി. നല്ല കാറ്റ്. എവിടെപ്പോയാലും തന്റെ ജന്മദേശത്തോടു സാമ്യപ്പെടുത്താൻ എന്തെങ്കിലും ഉണ്ടോ? ഒന്ന് ആലോചിച്ചുനോക്കൂ. അമ്മയ്ക്കുവേണ്ടി മേടിച്ച രണ്ടു ജോടി സാരിയും, വേലക്കാരനു ഷർട്ടിനുള്ള തുണിയും തന്നിലേയ്ക്കു് അടുപ്പിച്ചുകൊണ്ടു നടന്നു.

കാലത്തിന്റെ ഹൃദയസ്പന്ദനം ഉയർത്തുന്ന താളത്തിനനുസരണമായി ചുവടുകൾ വയ്ക്കുവാൻ നാം നിർബന്ധിതരാണ്. സമുദ്രത്തിൽ സായംസന്ധ്യകളിൽ അലിഞ്ഞുചേർന്ന സൂര്യനെ ഓർത്ത് വിഷമിക്കുന്നവർക്ക് നീലാകാശത്തിലെ നക്ഷത്രങ്ങളെ കാണാനാവില്ല. അവസരങ്ങൾ ആരേയും കാത്തുനിൽക്കുന്നില്ല. തേടി നടക്കുന്നുമില്ല. അവസരങ്ങളെ തേടി ചെല്ലുകയാണു വേണ്ടത്. പക്ഷേ വേഗം കൈവരുന്നതാകണമെന്നില്ല. അവസരം ജീവിതത്തെ അംഗീകരിക്കുമ്പോൾ ലക്ഷ്യബോധമുണ്ടാകുന്നു

തനിച്ചാണ് എന്ന ബലഹീനതയിൽനിന്നും നാമെടുക്കുന്നതാണ് സ്നേഹമെന്ന വികാരം. എല്ലാം മനുഷ്യരാണ്. അവർ തനിച്ചാണ്. ഒറ്റയ്ക്കെന്ന ബോധം ശക്തമാകുമ്പോൾ തീക്ഷ്ണമായ സ്നേഹബന്ധങ്ങൾ വളരാം. മിക്ക

വക്കം മിക്കവാറും എല്ലാ സ്നേഹബന്ധങ്ങൾക്കും അടിസ്ഥാനം ഇതുതന്നെ. പ്രേമത്തിന്റേയും. ഏകാന്തതയെ താങ്ങാനാവില്ല. ഇതിന്റെയുംഉറവിടം അമ്മയാണ്. അമ്മയുടെ രൂപം മനസ്സിൽ കണ്ടുകൊണ്ടു നടന്നു. രാത്രിയാകയാൽ വഴിയിൽ ആരെയും കണ്ടില്ല. പട്ടികൾ കരയുന്നു. ഹാ.... നാശം.

ചിലപ്പും കിടന്നു ഓരിയിടുന്നു. കൂട്ടംകൂടി കരയുന്നു. എന്തായാലും പട്ടിവരുമ്പോൾ കുറച്ചു മണ്ണു വാരിയിട്ടെങ്കിലും രക്ഷപ്പെടാമല്ലോ എന്നൂഹിച്ച് ഉറച്ച് സാവധാനം നടന്നു. ചില വീടുകളിൽ കുട്ടികൾ ഉറക്കംതൂങ്ങി പഠിക്കുന്നുണ്ടായിരുന്നു. വേണുവിന്റെ വീടു നിശബ്ദമായി നിൽക്കുന്നതുപോലെ തോന്നി. ഇവനെന്തുപററി.... ഇവനെ നേരത്തേ അറിയിച്ചതാണ്. കാര്യം പിടികിട്ടുന്നതും ഇല്ല. നടന്നു വീട്ടിലെത്തി പതുക്കെ ബെല്ലിൽ അമർത്തി. അമ്മ ചാടി എഴുന്നേററു വന്നു കതകു തുറന്നു.

ഹാ.... രാജൻ.... നീ ഏതു വണ്ടിയിലാണ് വന്നത്....

ഇതാ ഇപ്പംചെന്നാൽ കാണാം. അവിടെ കിടപ്പുണ്ട്....

എനിക്കറിയാം നീ ട്രെയിനിലെ വരുകയുള്ളു എന്ന്. കൊച്ചിലെ നിനക്ക് ട്രെയിൻ കാണുന്നതും സഞ്ചരിക്കുന്നതും ഇഷ്ടം ഉള്ളതല്ലേ.... ടാ, രവീ.... ചായ കൊണ്ടുവാടാ....

അപ്പോഴും അമ്മ മകന് ചായ വെച്ചിരുന്നു.

ഇപ്പോഴും അമ്മ ചായ വെച്ചേക്കും.... അല്ലേ....

രവി ചായകൊണ്ടുവന്നു. കുടിച്ചുകൊണ്ട് പതുക്കെ ഇരിയ്ക്കാൻ തുടങ്ങി. കൈയിലിരുന്ന തുണി അമ്മയ്ക്കും രവിയ്ക്കും കൊടുത്തു.

ടാ, പിന്നെ പറയുവെല്ലാം.... നീ പോയി ഇതെല്ലാം അഴിച്ചു കള....

'ശരിയാ' എന്ന് രവി സപ്പോട്ട്ചെയ്തു.

നീ ഒന്നും പറയണ്ടാ.... എനിക്കറിയാം....

അമ്മ ചെവിയ്ക്കുപിടിച്ചു മുറിയ്ക്കകത്തോട്ടു കൊണ്ടുപോയി.

എത്രനാളായി അമ്മേ അമ്മയുടെ ഈ പിടി കിട്ടിയിട്ട്....

വേഗം വാ, ചോറുണ്ണാം....

അയ്യോ, ഈ പാതിരാത്രിയ്ക്കോ....

എന്താടാ—ഈ പാതിരാത്രി സമയത്ത് നീ ചോറു കഴിച്ചിട്ടില്ലേ.

ഉണ്ട്.

എങ്കി വാ....

ഇപ്പം വേണ്ടമ്മേ.... ഞാൻ ഉണ്ട്.

വാച്ചിലേയ്ക്കു നോക്കി. മണി 2.45.

ഒരുകാര്യംചെയ്യ്. വിശേഷമെല്ലാം നാളെപ്പറയാം. നീ കിടന്നുറങ്ങ്. എല്ലാം കഴുകി ഉണക്കി വച്ചിട്ടുണ്ട്. അമ്മയുടെ ആജ്ഞ.

അമ്മേ.... വേണുവിനെ കണ്ടില്ലല്ലോ.

ങാ, പിന്നെ, വേണുവിന് ഒരു ജോലി ശരിയായി. ഒരു ആഴ്ച്ചയ്ക്കകം ജോലിയിൽ പ്രവേശിക്കണമെന്നാണ് ഓർഡർ.

അവൻ രക്ഷപ്പെട്ടു.... പാവം.

കിടന്നുറങ്ങു.... പിന്നെ പറയാം....

ഉറങ്ങടാ....

നേരം വെളുക്കുന്നതുവരെ ഉറങ്ങാതെ നേരം വെളുപ്പിച്ചു. രാവിലെ അമ്മ വിളിച്ചപ്പോളാണ് നേരം വെളുത്തതു് അറിഞ്ഞതു്. ഉറങ്ങിയതു് അറിഞ്ഞില്ല.

നിന്റെ പഴയ പണിയും ഇതല്ലേടാ....

അതെന്തുവാ....

നീയെ കോളേജിൽ പഠിക്കുമ്പോഴേ എന്റെടുത്തു പറയും, 3 മണിക്ക് വിളിക്കണേമ്മേ.... ഒരു പാട്ട് പഠിക്കുവാനുണ്ട്.... ശരി വിളിക്കാം.

അമ്മ മൂന്നുമണിക്ക് വിളിക്കും. ഞാൻ പറയും പഠിക്കാം എന്ന്. അമ്മ ഉറങ്ങിക്കോ.... അമ്മ പോകും. പിന്നെ ഞാനും പുറകെ കിടന്നുറങ്ങും. നേരംവെളുക്കുമ്പം അമ്മ ഒരു കമ്പും ആയിട്ടുവന്നു അടിച്ചെഴുന്നേൽപ്പിക്കും.

രാവിലെ പ്രഭാതകർമ്മങ്ങൾ കഴിഞ്ഞു് വേണുവിന്റെ വീട്ടിലേക്കു നടന്നു. വേണു ഉറക്കം എഴുന്നേററിട്ടില്ലാ എന്ന് വേണുവിന്റെ കൊച്ചു അനുജത്തി മിനി പറഞ്ഞു.

പതുക്കെ അകത്തു കയറി. രണ്ടു തട്ട്.

ശ്ശെ.... ഇതൊന്നും ഉറങ്ങാനും സമ്മതിക്കില്ലേ....

ഛീ! എഴുന്നേൽക്കടാ വായി നോക്കി....

ങേ.... ഇത് ഏവനെടാ എന്ന മട്ടിൽ വേണു പതുക്കെ കിടക്കയിൽനിന്ന് പൊങ്ങി.

നീ എപ്പം വന്നെടാ. രാവിലെ നിന്നെയാ കണികണ്ടതു്. ഇനി എന്തൊക്കെയോ വരാനിരിക്കുന്നു.

പിന്നെ, തിരിഞ്ഞൊന്നു നോക്കി. ആരെങ്കിലും ഉണ്ടോ എന്ന്. എന്നിട്ട് പറഞ്ഞു്

നീ ജനിക്കുന്നതിനു് രണ്ടു ദിവസംമുമ്പ്.

പതുക്കെ ഞാൻ വേണുവിന്റെ കൈയിൽപ്പിടിച്ചു എഴുന്നേ

ളിച്ചു. അപ്പോഴേയ്ക്കും വേണുവി
ന്റെ അമ്മ ചായയുമായി വന്നു.

എപ്പോഴ് വന്നു

ഇന്നലെ രാത്രിയിൽ

സുഖംതന്നെയല്ലേ

ഒരുവിധം

ചായ കുടിച്ചു പുറത്തുവന്നു. വേണു കുളിച്ചു. രണ്ടുപേരും പുറത്തിറങ്ങി.

പിന്നെ നീ അറിഞ്ഞോടാ.... എനിക്ക് താരാപ്പൂർ അണുശക്തി നിലയത്തിൽ ജോലികിട്ടി. ഒരു ആഴ്ചയ്ക്കകം ജോലിക്ക് ഹാജരാകണം. നീ വരുന്നതുകൊണ്ടാണ് ഞാൻ പോകാതിരുന്നത്. നീ വന്നിട്ട് രണ്ടുവർഷമായില്ലേ..... അല്ലെങ്കിൽ ഇന്നലെ രാവിലെ ഞാൻ പോയേനേ....

വാ.... നീ എന്തടാ സ്ഥാനാത്ഥിച്ചിരി ചിരിക്കുന്നത്?

അതെന്തുവാ.... സ്ഥാനാർത്ഥികളുടെ ചിരിയോ....

സുഖ ആണോ!

പിന്നെ അമ്മപറഞ്ഞു നിനക്ക് പററിയ ഒരു പെണ്ണിനെ കാണണം എന്ന്. എന്നിട്ടേ നീ പോകാവൂ എന്നും പറഞ്ഞു. നമുക്ക ഇന്നുതന്നെ പോകാം.

എന്തടാ നിൻെറ മുഖത്തിനൊരു വല്ലായ്മ.

അല്ലളിയാ.... കഴിഞ്ഞകാലത്തെക്കുറിച്ച ഓർത്തുപോയി.

നീ അവളെ മറന്നില്ലേ?

ആരേ....

കളിയാക്കാതെടാ....

ജയയേ....

ഓ.... ഓ.... ഐയാം സോറി.... രാജൻ....

എടാ.... ഞാൻ അന്നുമുതലേ പറയുന്നതാ നിൻെറ ഭാവി നോക്കണം എന്ന്. അന്ന് അതില്ലായിരുന്നെങ്കിൽ നിൻെറ ഈ നില നിസ്സാരമായ ആ പെണ്ണുമൂലം പോയേനെ....

അവളിപ്പം ഉണ്ടോ....

പിന്നല്ലാതെ.... അവള് ചത്തു പോയോ.... അവളെ ആപ്പീസറ് കൊണ്ടുപോയി

ആപ്പീസറോ....

ആ....

വന്നത് പേർഷ്യയിൽനിന്ന്.... കൊണ്ടുപോയതും അങ്ങോട്ട്....

അവളുമാരു് പഠിച്ചില്ലെങ്കിലും വേണ്ടില്ല.... അച്ഛനും അമ്മയ്ക്കും അറിയാം അവരെ കെട്ടിച്ചയയ്ക്കാൻ.... നമ്മളെന്തുചെയ്യും....

വാ.... പോകാം.... പിന്നെയാകാം....

നടന്നുനീങ്ങി. കാര്യങ്ങൾ വേണുവിനോട് പറഞ്ഞുകൊണ്ടിരുന്നു. എനിക്ക് ഒരുമാസത്തെ ലീവ് ഉണ്ട്. നാട്ടുവിശേഷങ്ങൾ എന്തൊക്കെയുണ്ട്. എനിക്ക് അമ്മയെ എൻെറ ജോലിസ്ഥലത്തേക്ക് കൊണ്ടുപോകണം എന്നുണ്ട്. ഇവിടെ ആരും ഇല്ലല്ലോ.

ഇവിടം കളഞ്ഞിട്ടോ എന്നായിരുന്നു വേണുവിൻെറ മറുപടി.

അതു് വേണ്ടാ.... നിനക്ക് ബുദ്ധി ശരിയായില്ല എന്നു തോന്നും.

ഇവരെയൊക്കെ അറിയാമോ

ഇതാണ് ത്രിബിറം ഐബാബു....

അറിയാം. ജോലി ഉണ്ടോ?

ഒണ്ട്. കോട്ടൺമില്ലിലാ.

കൊള്ളാം. പോട്ടോ

ശരി. വല്ലപ്പോഴുംകൂടി വരണേ. ഞങ്ങൾ മരിച്ചോ ഉണ്ടോ എന്നറിയാൻ.

ഇപ്പം ഉണ്ടല്ലോ.

അങ്ങനെ രണ്ടു ദിവസം കഴിഞ്ഞപ്പോൾ വേണു പോയി ജോലിയ്ക്ക്. വേണുവിനെ കൊണ്ടു വിട്ടിട്ട് ഞാൻ വീട്ടിലേയ്ക്ക് പോയി.

അമ്മയോട് കാര്യങ്ങൾ പറഞ്ഞു. പിന്നെ അമ്മേ....

എന്തടാ.... എന്തോ കാര്യം ഉണ്ടല്ലോടാ.

ഞാൻ ഒരു കാര്യം പറഞ്ഞാലെ അമ്മ സമ്മതിക്കുമോ?

കാര്യം പറ

പിന്നെ അമ്മേ....ഞാൻ ഇവിടം കൊണ്ടുപോകുകയാ.

ആരെയുംകൊണ്ട്

ഈ സ്ഥലവും അമ്മയേയും കൊണ്ട്.

എനിക്ക് മനസ്സിലാവുന്നില്ല.

പിന്നെ നമ്മൾക്ക് ഈ സ്ഥലം വിററിട്ട് എൻെറ സ്ഥലത്തുപോയി നല്ലൊരു വീടുവെച്ച് താമസിക്കാം.

നിൻെറ സ്ഥലമോ?

ചതി. എന്തടാ പറഞ്ഞതു്?

നിൻെറ സ്വന്തക്കാരെയും, നാട്ടുകാരെയും, നീ കളിച്ചുവളർന്ന ഈ നാടിനെ വിററിട്ട് എവിടെ പോകാനാ. വല്ലവരും പറയുമോ കഴുതേ.

എന്താമ്മേ....

എടാ....നീ ഇവിടെനിന്നും പോയി, അവിടെ നിന്നപ്പോൾ ഇതെല്ലാം അങ്ങു മറന്നു്. എടാ നിൻെറ അച്ഛനും എല്ലാവർക്കും പ്രിയങ്കരനായിരുന്ന നിൻെറ ചേട്ടനും മരിച്ചു് അടക്കിയ വീടാണെടാ ഈ പുണ്യഭൂമി. ഇതെല്ലാം കളഞ്ഞിട്ട് നിൻെറകൂടെ വരണോ? ഞാനെ ഇവിടെ കിടന്നു മരിച്ചുകൊള്ളാം. അമ്മയുടെ

കണ്ണീരിൽനിന്ന് ധാരയായി വീണു കൊണ്ടിരുന്ന കണ്ണീരിന് ചൂട് ഉള്ളതുപോലെ തോന്നി. രാജന് സങ്കടവും പശ്ചാത്താപവും തോന്നി.

പാവം അമ്മയെ ഞാൻ കരയിച്ചു.

ഇല്ലമ്മേ, ഞാൻ അങ്ങനെ ചെയ്യില്ല.

എനിക്കു് അതൊന്നും തോന്നിയില്ല.

ഇല്ല. ഞാനൊരിക്കലും ചെയ്യില്ല.

എൻെറ സംസ്കാരത്തെ ഞാൻ നശിപ്പിക്കുകയില്ല.

എനിക്കാണ് തെററു പററിയതു് !

ഞാൻ അതൊന്നും ആലോചിക്കാതെയാണ് പറഞ്ഞതു്.

അമ്മ മകനെ അടക്കിപ്പിടിച്ചു് ഒരുപാടു് കരഞ്ഞു.

നിന്നോടു സ്നേഹം ഉള്ളതു കൊണ്ടാണ് പറഞ്ഞതു്.

ശരി അമ്മേ

ദിവസങ്ങൾ, ആഴ്ചകൾ കഴിഞ്ഞു്. അവർ ഒരുവിധം കാര്യങ്ങൾ പറഞ്ഞു മുന്നോട്ടു നീങ്ങി.

എൻെറ ലീവു് തീരാറായി വരുന്നു. പലരെയും കണ്ടിട്ടില്ല. എല്ലാവരെയും കണ്ടിട്ടു് തിരികെ പോകാം എന്നു വിചാരിക്കുന്നു.

അമ്മയ്ക്കു പററിയ രണ്ടു് ആങ്ങളമാർ ഉണ്ടല്ലോ അവരൊക്കെ എന്തു ചെയ്യുന്നു.

അവർ അവരുടെ കാര്യം നോക്കുന്നു,

കുടുംബം തോണ്ടാൻ നടക്കുന്ന തെണ്ടികൾ.

അമ്മേ ഞാൻ ലീവ് തീരുന്നതിനുമുമ്പു പോകുകയാണ്.

അതു് എന്താടാ

വയ്യാ. ദുഃഖങ്ങൾക്കു് വക നൽകിയ എൻെറ വാക്കുകൾക്കു് ഇനി ഇവിടെ നിൽക്കാനാവില്ല.

പിന്നെ നീ ആരെ കാണാനാ വന്നതു്.

അമ്മയേ....

ഇനി ഓർമ്മകൾ മാത്രം. കഴിഞ്ഞ കാലത്തെ ഓർത്തു് ദുഃഖിക്കാതെടാ....

ശരി അമ്മേ, ഞാൻ പോകുന്നു. ഇനി ആരെയും കാണുന്നില്ല.

നാളെ രാവിലെ 7 മണിക്കു് ട്രെയിനിൽ പോവുകയാണ്.

നിനക്കു് എല്ലാം മതിയായോ, ഇത്രവേഗം പോകാൻ.

വൈകുന്നേരം കടപ്പുറത്തു് പോയിരുന്ന തണുത്ത കാറേററു് ശരീരത്തെ ഒന്നുകൂടി ഒന്നു കുളിർപ്പിച്ചു.

മൺതരിയോടു് യാത്ര പറഞ്ഞു....

ഇനി പിന്നെക്കാണാം.

രാത്രിയിൽ വീട്ടിൽ വന്നു. ചോറുണ്ടു്. അമ്മ മകനു പോകാനുള്ള ഷർട്ടും പാൻറ്സും ശരിയാക്കി. വേഗം പോകണ്ടാ എന്നു പറഞ്ഞിട്ടു് നീ കേൾക്കുന്നില്ല. നീ കൊച്ചുകുഞ്ഞൊന്നുമല്ലല്ലോ. എല്ലാം ഞാൻ സഹിക്കാം. പിന്നെ നിൻെറ ഇഷ്ടം.

രാവിലെ 6 മണിക്കു് രാജൻ പെട്ടിയും പിടിച്ചു നടന്നുമറയുന്നതു് അമ്മ ദൂരെനിന്നു് നോക്കി കണ്ടു്.

രാജൻ നടന്നു ദൂരങ്ങളിലേക്കു് നീങ്ങി. ആ രൂപം ഒരു ചെറിയ രൂപത്തിലേക്കു് നീങ്ങിയതായി അമ്മയ്ക്കു തോന്നി.

ഓർമ്മകളിൽ അന്തഃകരണം കുരുക്കി കരയാതെ കാലത്തിൻെറ മാമലകൾക്കപ്പുറത്തേയ്ക്കു പോകാം എന്നു ഞാൻ സമാധാനിച്ചു. സ്വന്തം മുറിവുകളിൽനിന്നും വിവേകംതേടിക്കൊണ്ടു് അതിനു ശ്രമിക്കാം. ഞാൻ എൻെറ ജന്മദേശത്തോടു യാത്ര പറഞ്ഞു.

കവിത:

# നിന്നെയും തേടി


**ഹേമന്തകുമാർ പി.**

സെക്കൻറ് പി. ഡി. സി., ബാച്ച് സി. 3


എന്തോ ത്രിസന്ധ്യയിൽ എന്നാത്മ വേദിയിൽ
കൂടു കൂട്ടാൻ വന്ന തേൻ കുരുവി
നിന്നാത്മ ഗാനത്തിൻ ഊയലിലൂടെ ഞാൻ
എൻ ജീവസൗരഭം കണ്ടിടുന്നു.

നിൻ എൽ സ്പന്ദനമേററു ഞാൻ നിത്യവും
നിർവൃതി പൂണ്ടു മയങ്ങിയിരുന്നു.
നിൻ കള ഗീതം കേട്ടു ഞാൻ നിത്യവും
പുത്തൻ പുലരിയെ കണ്ടിരുന്നു.

ഇന്നു ഞാനേകനായ് നിൻ ഗീതം കേൾക്കുവാൻ
കാനനം തോറുമലഞ്ഞീടുന്നു.
കത്തിക്കരിഞ്ഞയെൻ മോഹത്തിൻ ചിതയിൽ ഞാൻ,
നിന്നെയും തേടി അലഞ്ഞിടുന്നു.

മിനിക്കഥ

# ഒരു സാക്ഷാത്ക്കാരത്തിന്റെ പതനം

**ജെ. പി. ജയഘോഷ്**
സെക്കൻഡ് പി. ഡി. സി., സി 1 ബാച്ച്

**കു**റേ അസ്വസ്ഥതയുടെ തുടിപ്പുകൾ.

കുറേ വിരസതയുടെ കനലുകൾ.

പിന്നെ ഹൃദയത്തെ ഉണർത്തുന്ന സംഗീതങ്ങളും.

പിന്നെ ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന ആഗ്രഹങ്ങളുടെ, രഹസ്യമായ ആഗ്രഹങ്ങളുടെ പളുങ്കുമണികൾ.

മനസ്സിന്റെ വേലിയേറ്റത്തിൽ ആഗ്രഹങ്ങൾ സ്വപ്നങ്ങളായി. സ്വപ്നങ്ങൾ സംഗീതമായി.

ആ സംഗീതത്തിന്റെ ബഹിർസ്ഫുരണം കണ്ണുകളിൽ തിളങ്ങിനിന്നു.

കാമ്പസിനുള്ളിലെ ജീവിതത്തെ ആർത്തിയോടെ ഉൾക്കൊണ്ട പെൺകുട്ടി! കാമ്പസിന്റെ പരിസരങ്ങളിൽ ദിവസങ്ങളുടെ ഏറ്റക്കുറവുകളെക്കുറിച്ച് ചിന്തിച്ച പെൺകുട്ടി.

എല്ലാപേരോടുമൊത്ത് പൊങ്ങച്ചംപറയാനും തമാശപറയാനും കാമ്പസിന്റെ ചൈതന്യത്തിന് നിറമേകാനും ഉണ്ടായിരുന്ന പെൺകുട്ടി.

കാമ്പസിനുള്ളിൽ അരിച്ചു നീങ്ങുന്ന കാലടികൾ.

അവയിൽ ചിലരുടെ നിശ്വാസങ്ങൾ ഗതികിട്ടാത്ത ആത്മാക്കളെപ്പോലെ ആ അന്തരീക്ഷത്തിലലയുന്നുണ്ടാവണം.

അപൂർവ്വം ചിലരുടേത് എവിടെയെങ്കിലും ഉൾക്കൊള്ളപ്പെട്ടിരിക്കണം.

കാമ്പസിന്റെ ചലനാത്മകത തുടർന്നു.

ചൂടുപിടിച്ചു തുടങ്ങുന്ന സൂര്യനും ചെമ്മാനത്ത് നക്ഷത്രപങ്കിലമായ സൂര്യനുമിടയിൽ കാമ്പസ് ദിനങ്ങളും പടക്കുതിരയേപ്പോലെ വാലുകുലുക്കിപ്പാഞ്ഞു.

വിഷമമേറിയ പ്രോബ്ളത്തിന്റെ ഊടുപാതയിൽ മുങ്ങിത്തപ്പുമ്പോഴും തലച്ചോറിൽ വരകളുടെ എണ്ണം വർദ്ധിപ്പിക്കാൻ പാടുപെടുമ്പോഴും ലബോറട്ടറിയിലെ മൂലകങ്ങളുടെ രൂക്ഷതയ്ക്കും മന്ദീഭവതയ്ക്കുമിടയിൽ പെൺകുട്ടിയുടെ മനസ്സിൽ സാക്ഷാത്ക്കാരത്തിന്റെ സ്വപ്നങ്ങളും നിറവും ഗന്ധവും പൂണ്ട് നിന്നിരിക്കും.

കാമ്പസ് ലൊക്കേഷനിലെ പല ചുവടുകളിൽവച്ചു സന്തോഷത്തിന്റേയും ഹൃദയത്തിൽ തറച്ച മുള്ളിന്റെ വേദനയുടേയും അനുഭവങ്ങളും പെൺകുട്ടിയേത്തേടിയെത്തിയിരുന്നു.

ഹൃദയത്തിൽ മുള്ളുതറച്ച വ്രണം നീറുമ്പോഴും പെൺകുട്ടി ചിരിക്കാൻ ശ്രമിച്ചിരുന്നു.

ഈ വലിയ ലോകത്തിന്റെ പിടിപ്പുകേടിനെക്കുറിച്ചോ, തിരിനാളത്തിന്റെ നശ്വരതയെക്കുറിച്ചോ ചിന്തിക്കാത്ത പെൺകുട്ടി.

താലോലിക്കാവുന്ന കൊച്ചു സ്വപ്നങ്ങളും ആത്മവിശ്വാസത്തിന്റെ അടിത്തറയുംപേറി പെൺകുട്ടി സന്തോഷത്തിന്റെ ഹൃദയത്തുടിപ്പുമായി നടന്നു.

ഉഷ്ണക്കാറ്റിന്റെ മൂളലിലും പേമാരിയുടെ താളത്തിലും കാതോർത്തുനിൽക്കെ, പെൺകുട്ടിയുടെ മോഹങ്ങൾ മഴക്കാറുകണ്ട മയിലിനെപ്പോലെ പീലിനിവർത്തി നൃത്തംവച്ചിരിക്കും.

മുള്ളുകൾക്കിടയിൽ പൂത്ത സുഗന്ധപുഷ്പമെന്ന് വർണ്ണിക്കുന്നില്ല. മറ്റുള്ളവരുടെ കണ്ണുകളെ അനുകരിച്ചും, പിന്നെ ആ അടിത്തറയിൽ സ്വന്തം കണ്ണുകൊണ്ടു കണ്ടും ജീവിച്ച പെൺകുട്ടി. ചിന്തിച്ചുകൂടെന്നു പറഞ്ഞതൊന്നും ചിന്തിച്ചിട്ടില്ല.

അതുകൊണ്ട് ഒരു പ്രതികാരമനോഭാവം ആർക്കും ഒന്നിനും തോന്നേണ്ട കാര്യമില്ല.

വിടപറയലെന്ന പ്രഹസനം തുടർന്നുകൊണ്ടിരുന്നു. അരങ്ങേറ്റത്തിന്റെ പിടിപ്പില്ലായ്മയും അമ്പരപ്പും കാമ്പസിൽ അപസ്വരമുയർത്തി. വിടപറഞ്ഞവർ അരങ്ങേറിയവരായിരുന്നു. അരങ്ങേറിയവർ പിരിഞ്ഞുപോകാനുള്ളവരും. വിടപറയൽ അനിവാര്യമായിരുന്നു. പുറമേ കണ്ട പുറംപ്പ

ച്ചിന്നപരി കാമ്പസിന്റെ ആത്മാവ് മരിച്ചതായിരുന്നു.

നഷ്ടബോധത്തിന്റെ തേങ്ങലുകൾ അവിടെയെങ്ങൊക്കെയോ മാറൊലിക്കൊണ്ടിരുന്നു.

കഥയുടെ ഒടുവിൽ കാമ്പസ് ഡ്രാമായുടെ ഒരു ഭാഗമായ ബസ്സ്, യാത്രക്കിടയിൽ നിയന്ത്രണംവിട്ട ബസ്സിൽനിന്ന് അമ്മാനമാടപ്പെട്ടപ്പോഴും ഭയംകൊണ്ട് നിലവിളിച്ചപ്പോഴും തന്റെ സാക്ഷാത്കാരത്തിന്റെ മുകളിലായി ഒരു കറുത്ത തിരശ്ശീല പൊടുന്നനെവന്നുവീഴുകയാണെന്ന് പെൺകുട്ടിപ്രതീക്ഷിച്ചിരുന്നിരിക്കില്ല. വളരെദൂരം യാത്രചെയ്ത യന്ത്രത്തിന്റെ ചൂടിൽ വെട്ടിത്തിളച്ച ജലം ശരീരത്ത് പൊട്ടിത്തെറിച്ച് ഒഴുകിയപ്പോൾ ഒരേങ്ങൽ ഗദ്ഗദമായി തൊണ്ടയിൽ തടയുകയായിരുന്നു. പിന്നീടുള്ള നിമിഷങ്ങളിൽ തലച്ചോറിൽ മരവിപ്പ് നിറഞ്ഞുനിന്നു. മനസ്സിൽ ശൂന്യത കൂടുകെട്ടി.

പെൺകുട്ടിയുടെ കഥയ്ക്ക് ഒരു അനുബന്ധമെന്നപോലെ പെൺകുട്ടി ഹോസ്പിറ്റലിൽ എത്തപ്പെട്ടു. വിങ്ങിക്കരയുന്ന കുറേ മുഖങ്ങളും സഹതാപം ചൊരിയാനെത്തിയ ധാരാളമാളുകളേയുംകൂടി പെൺകുട്ടിക്ക് കാണാനുണ്ടായിരുന്നു. പുകയുയർന്ന കരിന്തിരിയിൽ ഒരു നാളത്തിന്റെ ചലനം കൂടിയുണർത്താൻ അതു് പര്യാപ്തമായി. ആ തിരിനാളം ഉലഞ്ഞുലഞ്ഞ് ഉത്കണ്ഠയുടെ കരിനിഴൽ പരത്തി. ആ നിഴലിൽ കുറേ കണ്ണിമകൾ ചിമ്മാതെ നിന്നു. ഒടുവിൽ പെൺകുട്ടിയുടെ കണ്ണുകൾ അടഞ്ഞു. ഒരു കിളിയെപ്പോലെ പെൺകുട്ടിയുടെ ആത്മാവ് ചിലച്ചുചിലച്ച് അനന്തതയിലേക്ക് പറന്നുപോയി. ഒന്നുമറിയാത്ത, ഒന്നും ചിന്തിക്കാത്ത ഒരു കിളി അനന്തതയിലേക്ക് പറന്നുപോയി.

ഒരുദിവസമടഞ്ഞുകിടന്ന കലാലയത്തിന്റെ വാതിലുകൾ.... പിന്നെ സഹതാപംകത്തിനിറച്ച കുറേ മുഖങ്ങളും, തേച്ചുമിനുക്കിയ കുറേ സഹതാപവാചകങ്ങളും.... അതിനിടയിൽ അടർന്നുവീണ്. ഭൂമിയിൽ പതിഞ്ഞ കുറേ കണ്ണുനീർത്തുള്ളികൾ....

പിന്നെയും കോളേജ് കാമ്പസ് സജീവമായി.

പഴയ മട്ടിൽ, പഴയ താളത്തിൽ. അതിനിടയിൽ അടർന്നുപോയ ഒരു കണ്ണിയുടെ അഭാവം അത്ര വലിയ വിടവായില്ല. ആ വലയചങ്ങല വീണ്ടും ഏച്ചുകെട്ടപ്പെട്ടു. അതു് അനിവാര്യമായിരുന്നു. പ്രകൃതിനിയമമായിരുന്നു.

അവശേഷിക്കുന്ന കുറേ നിശ്വാസങ്ങൾ. കുറേ താപമേറിയ നിശ്വാസങ്ങൾ.... ആത്മാവ് അനന്തതയിൽ ലയിച്ചിട്ടും അതു് കാമ്പസിനുള്ളിൽ അലഞ്ഞുനടന്നു. കോളേജ് കാമ്പസിനുള്ളിൽ ഇടനാഴിയിലൂടെ, എണ്ണമററകാൽപ്പാദങ്ങൾ പതിഞ്ഞ കോണിപ്പടിയിലൂടെ, ക്ലാസ്മുറികളിലൂടെ കോളേജിന്റെ കനത്ത ഭിത്തികളിൽ ഉരുമ്മി കാററിന്റെ കൈകളിൽ ആ നിശ്വാസങ്ങൾ ഇപ്പോഴും ഗതികിട്ടാത്ത ആത്മാവിനെപ്പോലെ അലയുന്നുണ്ടാവും. ആ നിശ്വാസങ്ങളെ പുഷ്പരൂപത്തിൽ ഉൾക്കൊള്ളാൻ ആർക്കാവും. പിന്നെ പെൺകുട്ടിയുടെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി എന്റെ അന്ത്യമാല്യം.

MUTHARAM TRADERS

stationary, thread items, foot wears
beauty and presentation items

please contact
MUTHARAM TRADERS
Near Sarathi A/C
Karicode, Quilon - 5

ററി. കെ. എം. ആർട്ട്സ്

# ഏകാന്ത പഥികൻ


**എ. എസ്. ഹമീദ്**

സെക്കൻഡ് പി. ഡി. സി., സി 2


ഏകാന്ത തടവിന് വിധിക്കപ്പെട്ട കുറ്റവാളിയെപ്പോലെ, കടപ്പുറത്ത് മൺതരികളുടെമേൽ അനന്തമായ ആകാശത്തേയും, അലതല്ലുന്ന തിരമാലകളെയും നോക്കിക്കൊണ്ട് ഇരുന്നപ്പോൾ സമയം എന്ന ചക്രവണ്ടി ഒരുപാട് ദൂരം പിന്നിട്ടിരുന്നു.

ജയിലിൽ കഴിഞ്ഞപ്പോഴും ആശകളും പ്രതീക്ഷകളും അവന് ഉണ്ടായിരുന്നു. ഇന്നവൻ എല്ലാം വാടി കരിഞ്ഞുപോയ ഒരുസസ്യം പോലെയാണ്.

പെട്ടെന്ന്, തേടിനടന്ന ശത്രുവിനെ കണ്ടതുപോലെ അസ്തമിക്കാറായ സൂര്യബിംബത്തെപ്പോലെ അവന്റെ നയനങ്ങൾചുവന്ന്, പ്രതികാരം അതോടൊപ്പം ദുഃഖവും കൂടി കലർന്നപ്പോൾ അവൻ ആകെ തളർന്നുപോയി.

തന്റെ ഏക സഹോദരി— ''ഷൈല''

അവൾ പാടാറുള്ള പാട്ടും കാൽ ചിലങ്കകളുടെ ശബ്ദവും കടലുകൾക്കപ്പുറത്തും എവിടെയോ കേൾക്കുന്നതായി അവന് തോന്നി. പാട്ടും, നൃത്തവും അവൾക്ക് വളരെ ഇഷ്ടമായിരുന്നു.

വണ്ടിയുടെ ചക്രം തിരിച്ചു കിട്ടുന്നകാശുമായി അവൻ തന്റെ കൊട്ടാരമാകുന്ന കുടിലിൽ ചെല്ലുമ്പോൾ, ആഹാരം സമ്പാദിച്ചുകൊണ്ടുവരുന്ന കാക്കയെയും നോക്കി ഇരിക്കുന്ന കുഞ്ഞുങ്ങളെപ്പോലെ തന്നെയും കാത്തിരിക്കുന്ന തന്റെ കുഞ്ഞുപെങ്ങൾ. അവൾ എത്രവളർന്നിട്ടും അവന് കുഞ്ഞുപെങ്ങൾ തന്നെയായിരുന്നു.

സൂര്യബിംബം ആകാശത്തിൽനിന്നും ആഴിയിലേയ്ക്ക് അടുത്തുകഴിഞ്ഞു. അപ്പോഴും തന്റെ കഴിഞ്ഞുപോയ സംഭവങ്ങളെകുറിച്ച് ഓർത്തുകൊണ്ട് അനന്തമായ ആകാശത്തിൽ ഒരു പറവയെപോലെ സഞ്ചരിച്ചുകൊണ്ടിരുന്നു.

കുഞ്ഞിലെ അച്ഛൻ മരിച്ചു. പിന്നീട് വളരെ പാടുപെട്ട അമ്മ തന്നെ വളർത്തി. എന്നാൽ അധികം താമസിയാതെ, 'കാൻസർ' എന്ന മാറാരോഗം തന്റെ അമ്മയെ കാർന്നു തിന്നുകഴിഞ്ഞു. അമ്മയും തന്നെ വിട്ടുപിരിഞ്ഞു.

അമ്മ മരിച്ചപ്പോഴും തന്റെ കുഞ്ഞുപെങ്ങൾ ഒരുതുമ്പിയെപ്പോലെ തുള്ളിക്കളിക്കുകയായിരുന്നു. അവൾ അന്ന് കുഞ്ഞായിരുന്നു. ദൈവത്തിന്റെ ക്രൂരതയെ കുറിച്ചോ, നന്മയെക്കുറിച്ചോ ഒന്നും അറിയാത്ത അവൾ തന്റെ അമ്മയുടെ മരണം കണ്ടിട്ടും അവൾക്ക് ദുഃഖം തോന്നിയില്ല. പിന്നീട് താൻ ജീവിച്ചതും അവൾക്ക് വേണ്ടിയായിരുന്നു. അവൾ വളർന്നു, ആ വളർച്ചയിൽ അവൻ സന്തോഷിച്ചു. അമ്മയില്ലാത്ത അവളുടെ വിവാഹം പെട്ടെന്ന് നടത്തുവാൻ അവൻ കൊതിച്ചു. രാത്രികൾ പകലാക്കി അദ്ധ്വാനിച്ച് പണമുണ്ടാക്കി. എന്നാൽ വിവാഹപ്രായമെത്തിയ തന്റെ പെങ്ങൾ മാത്രമേ ആ കുടിലിൽ ഉള്ളൂ, എന്ന കാര്യം അവൻ മറന്നുപോയി. ഒരു വലിയ മുതലാളിയുടെ ലോറിയാണ് താൻ ഓടിച്ചിരുന്നത്. രാത്രിയിലും ചിലപ്പോൾ വണ്ടി ഓടിക്കേണ്ടതായും വന്നിട്ടുണ്ട്. കൃത്യമായി ശമ്പളംതരുന്ന തന്റെ മുതലാളി അവന് കാണപ്പെട്ട ദൈവമായിരുന്നു. അദ്ദേഹം പറയുന്നതെല്ലാം അവൻ അതേപടി അനുസരിച്ചു.

ഒരു ദിവസം തന്റെ മുതലാളി അറിയിച്ചു. ''ഇന്നു രാത്രിയിൽ വരണം ലോറിയുമായി കമ്പനിവരെ പോകണം, രാത്രിയിൽമാത്രമെ പോകാൻ പറ്റൂ''. അവൻ സന്തോഷത്തോടു തന്റെ കുടിലിൽ വന്നു. തന്റെ സഹോദരിയെ വിളിച്ച് അവൻ പറഞ്ഞു. ''ഇന്നു ഒരു ഓട്ടമുണ്ട്, നീണ്ട ഓട്ടമാണ്, കുറെ രൂപാ ഒന്നിച്ചു കിട്ടും. അതുകൊണ്ട് നിനക്ക് ഒരു മാലവാങ്ങാം.''

സ്വർണ്ണമാലയെ കുറിച്ചു കേട്ടപ്പോൾ അവളുടെ മുഖത്ത് പ്രകാശംപരന്നു. ആ പ്രകാശത്തിൽ അവളുടെ മുഖം കൂടുതൽ സുന്ദരമായി തോന്നി. തന്റെ പെങ്ങൾ സുന്ദരിയാണ്; അവൻ ആഹാരം കഴിച്ച്, യാത്ര ചോദിച്ചു. മുതലാളിയുടെ വീട്ടിലേയ്ക്ക് നടന്നു. വീടിന്റെ വിശാലമായ പൂമുഖത്ത് വണ്ടി ഒരു പർവ്വതംപോലെ കിടപ്പുണ്ടായിരുന്നു. അവൻ വ

If you are in need of best coaching

Select **"MUSE ACADEMY"**
with Laboratory, Karicode
(Near T. K. M. College of Arts Science)

The best practical centre of Muse assures
you full succers

classes for PDC I, and II (All groups)
DC English and subsidaries

Principal
N. C. SEKHAR M. A.

ണ്ടിയിൽ കയറി, ഒപ്പം മററൊരു യുവാവും വണ്ടിയിൽ കയറി. വണ്ടിനീങ്ങി. നല്ല വേഗതയുണ്ടായിരുന്നു. സ്ഥലങ്ങൾ പലതും നീങ്ങിക്കഴിഞ്ഞിരുന്നു. അപ്പോഴും അവന്റെ മനസ്സിൽ തന്റെ പെങ്ങൾക്കു് വാങ്ങേണ്ട മാലയെ കുറിച്ചു ഓർക്കുകയായിരുന്നു.

ആരോ ഒരാൾ റോഡിൽനിന്നും കൈകാണിക്കുന്നതു അവൻ കണ്ടു. അപ്പോൾ തന്റെ മുതലാളിയുടെ പ്രത്യേകനിർദ്ദേശം അവൻ ഓർത്തു. ''ആരു് കൈകാണിച്ചാലും വണ്ടി നിർത്തരുതു്.''

'നിർത്തണ്ട!' വേഗത്തിൽ പോട്ടു്.' തന്റെ കൂടെയുണ്ടായിരുന്ന 'കിളി' പറഞ്ഞു.

ഒരു ജീപ്പ് വണ്ടിയുടെ പിറകെ ചീറി പാഞ്ഞു് വരുന്നതു് അവൻ കണ്ടു. അവന്റെ കാൽ 'ആക്സിലേററിൽ' കൂടുതൽ ശക്തിയോടെ അമന്നു. വണ്ടി നല്ല വേഗത്തിലാണു് നീങ്ങുന്നതു്. പെട്ടെന്നു് ഒരു ഞരക്കത്തോടെ വണ്ടി നിന്നു. വീലിൽ വെടികൊണ്ടു് വീൽ പഞ്ചറായി. ജീപ്പും വണ്ടിയുടെ അടുത്തു വന്നു നിന്നു. അതിൽനിന്നും ഒരു പോലീസുകാരൻ ഇറങ്ങിവന്നു. പെട്ടെന്നു് തന്റെ കൂടെയുണ്ടായിരുന്ന 'കിളി' ഓടി അകലുന്നതു് അവൻ കണ്ടു. പോലിസുകാരൻ രൂക്ഷമായി തന്നെ നോക്കുന്നുണ്ടായിരുന്നു.

''കൈകാണിച്ചാൽ നീ വണ്ടി നിർത്തില്ല'' ഇല്ലെടാ?

'ഞാൻ'........ ശബ്ദം പുറത്തേയ്ക്കു് വന്നില്ല!

'ഇനി നീ ഒന്നും പറയണ്ട! പോലീസുകാരൻ അലറി. മററു രണ്ടു പോലീസുകാർ വണ്ടി പരിശോധിച്ചു. വണ്ടിയിൽനിന്നും സ്വർണ്ണ കട്ടികൾ പുറത്തെടുത്തു.

അവൻ സ്തംഭിച്ചുപോയി.

കാക്കി കുപ്പായത്തിനുള്ളിലുള്ള തന്നെപ്പോലുള്ള മനുഷ്യരോടു് അവന്റെ നിരപരാധിത്വം തുറന്നുപറഞ്ഞു. പക്ഷെ അവർ അതു് ശ്രദ്ധിച്ചില്ല.

അവനെ അവർ ജീപ്പിൽ കയററി. ആ പോലീസുവണ്ടി മുന്നോട്ടു നീങ്ങാൻ മടിക്കുന്നതുപോലെ അവനു് തോന്നി. താൻ നിരപരാധി ആയതു്കൊണ്ടായിരിക്കും എന്നു് അവൻ ആശ്വസിച്ചു.

വണ്ടി നീങ്ങിക്കഴിഞ്ഞു. വണ്ടി പോലീസ്സ്റ്റേഷനിൽ എത്തി. അവിടെനിന്നും അവനെ ജയിലിൽ ആക്കി.

ററി. കെ. എം. ആർട്ട്സ്

പട്ടക്കുററൻ മതിൽ കെട്ടിനുള്ളിൽ ചിറകററ പറവയെ പോലെ അവൻ കടുങ്ങി. അവൻെറ ശിക്ഷയുടെ കാലയളവ് അവന് ഓർക്കുവാൻകൂടി കഴിഞ്ഞില്ല. അ അവൻ സഹോദരിയെ കുറിച്ച് ഓർത്ത് ദുഃഖിച്ചു. വർഷങ്ങൾ പലതും പിന്നിട്ടു. അവൻെറ ശിക്ഷയുടെ കാലാവധി തീന്നു. അവൻ ജയിലിൽ നിന്ന് പുറത്തു വന്നു.

തൻെറചുററും അവന് പുതിയതായി തോന്നി. അവൻെറ കുടിലിൽ എത്താനുള്ള വെമ്പൽ. അവൻ അതിവേഗം നടന്നു. ചുററുപാടുകൾ ആകെ മാറിയിരിക്കുന്നു. പഴയ കുടിലുകൾ പലതും അവിടെ കാണുന്നില്ല. പഴയ കുടിലുകളുടെ സ്ഥാനത്തു ബംഗ്ലാവുകൾ തല ഉയർത്തിനിൽക്കുന്നു. തൻെറ കുടിൽ അവിടെ കാണുന്നില്ല. അവൻ ഒന്നു ഞെട്ടി. തൻെറ കുടിലിൻെറ സ്ഥാനത്ത് നാലു നിലയുള്ള ഒരു വലിയ കെട്ടിടം. അതിൻെറ മുന്നിൽ ഒരു വലിയ ബോർഡ് അതു് ഒരു ആശുപത്രിയാണ് എന്നു മനസ്സിലായി. അവൻ ആശുപത്രിയിൽ പ്രവേശിച്ചു. അവിടെ എല്ലാവരും അപരിചിതർ. തൻെറ സഹോദരിയെപ്പററി പലരോടും അന്വേഷിച്ചു. എല്ലാവക്കും ഒരേ ഉത്തരം

''അറിയില്ല.''

ഉററവരും ഉടയവരുമായി ആരും ന്നെയില്ലാത്ത തൻെറ സഹോദരി 'ഷൈല', അവൾ ഇന്നു ലോകത്തിൻെറ ഏതു് കോണിലാണ് എന്ന് അവന് അറിയില്ല.

കടൽക്കരയിൽ ശബ്ദകോലാഹലങ്ങൾ വർദ്ധിച്ചു്, ആർത്തിരമ്പുന്ന കടൽത്തിരകളിൽ കാൽ നനയ്ക്കുന്ന കൊച്ചുകുട്ടികൾ. കടൽ അപ്പോഴും ഒന്നും അറിയാത്തവനെപ്പോലെ ഇരമ്പിമറിഞ്ഞുകൊണ്ടിരുന്നു.

കുളിർമയുള്ള തണുത്ത കാററു വീശി. ഏതോ വ്യത്യസ്തലോകത്തിൽനിന്നും തിരിച്ചുവന്നവനെപ്പോലെ അവൻ ഞെട്ടി ഉണർന്നു. കടൽത്തീരത്ത് ധാരാളം ആളുകൾ ഒററയായും കൂട്ടമായും നിൽക്കുന്നു. അവൻെറ കണ്ണുകൾ അവിടെയെല്ലാം തടഞ്ഞു. പക്ഷേ എല്ലാം അപരിചിതമായ മുഖങ്ങൾ. നീണ്ടു വളർന്ന താടിരോമങ്ങൾ തടവിക്കൊണ്ടു് അവൻ അവിടെനിന്നും എഴുന്നേററു. ആ സ്ഥലത്തോടു് അവനു വെറുപ്പുതോന്നി. എല്ലാവരും തന്നെനോക്കി പരിഹസിക്കുന്നതുപോലെ തോന്നി.

എന്തോ കണ്ടുകിട്ടിയതുപോലെ അവൻ നടന്നു. വർഷങ്ങൾക്കു മുമ്പു് തൻെറ മുതലാളിയുടെ വീട്ടിലേയ്ക്കുള്ള വഴി അവൻ മറന്നിട്ടില്ല. ആ വഴിയിലൂടെ മുതലാളിയുടെ വീടിനെ ലക്ഷ്യമാക്കി നടന്നു. അവനു വഴിതെററിയതുപോലെ തോന്നി മുതലാളിയുടെ വീടു കാണുന്നില്ല. പട്ടക്കുററൻ ഫാക്ടറികൾ. മുതലാളിയെ കുറിച്ചു അന്വേഷിച്ചു.

''മുതലാളി പോയിട്ടു് വർഷങ്ങളോളമായി.'' —ഒരു മദ്ധ്യവയസ്കൻ പറഞ്ഞു.

അവൻെറതലകറങ്ങുന്നതുപോലെ, ജീവിതം ഒരു ചുഴലിക്കുള്ളിൽ കിടന്ന് നട്ടം തിരിയുന്നതുപോലെ. 'ജീവിതം' അതു അവന് ഒരു നരഗമായി തോന്നി. ഭൂമിയിൽ നടന്ന് അലയുന്നതിനേക്കാൾ മരിക്കുന്നതാണ് എന്ന് അവൻ കരുതി. പക്ഷെ....

ജീവിതത്തെ ഭയന്നു് മരിക്കുന്നതു് ഭീരുത്വമാണ്, ജീവിതം ജീവിക്കുവാനുള്ളതാണ് എന്ന് അവൻെറ മനസ്സ് ആവർത്തിച്ചാവർത്തിച്ചു മന്ത്രിച്ചുകൊണ്ടിരുന്നു. ദിവസങ്ങൾ അവൻ തള്ളിനീക്കി. ഓരോ ദിവസത്തിനും ഓരോവഷത്തിൻെറ ഘനമുണ്ടായിരുന്നു. ഓരോ മിനിററുകളും അവന് മണിക്കൂറുകളായി തോന്നി.

അവൻ വന്നവഴിയെതിരിഞ്ഞു നടന്നു. കുറേ ദൂരം സഞ്ചരിച്ചു. അകലെനിന്നും ഒരു സ്ത്രീവരുന്നതു അവൻ ശ്രദ്ധിച്ചു. അതു് ഒരു നഴ്സാണ്. 'അതു് അവൾതന്നെ'. അവൻെറ നാവു അവൻ അറിയാതെ പറഞ്ഞു.

അവൻെറതലച്ചോറിലെ ചക്രം പിന്നോട്ടു കറങ്ങി. 'മഞ്ജു'.... തനിക്കുവേണ്ടി.... താൻ വിവാഹം കഴിക്കുവാൻവേണ്ടി കാത്തിരുന്ന പെണ്ണു്. അവൾ നഴ്സിംഗിന് പഠിക്കുകയായിരുന്നു. അവൾ ഇന്ന് തന്നെ തിരിച്ചറിയുമെന്ന് തോന്നുന്നില്ല. തൻെറ സഹോദരിയുടെ വേർപാടിൽ അവൻ എല്ലാം മറന്നിരുന്നു.

അവൾ വളരെ അടുത്തു. അവൻെറ അരികിലൂടെ അവൾ കടന്നുപോയി. അവൻ സ്തംഭിച്ചു. 'മഞ്ജു' പെട്ടെന്ന് അവൻ അറിയാതെ അവൻെറനാവ് അനങ്ങി. അവൾ തിരിഞ്ഞുനിന്നു. അവൾ അവനെ സൂക്ഷിച്ചുനോക്കി. പെട്ടെന്ന് അവളുടെ കണ്ണുകൾ നനഞ്ഞു. ആ കണ്ണുനീർ കണങ്ങൾ ഒലിച്ചു അവളുടെ മാറിൽ വീണ് ചിതറി.

'സാജൻ' അവളുടെ മനസ്സമന്ത്രിച്ചു.... അവൾ അവൻെറ അരികിലേയ്ക്കു് നടന്നു.

അപ്പോഴേയ്ക്കും സമയം സന്ധ്യകഴിഞ്ഞിരുന്നു. വഴിയരുകിലുള്ള ലൈററുകൾ തെളിഞ്ഞു. റോഡിൽ യാത്രക്കാരുടെ തിരക്ക്. അവർ ഇരുവരും റോഡിൻെറ ഒരു വശത്തേയ്ക്ക് മാറിനിന്നു.

അവൻ തൻെറതായിരുന്ന മഞ്ജുവിനെ സൂക്ഷിച്ചുനോക്കി. നഴ്സുമാർ ധരിക്കുന്ന വെള്ളവസ്ത്രം അവൾക്ക് യോജിക്കുന്നു. പെട്ടെന്ന് അവൻ ഒന്ന് സ്തംഭിച്ചു.



Scanned with OKEN Scanner

വൈദ്യുത ദീപത്തിൻെറ പ്രഭയിൽ അവളുടെ കഴുത്തിലണിഞ്ഞിരുന്ന മാലയും അതിൽ പിടിപ്പിച്ച താലിയും അവൻ കണ്ടു. തൻെറതായിതീരേണ്ടവരം തനിക്ക് നഷ്ടപ്പെട്ടു. അവരുടെ ഇടയിൽ നിറഞ്ഞുനിന്ന മൗനത്തെ അവൻതന്നെ ഭേദിച്ചു.

മഞ്ജു.... എൻെറ സഹോദരി....

അവൻ മുഴപ്പിച്ചില്ല. അവൻെറ കണ്ണുകൾ നനഞ്ഞു.

സമാധാനമാകൂ.... എൻെറ കൂടെ വരൂ.... ഞാൻ കാണിച്ചു തരാം....

അവൾ മറുപടിപറഞ്ഞു.

അവർ ഇരുവരും നടന്നു. പലതും ചോദിക്കണമെന്നും പറയണമെന്നും ഉണ്ടായിരുന്നു.

ഇരുവരും ചെന്നുനിന്നതു് ഒരു ആശുപത്രിയിലാണ്.

സാജൻ ഇവിടെ ഇരിക്കൂ....

മഞ്ജു അകത്തേക്കു കയറിപ്പോയി. അല്പസമയത്തിനുശേഷം തുണിയിൽ പൊതിഞ്ഞ ഒരു കുഞ്ഞുമായി അവൾ തിരിച്ചു വന്നു.

സാജൻ ഒന്നു ഞെട്ടി..... അവൻ അതിശയിച്ചു.

മഞ്ജു..... എൻെറ 'ഷൈല'

അവൻ ആവേശത്തോടെ തിരക്കി. ഇനി ദുഃഖിച്ചിട്ടു കാര്യമില്ല സാജൻ. അവൾ മറുപടി പറഞ്ഞു. 'ഷൈല' അവൾ അച്ഛനില്ലാത്ത ഒരു കുഞ്ഞിനെ പ്രസവിച്ചു് എന്നെ ഏൽപ്പിച്ചിട്ടു് ലോകത്തോടു യാത്രപറഞ്ഞു. ഇത്രയും പറഞ്ഞപ്പോഴേക്കും മഞ്ജുവിൻെറ സ്വരം ഇടറിപ്പോയി.

മഞ്ജുവിൻെറ കൈയിൽ ഇരുന്ന ഒന്നുമറിയാത്ത ആ കുഞ്ഞു് ഇരു കൈകളും മുറുകി പിടിച്ചു കൊണ്ടു കരയുന്നുണ്ടായിരുന്നു. ഈ ലോകത്തോടുള്ള പ്രതിഷേധമായിരിക്കാം. എന്നു് അവൻ കരുതി.

സാജൻ.... അവൻെറ രക്തം തിളച്ചുമറിഞ്ഞു. കണ്ണുകൾ ചുവന്നു. തൻെറ സഹോദരി.... അവൾ വഞ്ചിക്കപ്പെട്ടുപോയി. എൻെറ സഹോദരിയെ നശിപ്പിച്ച വഞ്ചകൻ ആരാണു്. അവൻ അലറി. മഞ്ജുവിൻെറ കൈയിലിരുന്ന കുഞ്ഞിനെ അവൻ വാങ്ങി.... അവൻ മാറോടു ചേർത്തുപിടിച്ചു്.... ചുംബനങ്ങൾ നല്കി. പെട്ടെന്നു് അവൻ ഓർത്തു.

ഒരു വയസ്സുപോലുമില്ലാത്ത ഈ കുഞ്ഞിനെ ഞാൻ എങ്ങനെ വളർത്തും. അവൻ കുഞ്ഞിനെ മഞ്ജുവിനെ ഏൽപ്പിച്ചു. 'ഇടറിയസ്വരത്തിൽ പറഞ്ഞു്......മഞ്ജു ഈ കുഞ്ഞിനെ നീ വളർത്തണം. ഇനി എൻെറ ജീവിതം ഈ കുഞ്ഞിനു് വേണ്ടിയായിരിക്കും. മഞ്ജു അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. അവൻ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ തേങ്ങിക്കരയുന്നു.

അവൻ അവിടെനിന്നും തിരിഞ്ഞുനടന്നു് ഒരു മദ്യപാനിയെപ്പോലെ അവൻെറ കാലുകൾ ലക്ഷ്യമില്ലാതെ നീങ്ങി. അവൻ ഇരുട്ടിൻെറ കറുത്ത കവചത്തിനുള്ളിൽ കടന്നു് കഴിഞ്ഞു. അപ്പോഴും അവൻെറ തേങ്ങലുകൾ ആ പരിസരത്തു് തങ്ങിനിന്നു.

ഏകാന്തപഥികനായി അവൻ ഇന്നും എവിടെയോ ജീവിക്കുന്നു. തൻെറ സഹോദരിയേ കുറിച്ചുള്ള ഓർമ്മകളുമായി.

**ചിത്തിര സീറോക്സ്**
(മുനിസിപ്പൽ മാർക്കറ്റിനു് എതിർവശം)
ചാമക്കട,
മെയിൻറോഡ്, കൊല്ലം.

പാസ്പോർട്ടുകൾ,
വിസകൾ,
സർട്ടിഫിക്കറ്റുകൾ,
പ്രമാണങ്ങൾ,
പ്ലാനുകൾ
മുതലായവയുടെ
സീറോക്സ്,
ഫോട്ടോ സ്റ്റാററ്
കോപ്പികൾക്ക്

സമീപിക്കുക:
**'ചിത്തിര സീറോക്സ്'**

# ആത്മാവിന്റെ അന്തരം

**നവാസ് ഐ.**

സെക്കൻറ് ബി 1 ബാച്ച്,

സെക്കൻറ് പി. ഡി. സി.

'ഛട ഛട' ശബ്ദമുണ്ടാക്കിക്കൊണ്ട് നാട്ടുവഴിയിലൂടെ അകന്നകന്നു പോകുന്ന കാളവണ്ടിയുടെ ശബ്ദം അയാൾ നന്നേ ശ്രദ്ധിച്ചിരുന്നു. കാളകളുടെ മണികിലുക്കവും വണ്ടിച്ചക്രത്തിന്റെ ഞെരക്കവും ആ രാത്രി കൂടുതൽ ഭയാനകമാക്കി. പലപ്പോഴും വണ്ടിക്കാരന്റെ കൈയിലെ ചാട്ടയുടെ ശബ്ദം മുഴങ്ങുന്നുണ്ട്. അപ്പോൾ വണ്ടി അല്പംകൂടി വേഗത്തിൽ ഞെരങ്ങിക്കൊണ്ട് മുന്നോട്ടുകുതിക്കുന്നു. അയാളുടെ ശരീരം ആലിലപോലെ വിറച്ചു. ഭീകര നോവലുകളിൽ പറഞ്ഞിട്ടുള്ളതുപോലെ, 'ഡ്രാക്കുള'യിലെ ഡ്രാക്കുളപ്രഭുവിന്റെ കുതിരവണ്ടിയെപ്പോലെ ഈ കാളവണ്ടിയും മനസ്സിൽ അല്പം ഭീകരത സൃഷ്ടിച്ചു. ശബ്ദം അകന്നപ്പോൾ അല്പം ആശ്വാസം കിട്ടി. അയാളുടെ കണ്ണുകൾ എന്തോ തിരയുകയായിരുന്നു. ആ കണ്ണുകൾ ഭിത്തിയിൽ തൂക്കിയിട്ടിരിക്കുന്ന ക്ലോക്കിൽ ചെന്നുപതിഞ്ഞു. മണി ഒന്നായിരിക്കുന്നു. അയാളുടെ ചിന്തകൾക്ക് ചൂടേറി. ഡ്രാക്കുളയെപ്പോലെ, പ്രേതപിശാചുക്കളെപ്പോലെ എനിക്കും രക്തം ഊററിക്കുടിക്കണം, എന്റെ ശത്രുക്കളുടെ എല്ലാം. ഇന്നു വെള്ളിയാഴ്ചയാണ്. ഇന്നുതന്നെ എനിക്ക് മരിക്കണം. എങ്കിൽമാത്രമേ എനിക്ക് മരണശേഷം പ്രതികാരംവീട്ടാൻതക്ക ശക്തി ലഭിക്കൂ.... ആദ്യമായി ആ കാപാലികനെ തന്നെ ശരിപ്പെടുത്തണം. 'തന്നെ വഴിയിലിട്ട് തല്ലിച്ചതച്ച അവനേയും അവന്റെ കൂട്ടുകാരേയും.' കഴിഞ്ഞുപോയ സംഭവങ്ങൾ ഓരോന്നും അയാളുടെ മനസ്സിലേയ്ക്ക് ഓടിയെത്തി.

ഇപ്പോൾ അതെല്ലാം തന്റെ കൺമുമ്പിൽ സംഭവിക്കുന്നതുപോലെ തോന്നി. അതൊക്കെ അയാളുടെ സിരകളെ ചൂടുപിടിപ്പിച്ചു. അയാൾ എഴുന്നേററുചെന്ന് മുററത്തു വലിച്ചുകെട്ടിയിരുന്ന കയർ മുറിച്ചെടുത്തു. തൊട്ടടുത്തുള്ള വയലിലേക്കു പോയി. കുററിച്ചെടികൾ കരുത്തോടെ ഇടതിങ്ങിനിൽക്കുന്ന ആ വയലിന്റെ കരയ്ക്ക് ഒരു പാലമരം നിൽപ്പുണ്ട്. ആ മരത്തിനടുത്തേക്ക് അയാൾ കയറുമായി ചെന്നു. കയർ മരത്തിന്റെ ഒരു ശിഖരത്തിൽ കുടുക്കി. പെട്ടെന്നയാൾ ഞെട്ടി. കഴിഞ്ഞ മാസത്തിൽ ഇതേസ്ഥലത്ത് ഇതേ മരത്തിൽ ഒരു സ്ത്രീയും പുരുഷനും തൂങ്ങിമരിച്ചിരുന്നു. അത് താനും കണ്ടിരുന്നതല്ലേ. അതെല്ലാംകൂടി ഓർത്തപ്പോൾ അയാൾ ഭയന്നുവിറച്ചു. എങ്കിലും കയറിന്റെ കുരുക്ക് കഴുത്തിലേയ്ക്കുവലിച്ചിട്ടു. പുലർച്ചയ്ക്ക് മരണവാർത്ത ആ പ്രദേശത്തെങ്ങും പരന്നു.

'എന്തൊരഹങ്കാരമാ ഇതൊക്കെ....' 'ഇനി ആ നല്ല പെൺപിള്ളാരേയും ആ വയസ്സിത്തള്ളയേയും ആര് നോക്കാനാ....'

മരണാനന്തര കർമ്മങ്ങളൊക്കെ കഴിഞ്ഞു. മരിച്ചശേഷമാണ് അയാളുടെ ആത്മാവിനല്പം ആശ്വാസംകിട്ടിയത്. അയാൾ ചുററിലുംനോക്കി. തനിക്കപരിചിതമായ ലോകം. ചുററിലും കുറേ ആത്മാക്കൾ കൂടിനിൽക്കുന്നു. അവർ പരസ്പരം പലതും പറയുന്നു. ചിലർ തന്നെ തുറിച്ചുനോക്കുന്നു. പരിചയമില്ലാത്ത അവരോട് പരിചയപ്പെടാൻ അയാൾ ശ്രമിച്ചില്ല. അവരും. ഏതാനും ദിവസങ്ങൾക്കകം പുറത്തേക്ക് ഇറങ്ങാനുള്ള അനുവാദം ലഭിച്ചു. പുറത്തേക്കിറങ്ങിയപ്പോൾ ചുററിലും കാണുന്നത് എന്തൊക്കെയാണെന്ന് ആദ്യം മനസ്സിലായില്ല. താനെവിടെയാണ്? ഇത് ഭൂമിതന്നെയാണോ? സംശയിച്ചു നിന്നപ്പോൾ അയൽപക്കത്തുള്ള ഒരു അദ്ധ്യാപകനെ കണ്ടു. അപ്പോൾ അയാളുടെ സംശയങ്ങൾ മാറി. അദ്ദേഹത്തെ കണ്ട് വീട്ടിലെ വിവരങ്ങൾ തിരക്കണമെന്നു തോന്നി. അമ്മയും സഹോദരിമാരും സുഖംതന്നെയാണോ എന്നറിയണം. അയാളുടെ സമീപംചെന്ന് അദ്ദേഹത്തെ വിളിച്ചു. തന്നെ എവിടെവച്ചു കണ്ടാലും തിരിഞ്ഞുനിന്ന് കുശലാന്വേഷണം നടത്തുന്ന അയാൾ തന്നെ ശ്രദ്ധിച്ചതേയില്ല. താൻ ഇങ്ങനെ ചെയ്തതുകൊണ്ടുള്ള വൈരാഗ്യമാണോ? അതോ തന്റെ ശബ്ദം അദ്ദേഹത്തിന് കേൾക്കാൻ കഴിയുന്നില്ലയോ? വിളിച്ചു. ഉറക്കെ.... ഉറക്കെ.... എന്നിട്ടും തിരിഞ്ഞുനിന്നില്ല. നിരാശയോടെ നടന്ന് വീട്ടിലേയ്ക്ക്. വീട്ടിലെത്തി. എല്ലാവരേയും കണ്ടു. തന്റെ വലിയ

ഒരു ഫോട്ടോ മതിലിൽ സ്ഥാനം പിടിച്ചിരിക്കുന്നു. അതിനുമുമ്പ് തന്റെ ഫോട്ടോ അവിടെ കണ്ടിരുന്നതായി തനിക്ക് ഓർമ്മയില്ല. ഇന്ന് ആ ഫോട്ടോയിൽ ഒരു മാലയുണ്ട്. അവിടെച്ചെന്നിട്ട് ആരും തന്നോട് മിണ്ടിയില്ല. താൻ 'അമ്മേ'യെന്ന് വിളിച്ചിട്ടും അവർ തന്നെ ശ്രദ്ധിക്കാതെ നടന്നുനീങ്ങുന്നു. അകത്തേയ്ക്കു കയറി. അടുക്കളപ്പുരയിൽ തീ പുകയുന്നില്ല. എല്ലായിടത്തും കയറിയിറങ്ങി. അവർക്ക് അന്നു കഴിക്കുവാൻ ഒന്നും ഇല്ലായെന്ന് മനസ്സിലായി. താനായിരുന്നല്ലോ അവർക്ക് ആഹാരത്തിനുള്ള വക സമ്പാദിച്ചിരുന്നതു്. ഇപ്പോൾ അവർ എവിടെനിന്നും പണമുണ്ടാക്കും? സ്വയം ശപിച്ചുകൊണ്ട് അവിടെനിന്നും ഇറങ്ങി. അപ്പോൾ തനിക്ക് എതിരെവരുന്നു തന്റെ ശത്രു. തന്റെ മരണത്തിനിടയാക്കിയ അവനെ ഇവിടെവച്ചു ഞെരിച്ചു കൊല്ലണമെന്നു തോന്നി. പകലായതിനാൽ അതു് വേണ്ടെന്നുവച്ചു. രാത്രിയായപ്പോൾ അയാൾ അവിടെച്ചെന്നു. അകത്തുകയറി അയാളുടെ രക്തം ഊററിക്കുടിക്കുവാൻ വേണ്ടിശ്രമിച്ചു. എന്നാൽ ഡ്രാക്കുളയെപ്പോലെ തനിക്ക് കൂർത്ത നഖങ്ങളില്ല. പല്ലുകളില്ല. അതൊന്നും തനിക്ക് ഇല്ലാത്തതു് എന്തുകൊണ്ട്? എന്നാൽ അവനെ കഴുത്തു ഞെരിച്ച് കൊല്ലണം. തന്റെ ശക്തിമുഴവൻ സംഭരിച്ചുകൊണ്ട് ഞെരിച്ചു. അയാൾക്ക് ഒരു ചലനവും ഇല്ല. അയാൾ സുഖമായി ഉറങ്ങുന്നു. നിരാശയോടെ അയാൾ വീട്ടിലേക്ക് മടങ്ങി.


with the best compliments for

**GRAND TUTORIALS**

Karicode

(Lab attached)

classes for:

P. D. C., B. A., B. Sc., B. Com.


കാലം കടന്നുപോയി. അമ്മ മരിച്ചു. മൂത്തസഹോദരി ആരുടെയോക്കൂടെ പോയി. ഇളയസഹോദരിമാർ ആരുടെയെല്ലാമോ അടിമപ്പണിചെയ്തു ജീവൻ ഒരുവിധം നിലനിർത്തിപ്പോന്നു. അമ്മയുടെ മരണവാർത്തയറിഞ്ഞു് അയാൾ ഓടിയെത്തി. അമ്മയുടെ ആത്മാവിനെയെങ്കിലും കാണാമെന്ന് വിചാരിച്ചു. ഇല്ല എങ്ങും കാണാനില്ല. തന്റെ അമ്മ ഭൂമിയിലെ ജീവിതംമുഴവനും അനുഭവിച്ചു കഴിഞ്ഞു. എന്നാൽ താൻ അങ്ങനെയല്ലല്ലോ! അവരെ കാണണമെങ്കിൽ താൻ എത്രയോ വർഷം അലഞ്ഞുതിരിയണം. തന്റെ സഹോദരിമാരുടെ ദുഃസ്ഥിതിയോർത്തു് പൊട്ടിക്കരഞ്ഞു. താനെന്തിനാണു് ഇങ്ങനെയൊക്കെ ചെയ്തതു്. തനിക്ക് ചെയ്യണമെന്നു തോന്നിയതൊന്നും നടന്നില്ല. പിന്നെ ജീവിക്കാമെന്നു് തോന്നി. ഇനി യതും നടക്കില്ല. ഇനി താനീ ഭൂമിയിൽ നിന്നാൽ തന്റെ സഹോദരിമാർക്ക് ഇതിലും വലിയ ദുഃഖങ്ങൾ വരാൻ വഴിയുണ്ട്. അതു് കണ്ടുനില്ക്കാൻ തനിക്കു കഴിയില്ല. താൻ പോയ സ്ഥാനത്തേക്കുതന്നെ പോകാം. അങ്ങനെ അയാളുടെ ആത്മാവു് പൊട്ടിക്കരഞ്ഞു. ആ ശബ്ദം അന്തരീക്ഷത്തിൽ അലിഞ്ഞലിഞ്ഞു് ഇല്ലാതായി. ഒപ്പം അയാളും....

ററി. കെ. എം. ആർട്ട്സ്

ചെറുകഥ:

# 'ഇന്ദു; ഇനിയൊരോർമ്മമാത്രം'

അശോക് കുമാർ എൽ.
ഫസ്റ്റ് ബികോം.

വിശാലമായ തോട്ടങ്ങളേയും പാടങ്ങളേയും പിന്നിലാക്കിക്കൊണ്ട് മദ്രാസ് എക്സ്പ്രസ് കുതിച്ചുപായുകയാണ്. ലക്ഷ്യത്തിലെത്താൻ വെമ്പുന്ന ഹൃദയങ്ങളുമായി അനേകർ ആ ട്രെയിനിൽ അവരുടേതായ സ്വപ്നങ്ങളിൽ മുഴുകിയിരിക്കയാണ്. ദുഃഖങ്ങൾ മറക്കാൻവേണ്ടി ചിലർ സ്വയം പാടി രസിക്കുന്നു. അവരിലൊരാളായിത്തീരാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ, അയാൾക്കതിനു കഴിഞ്ഞില്ല. അവരിൽനിന്നൊഴിഞ്ഞ് തന്റെ സ്മരണകളെ താലോലിക്കാൻ അയാൾ ശ്രമിച്ചു. ട്രെയിന്റെ വേഗതയേക്കാൾ കൂടുതൽ വേഗത്തിൽ അയാളുടെ മനസ്സ് പൂർവ്വകാല സ്മരണകളെ തേടി പറകോട്ടു പായുകയായിരുന്നു.

എന്തുകൊണ്ടോ അയാളുടെ മനസ്സ് അസ്വസ്ഥമായിരുന്നു. ചുഴിയിൽപ്പെട്ട് ലക്ഷ്യത്തിലെത്താൻ കഴിയാതെ വട്ടം തിരിയുന്ന കളിയോടങ്ങളെ പോലെ, ലക്ഷ്യത്തിലെത്താൻകഴിയാതെ തീരങ്ങളിൽ തട്ടിപ്പൊട്ടുന്ന നീർക്കുമിളകളെ ഓർമ്മകൾ അയാളെ ഗ്രസിച്ചു. ഓളങ്ങളിൽപ്പെട്ട് ചാഞ്ചാടുന്ന വയ്ക്കോൽ തുരുമ്പുകളെപ്പോലെ കാലപ്രവാഹത്തിൽപ്പെട്ട് നട്ടംതിരിയുന്ന മനുഷ്യക്കോലങ്ങളെ കുറിച്ചോർത്തപ്പോൾ അയാളുടെ മനസ്സ് വല്ലാതെ വീർപ്പുമുട്ടി.

നേരം സന്ധ്യകഴിഞ്ഞു!

ചേക്കേറാൻ വെമ്പുന്ന പക്ഷികളെപ്പോലെ സഹയാത്രികർ തങ്ങളുടെ ബെർത്തുകൾ തെരയുകയാണ്. സമൂഹത്തിൽ നിന്നൊളിച്ചോടാൻ ശ്രമിക്കുന്ന കുററവാളികളെപ്പോലെ. ആ ബഹളങ്ങളിൽ നിന്നൊഴിഞ്ഞു നിൽക്കുമ്പോഴും അയാളുടെ മനസ്സ് 'ഇന്ദു'വിന്റെ ഓർമ്മകളാൽ വിങ്ങുകയായിരുന്നു.

''സാർ''!

തന്റെ ചിന്തകൾക്ക് വിരാമമിട്ട ആ ശബ്ദം കേട്ട ദിക്കിലേക്കയാൾ തിരിഞ്ഞുനോക്കി.

ഒരു വൃദ്ധൻ!

യാതനനിറഞ്ഞ കണ്ണുകളുമായി തന്റെ മുൻപിൽ നിൽക്കുന്ന മനുഷ്യക്കോലത്തെ കണ്ടപ്പോൾ അയാൾ ചോദിച്ചു;

''എന്തുവേണം''

''സാർ, വല്ലതും തരണം സാർ. ആഹാരം കഴിച്ചിട്ട് രണ്ടു ദിവസത്തിലേറെയായി''

അയാൾ തന്റെ പോക്കററിൽ കയ്യിട്ടു. കയ്യിൽ കിട്ടിയത് അഞ്ചുരൂപ നോട്ടാണ്. അയാളതു കൊടുത്തു.

സന്തോഷത്താൽ തെളിഞ്ഞത് തന്നെ കനിവിട്ടുനിൽക്കുന്ന ആ വൃദ്ധനെശ്രദ്ധിച്ചപ്പോൾ ഗ്രാമത്തിൽ തന്നെത്തിരക്കിയെത്തുന്ന തന്റെച്ഛനെ അയാളോർത്തു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

അയാൾ തിരക്കൊഴിഞ്ഞ ഒരു കോണിൽ ചെന്നിരുന്നു. അപ്പോഴേയ്ക്കും ട്രെയിൻ വേഗം മൂർദ്ധന്യത്തിലെത്തിയിരുന്നു. ട്രെയിനിൽനിന്നിറങ്ങി പുറമെ തിരക്കിലൂടെ ഹോട്ടലിനെ ലക്ഷ്യമാക്കി നീങ്ങുന്ന ആ അസ്ഥിപഞ്ജരത്തെ ശ്രദ്ധിച്ചപ്പോൾ ''ഈ ലോകത്തിന്റെ ജീർണ്ണതയുടെ മുഖം'' അയാൾ കണ്ടു.

ഭൂതകാല സ്മരണകൾ ഒരു ചലച്ചിത്രത്തിലെന്നപോലെ അയാളുടെ മനോമുകുരത്തിൽ തെളിഞ്ഞുവന്നു.

വിശാലമായ നെൽപ്പാടങ്ങളും, തോട്ടങ്ങളും മനോഹരങ്ങളായ പൂക്കളുടെ സൗന്ദര്യവുംകൊണ്ട് ചേതോഹരമായ ഒരു ഗ്രാമം. വസന്തകാലം ആ ഗ്രാമത്തെ കൂടുതൽനിറം ചാർത്തിയിരുന്നു. പക്ഷികളുടെ രാഗമാധുരിയാലും ചിറകടി ശബ്ദത്താലും ശബ്ദമുഖരിതമായിരുന്ന ഗ്രാമം. രാപ്പാടികളുടെ ഗാനാമൃതത്താൽ പുളകമണിഞ്ഞു നിൽക്കുന്ന ഭൂമിദേവിയുടെ വിരിമാറിലേയ്ക്ക് സുന്ദരസ്വപ്നങ്ങളുമായി താൻ മണിക്കൂറുകളോളം കഴിഞ്ഞിട്ടുണ്ട്. അന്നൊന്നും തനിക്ക് ഏകാന്തത അനുഭവപ്പെട്ടിരുന്നില്ല.

പെട്ടെന്ന് ഒരു വിസ്മൃതിയിലെന്നപോലെ അയാളുടെ ഹൃദയം തേങ്ങി.

"ഇന്ദു''!

കോളേജ് കാമ്പസിനുള്ളിലെ ഒരൊഴിഞ്ഞ കോണിലുള്ള ബെഞ്ചിൽ തന്നെയും തിരക്കിയിരുന്നവൾ. അവൾ തനിക്കൊരു ഹരമായിരുന്നു. ആ ഗ്രാമത്തിനുപോലുംഅവൾ ശാലീനസൗന്ദര്യത്തിന്റെ മുഗ്ദ്ധഭാവമായിരുന്നു. ഒരു തുമ്പിയെപ്പോലെ പാറിനടന്നിരുന്ന 'ഇന്ദു' എല്ലാവരുടേയും കണ്ണിലുണ്ണിയായിരുന്നു. ഇന്ദുവുമായി കണ്ടുമുട്ടിയ ആദ്യദിവസം അയാളിലോടിയെത്തി. മറക്കാത്ത ഓർമ്മകൾ.

കോളേജ് ലൈബ്രറിയിൽ താൻ ചെല്ലുമ്പോൾ അവൾ എന്തിനോ തിരയുകയായിരുന്നു. തന്റെ സാമീപ്യം അവൾ അറിഞ്ഞിരുന്നില്ല. ആ ഓർമ്മ അയാളിൽ ഓടിയെത്തി.

''മ്.....ഇന്ദു എന്താണ് നോക്കുന്നത്''?

''ഷേക്സ്പിയറുടെ 'ഒഥല്ലോ' നോക്കുകയാണ്''.

''കണ്ടുകിട്ടിയില്ലേ''?

''ഇല്ല. വളരെ നേരമായി തിരയുന്നു. ഒന്നെടുത്തുതരുമോ''?

''ഓ.... അതിനെന്താ''....

ആ പുസ്തകം താനെടുത്തുകൊടുത്തപ്പോൾ അവൾക്കുണ്ടായ സന്തോഷത്തിനതിരില്ലായിരുന്നു. അതൊരു തുടക്കമായിരുന്നു. പിന്നീടൊരിക്കലും തനിക്കവളെ കാണാതിരിക്കാൻ കഴിഞ്ഞിരുന്നില്ല. ഏകാന്തതയിൽപ്പോലും അവൾ അടുത്തുണ്ടെന്ന് താൻ വിശ്വസിച്ചിരുന്നില്ലേ?

അയാളുടെ ചിന്തകൾക്ക് കടിഞ്ഞാണിട്ടുകൊണ്ട് ഒരു ചൂളം വിളിയോടെ ട്രെയിൻ സ്റ്റേഷനിൽനിന്നും വിട്ടിരുന്നു. വീണ്ടുമവളുടെ ചിന്തകൾ അയാളെ വീർപ്പുമുട്ടിച്ചു. ഓർമ്മകളുടെ ലോകത്തിലേയ്ക്കയാൾ വീണ്ടും തിരിച്ചുപോയി.

ഒരിക്കലവൾ ബീച്ചിൽപോകാനായി തന്നെ ക്ഷണിച്ചു. താനെതിർത്തിലും അവസാനം തനിക്കവളുടെ ഇംഗിതത്തിനു വഴങ്ങേണ്ടിവന്നു. എന്തിനും കുട്ടികളെപ്പോലെ നിർബന്ധം പിടിക്കാറുള്ളവൾ. കടൽത്തീരത്തെ മണൽപ്പരപ്പിൽ ഒരു മാൻപേടയെപ്പോൽ ഓടിനടന്നിരുന്ന അവളുടെ കുസൃതികൾ കണ്ട് താൻ തന്നെത്തന്നെ മറന്നിരുന്നില്ലേ?

അവളുടെ ഓർമ്മകൾ അയാളെ നൊമ്പരപ്പെടുത്തി.

'ഗോപേട്ടാ.... നമുക്കീ പ്രകൃതിയോടലിഞ്ഞു ചേരാൻ കഴിഞ്ഞിരുന്നെങ്കിൽ എത്ര നന്നായിരുന്നു. നമ്മൾ തിരയും തീരവുമായി തീർന്നിരുന്നെങ്കിൽ. നമ്മെ വേർപിരിക്കാൻ ആർക്കും കഴിയുമായിരുന്നില്ല. ഈ ലോകത്തിനുപോലും....'

'എൻറിന്ദൂ.... നാം മനുഷ്യരല്ലേ? നമുക്കതിനു കഴിയുമോ? മാനുഷികമായ ചപലവികാരങ്ങൾക്കടിമകളാണ് മനുഷ്യർ എന്നു നിനക്കറിയില്ലേ....?'

അതുകേട്ടപ്പോൾ തന്നോടുപിണങ്ങി കടലിലേക്ക് ചാടാൻ ഓടിയ ഇന്ദുവിനെ താൻ പിടിച്ചു നിർത്തി. അവളുടെ നിർമ്മല ഹൃദയത്തിന്റേയും നിസ്തുലസ്നേഹത്തിന്റേയും മുന്നിൽ ഈ ലോകം തന്നെ ഒരു മൺകൂനയായി മാറിയിരുന്നില്ലേ?

താൻ ഒരിക്കലവളുടെ ഓർമ്മയിൽ മുഴുകിയിരിക്കുമ്പോൾ;

'ഗോപേട്ടാ....'

'ഓഹോ.... ഇന്ദുവോ.... നിന്നെക്കാണാഞ്ഞു് ഞാനെത്ര വിഷമിച്ചെന്നോ....?'

'ചേട്ടാ.... ഞാനിപ്പോൾ വീട്ടുതടങ്കലിലാണ്. എന്റെ വിവാഹമുറപ്പിച്ചിരിക്കയാണ്. എനിക്കിഷ്ടമില്ല. ഒരു ദുബായിക്കാരൻ. ഗോപേട്ടാ.... നമുക്കെവിടെങ്കിലും പോകാം.... ചേട്ടന്റെ സുഖത്തിലും ദുഃഖത്തിലും എന്നെ പങ്കാളിയാക്കില്ലേ....?'

'ഇന്ദൂ.... നിന്നെ ഞാനാർക്കും വിട്ടുകൊടുക്കില്ല. നീ എന്റേതാണ്. എന്റേതുമാത്രം.... നിന്നെ ഞാൻ സ്വന്തമാക്കും. എന്നരികിലേക്കു വരൂ.... വരുന്നേയ്.... നിന്നെ പൂർണ്ണമായി ഞാനൊന്നു കണ്ടോട്ടെ....'

പെട്ടെന്നയാൾ തന്റെ സ്വപ്നലോകത്തുനിന്നും ഞെട്ടിയുണർന്നു.

സമയമേറെയായിരിക്കുന്നു. ചീവീടുകളുടെ പേടിപ്പെടുത്തുന്ന ശബ്ദം നിശബ്ദതയെ ഭഞ്ജിക്കുന്നുണ്ട്. അങ്ങകലെ കാട്ടുപൊന്തകളിൽനിന്നും കുറുക്കന്മാരുടെ ഓരിയിടൽശബ്ദം ഉയർന്നുകേൾക്കാം. രാപ്പാടികളുടെ ഗീതം അപ്പോഴേയ്ക്കും നിലച്ചിരുന്നു.

താനൊരു സ്വപ്നലോകത്തായിരുന്നുവെന്നയാൾ മനസ്സിലാക്കി. ഇന്ദുവിനെ അവിടെയെങ്ങും അയാൾ കണ്ടില്ല. അവൾ തന്നെ—ഈ ലോകത്തുനിന്നു തന്നെ വിട്ടുപിരിഞ്ഞിട്ട് രണ്ടാഴ്ചയിലേറെയായെന്നയാളോർത്തു. അവൾ ഇനിയൊരോർമ്മമാത്രമായിരിക്കുമെന്നുള്ള ദുഃഖസത്യം അയാളിൽ തേങ്ങലുകളുയർത്തി.

വെറും ദുഃഖസ്മരണകൾ!

തനിക്കിനിയീ ഗ്രാമാന്തരീക്ഷത്തിൽ ഇന്ദുവിനെ വേർപെട്ട് കഴിയാനാവില്ല. അവളുടെ ഓർമ്മകൾ തന്നെ ഭ്രാന്തുപിടിപ്പിക്കും. ഇന്ദുവിനെ ഈ ഗ്രാമത്തിൽനിന്നുംത്തെറിഞ്ഞ സമൂഹം തന്നെ വെറുതെ വിടില്ല. ഈ സമൂഹം ഞങ്ങ

# വിഷാദമേ! വിട....

വിശാലമായ കടലിന്റെ ഇരമ്പൽ കണ്ടുകൊണ്ട് തീരത്തുള്ള പാറമേൽ വേദനയുടെ ഹൃദയവുമായി അവൾ ഇരുന്നു. അകലെനിന്നും വരുന്ന തിരമാലകൾ തന്നെ തഴുകാൻ വരികയാണെന്നു തോന്നി. സിരകളിലാകെ അസ്വാസ്ഥ്യത്തിന്റെ അലകൾ ഒരു തിരിനാളമായി ആളിപ്പടരുന്നതായി തോന്നി. താനിന്നേകാകിനിയാണെന്നോർത്തപ്പോൾ അവളുടെ ഉള്ളു നടുങ്ങി. പൊട്ടിക്കരയണമെന്നു തോന്നി. ദീർഘമായി നിശ്വസിച്ചു.

ഇവിടെ തനിക്കുമാത്രം സ്വന്തമാക്കുവാൻ കഴിയുന്ന, തന്റേതുമാത്രമായ നിമിഷങ്ങൾ.... ഈ നിമിഷങ്ങളുടെ നിർജ്ജീവതയിൽ തനിക്ക് കൂട്ടിരിക്കുവാൻ തന്നെത്തേടിയെത്തുന്ന വർണ്ണങ്ങൾ.... എല്ലാം താനെന്ന നിഴലിന് ധന്യതയേകുന്നു.

ഓർമ്മകളുടെ പടവുകൾ ഇറങ്ങിച്ചെന്നാൽ.... താൻ ജനിച്ച കൊച്ചുകുടിൽ, വളർന്ന ഗ്രാമം, ഇടതൂർന്ന നെൽച്ചെടികളുമായി നില്ക്കുന്ന വയലേലകൾ, വയലിൽ ജോലിചെയ്യുന്ന സ്ത്രീകളുടെപാട്ട്, ചാണകം മെഴുകിയ വീടിന്റെ ഓലയിലൂടെ ഉതിർന്നുവീഴുന്ന സൂര്യകിരണങ്ങൾ, ആ പ്രകാശം മറയ്ക്കുവാനായി താൻ അവയുടെമേൽ മണ്ണുവാരിയിട്ട നിമിഷങ്ങൾ, തന്റെ കാല്പാടുകൾ പതിഞ്ഞ ചെമ്മണ്ണു നിറഞ്ഞ അങ്കണം, അസ്തമനസൂര്യന്റെ മഞ്ഞവെളിച്ചത്തിൽ മുററത്തിനു മുകളിൽ പാറിപ്പറക്കുന്ന വർണ്ണമാന്ന ചിത്രശലഭങ്ങൾ, മുററത്തെ ചെടിയിൽനിന്നും കൊഴിഞ്ഞ പൂക്കളോടു പറഞ്ഞ കഥകൾ, സ്നേഹനിധിയായ മുത്തശ്ശിയുമായി ആയില്യംനാളുകളിൽ നൂറുംപാലുംകൊണ്ട് നേർച്ചയ്ക്കായി അമ്പലത്തിലേക്കുപോയ നിമിഷങ്ങൾ, അവിടെനിന്നും ആ സന്ധ്യാവേളകളിൽ കേട്ടിരുന്ന ശംഖുനാദങ്ങൾ, അമ്പലത്തിന്റെ മുററത്തുള്ള അരയാലിൽ കൂടുകെട്ടുന്ന കുഞ്ഞാററക്കിളികൾ, സന്ധ്യയാകുമ്പോൾ അവയുടെ കളകൂജനങ്ങൾ, അമ്പലത്തിൽ എരിഞ്ഞുനിൽക്കുന്ന കർപ്പൂരത്തിന്റേയും ചന്ദനത്തിരികളുടേയും ആകർഷകമായ ഗന്ധം, ചാണകംമെഴുകിയ ആ വീടിന്റെ ഉമ്മറക്കോലായിലിരുന്നു നോക്കുമ്പോൾ കാണുന്ന കുന്നും കുഴിയും ചെമ്മണ്ണും നിറഞ്ഞ റോഡ്, ഇരുവശവും കുന്നുകളും, തെങ്ങിൻതോപ്പുകളും, പറങ്കിമാവിൻകൂട്ടങ്ങളും, അതിനുമപ്പുറം പഴമയുടെ ഗന്ധമലിഞ്ഞുചേർന്ന, ഏതോ രാജാക്കന്മാർ പണികഴിപ്പിച്ച, താൻ പഠിച്ച പള്ളിക്കൂടം, എല്ലാം ഇന്ന് ഒരുപിടി ഓർമ്മകൾമാത്രം....

അജിത എന്നാണവളുടെ പേര്, അവൾ ദീർഘമായൊന്നു നിശ്വസിച്ചു. ചവിട്ടിമെതിക്കപ്പെട്ട സ്വന്തം ദൗർബല്യങ്ങൾക്കും, നൊമ്പരങ്ങൾക്കും മുന്നിൽ വീണ്ടുമൊരിക്കൽക്കൂടി തളർന്നുപോകുന്നതറിയവേ മനസ്സിന്റെ ആർദ്രതന്ത്രികളിലെങ്ങോ തട്ടി പ്രകമ്പനം കൊണ്ടുണർന്ന മന്ത്രസ്വരം.

'ഉന്നത വ്യക്തികളെ ബഹുമാനിക്കു മകളേ.... ഈശ്വരനെ പ്രാർത്ഥിക്കു.... ചീത്തക്കൂട്ടുകാരുമായി കൂടരുത്, അപകടമാണ്. തോൽക്കരുത്.... വിഡ്ഢിയാകരുത്....'

മുത്തശ്ശിയുടെ ഉപദേശങ്ങൾ വീണ്ടുമൊരിക്കൽ കാതിൽമുഴങ്ങുന്നു. കുട്ടിയായിരുന്നപ്പോൾ തനിക്ക് മുത്തശ്ശി പറഞ്ഞുതന്ന കഥകൾ, തനിക്കുവേണ്ടി പാടിയപാട്ടുകൾ, രാപകലില്ലാതെ തനിയ്ക്കായി കഷ്ടപ്പെട്ട മുത്തശ്ശി, അവരുടെ

---

ളോടല്പം കരുണ കാട്ടിയിരുന്നെങ്കിൽ....

പിന്നെ ഒരു പൊട്ടിത്തെറിയായിരുന്നു. അവളുടെ ഓർമ്മകൾ അയാളെ ഗ്രസിച്ചു. അവ പ്രതികാരത്തിന്റെ അഗ്നിസ്ഫുലിംഗങ്ങളായി തീർന്നു. ഓർമ്മകളുടെ വേലിയേററം അയാളിൽ ദുഃഖത്തിനു കാരണമായി.

ഈ സമൂഹം അല്പം കരുണ കാട്ടിയിരുന്നെങ്കിൽ ഇന്ദു ആത്മഹത്യചെയ്യില്ലായിരുന്നു. അതുപോലെ തനിക്ക് ഗ്രാമം വിടേണ്ടിവരുമായിരുന്നില്ല. സമൂഹത്തിന്റെ സന്തതികൾ ഈ ദുഷിച്ചസമൂഹത്തെ എതിർക്കട്ടെ....

അയാളുടെ ചിന്തകൾ ഇത്രയുമായപ്പോഴേയ്ക്കും ട്രെയിൻ മദ്രാസ് സ്റ്റേഷനിലെത്തിയിരുന്നു. പെട്ടിയുമെടുത്ത് അയാൾ ആ തിരക്കിൽ ഒരനാഥനായി—ഏകാന്തപഥികനായി അലിഞ്ഞുചേർന്നു.



Scanned with OKEN Scanner

വിയർപ്പിൻെറ മധുരിക്കുന്ന ഗന്ധവുമേററുറങ്ങിയ രാത്രികൾ, എല്ലാം സ്മൃതിപഥത്തിൽ എത്തുന്നു ഇന്നത്തെപ്പോലെ....

ആ ദിവസങ്ങൾ എത്ര സുന്ദരമായിരുന്നു ഇന്നത്തെക്കാളേ.... ഓ.... എന്തിനിനി ആ നഷ്ടപ്പെട്ട വസന്തത്തെ ഓർത്തു ദുഃഖിക്കുന്നു.

അകലെ അസ്തമിക്കാൻപോകുന്ന സൂര്യനെ ഏറെനേരം നോക്കിയിരുന്നപ്പോൾ തൻെറ പഴയ ജീവിതത്തിലേക്കു് അവൾ വീണ്ടും ഇറങ്ങിച്ചെന്നു.

പഴമയുടെ കോലവുമായി നിൽക്കുന്ന സ്കൂൾ, അവിടെ കുട്ടികളുമായി കളിച്ചുപുളച്ചദിനങ്ങൾ. പാട്ടുപാടി ഫസ്റ്റ് വാങ്ങിയതിനു വിലാസിനിടീച്ചർ തന്ന സമ്മാനം, ആദ്യമായെഴുതിയ ചെറുകഥ, പാടുവാൻ പ്രോത്സാഹിപ്പിച്ച സംഗീത സാർ....എല്ലാം അവളുടെ മനസ്സിലൂടെ ഓടിമറഞ്ഞു.

ആരുടേയോ ഒരു വിളിയായിരുന്നു അവളെ ചിന്താമണ്ഡലത്തിൽനിന്നും വിളിച്ചുണർത്തിയതു്.

അവൾ തിരിഞ്ഞുനോക്കി, രാജീവ്.... തൻെറ ക്ലാസ്സിൽ പഠിക്കുന്ന രാജീവ്.... ഏറെ നാളുകളായി തൻെറ പുറകേ നടക്കുന്ന ചെറുപ്പക്കാരൻ.

അവൾ അവനെനോക്കി വെറുപ്പു പ്രകടിപ്പിച്ചു.

'ക്ഷമിക്കു അജിതേ.... എന്നോടു ക്ഷമിക്കു.... ഇഷ്ടപ്പെട്ടില്ലെങ്കിൽ പോയേക്കാം....'

'എന്തിനു് ക്ഷമിക്കണം.... അതിനു് നിങ്ങൾ എന്നോടൊരു തെററും ചെയ്തില്ലല്ലോ....?'

അയാൾ ചിരിച്ചു. ഒപ്പം അവളും.

'അജിതേ, ഞാൻ ഒരുകാര്യം പറഞ്ഞോട്ടെ.... അല്ല.... ഒന്നു ചോദിച്ചോട്ടെ....'

'ഉം....'

'ഞാൻ.... അജിതയെ.... സ്നേ....ഹി....ക്കുന്നു....'

രാജീവിൻെറ വാക്കുകൾ കേട്ടവൾ ഞെട്ടി. അവൾ സ്വയം തൻെറ മനസ്സിനോടു ചോദിച്ചു.

'എന്തു്....? തന്നെ സ്നേഹിക്കാൻ ഈ ഭൂമിയിൽ ആരുണ്ടു്.'

അവൾ ഒന്നും മിണ്ടിയില്ല. കണ്ണിൽനിന്നും ധാരയായി കണ്ണീരൊഴുകി.

'ക്ഷമിക്കു അജിതേ.... നീ ഇനി ഒരിക്കലും കരയരുതു്.... നീ ഇനിമുതൽ എൻേറതാണു്....'

തന്നെ സ്നേഹിക്കാൻ ഒരു മനുഷ്യജീവിയെങ്കിലും ഉണ്ടല്ലോ എന്നോർത്തപ്പോൾ അവൾ ഒന്നു സമാധാനിച്ചു.

'അജിതേ, ഞാൻ നിന്നെ കണ്ടതിനുശേഷം ഒരു പുഞ്ചിരി പോലും കണ്ടിട്ടില്ല.... എപ്പോഴും വിഷാദമായ മുഖവും, ചിന്തയും. എന്താണു് നിൻെറ ദുഃഖത്തിൻെറ കാരണം. ഒന്നു പറയൂ അജിതേ.... എന്നോടൊന്നു പറയൂ....'

അവൾ ഒന്നും മിണ്ടിയില്ല.

'അജിതേ.... നിൻെറ വേദനകളിൽ പങ്കുചേരാൻ ഞാൻ തയ്യാറാണു്.... എല്ലാം എന്നോടു തുറന്നു പറയൂ അജിതേ....'

തേങ്ങലുകൾ മാത്രമായിരുന്നു അതിനുത്തരം. തൻെറ വേദനകളിൽ പങ്കുചേരാൻ ഒരാളുണ്ടെന്നോർത്തപ്പോൾ അവൾ അല്പം സന്തോഷിച്ചു.

കണ്ണുനീർ തുടച്ചുകൊണ്ടവൾ പറഞ്ഞു. 'രാജീവ്.... ഞാൻ പാവമാണു്.... സൗന്ദര്യമില്ലാത്തവളാണു്.... എന്നെ താങ്കൾ എന്തിനാണു് സ്നേഹിക്കുന്നതു്....'

അവൾ ഒഴിഞ്ഞുമാറാൻ ശ്രമിച്ചു.

'അജിതേ.... ഞാൻ നിൻെറ സൗന്ദര്യത്തെയല്ല, പണത്തെയല്ല നിന്നിലുള്ള നിന്നെയാണു് ഞാൻ സ്നേഹിക്കുന്നതു്....'

രാജീവിൻെറ വാക്കുകൾ വേദന നിറഞ്ഞ അവളുടെ ഹൃദയത്തിനല്പം ആശ്വാസം നൽകി.

'രാജീവ്.... എൻെറ അമ്മയും അച്ഛനും എന്നെ രണ്ടാമത്തെ വയസ്സിൽ വിട്ടുപിരിഞ്ഞു....'

റീ. കെ. എം. ആർട്ട്സ്

കവിത:

## കലാലയം

ജാസ്മീൻ എസ്.
I D2 Batch

ആത്മാവു കോരിത്തരി–
ച്ചവിടെ കടന്നപ്പോൾ
പുത്തനാമൊരു നല്ല
ജീവിതം കുറിക്കുന്നു.

ചുററിനും കോലാഹല–
മുതിർക്കും സതീർത്ഥ്യരു,
വിജ്ഞാന ഗ്രന്ഥങ്ങളു,
നിന്നുപോയ് നിമിഷം ഞാൻ.

അറിവിൻ തേൻകനികൾ
നിറയും പൂന്തോപ്പിതോ?
അവിടെ കടന്നൊരെ–
ന്നാത്മാവു തുടിക്കുന്നു.

ആയിരമനുഭൂതി–
യാണെനിക്കിവിടുന്നു
മറക്കാൻ കഴിയാതെ
കരളിൽ കുറിക്കുന്നു.

അവളുടെ ഓർമ്മകൾ ആ പഴയ സംഭവങ്ങളിലേയ്ക്കു വീണ്ടും ഓടിയെത്തി.

'എന്നെ വളർത്തിയതു് എന്റെ മുത്തശ്ശിയാണ്. ഒരുദിവസം ഈശ്വരാരാധനയ്ക്കുശേഷം എന്നെ എന്നത്തേതിലുമുപരി വളരെനേരം ഉപദേശിച്ചു. ഞാൻ ഏറെനാളുകളായി ആഗ്രഹിച്ചിരുന്ന, മുത്തശ്ശിയുടെ കഴുത്തിൽ കിടന്നിരുന്ന സ്വർണ്ണമാല അന്നെന്റെ കഴുത്തിൽ അണിയിച്ചു. ഞാൻ പതിവിലേറെ സന്തോഷിച്ചു. പതിവിലും നേരത്തെ സ്കൂളിലേയ്ക്കു യാത്രയായി. ഞാൻ മറയുന്നതുവരെ എന്റെ മുത്തശ്ശി എന്നെ നോക്കിനിന്നു. അതു് എന്റെ അവസാനത്തെ സന്തോഷത്തിന്റെ നിമിഷങ്ങളായിരുന്നുവെന്നോ, എന്റെ മുത്തശ്ശി അവസാനമായെന്നെ നോക്കുകയായിരുന്നുവെന്നോ ഞാൻ കരുതിയില്ല. അന്നു് വൈകിട്ടു് ഞാൻ സ്കൂളിൽനിന്നും തിരിച്ചുവന്നപ്പോൾ ഒരാൾക്കൂട്ടം വീട്ടിൽ കണ്ടു. എന്റെ പരിഭ്രമം വർദ്ധിച്ചു. ആൾക്കൂട്ടത്തിലൂടെ ഞാൻ മുറിയ്ക്കകത്തെത്തി.... അവിടെ ഞാൻ കണ്ടതു്.... വെള്ളത്തുണിയാൽ.... മൂടിപ്പുതച്ചുകിടക്കുന്ന.... എന്റെ.... എന്റെ.... ഏററവും പ്രിയപ്പെട്ടമുത്തശ്ശിയെയാണ്.....'

അവളുടെ ശബ്ദങ്ങൾ ഗദ്ഗദങ്ങളായി മാറി. കണ്ണിൽനിന്നും കണ്ണീർകണങ്ങൾ പാറമേൽ വീണു ചിതറി.

അവൾ വീണ്ടും തുടർന്നു:

'കരഞ്ഞുകരഞ്ഞു ഉറങ്ങിയ ഞാൻ കണ്ണുതുറന്നപ്പോൾ ചിതയുടെ നടുവിൽ വെന്തെരിയുന്ന എന്റെ അമ്മൂമ്മയുടെ മൃതശരീരമായിരുന്നു.... സ്നേഹനിധിയായ ആ ദിവ്യാത്മാവിനു് ഞാൻ അവസാനമായി കൊടുത്തതു് രണ്ടുതുള്ളി കണ്ണീർമാത്രം.... പിന്നെ എന്നെ വളർത്തിയതു് എന്റെ അച്ഛന്റെ അനുജൻ ആയിരുന്നു. വെറുമൊരു ക്ലാർക്കായ അദ്ദേഹത്തിന്റെ തുച്ഛമായ വരുമാനത്തിന്മേൽ ഞാൻ കോളേജിൽചേർന്നു. വാത്സല്യനിധിയായ അദ്ദേഹത്തിന്റെ ഭാര്യ കേവലം ഒരു മകനു് ജന്മം നൽകിയശേഷം അദ്ദേഹത്തെ പിരിഞ്ഞു. ആ മകന്റെ പതിനേഴാം വയസിൽ അയാളും മരിച്ചു. വാത്സല്യവാനായ അദ്ദേഹത്തിനു് ഞാൻ മാത്രമേ ശേഷിച്ചുള്ളു. പക്ഷേ ഇന്നു എനിക്കു് അദ്ദേഹവും നഷ്ടപ്പെട്ടു രാജീവ്....'

അവൾ കണ്ണീർ തുടച്ചുകൊണ്ടു് തുടർന്നു:

'അദ്ദേഹം കഴിഞ്ഞമാസം മരിച്ചു. അന്നുമുതൽ ഞാൻ തനിച്ചാണു വീട്ടിൽ. ആത്മഹത്യയ്ക്കുള്ള ധൈര്യം എനിക്കില്ല രാജീവ്....'

'നിനക്കിനി ഞാനുണ്ടു്.... നിന്നെ ഞാൻ വിവാഹംകഴിയ്ക്കും. നിന്നെപ്പററി ഞാൻ എന്റെ അമ്മയോടു പറയാം. അച്ഛനില്ലാത്ത എന്റെ എല്ലാമെല്ലാമാണമ്മ. എന്റെ ആഗ്രഹത്തിനൊരിക്കലും അമ്മ വിലങ്ങുതടിയാവില്ല. നീ എന്നെ വിശ്വസിക്കു അജിതേ.'

അയാൾ അവളെ ആശ്വസിപ്പിച്ചു. വിധിയുടെ ക്രൂരതയെ അയാൾ പഴിച്ചു.

സന്ധ്യമയങ്ങിയപ്പോൾ അവർ അവരവരുടെ വീടുകളിലേയ്ക്കു തിരിച്ചു. രാജീവിന്റെ മുഖവും വാക്കുകളും അജിതയുടെ മനസ്സിൽനിന്നും മറഞ്ഞില്ല.

എന്നാൽ രാജീവ് പഠനപുസ്തകം മുന്നിൽ തുറന്നുവച്ചു് അജിതയും താനുമായുള്ള ജീവിതത്തെ സ്വപ്നംകാണുകയായിരുന്നു. കാപ്പിയുമായെത്തിയ അമ്മ വിളിച്ചപ്പോഴാണവൻ മനോരാജ്യത്തിൽനിന്നുണർന്നതു്. അവൻ അജിതയെപ്പററി അമ്മയോടു പറഞ്ഞു. ആരുമില്ലാത്ത ആ പാവം പെൺകുട്ടിയുടെ കദനകഥ ആ ചഞ്ചലഹൃദയയെ കരയിച്ചു. അവരുടെ കണ്ണിൽനിന്നും ബാഷ്പകണങ്ങൾ തറയിൽവീണു് ചിന്നിച്ചിതറി.

പിറേറന്നു് പതിവിലും നേരത്തെയാണു് രാജീവ് കോളേജിലേക്കുതിരിച്ചതു്. വഴിയിൽവച്ചു അവൻ അജിതയെ കണ്ടു. രണ്ടുപേരുടേയും ജീവിതങ്ങൾ അന്നുമുതൽ അന്യോന്യം അർപ്പിച്ചു. ദിവസങ്ങൾ ഓരോന്നായി കൊഴിഞ്ഞുവീണു. അജിത രാജീവിന്റെ വീട്ടിലും രാജീവ് അജിതയുടെ വീട്ടിലും പോകുമായിരുന്നു. രാജീവിന്റെ അമ്മയ്ക്കു് അജിതയെ വലിയ ഇഷ്ടമായി. അവർ അവരുടെ വിവാഹം തീർച്ചയാക്കിയിരുന്നു. ദിവസങ്ങൾ ഓരോന്നായി കടന്നുപൊയ്ക്കൊണ്ടിരുന്നു.

ഒരുദിവസം അജിത ഉറക്കമുണരാൻ വളരെ വൈകി. ഉണർന്നപ്പോൾ വല്ലാത്ത ക്ഷീണവും ഉണ്ടായിരുന്നു. അതൊന്നും കൂട്ടാക്കാതെ അവൾ കോളേജിലേക്കുപോയി. വൈകിട്ടു് ആശുപത്രിയിലെത്തിയ അവൾ രോഗത്തിന്റെ പേരു കേട്ടു് ഞെട്ടിത്തെറിച്ചു. വിധിയുടെ ക്രൂരതയെ ഓർത്തവൾ പൊട്ടിക്കരഞ്ഞു. 'ബ്ളെഡ് ക്യാൻസർ' അതെ ബ്ളെഡ് ക്യാൻസറാണവൾക്കു്. ഡോക്ടർ കൊടുത്ത മരുന്നുകൾക്കു പകരം അന്നു രാത്രി അവൾ ഉപയോഗിച്ചതു് താൻ മേശയിൽ സൂക്ഷിച്ചിരുന്ന വിഷമായിരുന്നു.

പിറേറന്നു് അധികനേരമായിട്ടും കോളേജിൽ അജിത എത്താതിരുന്നതിനാൽ രാജീവിനു് പരിഭ്രമമായി. അവൻ വേഗം അവളുടെ വീട്ടിലേക്കുചെന്നു. അവൻ വിളിച്ച വിളി കേൾക്കുവാൻ അജിതയ്ക്കു പകരം ആ വീടിന്റെ ചുവരുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. അവൻ ആ കതകുകൾ തട്ടിത്തുറന്നു അകത്തേയ്ക്കോടി. അവനു്

തലചുറ്റുന്നതായി തോന്നി. അവിടെ കിടക്കുന്ന അജിതയുടെ മൃതദേഹത്തിൽ കെട്ടിപ്പിടിച്ചു അവൻ പൊട്ടിക്കരഞ്ഞു. അവിടെ കിടന്ന കടലാസ്സുകഷണമെടുത്തവൻ വായിച്ചു.

പ്രിയപ്പെട്ട രാജീവ്,

നിങ്ങളുടെ ലോകം വിശാലമാണ്. ദുർബല നിമിഷങ്ങൾക്കോ, വിലകുറഞ്ഞ നൊമ്പരങ്ങൾക്കോ അവിടെ നിലനിൽക്കാൻ കഴിയുന്നില്ല. ഈ പിരിയുന്ന കൈവഴി ഇനിയൊരിക്കലും നിങ്ങളോടുചേരില്ല. നിങ്ങൾക്ക ശോഭനമായ ഒരു ഭാവിയുണ്ട്. മറ്റൊരു വിവാഹംകഴിച്ചു സുഖമായി ജീവിക്കുക. എന്നെ മറന്നേക്കുക.... ദുഃഖം നിറഞ്ഞ ഈ മനസ്സിന് നിങ്ങൾ സന്തോഷം പകന്നു. പക്ഷേ വിധി അതിനും സമ്മതിച്ചില്ല. എനിക്ക് 'ബ്ളെഡ് ക്യാൻസർ' പിടിപെട്ടു.... രാജീവ്.... ഇനി ഞാൻ ജീവിച്ചിരുന്നുകൂടാ........

നിർത്തട്ടെ,
കരയാൻ വിധിക്കപ്പെട്ട
അജിത.

വേദനയുടെ നിമിഷത്തിൽ ഒരഗ്നിഗോളമായി ജ്വലിച്ചുനിന്ന രാജീവിന്റെ ഉപബോധമണ്ഡലം എന്തൊക്കെയോ പുലമ്പി.

'എന്റെ ഭൂതകാല സ്മരണകളുടെ മേച്ചിൽപ്പുറങ്ങളിൽ ഞാൻ നടന്നു തളരുമ്പോൾ എനിക്ക് സാന്ത്വനമേകിയ, എന്നെ സമാശ്വസിപ്പിച്ച നീയും എന്നെ വേർപിരിഞ്ഞോ അജിതേ....'

വാവിട്ടുകരഞ്ഞുകൊണ്ടയാൾ അവൾ കുടിച്ചവിഷം കുപ്പിയിൽ നിന്നാഞ്ഞുവലിച്ചു കുടിച്ചു.... എന്നിട്ടയാൾ അജിതയെ വിളിച്ചുറക്കെക്കരഞ്ഞു. ആ ശബ്ദം പതുക്കെപ്പതുക്കെ നിലച്ചുകൊണ്ടിരുന്നു. അവസാനം ആ നിമിഷം, എന്നെന്നേക്കുമായി ആ ശബ്ദവും നിലച്ചു.

കവിത

# ഭൃംഗഗീതം


## സിറാജുദ്ദീൻ ഇ.

ഫസ്റ്റ് ബി. ഏ.


പുഷ്പ ദേവതേ, നിന്നെ സ്നേഹിച്ച കുറ്റത്തിനീ
ഷഡ്പദം വിമൂകമായ് കരയാൻ പഠിച്ചു പോയ്.
കാറുകിൽ നിറമുള്ളൊരെൻ മേനി കൈത്തോഴം
കാമുക മന, മഴൽ താങ്ങുവാൻ പഠിച്ചു പോയ്.
ആടിമാസത്തിൻ മ്ളാന മേഘങ്ങളൊഴിഞ്ഞ ശ്രീ-
ലാളമാം വസന്തത്തിൻ താരുണ്യ സ്വപ്നം പോലെ,
എൻ വിദാതങ്ങൾ തുഷാരാർദ്രമായിരിക്കവേ-
യൻപിലെന്നാരാമത്തിൽ കുഡ്മളം വിടർത്തിനീ.
മാധവം കരുതാത്ത സൗരഭം പരത്തി നീ
മായിക സൗന്ദര്യമായെന്നുള്ളിൽ വിരിഞ്ഞപ്പോൾ,
കൈതവം കരുതാത്ത സൗഭഗമണിഞ്ഞു ഞാ-
നൈഹിക വ്യാമോഹത്തിൻ പാട്ടുകാരനായി മാറി.
നിൻ കപോലങ്ങളിൽ, നിന്റെ നീലമാം കടക്കണ്ണിൽ
ലോലമാ മധരത്തിൽ, ലോഭനീയമാം മാറിൽ,
എൻ വികാരങ്ങൾ നിന്നു ചുരമാന്തവേ, ഞാനെ-
ന്നന്തരാത്മാവിൽ നിന്നെ തമ്പുരാട്ടിയായ്ക്കണ്ടു.
മാമ്പൂക്കൾ മഴ പെയ്യും മാമലച്ചെരുവിലും
പൂമങ്ക നീരാടുന്ന പൂഞ്ചോലയ്ക്കക്കടവിലും,
ചിങ്ങ നെൽപ്പാടത്തിലും ചിത്തിര പൂങ്കാവിലും
വിങ്ങി നിന്നൊരെൻ ചിത്തം നിൻ പുകൾ പാട്ടായ് മാറി.
തൈമണിക്കാറ്റിൻ കയ്യിലെൻ പ്രേമ സന്ദേശങ്ങൾ
വൈകാതെ നിന്നാരാമ വാടത്തിലയച്ചു ഞാൻ.
കാത്തു കാത്തിരുന്നേനെന്നക്ഷമ വളർത്തിയ
കാട്ടു പൊന്തയിൽ നിന്റെ സ്വാഗത സ്വരം തേടി.
ഋതുക്കൾ വലംവയ്ക്കും വത്സര ക്ഷേത്രത്തിന്റെ
ദിങ്മുഖ വാടങ്ങളിലാർത്ത മാനസനായി,
പ്രേമഭക്തിയാൽ തൊഴുകൈയുമായ് നിന്നേൻ, നാത്മ-
പ്രേയസീ നിനക്കായി; നിൻ സ്മിതാർദ്രതയ്ക്കായി!
ഇല്ല, നീ കനിഞ്ഞില്ലെന്നെ നീയറിഞ്ഞില്ല
നിൻ മനം മറ്റൊരു വർണ്ണപ്പകിട്ടിൽ മയങ്ങിപ്പോയ്
ഇരുളിൻ നിഴലുകൾ നീളുമീ വിജനത്തി
ലിളയോടുരുമ്മി ഞാൻ പാറുമീ സായാഹ്നത്തിൽ,
ഇടനെഞ്ചുരുകി ഞാൻ പാടുന്ന ഗാനം കേൾക്കാ-
നിത്തിരി നേരം നിന്റെ പൂമനം കനിഞ്ഞെങ്കിൽ!

# മഹാനായ എസ്. കെ.

**ഹുസൈൻ ഇ. കൊട്ടിയം**
II P. D. C., C2 Batch

മലയാളമണ്ണിന് ഒരിക്കലും മറക്കാനാവാത്ത മധുരോദാരമായ ജീവിതകഥകൾ പറഞ്ഞുതന്ന മനുഷ്യകഥാനുഗായിയായ ആ മഹാകാഥികൻ കഥാവശേഷനായി. പ്രപഞ്ചത്തിൽനിന്ന് പെറുക്കിയെടുത്ത അനുഭവങ്ങളുടെ മുത്തുച്ചിപ്പികൾ മാന്ത്രികച്ചെപ്പിലാവഹിച്ച് കൈരളിയ്ക്കു കാഴ്ചവച്ച പുതിയറയിലെ രാജകുമാരൻ എങ്ങോ മറഞ്ഞു.

ഇരിക്കപ്പൊറുതിയില്ലാത്ത മനുഷ്യാന്വേഷകനായിരുന്ന എസ്. കെ. പരിഷ്ക്കാരത്തിന്റെ വച്ചുകെട്ടുകളോ, തേച്ചുപിടിപ്പിക്കലോ ഇല്ലാത്ത മനുഷ്യനെ നേരിൽക്കാണാനും പഠിക്കാനുമായി നീക്കിവച്ചതായിരുന്നു ആ ജീവിതം. അനുഭവങ്ങളെ യഥാർത്ഥവിലകൊടുത്ത് സ്വന്തമാക്കാനുള്ള സാഹസികമായ അഭിനിവേശം ഒരു ബാധപോലെ എസ്. കെ.—യെ ആവേശംകൊള്ളിച്ചു. കാഷ്മീരിന്റെ തുഷാരാവൃതമായ താഴ്‌വാരങ്ങളിൽ ആഫ്രിക്കയിലെ കാപ്പിരികളുടെ മയപ്പെടാത്ത മനുഷ്യസംസ്കൃതിയിൽ മൂർഖൻപാമ്പുകളും, കാഞ്ഞിരക്കുറ്റികളുമുള്ള ബാലിദ്വീപിലെ ഇടവഴികളിൽ, ഇറ്റലിയിൽ, ഫ്രാൻസിൽ, പൂർവ്വേഷ്യൻ രാജ്യങ്ങളിൽ, പൂർവ്വയൂറോപ്യൻ രാജ്യങ്ങളിൽ, സോവിയറ്റ് റഷ്യയിൽ എല്ലാം പച്ചമനുഷ്യന്റെ ജീവിത ദുരിതങ്ങളന്വേഷിച്ചു അദ്ദേഹം ചെന്നെത്തി. അവരുടെ നെടുവീർപ്പുകളുടെ, സ്വപ്നങ്ങളുടെ, പീഡാനുഭവങ്ങളുടെ, വ്യാകുലതകളുടെ, അന്തഃക്ഷോഭങ്ങളുടെ, അശാന്തതകളുടെയെല്ലാം വിഭ്രാമകങ്ങളായ ചിത്രങ്ങൾ കണ്ടറിഞ്ഞു. ലോകാലോകങ്ങൾ ചുറ്റിയടിച്ച അന്വേഷകനായ സഞ്ചാരിയ്ക്കു പരിഷ്ക്കാരത്തിന്റെയും സംസ്കാരത്തിന്റെയും പപ്പും, പൂടയും വയ്ക്കാത്ത ശുദ്ധമനുഷ്യനെ ആഫ്രിക്കൻ കാപ്പിരികളിൽ മാത്രമേ കാണാനായുള്ളു.

ദേശാടകനായ ഈ കാഥികൻ ഭാഷകൾക്കും ആചാരാനുഷ്ഠാനങ്ങൾക്കും മുൻപിൽ അറച്ചുനിൽക്കാതെ, തളർന്നുവീഴാതെ വൻകരകൾ താണ്ടി. ചരിത്രത്തിന്റെ പാദമുദ്രകളും സംസ്കാരത്തിന്റെ ഹൃദയത്തുടിപ്പുകളും നേർക്കുനേർ നിന്ന് അനുഭവിച്ചറിഞ്ഞു. ആ അനുഭവങ്ങൾ ആർദ്രമായ മലയാള ശൈലിയിൽ പകർന്നു. അങ്ങനെ മലയാളത്തിന് സമ്പന്നമായൊരു സഞ്ചാരസാഹിത്യമുണ്ടായി.

കോഴിക്കോട് സാമൂതിരി സ്കൂളിൽ നാലാംക്ലാസ്സിൽ പഠിക്കുമ്പോഴാണ് എസ്. കെ. ആദ്യത്തെ കഥ എഴുതുന്നത്. ജഹാംഗീർ ചക്രവർത്തിയുടെ ഭരണകാലത്തെ ഒരു സംഭവത്തെ ആസ്പദമാക്കി എഴുതിയത് — രാജനീതി. 1928—ൽ ഹിന്ദു—മുസ്ലീം മൈത്രി എന്ന പേരിൽ ഒരു കഥ അച്ചടിമഷിപുരണ്ട് പുറത്തുവന്നു.

കോഴിക്കോട് ഫ്രാൻസിസ് റോഡിലെ തോട്ടുളിപ്പാടത്തെ പൊറ്റെക്കാട്ട് വീട്ടിൽ കുഞ്ഞിരാമൻ മകൻ ശങ്കരൻകുട്ടിയെ ഒരു കാഥികനാക്കി മെരുക്കിയെടുത്തത് ബോംബെ നഗരമാണ്. നാട്ടുമ്പുറത്തിന്റെ ഏകാന്ത മനോഹാരിതയിൽ സ്വയം മറന്ന മനസ്സുമായി തന്റെ മടിത്തട്ടിൽ വണ്ടിയിറങ്ങിയ ഈ ചെറുപ്പക്കാരന് ബോംബെനഗരം അപരിചിത നാഗരീക ജീവിതത്തിന്റെ സമ്പന്നമായ ജീവിതാനുഭവങ്ങൾ ചുരത്തിക്കൊടുത്തു. എസ്. കെ. 'നാടൻപ്രേമം' എന്ന കന്നിനോവൽ രചിക്കുന്നത് ഇവിടെവച്ചാണ്.

1961—ൽ ഏറ്റവും മികച്ച നോവലിനുള്ള സാഹിത്യ അക്കാദമി പുരസ്ക്കാരം ലഭിച്ചത് എസ്. കെ.—യുടെ 'ഒരു തെരുവിന്റെ കഥ'യ്ക്കാണ്. സാമൂദായിക ജീവിതത്തിന്റെ പുറമ്പോക്കു ഭൂമിയിലോട്ടു വഴുതിവീണ തെരുവിലെ മനുഷ്യരുടെ കഥ.

ജീവിതം ഒരു യാത്രയാക്കി ത്തീർക്കുകയും ആ അനുഭവങ്ങളുടെ ചൂടേറ്റ് ആർദ്രമാനസനായിതീരുകയുംചെയ്ത ഈ മഹാകാഥികൻ അതിരാണിപ്പാടംമുതൽ ആഫ്രിക്കൻകാടുകൾവരെ നീണ്ടുനിവർന്നു കിടക്കുന്ന മനുഷ്യസംസ്ക്കാരത്തെ അഗാധമായ ഉൾക്കാഴ്ചയോടെ നോക്കിപ്പോന്നു. അതിരാണിപ്പാടത്തെ ആത്മബലിയർപ്പിച്ചവരുടെ—മൺമറഞ്ഞ മനുഷ്യരുടെ കഥ—ഒരു ദേശത്തിന്റെ കഥ എന്ന നോവലിലൂടെ അവതരിപ്പിച്ച്, ജ്ഞാനപീഠം അവാർഡിനർഹമായി.

അങ്ങനെ മനുഷ്യരുടെ ഹൃദയത്തുടിപ്പുകൾ ആവഹിച്ചെടുത്ത്, ചുറ്റുപാടുമുള്ള ജീവിതയാഥാർത്ഥ്യങ്ങൾ തുറന്നുവയ്ക്കപ്പെട്ട ആ മഹാത്മാവിന്റെ മുന്നിൽ ഒരു പിടി സ്മരണകൾമാത്രം അവശേഷിക്കുന്നു.

# – ദാസ് –

**പി. വേണുഗോപാൽ**

സെക്കൻറ് പി. ഡി. സി.

കഴിമതിക്കാട്ട്

1961 നവംബർ 14-ാം തീയതി. 'ഭരണി സ്റ്റുഡിയോ'യിലെ റിക്കാർഡിംഗ് തിയേറ്ററിൽ ഒരു യുവഗായകൻ നിന്നു, 'കാല്പാടുകൾ' എന്ന ചിത്രത്തിനുവേണ്ടി ഗാനം ആലപിക്കാൻ. എം. ബി. ശ്രീനിവാസന്റെ സംഗീത സംവിധാനത്തിൽ ഗാനം ആലപിച്ചു കൊണ്ടാണ് യേശുദാസ് സിനിമാരംഗത്തേയ്ക്ക് കടന്നുവന്നത്. മലയാള ചലച്ചിത്ര ഗാനങ്ങൾക്ക് അന്നോളം കൈവരിക്കാനാവാത്ത സ്വരമാധുരിയുമായി യേശുദാസ് സംഗീതത്തിന്റെ അത്യുന്നത സോപാനങ്ങളിലേക്ക് ഓടിക്കയറി. മലയാളചലച്ചിത്രഗാനാസ്വാദകരിൽ സ്വരസംവിധാനംകൊണ്ട് നാദബ്രഹ്മം തീർത്തുകൊണ്ട്.

ശാസ്ത്രീയ സംഗീതത്തിലും യേശുദാസ് അതുല്യനായി. മലയാളത്തിൽ നാലായിരത്തോളം ഗാനങ്ങളാലപിച്ച ശ്രീ യേശുദാസ് തെലുങ്കിൽ മുപ്പതിലധികവും ('ഓനിണ്ഡുചന്താമാമാ.... എന്നാരംഭിക്കുന്ന ഗാനമാണ് യേശുദാസിന്റെ ആദ്യ തെലുങ്കുഗാനം....) കന്നഡയിൽ അമ്പതോളവും ചലച്ചിത്രഗാനങ്ങളാലപിച്ചു. കന്നഡയിൽ 'ചന്ദപള്ളിതോട്ട' എന്ന ചിത്രത്തിനുവേണ്ടി 'ട്ടൂ...ട്ടൂ...ട്ടൂ... ബേമപ്പാ....' എന്ന ഗാനമാണ് ആദ്യ കന്നഡ ഗാനം.

'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു

മതങ്ങൾ ദൈവങ്ങളെ സൃഷ്ടിച്ചു'

എന്ന ഗാനം (അച്ഛനും ബാപ്പയും) യേശുദാസിനു് ഇന്ത്യയിലെ ഏറ്റവും നല്ല ഗായകനുള്ള രാഷ്ട്രപതിയുടെ അവാർഡ് നേടിക്കൊടുത്തു. വൈകിയെത്തിയ ആ അവാർഡിനു പിന്നാലെ അതേ അംഗീകാരം അടുത്ത വർഷവും അദ്ദേഹത്തെ തേടിയെത്തി.

'പത്മതീർത്ഥമേ
ഉണരൂ....'

വയലാറിന്റെ വരികളാണ് യേശുദാസിനെ ആദ്യത്തെ രണ്ടു തവണയും ദേശീയ കിരീടത്തിനു അർഹനാക്കിയത്.

കർണ്ണാടക സംഗീത ചക്രവർത്തിയായി അവരോധിക്കപ്പെട്ട യേശുദാസിനെത്തേടി 'പത്മശ്രീ ബഹുമതി' എത്തിയപ്പോൾ മലയാളത്തിന്റെ മഹാകവിയായിരുന്ന വയലാർ പറഞ്ഞ വാക്കുകൾ: 'ഭാരതത്തിലെ വിവിധ ഭാഷാ ഇടമതിൽക്കെട്ടുകളെ പെട്ടുപെട്ടലിയിക്കുന്ന യേശുദാസിന്റെ സ്വരം ഇന്ത്യയുടെ—ദേശീയോദ്ഗ്രഥനത്തിന്റെ സ്വരമാണ്....'

വർഷങ്ങൾക്കുമുമ്പ് 'ബൊമ്മൈ' എന്ന ചിത്രത്തിലെ 'നീയുംബൊമ്മൈ നാനുംബൊമ്മൈ' എന്ന തമിഴ്ഗാനമാലപിച്ചുകൊണ്ട് യേശുദാസ് തമിഴ് ചലച്ചിത്രവേദിയുമായി ബന്ധപ്പെട്ടു. ഇതിനുശേഷം യേശുദാസ് തമിഴിലെ 'അതിശയരാഗമായി, ആനന്ദരാഗമായി, അപൂർവ്വരാഗമായി മാറി....'

ഹിന്ദി ചലച്ചിത്രരംഗത്ത് തന്റെ സ്വരരാഗസുധയാകം യാഗാശ്വത്തെ അഴിച്ചുവിട്ടിരിക്കുന്ന യേശുദാസ് ഹിന്ദിയിലെ മിക്കവാറും എല്ലാ നായകന്മാർക്കും, അതിനായകന്മാർക്കും ശബ്ദമേകിക്കഴിഞ്ഞു.

1967-ൽ 'ജയ് ജവാൻ ജയ് കിസാൻ'വേണ്ടി എ. രാജായുടെ സംഗീത സംവിധാനത്തിൽ പാടിയ 'ദിൽതപാ ക്യാ ഹുവാ....' എന്ന ഗാനമാണ് യേശുദാസിന്റെ പ്രഥമ ഹിന്ദി ചലച്ചിത്ര ഗാനം. ലതാമങ്കേഷ്ക്കറുമൊത്ത് ആദ്യമായിപാടിയത് 'ഛൈരെവ' എന്ന ചിത്രത്തിലാണ്. 'മജ്നു വിൻ' എന്ന ചിത്രത്തിൽ ഖയ്യാമിന്റെ സംഗീതത്തിൽ ലതയോടൊത്ത് യേശുദാസ് പാടിയ 'യെ ഹസീ രാത് തൊമൻ' എന്ന ഗാനത്തിന്റെ റെക്കോർഡിംഗ് കഴിഞ്ഞപ്പോൾ ഹിന്ദിയിലെ കന്നിക്കാരനായ യേശുദാസിനെക്കുറിച്ച് ലതാ ഇങ്ങനെ പറഞ്ഞു: 'യേശുദാസ് സംഗീതത്തിന്റെ സന്തതിയാണ്. ആ കണ്ഠം സംഗീതസാന്ദ്രമാണ്. എനിക്ക് അദ്ദേഹത്തിൽ പ്രതീക്ഷകളുണ്ട്. യേശുദാസ് ഹിന്ദി ചലച്ചിത്ര വേദി കീഴടക്കും. സംശയമില്ല.'

അതിനുശേഷം രാജശ്രീ പ്രൊഡക്ഷൻസിന്റെ 'ചിത് ചോർ' എന്ന ചിത്രത്തിൽ പാടിയ യേശുദാസ് മൂന്നാം തവണയും ദേശീയ ഗായകനുള്ള അവാർഡ് നേടിയതും വളരെ താമസിയാതെയാണ്.

1983 ഫെബ്രുവരിയിലാണ് യേശുദാസ് ആദ്യമായി ആർ. ഡി. ബർമ്മന്റെ സംഗീതത്തിൽ ഗാനമാലപിച്ചത്. റിക്കാർഡിംഗ് കഴിഞ്ഞു. അതുടനെ പുറത്തുവരും.

ഇപ്പോൾ (1982) സംസ്ഥാനത്തെ ഏറ്റവും നല്ല ശബ്ദം, നല്ല ഗായകൻ എന്നീ നിലകളിൽ അവാർഡിനർഹനായി.

ബംഗാളി ഭാഷയിൽ 'നാമു ശകന്തള' എന്ന ചിത്രത്തിൽ സബിതാചൗധരിയുമൊത്ത് 'നാമുശകന്തളതാർ' എന്ന ഗാനമാണ് യേശുദാസിന്റെ ആദ്യത്തെ ബംഗാളിഗാനം.

അക്കാലങ്ങളിലൊക്കെ യേശുദാസിനെ മലയാളത്തിൽ പാടാൻ കിട്ടുന്നില്ലായെന്ന് പരാതിയുണ്ടായിരുന്നു. എന്നാൽ അതിനു ശേഷവും പുറത്തുവരാറുള്ള എല്ലാ മലയാള ചിത്രങ്ങളിലും പാടാറുള്ള യേശുദാസ് മലയാളത്തെ വഞ്ചിക്കുകയില്ലായെന്ന് തെളിയിച്ചിരിക്കുകയാണ്.

ഈ ഗായകന് പെററുവളന്ന നാടിനോടുള്ള കൂറിന്റെ പ്രതീകമാണ്. യേശുദാസ് തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് സ്ഥാപിച്ച 'തരംഗിണി' റിക്കാർഡിംഗ് സ്ററുഡിയോ. ആധുനികമായ എല്ലാ സജ്ജീകരണങ്ങളുമുള്ളതാണ് തരംഗിണി സ്ററുഡിയോ. 1980 നവംബർ 23–നാണ് ഈ സ്ററുഡിയോയുടെ ഉദ്ഘാടനകർമ്മം നിർവഹിക്കപ്പെട്ടത്. യേശുദാസിന്റെ ജീവിതത്തിലെ ഏററവും മോഹനമായിരുന്ന മുഹൂർത്തമായിരുന്നു അത്. പിറന്ന മണ്ണിന്റെ ഗാനസൗരഭ്യം ലോകമെങ്ങുംപരത്തിയ ആ ഗായകൻ ആധുനിക ലോകത്തിന്റെ സംഗീതസാരം മുഴവൻ മണ്ണിലേയ്ക്കാവഹിക്കാൻ ഈ സ്റ്റുഡിയോമുഖേന വലവീശിയിരിക്കുകയാണ്. യേശുദാസിന്റെ ഉടമസ്ഥതയിലുള്ള 'നിസരി' സംഗീത പാഠശാലയിലിപ്പോൾ മുന്നൂറോളം വിദ്യാർത്ഥികളുണ്ട്.


## COLLEGE OF ARTS AND SCIENCE

Kadappakada, Quilon.
Branch: Karicode

classes for
M. A., M. Com., B. A., B. Sc., B. Com., P. D. C.
and
S. S. L. C. (Going and session)
WELL EQUIPPIED LAB
Principal


ഏഴോളം ഭാഷകളിൽ പാടിയ ഗായകനായ യേശുദാസിനെ കുറിച്ചോർക്കുമ്പോൾ അന്തരിച്ച വയലാർ പറഞ്ഞ വാക്കുകൾ തെളിഞ്ഞുവരുകയാണ്.

'ഷഡ്ക്കാല ഗോവിന്ദമാരാർക്കുശേഷം ഭാരതംകണ്ട ഏററവും വലിയ ഗായകൻ....'

# സെക്സ്

**ജോർജ് കെ. കൊച്ചുമ്മൻ**

സെക്കൻറ് ഈയർ പി. ഡി. സി.

ബാച്ച് ബി 3

സെക്സിനെക്കുറിച്ച് ശാസ്ത്രീയമായ യാതൊന്നും ഈ ലേഖനത്തിൽ ഇല്ലെങ്കിലും ആ വാക്കു കൊണ്ട് നിങ്ങളിൽ അങ്കുരിക്കുന്ന ഭാവവ്യത്യാസം മനസ്സിലാക്കാൻമാത്രമാണ് ആ പേരുതന്നെ എടുത്തിരിക്കുന്നത്. എന്നാൽ സെക്സിന് നമ്മുടെ സമൂഹത്തിലുണ്ടാകേണ്ട സ്ഥാനത്തെപ്പററി പ്രതിപാദിക്കാൻ ശ്രമിക്കയാണ്.

പാശ്ചാത്യ രാജ്യങ്ങളിൽ ലൈംഗിക വിദ്യാഭ്യാസത്തിന് പ്രാധാന്യം നൽകുമ്പോൾ 20–ാം നൂററാണ്ടിൻെറ ഉത്തരാർദ്ധത്തിൽപ്പോലും നമ്മുടെ വിദ്യാലയങ്ങളിലും മററും ഇതൊരു വിലക്കപ്പെട്ട കനിയായിട്ടാണ് കരുതുന്നത്. മനുഷ്യശരീരത്തിലെ അതിപ്രധാനമായ വസ്തുതയായി ലൈംഗികത്വത്തെ അംഗീകരിക്കുകയും അതിൻെറ ശാരീരികവും മാനസികവുമായ പ്രകാശനങ്ങൾ തികച്ചും സ്വാഭാവികമായി കരുതുകയും അത് സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കയും ചെയ്യേണ്ട സമയം വൈകിയിരിക്കുകയാണ്.

സെക്സെന്ന വാക്ക് കേൾക്കുമ്പോൾത്തന്നെ യുവാക്കളുടെ പ്രത്യേകിച്ച് വിദ്യാർത്ഥികളുടെ മനസ്സിൽ വൈരുദ്ധ്യങ്ങളും വികൃതങ്ങളുമായ രൂപങ്ങളായിരിക്കും ഉണ്ടാവുക. എന്താണിതിനു കാരണം? സെക്സിനെക്കുറിച്ച് നമ്മുടെ യുവാക്കൾക്ക് അന്ധവും അബദ്ധനിർമ്മിതവുമായ കുറച്ചു ധാരണകൾ മാത്രമാണുള്ളത്. ഈ പ്രശ്നങ്ങളുടെ നേർക്ക് ശാസ്ത്രീയമായ സമീപനം അത്യന്താപേക്ഷിതമാണ്.

ലൈംഗിക ശാസ്ത്രം ഹൈസ്കൂൾ ക്ലാസ്സുകളിൽത്തന്നെ ഒരു പാഠ്യവിഷയമാക്കേണ്ടത് അനുപേക്ഷണീയമായ ഒരു വസ്തുതയാണ്. മനുഷ്യ ശരീരശാസ്ത്രത്തിലെ പ്രധാന ഘടകമായ ലൈംഗികശാസ്ത്രം മനസ്സിലാവുക മാത്രമല്ല നല്ലൊരു ഭാവിജീവിതത്തിന് ആരോഗ്യകരമായ ഒരന്തരീക്ഷം സൃഷ്ടിക്കുകകൂടി ചെയ്യും; മുതിർന്നവരിൽ നല്ലൊരു വിഭാഗം ഇതിനെ അശ്ലീലമായി പ്രദർശിപ്പിക്കാനുള്ള വ്യഗ്രതകാട്ടുന്നതിൽ അത്ഭുതപ്പെടുകയല്ലാതെ എന്തുചെയ്യാൻകഴിയും. ഒരു രാഷ്ട്രത്തിൻെറ ക്ഷേമൈശ്വര്യങ്ങളും സമുദായത്തിൻെറ ആരോഗ്യവും സമൂഹത്തിൻെറ വളർച്ചയും യുവതലമുറയുടെ കൈകളിലാണെന്നത് ഒരു നഗ്നസത്യം മാത്രമാണെന്ന് എല്ലാവരും സമ്മതിക്കുമല്ലോ.

നമ്മുടെ വിദ്യാലയങ്ങളിൽ ലൈംഗിക വിദ്യാഭ്യാസം ഏർപ്പെടുത്തണമെന്ന് ഒരന്താരാഷ്ട്ര വനിതാസെമിനാർ നിർദ്ദേശിച്ചതായികാണുന്നത്, തികച്ചും സ്വാഗതാർഹമാണ്. ഈ നിർദ്ദേശം യുവാക്കൾക്ക് ലൈംഗികവിജ്ഞാനം പകരുകമാത്രമല്ല, നമ്മുടെ രാഷ്ട്രത്തിന് അത്യന്താപേക്ഷിതമായ ജനസംഖ്യാ നിയന്ത്രണത്തേയും സാരമായി ബാധിക്കുമെന്ന് ഇതിൻെറ സംഘാടകർ അവകാശപ്പെടുന്നു.

ചിലർ യൗവനത്തിലേയ്ക്ക് കാലെടുത്തുകുത്തുന്നതുതന്നെ ചില രോഗവുമായിട്ടാണ്. പിന്നെ അവരുടെ ഭാവി എന്തായിരിക്കും. എന്തായാലും ഞാൻ അതിനുള്ളിലേയ്ക്കു കടക്കുന്നില്ല. എങ്കിലും ലൈംഗിക കാര്യത്തിലുള്ള അജ്ഞതയാണിതിനു കാരണമെന്ന് കരുതുന്നു.

കൗമാരത്തിലേയ്ക്കു കടക്കുന്നതോടെ യുവാക്കളിൽ ലൈംഗിക വികാരങ്ങൾ ഉണ്ടാവുക സ്വാഭാവികമാണ്. ആ ലൈംഗികമായ ആസക്തി സാമൂഹികവും സാമ്പ്രദായികവുമായ നിയന്ത്രണങ്ങൾക്ക് വിധേയമാക്കുകയും അതിൻെറ പ്രകാശനത്തെ സ്വാഭാവികമാണെന്ന് സമൂഹത്തെക്കൊണ്ട് അംഗീകരിപ്പിക്കയുംവേണം. നമ്മുടെ സമുദായ ശാസനങ്ങളുടെ വേലിക്കെട്ടിനുള്ളിൽനിന്നുള്ള ലൈംഗികവികാര പ്രകാശനത്തെ ആരും എതിർക്കുകയില്ല. അത് പ്രകൃതമായ പ്രതിഭാസമാണെന്ന് കരുതുകകൂടി ചെയ്യും.

ലൈംഗിക ശാസ്ത്രപഠനം നമ്മുടെ വിദ്യാലയങ്ങളിൽ കഴിവതുംവേഗം തുടങ്ങുന്നത് അടുത്ത തലമുറക്കെങ്കിലും അനുഗ്രഹമായിരിക്കും. ഇങ്ങനെ ലൈംഗികവിജ്ഞാനം ശിക്ഷണമാക്കുന്നത് സമുദായത്തിന് യോജിച്ചതല്ലെന്ന ചിലരുടെ അന്ധമായ വിശ്വാസത്തിന് ഒരു മാററംവരുത്തേണ്ട കാലം അതിക്രമിച്ചിരിക്കയാണെന്ന് ഓർമ്മിച്ചുകൊള്ളട്ടെ. എന്തായാലും തീർച്ചയായും നാശകാരിയല്ല എന്ന് നിങ്ങളും സമ്മതിക്കുമല്ലോ.





Scanned with OKEN Scanner

ചെറുകഥ

# സിന്ദൂരമണിയാത്ത സന്ധ്യ

**മേരി ലീല എ.**
ഫസ്റ്റ് ബി 1

**കി**ട്ടിയ എച്ചിലിലയുടെ ഒരംശം തെരുവുപട്ടി ആർത്തിയോടെ നണഞ്ഞിറക്കുന്നതു് സംതൃപ്തിയോടും കൗതുകത്തോടും കുട്ടൻ നോക്കിക്കൊണ്ടിരുന്നു. ഷൂസിന്റെ കടാകടാ ശബ്ദത്തോടൊപ്പം, ഇംഗ്ലീഷും മലയാളവും കൂടിക്കലർന്ന സംസാരത്തോടൊപ്പം പൊട്ടിച്ചിരികൾ ഉതിർത്തുകൊണ്ടു് ജീവിതത്തിന്റെ മധുരിമമാത്രം നകർന്നു ജീവിക്കുന്ന പട്ടണത്തിലെ സ്കൂൾകുട്ടികൾ കടന്നുപോയപ്പോൾ കുട്ടൻ പതിവുകൾ ആവർത്തിക്കുകയായിരുന്നു. പൊളിഞ്ഞു നാറിയ ഈ കെട്ടിടവരാന്തയിൽ കാലത്തും വൈകിട്ടും കുട്ടൻ സ്കൂൾകുട്ടികളെ കാണാൻ എത്തുമായിരുന്നു. തിളങ്ങുന്ന പെട്ടികളും തൂക്കി കുശലംപറഞ്ഞു് കടന്നുപോകുന്ന കോൺവെൻറുപിള്ളേർ കുട്ടന്റെ ദുർബലതയായിരുന്നു. അവരൊക്കെ സ്കൂളിൽ പോകുന്നു.... പഠിക്കുന്നു.... വായിക്കുന്നു.... എഴുതുന്നു.... ഭാവിയിൽ അവരൊക്കെ ആരെല്ലാം ആയിക്കൂടാ....? കുട്ടൻ ഓർത്തുചിന്തിച്ചു.

കഴുത്തിൽ കുഴലു തൂക്കിയ ഡാക്കട്ടരോ.... കനത്ത മീശവച്ച ഇൻസ്പെക്ടർസാറോ.... കറുത്ത കോട്ടിനുള്ളിൽ തിങ്ങിനിറഞ്ഞ വക്കീലുസാറോ.... ചക്കത്തുറുപോലെ കാറിൽ ഉലകംചുററുന്ന മന്ത്രിയോ....?

കുട്ടൻ കൊതിയോടെ ഓർത്തു. ഒരു നാടൻപള്ളിക്കൂടത്തിലെ വാദ്ധ്യാരെങ്കിലും ആകാൻ കഴിഞ്ഞിരുന്നെങ്കിൽ....

അസ്തമിക്കാൻ തുടങ്ങുന്ന പകലോന്റെ ദുഃഖം അവനിലും ഉറഞ്ഞുകൂടാൻ തുടങ്ങിയിരുന്നു.

അമ്മയെന്ന സങ്കല്പം. അച്ഛനെന്ന വ്യാമോഹം. തന്റെ കാണപ്പെട്ട ദൈവമായിരുന്ന അപ്പൂപ്പൻ.

അപ്പൂപ്പൻ പറഞ്ഞുതന്ന അമ്മയെന്ന സങ്കല്പം.... സരിത എന്ന പെൺകുട്ടി തന്റെ അമ്മയായിരുന്നു.

അപ്പൂപ്പനുപോലും അജ്ഞാതനായിരുന്നു തന്റെ അച്ഛൻ. പട്ടണത്തിലെ ഒരു ചുമട്ടുതൊഴിലാളിയായിരുന്നു അപ്പൂപ്പൻ. ആയകാലത്തു് ബസ്റ്റാൻറിലും തെരുവുകളിലും ചുമടിറക്കി അപ്പൂപ്പൻ കഴിഞ്ഞുകൂടി. തെരുവിന്റെ ഓരത്തു കെട്ടിയ, മുളന്തൂണുകൊണ്ടുണ്ടാക്കിയ ഭംഗിയായ കുടിൽമാത്രം അപ്പൂപ്പനു് സ്വന്തമായുണ്ടായിരുന്നു. സ്വന്തമെന്നോ ബന്ധമെന്നോ പറയാൻ ആരുമില്ലാതിരുന്ന അപ്പൂപ്പൻ പാവപ്പെട്ടവന്റെ ഉററമിത്രമായിരുന്നു. ഉറച്ച ശരീരവും കനത്ത മീശയും ഗാംഭീര്യം കലന്ന സ്വരവും യുവത്വത്തിന്റെ മുതൽക്കൂട്ടായി അപ്പൂപ്പനും ഉണ്ടായിരുന്നു. എവിടെയോ ജനിച്ചുവീണു്. എന്നോ തെരുവുതെണ്ടിയായി. ആരുടെയൊക്കെയോ ചുമടിറക്കി. അഭിമാനിയായ ബാലൻ ചെറുപ്പത്തിലേ ഭാരിച്ച ചുമടുകൾ താങ്ങേണ്ടിവന്നു. ആ ചുമലുകൾ അനാരോഗ്യമായിത്തീരാൻ അധികകാലംവേണ്ടിവന്നില്ല. കൂട്ടത്തിൽ ആസ്മയും.

വസന്തത്തിൽ മരങ്ങൾ പൂത്തുലയുകയും ഇലകൾ കൊഴിയുകയും ചെയ്യുന്നു. വസന്തങ്ങൾ പലതു പിന്നിട്ടപ്പോൾ പ്രായത്തിലേറെ വാദ്ധക്യം അപ്പൂപ്പനിലുണ്ടായി. ചുക്കിച്ചുളിഞ്ഞ തോലും എഴുന്നുനിന്ന ഞരമ്പുകളും അപ്പൂപ്പനെ അകാലത്തിൽ വൃദ്ധനാക്കിയിരുന്നു. ചുമടുകൾ കിട്ടാതായി. പറയുന്ന നേരത്തും ഭംഗിയായും ജോലിചെയ്തു തീർക്കാൻ സാദ്ധ്യമല്ലാതായപ്പോൾ ആ പട്ടണത്തിൽ താൻ തള്ളപ്പെട്ടു തുടങ്ങിയിരുന്നു. അഭിമാനം വിററിട്ടില്ലാത്ത ആ നല്ല മനുഷ്യൻ കിട്ടിയതുകൊണ്ടു് തൃപ്തിപ്പെട്ടിരുന്നു.

ഒരു സായംസന്ധ്യയിൽ അപ്പൂപ്പൻ തന്റെ കുടിലിലേയ്ക്കു തിരിക്കുകയായിരുന്നു. നഗരത്തിലെ തീവണ്ടി ചൂളംവിളിച്ചു വരുന്നുണ്ടായിരുന്നു. ഒരുനിമിഷം അപ്പൂപ്പൻ നിശ്ചലനായി നിന്നുപോയി. ഇരമ്പിവരുന്ന തീവണ്ടിയുടെ മുന്നിൽ കിടക്കുന്ന ഒരു സ്ത്രീ. തീവണ്ടിയുടെ കഠോരശബ്ദംനിലച്ചു. പാളത്തിനരികിൽ കിതയ്ക്കുന്ന അപ്പൂപ്പന്റെ കൈയിൽ ബോധമററ സരിതയെന്ന പെൺകുട്ടി. അപ്പൂപ്പൻ ആ പെൺകുട്ടിയെ വെള്ളം തളിച്ചുണർത്തി. സരിത എന്ന പെൺകുട്ടി ക്ലേശവിവശയായിരുന്നു. അവളുടെ ഉദരത്തിൽ ജീവന്റെ തുടിപ്പ് സ്പന്ദിക്കുന്നുണ്ടായിരുന്നു. പെൺകുട്ടി അപ്പൂപ്പനെ മൂകയായി അനുഗമിച്ചു.

സരിത എന്ന പെൺകുട്ടി മൂകയായി ആ കുടിലിൽ കഴിഞ്ഞുകൂടി. ശോഷിച്ച കാലുകൾ തിരക്കിട്ടുനടന്ന സരിതയെന്ന പെൺകുട്ടിയെപ്പോറ്റി. മാസങ്ങൾ പിന്നിട്ടപ്പോൾ സരിതയെന്ന പെൺകുട്ടി 'കുട്ടൻ' എന്നസ്വപ്നത്തെ സമ്മാനിച്ചു. അപ്പൂപ്പന്റെ കണ്ണുകൾ ആദ്യമായി തിളങ്ങി. ജീവിതത്തിൽ സ്വന്തമായി ഒരു കുഞ്ഞിക്കാലു കാണുവാൻ അനുവദിക്കാതിരുന്നതിന്റെ നഷ്ടബോധം അന്നാദ്യമായി വൃദ്ധനിൽ ഉണ്ടായി.

പക്ഷേ.... അതൊരു തേങ്ങലിൽ അവസാനിച്ചു. സരിതയെന്ന പെൺകുട്ടി മരിച്ചു.

കുട്ടൻ എന്ന മുത്ത് അപ്പൂപ്പന്റെ വെളുത്ത രോമങ്ങളിൽ അള്ളിപ്പിടിച്ചു വളർന്നു. ആ കുഞ്ഞിനെ പോറ്റാൻ അയാൾ ആദ്യമായി അന്യന്റെ മുമ്പിൽ കൈകൾ നീട്ടി. പിച്ചച്ചട്ടിയിലെ നാണയത്തുട്ടുകൾ കുട്ടനെയും അപ്പൂപ്പനെയും പോറ്റി. വർഷങ്ങൾ പലതു പിന്നിട്ടു. ഒന്ന്, രണ്ട്, മൂന്ന്, നാല്.... അപ്പൂപ്പനെ ആസ്മാരോഗം അവശനാക്കിയിരുന്നു. ആസ്മാരോഗിയായ അപ്പൂപ്പന്റെ കൈയിൽതൂങ്ങിയ കുട്ടൻ എന്ന അഞ്ചുവയസ്സുകാരൻ സ്ഫുടതയില്ലാത്ത ഭാഷയിൽ വയറ്റത്തടിച്ചു പാടാൻ തുടങ്ങിയിരുന്നു. തളർന്നു തുടങ്ങിയ അപ്പൂപ്പൻ പലപ്പോഴും കുടിലിൽ തന്നെയായി. അപ്പോൾ കുട്ടൻ വയറ്റത്തടിച്ചു പാടാൻ പഠിച്ചുകഴിഞ്ഞിരുന്നു. പാടിക്കിട്ടുന്ന വരുമാനം ചോറിൻവറ്റുകളാക്കി മാറ്റിയപ്പോൾ അപ്പൂപ്പന് മരുന്നുവാങ്ങാൻ പട്ടിണിയും കിടക്കേണ്ടിവന്നു. കുട്ടൻ അപ്പൂപ്പന്റെ ആനന്ദമായിരുന്നു. ജീവിതത്തിന്റെ ആകെത്തുകയായിരുന്നു.

അവന്റെ സ്വരധാര പട്ടണവാസികൾ ഇഷ്ടപ്പെട്ടു. 'പാട്ടിന് നല്ല ഈണമുണ്ട്....' 'സ്വരം നന്നായിരിക്കുന്നു....' 'കുലീനത്വമുള്ള മുഖം....' മാലോകരുടെ അഭിപ്രായം അങ്ങനെ നീണ്ടുപോയി. കുട്ടൻ സിനിമാപ്പാട്ടുകൾ പാടി. തെറ്റായ വരികൾ ചേർത്ത പാട്ടുകൾ കേൾക്കാൻ ഇമ്പമുണ്ടായിരുന്നു. അപ്പൂപ്പന് കഞ്ഞിയും മരുന്നും മുടങ്ങാതെ കിട്ടിയിരുന്നു. കുട്ടനെ നെറ്റിയിൽ ചുംബിച്ച് അപ്പൂപ്പൻ ആനന്ദാശ്രുപൊഴിച്ചു. തന്റെ എല്ലാമായ അപ്പൂപ്പന് ഒന്നും വരുത്തരുതേ എന്ന് അവൻ മനസ്സുരുകി പ്രാർത്ഥിച്ചു. ആ കൊച്ചുകുടിലിൽ ആനന്ദംമുറ്റിനിന്നു.

പൊടുന്നനെ അപ്പൂപ്പന് രോഗം മൂർച്ഛിച്ചു. കുട്ടൻ മരുന്നുവാങ്ങി. കുറവൊന്നുംകണ്ടില്ല. കുട്ടൻ അധികസമയവും അപ്പൂപ്പനെ ശുശ്രൂഷിച്ചു. ശേഷിച്ച സമയം തിരക്കിട്ടു ഓടിനടന്നുപാടി, തളർന്നു. അപ്പൂപ്പന് പാലും റൊട്ടിയും മരുന്നും കൊടുത്തു. രോഗം കുറഞ്ഞിരുന്നില്ല. മരുന്നും തീർന്നിരുന്നു. കൈയിലെ ചില്ലിക്കാശും തീർന്നു. കുട്ടൻ അപ്പൂപ്പനെ കുടിലിൽ തനിച്ചാക്കി പട്ടണത്തിലെ ആൾക്കൂട്ടത്തിലേയ്ക്ക് പാഞ്ഞു.

പാട്ടുപാടാൻ.... മരുന്നു വാങ്ങാൻ....

പക്ഷേ.... അന്ന് കുട്ടന്റെ പാട്ടുകേൾക്കാൻ ആളുണ്ടായില്ല. പട്ടണത്തിൽ ശിശു പ്രദർശനവും ശിശു റാലിയും നടക്കുമ്പോൾ കുട്ടന്റെ പാട്ടുകേൾക്കാൻ ആരാണുണ്ടാകുക. കുട്ടൻ നാലുപാടുംനടന്നു. വിശന്നു.... തളർന്നു.... അപ്പോഴും എവിടെയും മുഴങ്ങിക്കേട്ടു 'അന്താരാഷ്ട്ര ശിശുവർഷം വിജയിക്കട്ടെ....'

കുട്ടൻ ഓടി ഡോക്ടറുടെ വീട്ടിലേയ്ക്ക്. അപ്പൂപ്പന്റെ രോഗവിവരം പറഞ്ഞു കേണു. ഡോക്ടർ നല്ലവനായിരുന്നു. മരുന്നിന് കുറിപ്പും മരുന്നു വാങ്ങാൻ പണവും നൽകി. സന്തോഷംകൊണ്ട് മതിമറന്ന് കുട്ടൻ കുടിലിലേയ്ക്കു പാഞ്ഞു. പക്ഷേ...? കുട്ടന്റെ മരുന്നു കുടിക്കാൻ അപ്പൂപ്പനു കഴിഞ്ഞില്ല. ആ കണ്ണുകൾ അടഞ്ഞും ചുണ്ടുകൾ വക്രിച്ചും ഇരുന്നു.

'അപ്പൂപ്പാ...' കുട്ടന്റെ വിളികൾ ആ കുടിലിൽ മാറ്റൊലികൊണ്ടു. ഉറക്കെ അവൻ വിളിച്ചു. അതിന് മറുപടി ഉണ്ടായില്ല. കുട്ടന്റെ കണ്ണിൽനിന്നും കണ്ണീർ ധാരധാരയായൊഴുകി. കണ്ണിലെ നനവു തുടച്ചുകൊണ്ട് അവൻ വെളിച്ചത്തിനുവേണ്ടി പരതി.

ഇരുട്ട്... ചുറ്റും ഇരുട്ടുമാത്രം. പകലിനെ സന്ധ്യ വിഴുങ്ങിക്കഴിഞ്ഞു. കൂരിരുട്ടിൽ അവൻ അച്ഛനെപ്പറ്റി ഓർത്തു. അമ്മയെ ഓർത്തു. കണ്ണുനീരുകൊണ്ട് മിഴികൾ വീണ്ടും നിറഞ്ഞു. അന്ധകാരം... എങ്ങും അന്ധകാരംമാത്രം... അപ്പോഴും അവന്റെ ചെവിയിൽ മുഴങ്ങുന്നുണ്ടായിരുന്നു 'അന്താരാഷ്ട്ര ശിശുവർഷം ആഘോഷിച്ചതാണീ ലോകം...'

---

**മഹത്തായ പ്രവചനങ്ങൾ**

ഇന്ത്യയുടെ ശാപം ജാതിയാണ്. ഇന്ത്യയുടെ ക്യാൻസർ രോഗമാണ് ജാതി.

— ഗാന്ധിജി

യഥാർത്ഥമതം ജനങ്ങളെ ഒന്നാക്കിത്തീർക്കുന്നു. ഒരിക്കലും അതിന് ജനങ്ങളെ തമ്മിൽ അകറ്റാൻ സാധ്യമല്ല.

—ഡോ. സക്കീർ ഹുസൈൻ

ധീരതയോടുചെയ്യുന്ന കർമ്മങ്ങളുടെ സുഗന്ധമാണ് പ്രശസ്തി.

— സോക്രട്ടീസ്

സമ്പാദകൻ:

എം. എസ്. ആസാദ്
രണ്ടാംവർഷ സസ്യശാസ്ത്രം







Scanned with OKEN Scanner




Scanned with OKEN Scanner

# തോണി

എം. വഹാബുദീൻ
സെക്കന്റ് പി. ഡി. സി.

ഉച്ചവെയിലിന്റെ തീക്ഷ്ണതയിൽ തിളച്ചുനിൽക്കുന്ന നിരത്ത്. തെല്ല് ഓരംചേർന്ന പാഞ്ഞുപൊയ്ക്കൊണ്ടിരുന്ന വാഹനം, പിന്നീട് വീതികുറഞ്ഞ സ്വകാര്യപാതയിലേക്കു നീങ്ങിക്കൊണ്ടിരിക്കെ അയാൾ പിറുപിറുത്തു.

'ചേച്ചിയുടെ തറവാടിനോട് അടുത്തുകഴിഞ്ഞിരിക്കുന്നു നമ്മൾ'

എപ്പോഴോ മനസ്സ് നഷ്ടപ്പെട്ടു പോയിരുന്ന അവൾ അയാളുടെ വരണ്ട സ്വരത്തിൽ ഉണർന്നു. യാത്രയുടെ ആലസ്യത്തിൽ അടഞ്ഞിരുന്ന മിഴികൾ മെല്ലെ തുറന്ന് അയാളെ പകച്ചുനോക്കി.

'ഇനി അര ഫർലോംഗ് കൂടിയുണ്ട്.'

വരണ്ടകാറ്റിൽ പാറുന്ന മുടിയൊതുക്കി, പകൽച്ചൂടിൽ ചുവന്നുപോയ കവിൾത്തടങ്ങളിൽ വിരലുകൾ ഓടിച്ച് അവൾ അമർത്തി മൂളി.

'ആ കാണുന്ന ഗേററില്ലേ? അതിനടുത്ത്.'

അവൾ ഹാൻഡ് ബാഗ് തുറന്ന് അതിനുള്ളിൽ കൈപരതി ലിപ്സ്റ്റിക്കെടുത്ത് ചുണ്ടിൽ അമർത്തി നിറംപിടിപ്പിക്കുമ്പോൾ അയാൾ പറഞ്ഞു:

'ചേച്ചിക്ക് മേക്കപ്പുകൾ തീരെ ഇഷ്ടമല്ല.'

ചുണ്ടുകൾ പരസ്പരമുരസി ചായം തേച്ചുകൊണ്ട് അവൾ അലസമായി മൂളി.

'ഇഷ്ടമല്ലെന്നു തന്നെയല്ല വെറുപ്പാണ്.'

'അതിന്....?' വാക്കുകൾ നഷ്ടപ്പെട്ട അയാളുടെ മുഖത്ത് നോക്കി നിസ്സംഗഭാവത്തിൽ ചിരിച്ചു അവൾ.

അയാൾ ഉറക്കെ പ്രതിഷേധിച്ചു: 'ഈ ചായം ഇപ്പോൾ വാരിത്തേക്കേണ്ടിയിരുന്നില്ല.'

ലിപ്സ്റ്റിക് ബാഗിൽ മടക്കിവച്ചു അവൾ പിറുപിറുത്തു:

'ആര് എന്തിഷ്ടപ്പെടുന്നുവെന്ന് ഞാനാലോചിക്കാറില്ല.'

'അതെനിക്കറിയാം.'

'എനിക്കെന്റേതായ താല്പര്യങ്ങൾ....'

'മതി, നിർത്ത്.... അഹന്ത കൂടിപ്പോകുന്നു.'

അവൾ അയാളെ തിരിഞ്ഞു നോക്കി. മുഖത്ത് തിങ്ങിക്കൂടിയ മേഘങ്ങൾ കണ്ട് പകച്ചു. പിന്നീട് മനസ്സിന്റെ ഉൾത്തടങ്ങളിലേക്ക് ആഞ്ഞുപ്രവഹിച്ച ഉഷ്ണക്കാറ്റ്. അതിന്റെ അലകളിൽ വീർപ്പുമുട്ടുമ്പോൾ ഉറക്കെ സംസാരിക്കാൻ അവൾ തീരുമാനിച്ചു. നമുക്ക് പൊരുത്തപ്പെട്ടു പോകുന്നതിന് വളരെ പ്രയാസമാണ്. നിങ്ങളുടെ നോട്ടത്തെ, സ്വരത്തെ, ആശയങ്ങളെ — എല്ലാം ഞാൻ വെറുക്കുന്നു. ഒരിക്കലും നിങ്ങൾ ഒരു ഭർത്താവാകരുതായിരുന്നു. അവൾ സ്വയംതോന്നി. അതെ, നാം ഒരിക്കലും ഒന്നിക്കരുതായിരുന്നു. ആദർശ പരാജയങ്ങൾക്ക് മുന്നിൽ സ്വയം നഷ്ടപ്പെട്ടിരിക്കുന്ന നിങ്ങൾ. നഷ്ടസ്വപ്നങ്ങളുമായി മടങ്ങുന്നില്ല ഞാൻ. എന്റെ ദുഃഖങ്ങൾ. പരസ്പരം പങ്കാളിയല്ല ഞാൻ കഴിയാതെ അകന്നതെ ഒഴിവാക്കുന്ന നമ്മൾ. ആദ്യനാളുകൾക്ക് ആഗ്രഹങ്ങളുടെ തെളിച്ചം. സ്ഥാപകമായ ഈ യാത്രപോലും എത്രയോ വിരസമായി തോന്നുന്നു.

ചെറിയ കല്ലുകൾക്കരികെ വാഹനത്തിന്റെ ഓട്ടം നിലച്ചു. ഏതോ ദുഃസ്വപ്നത്തിലെന്നോണം അവൾ ഉണർന്നു.

ഡ്രൈവർ തുറന്നുപിടിച്ചിരിക്കുന്ന വാതിൽ! മുമ്പിൽ വായ് തുറന്നിരിക്കുന്ന ചായംമങ്ങിയ ഗേറ്റ്. അകത്തേക്ക് നീണ്ടുനീണ്ടു പോകുന്ന പൂഴിമൺപാത.

അയാൾ ഇറങ്ങിക്കഴിഞ്ഞു. വെയിൽനാളങ്ങളിലേക്കുനോക്കി അനക്കമറ്റ് അവൾ ഇരുന്നു. പിന്നീട് താണസ്വരത്തിൽ ആശങ്കയോട് ചോദിച്ചു:

'കാറ് ഉള്ളിൽ പാർക്കുചെയ്തുകൂടെ?'

വെയിലിന്റെ അസഹ്യതയിൽ ഉച്ചിയിൽ കൈ കമഴ്ത്തി അയാൾ പിറുപിറുത്തു:

'എനിക്ക് നടക്കുന്നതാണ് ഇഷ്ടം.'

'ഈ തീവെയിലിൽ'

'സാധാരണ മനുഷ്യരെപ്പോലെ ആയിക്കൂടെ നിനക്ക്?'

ആരോപണങ്ങൾ....!

നടപ്പാതയിൽക്കൂടി തിരക്കിൽ അയാൾ നടക്കുമ്പോൾ, അ

വൾ നിരത്തിന്റെ പഴുത്തുനില്ക്കുന്ന ഓരത്ത് കാലുകുത്തി.

ഉള്ളിൽ അസ്വസ്ഥതയുടെ ഇരമ്പൽ. ചുണ്ടിൽ മൗനം. കാലുകൾ നടപ്പാതയുടെ നേരേ. വരൾച്ചയിൽമുരടിച്ച നന്ത്യാർവട്ടങ്ങൾ ഓരത്ത്.

പൊള്ളുന്ന പൂഴിയിൽ ആഴ്ന്നുപോകുന്ന കാൽവെയ്പുകൾ! നന്നേ ആയാസത്തോട് നീങ്ങുമ്പോൾ അവൾ അമ്പരന്നു. ഇതും അയാളുടെ അഹന്തയുടെ മറ്റൊരു മുഖമാണ്. അതെ, തന്നെ കീഴ്പ്പെടുത്തുക.

പടികൾ കയറുമ്പോൾ ടെറസിൽ കരിഞ്ഞ പായലുകൾ. അണസ്സുന്ന ഇരുളിമ! തൂണിൽ പടർന്നുകയറി കിടക്കുന്ന ശുഷ്ക്കിച്ച ആന്റിഗൺ.

അടഞ്ഞ വാതിലിനുമുന്നിൽ കാളിംഗ് ബെല്ലിൽ കൈ അമർത്തി അക്ഷമനായി അയാൾ കാത്തുനിൽക്കുന്ന ദൃശ്യം.

വിയർപ്പിന്റെ ചാലുകൾ തുടച്ചുകൊണ്ട് ഇളംതിണ്ണയുടെ തണുപ്പിൽ അവൾ നിന്നു.

ഉച്ചച്ചൂടിൽ മയങ്ങിക്കിടന്നിരുന്ന പരിചാരകൻ കതകുതുറന്നു. പരിചിത ഭാവത്തിൽ ചിരിച്ചു.

‘ഇവിടില്യ.... എല്ലാവരും കൂടി എറണാകുളത്തിന്‘ പോയിരിക്കുന്നു.’

‘ഇന്നു വരില്ലേ? എപ്പോൾ പോയി?’ ആകാംക്ഷയുടെ ചോദ്യങ്ങൾ.

‘ഇപ്പോൾ പോയതേയുള്ളു. ഇനി നാളെ മടങ്ങും.’

‘എന്താണ്?’

‘പേരക്കുട്ടിയുണ്ടായി, കാണാനാണ്.’

പെട്ടെന്ന് തലനീട്ടിയ മൂകത നെടുവീർപ്പോടുകൂടിയ വാക്കുകളിൽ ഉടഞ്ഞുതകർന്നു.

‘ഏതായാലും വന്നിരുന്ന കാര്യം ചേച്ചിയെ അറിയിച്ചേക്കൂ.’

ധൃതിയിൽ മുന്നോട്ടുയാൾ നടന്നു അകലുമ്പോൾ പിടിവാശിക്കാരിയായ ഒരു കുട്ടിയെപ്പോലെ പടികളിൽ അവൾ ഉറച്ചുനിന്നു. തൊട്ടുതാഴെ വെയിലിൽ തളർന്നു ചിരിക്കുന്ന നന്ത്യാർവട്ടപ്പൂക്കൾ! കൈയെത്തി പിഴുതെടുത്തു മണപ്പിച്ച് വിരൽത്തുമ്പുകളിൽ ഞെരിച്ചു. പിന്നീട് വാശിപിടിക്കലിന്റെ വ്യർത്ഥതയെപ്പറ്റി ഓർത്തുകൊണ്ട് പടികൾ മെല്ലെ ഇറങ്ങി.

റ്റി. കെ. എം. ആർട്ട്സ്


എല്ലാവിധ ജൗളിത്തരങ്ങൾക്കും

ഖദർ വസ്ത്രങ്ങൾക്കും

— സമീപിക്കുക —

**രമണീസ് എമ്പോറിയം**

Wholesale & Retail

Main Road, Quilon.

പാതയോരത്തു് കാത്തുകിടന്നിരുന്ന കാറിനുള്ളിലെ അസഹ്യമായ ചൂടിൽ മറെറാരു ചൂടായി അവരം അമർന്നു.

വാഹനം മുന്നോട്ടു നീങ്ങിയപ്പോരം അയാളിൽനിന്നു് ദീർഘനിശ്വാസം ഉയർന്നു.

'ചേച്ചിയെ കാണാൻ പററിയില്ല. വന്നതു വെറുതേയായി.'

അവരം മറുപടി കൊടുത്തതേയില്ല.

'നീയാണു് ഇതിനു ഉത്തരവാദി....'

'ങേ....!'

'റെസ്റ്റാറണ്ടിൽ ഫ്രൈഡ് റൈസിനുവേണ്ടി സമയം നഷ്ടപ്പെടുത്തി. ഏതെങ്കിലും വെജിറേററിയൻ ഹോട്ടലിൽ കയറാമെന്നുപറഞ്ഞിട്ടു നീ കൂട്ടാക്കിയില്ല.'

യുക്തരഹിതമായ ആരോപണത്തെ പ്രതിഷേധിക്കുന്നതിനുള്ള ആവേശം അമർത്തുമ്പോരം അവരംക്കു് കരച്ചിൽ പൊട്ടി. അയാളാകട്ടെ ഡ്രൈവർക്കു മുന്നോട്ടുപോകേണ്ട പാത ചൂണ്ടിക്കാട്ടിക്കൊടുത്തു്: 'ഇതാ, ഇതിലേ വടക്കോട്ടു തിരിഞ്ഞു് മെയിൻറോഡിലേക്കു തിരിഞ്ഞു് നഗരംതൊടാതെ.'

മടക്കയാത്രയിൽ തൊട്ടടുത്തുള്ള നഗരത്തിൽ ഒരു സായാഹ്നത്തെപ്പററി നേരത്തേ കണ്ടിരുന്ന സ്വപ്നങ്ങരം! അതു് പതിവുനഷ്ടമായിത്തീരാൻ പോകുന്നു.

വാഹനത്തിൻെറ ഗതിക്കു് മാററംവന്നു. മുൻപിൽ നിരത്തു് നീണ്ടൊഴുകി. വാഹനങ്ങരം എതിരേമാത്രം മുന്നോട്ടുനീങ്ങി.

അടുത്തു സ്ഥിതിചെയ്യുന്ന നഗരം ഒരു വിദൂരസ്വപ്നംപോലെ അകന്നുകൊണ്ടിരിക്കുന്നു! ഇരുഭാഗത്തും പാൽനിറമുള്ള പൂഴിക്കാട്ടുകരം! അതിൻെറ പശ്ചാത്തലത്തിൽ വായ്തുറന്ന കുളങ്ങരം! അവയ്ക്കുള്ളിൽ വിരിഞ്ഞുനില്ക്കുന്ന വയലററു് നിറമുള്ള പൂക്കരം. തിട്ടകളിൽ കള്ളിച്ചെടികരം. ചാഞ്ഞുനിന്നു് പരസ്പരം സ്വകാര്യം സംസാരിക്കുന്ന തെങ്ങുകരം. ഒരേ ദൃശ്യങ്ങളുടെ വിരസമായ ആവർത്തനത്തിൽ മടുപ്പുതോന്നി അവരംക്കു്.

വരണ്ട കാററിൽ മിഴികളടഞ്ഞു. കരയുന്ന കുട്ടിയുടെ മുമ്പിൽ കൈയെത്താത്ത ദൂരെ കിടക്കുന്ന കളിപ്പാട്ടംപോലെ സാന്ത്വനം എത്ര അകലെ!

കവിത:

# "തൃഷ്ണ"

**അശോക്കുമാർ വി. എസ്., മാറനാട്**
സെക്കൻറ് പി. ഡി. സി., സി 2 ബാച്ച്

നിന്നെ ഞാൻ തിരയുന്നു രാത്രി തൻ യാമങ്ങളിൽ
നിന്നെ ഞാൻ തിരയുന്നു മൂക സങ്കല്പങ്ങളിൽ
നിന്നെ ഞാൻ തിരയുന്നു നിശ്ശബ്ദ തീരങ്ങളിൽ
നിന്നെ ഞാൻ തിരയുന്നു ശാസ്ത്രമാം ആഴിയിൽ.

നിന്നെ ഞാൻ കാണുന്നു ശൂന്യാകശത്തിൽ
നിന്നെ ഞാൻ കാണുന്നു ഈ പരീക്ഷണ ശാലയിൽ
നിന്നെ ഞാൻ കാണുന്നു ഈ പുസ്തകക്കെട്ടിലും
നിന്നെ ഞാൻ കാണുന്നു ഈ ക്ഷേത്ര നടയിലും.

നിന്നിളം പുഞ്ചിരി ഞാനാവോളം സ്വദിക്കുന്നു
നിന്നിലെ കുസുമങ്ങരം ആവോളമണിയുന്നു
നിന്നിലെ പൂമ്പൊടി എന്നിൽ പകരുന്നു
നിൻ വേർപ്പു മുത്തുകരം എൻ രക്തമായ് മാറുന്നു.

ഞാനുയരുന്നു, അങ്ങു് അപാരതയിലേയ്ക്കു്
നീയും എന്നോടൊപ്പമുയരുന്നു—
ഞാനിടറുന്നു മേഘ പാളികരംക്കിടയിലായ്
നിൻ മുന്നിൽ മുകിലുകരം സുതാര്യമാകുന്നു!

നീയെൻെറ നിശ്വാസ ധാരയായ് തീരില്ലേ?
നീയെൻെറ മനസ്സിൽ വർഷമായ് പെയ്യില്ലേ?
നീയെൻെറ ഏകാന്തതകളെ തൊട്ടു തലോടില്ലേ?
നീയെൻെറ വിപഞ്ചികാരാഗമായ് മാറില്ലേ?
.... .... .... .... .... .... .... ....
.... .... .... .... .... .... .... ....
സഖി, നിന്നിലലിയട്ടെ ഞാൻ?
അലിഞ്ഞലിഞ്ഞില്ലാതായ്ത്തീരട്ടെ?

നീ = സർവ്വ സ്വരൂപിയാം ''ജ്ഞാനം''

പിന്നീടൊരമ്പരപ്പിൽ അവൾ തളർന്നു. ആരൊക്കെയോ കൂടി കരാർചെയ്തു ഉറപ്പിച്ചുതന്ന ഈ ബന്ധം.... പക്ഷേ, ആർക്കും കാണാൻകഴിയാത്ത മനസ്സിന്റെ പിണച്ചിലുകളില്ലേ? അതു് പരസ്പരം മനസ്സിലാകുന്നുണ്ടു്. എന്നിട്ടും പൊരുത്തപ്പെടുന്നതിന് നടത്താറുള്ള വ്യർത്ഥപ്രയത്നങ്ങൾ.... പലപ്പോഴും ഉണ്ടാകാറുള്ള ഒരു മോഹം.... ശാശ്വതമായ കരാറുകളെ ഖണ്ഡിക്കുന്നതിന്.... പക്ഷേ, എന്തുകൊണ്ടെന്ന് അറിയില്ല ആ വക ചിന്തകളെ ദീർഘമായി താലോലിക്കാതെ മനസ്സ് പിൻവാങ്ങുകയല്ലേ പതിവ്. സ്വയം ദുഷ്പേരു് കേൾപ്പിക്കാൻ ഇഷ്ടപ്പെടാഞ്ഞാണോ? അതിനേക്കാൾ പ്രിയംകരം നീറിനീറി ഇല്ലാതാകുന്നതല്ലേ? മറ്റൊരു പരമാർത്ഥം. അതിനെ നിഷേധിക്കാൻതോന്നുന്നില്ല. ഉള്ളിന്റെ ഉള്ളിൽ താനയാളെ സ്നേഹിക്കുന്നു. പക്ഷേ, കിടക്കറയിൽ താൻ നിർവ്വികാരയാണ്. ബലാൽസംഗത്തിന്റെ പ്രതീതി ഉളവാക്കുന്ന രംഗങ്ങളുടെ ആവർത്തനത്തിൽ അസംതൃപ്തിയിൽനിന്ന് അസംതൃപ്തിയിലേക്കുള്ള മനസ്സിന്റെ പ്രയാണം.

കാതുകളെ അലോരസപ്പെടുത്തുന്ന കടലാസുകളുടെ കലമ്പൽ സ്വരത്തിൽ അവൾ ഉണർന്നു. കാറ്റിൽ ഉലയുന്ന ഇംഗ്ലീഷ് ദിനപ്പത്രത്തിന്റെ താളുകൾ ഒതുക്കി അയാൾ വായനയിൽ ലയിച്ചിരുന്നു. അവൾ സ്വകാര്യ ദുഃഖങ്ങളിൽ സമയംപോക്കി. പിന്നീട് മനസ്സിന്റെ കനം നേർപ്പിച്ചുകൊണ്ട് മെല്ലെ മെല്ലെ കടന്നുവന്ന അർദ്ധസുഷുപ്തി അവളെ വലയം ചെയ്തു. മയങ്ങിയും വാഹനത്തിന്റെ കുലുക്കത്തിൽ ഉണർന്നും ഒടുവിൽ പകൽ കത്തിയെരിഞ്ഞു. ഒരു കൈത്തിരിയുടെ വെളിച്ചമായിക്കഴിഞ്ഞപ്പോൾ മയക്കത്തിന്റെ പാടകെട്ടിയ മിഴികൾ അവൾ വലിച്ചുതുറന്നു.

പതിവുപോലെ ചെറിയ തലവേദന ഒരു മാറാസുഹൃത്തായി എത്തിക്കഴിഞ്ഞിരുന്നു. കവിൾത്തടങ്ങളിൽ വിരലുകൾ അമർത്തി തണുത്ത കാറ്റിനായി കാറിന്റെ ചില്ലുകൾ താഴ്ത്തി.

നിലാവിറങ്ങിനില്ക്കുന്ന പൂഴിമൈതാനങ്ങൾ മുൻപിൽ. പകൽവേളയിൽ കണ്ട വരൾച്ചയുടെ മുഖമല്ല ഇപ്പോൾ. രാത്രി അണിയിച്ച ചമയങ്ങൾ ഒരു നാടൻ സുന്ദരിയാക്കി രൂപാന്തരപ്പെടുത്തിയിരിക്കുന്നു. അകലെ കണ്ണെത്താത്ത ദൂരത്തിൽനിന്ന് പാലപ്പൂക്കളുടെ തീക്ഷ്ണസൗരഭ്യം അപഹരിച്ചെടുത്ത് ഓടിയെത്തിയ കാറ്റ്. കാറ്റിൽ വിറകൊള്ളുന്ന മിഴികളിൽ തണുപ്പിന്റെ കരങ്ങൾ.

'മഞ്ഞുണ്ട്....' അയാൾ പിറുപിറുത്തു്. 'എനിക്കു കാറ്റ് പിടിക്കില്ല. നീർദോഷം വന്നേക്കും.'

അവൾ കേൾക്കാത്ത ഭാവം നടിച്ചു.

'നിനക്ക് ആ ചില്ലൊന്ന് പൊക്കിക്കൂടേ?'

'ചൂട് എനിക്ക് അസഹ്യമായി തോന്നുന്നു.'

'എനിക്കതു് നേരത്തേ അറിയാമായിരുന്നു.'

'ഏത്....?'

'നീ എതിർക്കുമെന്ന്....'

അയാൾ കൈയെത്തി ചില്ലുകൾ പൊക്കി. ധാർഷ്ട്യത്തിന്റേയും സ്വാർത്ഥതയുടേയും മുഖങ്ങൾ കണ്ടവൾ വേദനിച്ചു. തണുത്തകാറ്റു കൊള്ളുന്നതിനുള്ള സ്വാതന്ത്ര്യംപോലും തനിക്ക് ഈ കാറിനുള്ളിൽ നിഷേധിക്കപ്പെട്ടിരിക്കുന്നു. എത്ര അപമാനകരമായ കീഴ്പ്പെടൽ.

പെട്ടെന്നു അവൾ കാറിന്റെ ചില്ലു താഴ്ത്തി. നിലാവിന്റെ പുഴകളായി മാറിയിരിക്കുന്ന മൈതാനങ്ങൾ. അകലെ അറ്റമില്ലാതെ നീണ്ടുപോകുന്ന ഇരുട്ടിന്റെ പൊന്തകൾ! തണുത്തകാറ്റ് സാന്ത്വനംപോലെ മുടിയിഴകളെ തലോടി. കാറ്റുണർത്തിയ ലഹരിയിൽ തരിച്ചിരിക്കെ അയാളുടെ കനത്ത സ്വരം:

'സൈമൺ വണ്ടിനിർത്തു്.'

വാഹനത്തിന്റെ ഓട്ടം മെല്ലെ നിലച്ചു. സ്പീഡോമീറ്ററിലെ ചുവന്നുമിന്നുന്ന സൂചികളിൽനോക്കി പകക്കുമ്പോൾ ഏതോ ആപത്തിന്റെ ദുസ്സൂചനയെന്നൂഹിച്ച് അവൾ പരിഭ്രമിച്ചിരിക്കുന്നു.

'എന്ത്.... എന്തുപറ്റി?'

'ഒന്നുമില്ല.... എനിക്ക് വണ്ടി ഓടിക്കുന്നതിനാണ് ഇഷ്ടം. നിന്റെകൂടെ യാത്രചെയ്യുമ്പോൾ ഇതൊക്കെ സഹിക്കാതെ ഗത്യന്തരമില്ല.' അസഹ്യതയുടെ സ്വരം.

അവൾ പ്രതിഷേധിച്ചു ഞരങ്ങി: 'എനിക്ക് മനസ്സിലാകുന്നില്ല....'

അവളെ തനിച്ചാക്കിക്കൊണ്ട് കാറിന്റെ വാതിൽ തുറന്ന് മുമ്പിലെ സീറ്റ് കരസ്ഥമാക്കിക്കഴിഞ്ഞു.

അവളുടെ മനസ്സ് ശിഥിലമായി. മിഴികളിൽ നിറഞ്ഞ കണ്ണീരു്. കാറ്റിൽ അടഞ്ഞ മിഴികൾ. കവിൾത്തടത്തിലേയ്ക്കു ഇറങ്ങിയെത്തിയ ചാലുകൾ. ഉപ്പുരസം ചുണ്ടിൽ.

'എന്റെ നിസ്സാരമായ താല്പര്യങ്ങൾപോലും നിങ്ങൾക്ക് നിഷേധിക്കണം.... ഇല്ലേ?' അമർഷത്തിൽ വിറകൊള്ളുന്ന സ്വരം.

അവൾ മൂകമായി പ്രതിഷേധിച്ചു. ആരാണ് എല്ലായ്പോഴും അതിന് കീഴടങ്ങിക്കൊണ്ടിരിക്കുന്നത്? അഴിക്കുംതോറും സ്വയം

With the best compliments from:

CROWN BAKERY

**Lekshminada, Quilon.**

ഉണ്ടായിക്കൊണ്ടിരിക്കുന്ന പിണച്ചിലുകൾ. സ്വസ്ഥതയും സ്വൈരതയും വ്യർത്ഥമായ ഒരു സങ്കല്പമാണെന്നു തോന്നുന്നു. കൈപ്പത്തി കവിൾത്തടങ്ങളിൽ അമർത്തി കണ്ണടച്ചു് സ്വയം ഇരുട്ടുണ്ടാക്കിയ നിമിഷങ്ങൾ.

വാഹനത്തിന്റെ ഓട്ടം മെല്ലെയായി പിന്നീടു് അതു് നിലച്ചു.

പെട്ടെന്നു് ആശങ്കയിൽ തുറന്ന മിഴികൾ ട്യൂബ്ലൈറ്റുകൾ പകരുന്ന വെളിച്ചത്തിൽ പകയ്ക്കവേ കണ്ടു.

നിരത്തു് അവസാനിച്ചിരിക്കുന്നു. നേരേ മുമ്പിൽ വാഹനത്തേയും വായ്പിളർന്നു് നിൽക്കുന്ന വലിയ ചങ്ങാടം. കോൺക്രീറ്റു തൂണിൽ അതു് ബന്ധിച്ചിരിക്കുന്നു.

കാറിന്റെ വാതിൽ തുറന്നു് ചങ്ങാടത്തിനുനേരെ നീങ്ങി. സാരിഞൊറികൾ പൊക്കി അതിൽ കയറി ഓരത്തു കൈപിടികളിൽ പിടിച്ചു് ചാരിനിന്നു.

അടഞ്ഞ വാതിലുകളും മേൽക്കൂരയും ഇല്ലാത്ത തുറസ്സു്. നിലാവു് കനിയുന്ന ആകാശത്തിനു് നേരെ നീണ്ട മിഴികൾ. പൂർണ്ണചന്ദ്രനെ ഓമനിച്ചു. കാറ്റിന്റെ മർമ്മരം കാതിൽ നിറയുമ്പോൾ മുഖം തിരിച്ചു. അഗാധമായ പുഴ മുന്നിൽ. ഇരുണ്ടകയങ്ങളിലേക്കു് നോക്കി പകയ്ക്കുമ്പോൾ കണ്ണുകളിൽ അന്ധകാരം നിറയുന്നതുപോലെ.

പെട്ടെന്നു് തിരിഞ്ഞുനിന്നു. വാഹനം മുന്നോട്ടു നീങ്ങുന്നതിനു് കൈയാംഗ്യങ്ങൾ കാണിക്കുന്ന തോണിക്കാരൻ! ചങ്ങാടത്തിലേക്കു് കയറുന്നതിനു് ഘടിപ്പിച്ചിരിക്കുന്ന കനത്ത പലകകളിൽ 'ധട്പട്'! സ്വരം കേൾപ്പിച്ചു് വാഹനം നീങ്ങുമ്പോൾ അപരിചിതയായ ഒരുയാത്രക്കാരിയായി അവൾ മാറി.

ചങ്ങാടത്തിൽ നിലയുറപ്പിച്ച വാഹനത്തിൽനിന്നു് ഇറങ്ങി എതിർഭാഗത്തു് കൈപ്പിടികളിൽ ചാരിനിന്നു അയാൾ.

അവൾ മനസ്സിലുറപ്പിച്ചു, അതേ ഞങ്ങൾ അന്യരാണു്.

പൊടുന്നനെ ഇരമ്പി പാഞ്ഞെത്തിയ ബസ്സ്. അതിനുള്ളിൽനിന്നു് തിക്കിത്തിരക്കി ഇറങ്ങിക്കൊണ്ടിരിക്കുന്ന യാത്രക്കാർ. തങ്ങളുടെ വള്ളങ്ങളിൽ കയറ്റുന്നതിനു് കടത്തുകാരുടെ മത്സരിച്ചുള്ള ആർപ്പുവിളികൾ.

ചങ്ങാടത്തിലേക്കു് സ്കൂട്ടറുമായി കയറിവന്ന ഒരു ചെറുപ്പക്കാരൻ. വാഹനം ഉറപ്പിച്ചുകഴിഞ്ഞു് പാന്റിന്റെ പോക്കറ്റിനുള്ളിൽ കൈ ഒതുക്കി, അവളുടെ സമീപത്തേക്കു് നീങ്ങിനിന്നു അയാൾ.

എന്തൊരാശ്ചര്യം! കൗതുകത്തോടെ അവൾ അയാളെ നോക്കി. എന്തു്? ഈ ചെറുപ്പക്കാരൻ നീണ്ട നാസികയും ഒതുക്കമുള്ളമേനിയും തുടുത്ത മിഴികളുമുള്ള ഇയാൾ തനിക്കു് അപരിചിതനാണോ? അല്ല. അപ്രതീക്ഷിതമായി ഒരിക്കൽ കണ്ടുമുട്ടുമെന്നു് ഓർത്തിരുന്നു. പാഠപുസ്തകങ്ങളോടു് മടുപ്പു്തോന്നി ഹോസ്റ്റൽ വരാന്തയിൽ തനിച്ചിരുന്ന പെൺകുട്ടിയുടെ വർണ്ണപ്പകിട്ടേറിയ സ്വപ്നങ്ങളിലെ നായകൻ!

വഞ്ചിയിലേക്കു് തിക്കിത്തിരക്കിവന്ന കുറേ യാത്രക്കാർ. സ്ത്രീകളും പുരുഷന്മാരും. ഔദാര്യത്തോടെ തങ്ങളെ ഒറ്റപ്പെടുത്തി അവർ അകന്നു് നിലയുറപ്പിക്കുമ്പോൾ അവരുടെ മനസ്സു് വായിക്കുന്നതിനു കഴിഞ്ഞു. ഒരുൾപ്പുളകത്തിലമർന്നുകൊണ്ടു് അവൾ ചെറുപ്പക്കാരനെ തിരിഞ്ഞുനോക്കി.

എന്തു്? എവിടെയോവെച്ചു് പരിചയപ്പെട്ടു് വീണ്ടും കണ്ടുമുട്ടി

യപ്പോൾ മറവിയിൽ പകച്ചുനിന്ന അയാൾ. ഓർത്തുനോക്കൂ.... ലഘുവായി ചിരിച്ച്, ഓർമ്മിക്കുന്നതിന് സമയം നൽകിക്കൊണ്ട് അവൾ മുഖം തിരിച്ചു.

താഴെ ഓളങ്ങൾ ഉറങ്ങുന്ന പുഴ. അകലെ ഇരുട്ടിന്റെ കയങ്ങളിൽ നിന്ന് ഒഴുകി എത്തുന്ന ഒരു ഉൾനാടൻ പാട്ടിന്റെ ഈരടികൾ, നിലാവിൽ അലയുന്നു. ഏതോ കാമുകന്റെ ഉൾത്താപത്തിൽ സാന്ദ്രമായ കവിത.

ചങ്ങാടം, മെല്ലെ ഇളകി. ഓളങ്ങൾ ഉണർന്നുകാണും. കഴക്കോലുകൾ മുരടനക്കി. അവൾ ഉറപ്പിച്ചു—ഇനിയും മറ്റൊരു യാത്രയുടെ തുടക്കം! തൊട്ടു സമീപത്ത് എന്റെ പ്രിയപ്പെട്ട സഹയാത്രികൻ.

പെട്ടെന്ന് ഒരുൾക്കിടക്കത്തിന്റെ വിഭ്രാന്തിയിൽ, തിരിഞ്ഞ് നോക്കുമ്പോൾ, മറവിയിൽനിന്നുണർന്ന് കണ്ടുമുട്ടിയതിന്റെ ആനന്ദത്തിൽ പുണരുന്നതിനുള്ള വെമ്പലോടെ നോക്കിനിൽക്കുന്ന ചെറുപ്പക്കാരൻ. അയാളുടെ നോട്ടം ഉണർത്തിയ ലഹരിയിൽ തരിക്കുമ്പോൾ മനസ്സിന്റെ ആകാശത്തിലേക്ക് പാറിക്കളിച്ച വർണ്ണത്തുമ്പി. അത് മേഘങ്ങളോളം ചെന്നെത്തി. പിന്നീട് അഗാധതയിൽ ലയിക്കുമ്പോൾ അവൾ തോണിയെ മറന്നു. യാത്രക്കാരെ മറന്നു. ഭർത്താവിനെ മറന്നു. സ്വയം മറന്നു. ഇതാ ചെറുപ്പക്കാരനും അവളും തനിച്ചായിക്കഴിഞ്ഞിരിക്കുന്ന പ്രപഞ്ചം! ടാർചെയ്ത നിരത്തിൽക്കൂടി പാഞ്ഞുകൊണ്ടിരിക്കുന്ന സ്കൂട്ടറിലെ സഞ്ചാരികൾ അവർ........

"സുധീ! എന്നെ മുറുകെ പിടിച്ചോളൂ........ ചേർന്നിരുന്നു...."

''സ്കൂട്ടറിൽനിന്ന് തെറിച്ച് പോകാതെ പതുക്കെ ഓടിക്കൂ.''

കുന്നിൻചെരുവിൽ തണൽമരത്തിന്റെ കീഴെ വേനൽക്കാല വസതി. മഞ്ഞിൽ ഈറനായ നിലാവെളിച്ചം പൊട്ടിച്ചിരിക്കുന്ന നടപ്പാത. വരാന്തയിലേക്ക് കയറുന്നതിന് സിമൻറുപടികൾ.

"സുധി! പതുക്കെ........പടികൾ സൂക്ഷിച്ച്........''

ദേഹത്തോട് അണച്ചുനിർത്തി അടഞ്ഞ വാതിലിനുമുമ്പിൽനിൽക്കേ താക്കോൽക്കൂട്ടം ചിരിച്ചു. വാതിൽ മെല്ലെ തുറന്നു.

മുറിക്കുള്ളിൽ ചേക്കേറി നിന്നിരുന്ന ഇരുട്ടിലേക്ക് അവൾ കാലുകുത്തി. അടഞ്ഞുനിന്നിരുന്ന വായുവിൽ കത്തിയെരിഞ്ഞ ചന്ദനത്തിരികളുടെ നെടുവീർപ്പുകൾ!

പുകക്കരിയിൽ തെല്ലുമങ്ങിയ ചില്ലുള്ള മേശവിളക്ക് അയാൾ കൊളുത്തി. ഇരുട്ടിനെ തള്ളിനീക്കി പൊടുന്നനെ പാഞ്ഞെത്തിയ വെളിച്ചം. കൗതുകത്തിൽ വിടർന്ന മിഴികൾക്ക് മുൻപിൽ ദൃശ്യങ്ങൾ. പഴക്കത്തിന്റെ മുഖമുള്ള ചുവരുകൾ. മേശപ്പുറത്ത് അടുക്കില്ലാതെ കുഴഞ്ഞുകിടക്കുന്ന പുസ്തകങ്ങൾ. മാഗസിനുകളിൽ വാടിയ ഇലഞ്ഞിപ്പൂമാല. ചുവരിനുസമീപം മുഖഭംഗിയില്ലാത്ത കട്ടിൽ. കനം കുറഞ്ഞ മെത്ത. നിറംമങ്ങിയ വിരി. യാത്രയുടെ

## മഹാന്മാരുടെ ദൃഷ്ടിയിൽ 'സ്ത്രീ'

ആർ. രാധാമണി, സെക്കൻറ് ബി 1

സ്വന്തം ഗുണ ഗണങ്ങളെ പ്രകീർത്തിക്കുന്ന
സ്ത്രീയെ വിശ്വസിക്കരുത്
—ബൽസാക്ക്

ലോകത്തെ നശിപ്പിക്കാനും സംരക്ഷിക്കാനും
സ്ത്രീക്ക് കഴിയും
–ഗാന്ധിജി.

മാലാഖയുടെ സൗന്ദര്യവും ചെകുത്താന്റെ
ഹൃദയവുമുള്ളവളാണ് സ്ത്രീ
–ശ്രീ ബുദ്ധൻ

പുരുഷനെ സൃഷ്ടിക്കാൻ തുടങ്ങിയപ്പോൾ
ദൈവത്തിനു പറ്റിയ അമളിയാണ് സ്ത്രീ
—അരിസ്റ്റോട്ടിൽ

ആഹ്ലാദത്തിനുള്ള ഉപകരണമാണ് സ്ത്രീ
—വിക്ടർ ഹ്യൂഗോ

അശക്തേ നിന്റെ പേർ സ്ത്രീയെന്നാകുന്നു.

പുരുഷൻ ഒരുകാര്യം ചിന്തിക്കുമ്പോൾ
സ്ത്രീ ഒൻപതുകാര്യം ചിന്തിക്കുന്നു.
— വോൾട്ടയർ

തളർച്ചയിൽ അവൾ കട്ടിലിൽ ഇരുന്നു.

''നീണ്ട സംവത്സരങ്ങളായി നാം കണ്ടുമുട്ടിയിട്ട് ഇല്ലേ?'' അമ്പരപ്പാർന്ന സ്വരത്തിൽ അയാൾ ചോദിച്ചു.

''അതെ.''

''നീ എന്തു ചെയ്യുകയായിരുന്നു?''

''ഞാൻ കാത്തിരിക്കുകയായിരുന്നു?''

''നീ നിരാശയായിക്കഴിഞ്ഞിരുന്നു ഇല്ലേ?''

"ഒരിക്കൽകണ്ടുമുട്ടുമെന്ന് ഈ നിമിഷങ്ങളെ സ്വന്തമാക്കാൻ കഴിയുമെന്ന് എനിക്ക് പ്രതീക്ഷയുണ്ടായിരുന്നു.''

''ലൈററും ഫാനും നല്ല കിടക്കപോലും ഇല്ല.... നിനക്ക് എന്തുതോന്നുന്നു?''

''ഒരേ മനസ്സുള്ള നമ്മൾ, ഒന്നിക്കുവാൻ കഴിഞ്ഞതിന്റെ ആനന്ദമാണ് എനിക്ക്.''

പക്ഷേ സുധീ! നീ വല്ലാതെ തളർന്നുകഴിഞ്ഞിരിക്കുന്നു. നിന്റെ ചുണ്ടിൽ, കണ്ണുകളിൽ, മുഖത്ത്, ഉറക്കമില്ലാത്ത നിരവധി അസ്വസ്ഥരാത്രികളുടെ ക്ഷീണം കാണുന്നു.''

അയാൾ അവളുടെ കൈകളിൽ മെല്ലെ അമർത്തി. ''വരൂ, നമുക്ക് നടപ്പാതയിൽ സിമൻറുപടികളിലിരിക്കാം. കുന്നിൻ നിരകളിൽ നിലാവിന്റെ സൗന്ദര്യം നീ കണ്ടില്ല.''

''അതെ, എനിക്കെല്ലാം മറക്കണം. എന്നെ നശിപ്പിച്ചവരെ........എന്നെത്തന്നെ എനിക്ക് മറക്കണം........''

അവൾ എഴുന്നേററ് പരസ്പരം ഒട്ടിച്ചേർന്ന് അവർ നീങ്ങി. നടപ്പാതയിലെ തണൽമരത്തിന് കീഴിൽ തണുത്ത സിമൻറുപടിയിൽ അവർ ഇരുന്നു.

നീണ്ട കാത്തിരിപ്പ് കഴിഞ്ഞ് മടക്കിക്കിട്ടിയ അസാധാരണമായ നിമിഷം! അവളുടെ തണുത്ത കൈത്തലങ്ങളുടെ സ്പർശനമേററ് അയാൾ ഉദ്വേഗത്തോടെ ചോദിച്ചു. ''മഞ്ഞുണ്ട് തണുക്കുന്നു ഇല്ലേ?''

അവൾ വേദനയോടെ ചിരിച്ചു. ''എനിക്ക് മഞ്ഞ് ഇഷ്ടമാണ്. നിങ്ങൾക്കറിയില്ല എന്റെ കഥകൾ. ഞാൻ കടുത്ത ചൂടിൽനിന്നാണ് എത്തിയിരിക്കുന്നത്.''

''നീ........''

''അതെ!'' അവൾ ദീർഘമായി നിശ്വസിച്ചു. നീ എന്തൊക്കെ സംസാരിക്കുന്നു!''

''എന്റെ കഥ കേൾക്കൂ. ദുഃഖങ്ങളുടെ ഒരിക്കലും അവസാനിക്കാത്ത കഥ! എനിക്ക് സാന്ത്വനമാണ് വേണ്ടത്. എന്റെ വേനൽ നിങ്ങൾ ഏറെറടുക്കൂ.''

കണ്ണടച്ചു തുറക്കവെ മിന്നലിന്റെ വെളിച്ചം. കുന്നുകളിൽനിന്ന് ഇരമ്പി ഓടിയെത്തി കൊടുങ്കാററിന്റെഅലകൾ. മഴ അകലെ ഇരമ്പി. പിന്നീട് അടുത്തടുത്ത് എത്തി. പൊടുന്നനെ ഉടഞ്ഞുവീണ കനത്ത മഴത്തുള്ളികളുടെ പ്രവാഹം! കുളിരിൽ....ഒഴുക്കിൽ....

കാറിന്റെ കനത്ത ഹോൺ സ്വരം. താഴ്‌വരകളിൽ അത് പ്രതിദ്ധ്വനിക്കുന്നു. അവൾ കണ്ണു മിഴിച്ചു.

ഇക്കരെ എത്തിയിരിക്കുന്ന ചങ്ങാടം തിട്ടയ്ക്ക് തൊട്ടുതാഴെ ചേർന്നുകിടക്കുന്ന കാഴ്ച.

പാതയിൽ കാത്തുനിൽക്കുന്ന വാഹനം ഒരു ദുഃസ്വപ്നത്തിന്റെ ഓർമ്മപോലെ.

ദൃഷ്ടി പിൻവലിക്കുമ്പോൾ തോണിക്കാരന്റെ മുഖം മുമ്പിൽ. യാത്രക്കാർ എപ്പോഴോ ഉപേക്ഷിച്ചുപോയ ചങ്ങാടം. ഇതിൽ ഒററപ്പെട്ട പതികയായ താൻ! എവിടെ എന്റെ കൂട്ടുകാരൻ? തന്റെ വേനൽക്കാല വസതി? നഷ്ടബോധത്തിൽ പകയ്ക്കുമ്പോൾ അകലെ സ്കൂട്ടറിന്റെ ഹൃദയമിടിപ്പുകൾ കേട്ടു. ഉദ്വേഗത്തോടെ തിരിയുന്ന മിഴികൾക്കു മുമ്പിൽ ചെറുപ്പക്കാരൻ സ്കൂട്ടറിൽ പാഞ്ഞു അകലുന്ന കാഴ്ച. പിന്നീട് ഉണർന്ന തേങ്ങലുകൾ!

സുധീ! സ്വാർത്ഥമായ നിന്റെ മോഹങ്ങൾ! അതണിയിച്ച ഉൾപ്പുളകങ്ങൾ!

ഇച്ഛാഭംഗത്തിൽ തളർന്നുനില്ക്കേ, കാറിന്റെ തുടർച്ചയായ ഹോൺസ്വരം. വരാൻ വൈകുന്നതിന്റെ അക്ഷമ ഓരോ കൈയമർത്തലിലും. അതവളുടെ മനസ്സിനെ ചൊടിപ്പിച്ചു. കൂടുതൽ അസ്വസ്ഥമാക്കി. എപ്പോഴും ചെന്നെത്തുന്നതിനുള്ള ഈ തിടുക്കം, ആനന്ദകരമായ നിമിഷങ്ങൾക്കുവേണ്ടിയല്ലല്ലോ. പിന്നെ....? ഈ തിരക്ക് ടെലിഫോണിനുമുമ്പിൽ, ഫയലുകൾക്കുമുമ്പിൽ, തടിച്ച പുസ്തകങ്ങൾക്കുമുമ്പിൽ അവസാനിക്കുന്നു.

ചങ്ങാടത്തിന്റെ കൈപ്പിടിയിൽനിന്ന് കൈ മെല്ലെ അടർത്തി സാരിഞൊറികൾ പൊക്കി താഴെ തട്ടിലേയ്ക്കു കാൽകുത്തി.

മുൻപിൽ അനന്തമായി നീണ്ടുപോകുന്ന പാത. പ്രകാശം നഷ്ടപ്പെട്ടപ്പോൾ ഇരുട്ടുണർത്തിയ വിഭ്രാന്തിയിൽ പകയ്ക്കുന്നപഥിക. മനസ്സിന്റെ താളങ്ങൾ തെററി. അവൾ വിതുമ്പി, എന്തിനുവേണ്ടി—ഞാൻ ഞാനല്ലാതെ ജീവിക്കുന്നു? കരച്ചിൽ താങ്ങാനാവാതെ വന്നപ്പോൾ അറിയാതെ നീങ്ങിയ കാൽവയ്പുകൾ. അവൾ കാറിന്റെ വാതിൽ തുറന്നു. പിന്നീടു അകത്തു കാത്തുകിടന്ന ചൂടിൽ, ഇരുട്ടിൽ അലിഞ്ഞു.

ചെറുകഥ:

# കണ്ണീർപ്പൂക്കൾ

**ബി. രാധാകൃഷ്ണപിള്ള**

സെക്കൻറ് ബി. എസ് സി. (കെമിസ്ട്രി)

**കു**ഞ്ഞിനെ എളിയിൽ തട്ടി, ചുററികയും ഉളിയും ഒരു പൊതിക്കെട്ടിലാക്കി തലയിൽവച്ചുകൊണ്ട് തങ്കം ഇടവഴികൾതോറും വിളിച്ചുനടന്നു.

'കല്ല് കൊത്താനൊണ്ടോ.... കല്ല് കൊത്താനൊണ്ടോ.... അരകല്ല് കൊത്താനൊണ്ടോ....?'

'ഹൊ.... എന്തൊരു വെയിലാ, ഇത്!'

അവളുടെ മനസ് മന്ത്രിച്ചു. വഴിയരുകിൽ കണ്ട പൈപ്പിൽ നിന്നും അല്പം വെള്ളംകുടിച്ചിട്ട് അവൾ വീണ്ടും വിളിച്ചു.

'കല്ല് കൊത്താനൊണ്ടോ.... കല്ല് കൊത്താനൊണ്ടോ....?'

'ഇതിലേ വാ....'

അടുത്തുള്ള ഒരു വീട്ടിൽനിന്ന് വീട്ടമ്മ വിളിച്ചു. തങ്കം അങ്ങോട്ടേയ്ക്ക് കയറിച്ചെന്നു.

'അപ്പുറത്തേയ്ക്ക് വരൂ.'

അവർ പറഞ്ഞു. അവൾ അതനുസരിച്ചു. ഒരു അരകല്ല് ചൂണ്ടിക്കൊണ്ട് വീട്ടമ്മ പറഞ്ഞു:

'അതാ ആ കല്ല് കൊത്തിയേക്ക്....'

അവൾ കുഞ്ഞിനെ താഴെയിരുത്തിയിട്ട് ജോലിതുടങ്ങി. കല്ലു കൊത്തിത്തീർന്നപ്പോൾ വീട്ടമ്മ ചോദിച്ചു:

'എത്രയാ കൂലി''

'കാശ് വേണ്ടമ്മോ.... എന്തെങ്കിലും വയററിനു തന്നാൽ മതി.'

അവൾ മറുപടി പറഞ്ഞു. വീട്ടമ്മ പെട്ടെന്ന് അടുക്കളയിലേയ്ക്കു കയറി ഒരു കറിച്ചട്ടിയിൽ പഴയ ചോറ് കൊണ്ടുവന്നു അവൾക്ക് കൊടുത്തു. അവൾ അത് അൽപം കുഞ്ഞിനു കൊടുത്തു. ശേഷം അവൾ കഴിയ്ക്കുന്നതിനിടയിൽ വീട്ടമ്മ ചോദിച്ചു:

'കാശ് വാങ്ങാത്തതെന്താണ്?'

അത് കേട്ടമാത്രയിൽ അവളുടെ. കണ്ണുകൾ നിറഞ്ഞു. കാരണമുണ്ട്. ഒരു പാവപ്പെട്ട ഒട്ടത്തിയാണവൾ. കുടിയനായ അവളുടെ അച്ഛൻ, അയാളെപ്പോലെതന്നെ, ഒരു കുടിയനെയാണ് അവൾക്ക് ഭർത്താവായിക്കണ്ടത്. അയാൾ ജോലിചെയ്തുണ്ടാക്കുന്ന കാശു മുഴുവൻ_കുടിച്ചുതീർക്കും. കുടികഴിഞ്ഞു് വീട്ടിൽവന്നാൽ തങ്കത്തിനു അത്താഴത്തിനു പകരം ഇടിയും തൊഴിയും. ഭാര്യ എങ്ങനെ കഴിയുന്നു എന്നൊന്നും അയാൾക്കറിയേണ്ട. ഒരു കുട്ടികൂടെയായപ്പോൾ അതിനെ പോററുവാൻവേണ്ടി അവൾ കല്ല് കൊത്താനിറങ്ങി. പക്ഷേ, അവൾ കല്ലു കൊത്തിയുണ്ടാക്കുന്ന കാശും, അവളെ ഉപദ്രവിച്ചിട്ട് അയാൾ വാങ്ങും. പിന്നെ അവളും, ആ കുഞ്ഞും പട്ടിണിയാണ്.

അല്പനേരം മൗനംപാലിച്ചതിനുശേഷം അവൾ ആ വീട്ടമ്മയെ ഒന്നു നോക്കി. എന്നിട്ട് ഇടറിയ സ്വരത്തിൽ പറഞ്ഞു:

'കാശു വാങ്ങിയാൽ, കുഞ്ഞിനെന്തെങ്കിലും വാങ്ങിക്കൊടുക്കാൻപോലും തികയില്ല. അതുകൊണ്ടാണ് വാങ്ങാത്തത്.'

ആഹാരംകഴിച്ച്, കൈയും മുഖവും കഴുകി ചട്ടിയും കഴുകിക്കൊടുത്തിട്ട്, കുഞ്ഞിനേയും എടുത്തുകൊണ്ട് അവൾ അവിടെനിന്നും ഇറങ്ങി.

വീടുകൾതോറും കയറിയിറങ്ങി, കുടിലിലെത്തിയപ്പോഴേയ്ക്കും നേരം സന്ധ്യയോടടുത്തിരുന്നു. അവളുടെ ഭർത്താവ് അതുവരെ കുടിലിലെത്തിയിട്ടില്ലായിരുന്നു. അവൾ അകത്തേക്കു കയറി കുട്ടിയെ ഉറക്കിക്കിടത്തിയിട്ട്, ചൂല്യമെടുത്ത് മുററമടിക്കുവാൻ ഇറങ്ങി. മുററമടിയ്ക്കുന്നതിനിടയിൽ എന്തോ ഒരു ശബ്ദംകേട്ട് അവൾ തിരിഞ്ഞുനോക്കി. അവളുടെ ഭർത്താവ് കുടിച്ച് സമനിലതെററി വരികയാണ്. പതിവായി കാണാറുള്ളതു കൊണ്ടായിരിക്കണം അവളുടെ മുഖത്ത് യാതൊരു ഭാവവ്യത്യാസവും കണ്ടില്ല. അയാൾ അടുത്തെത്തിയപ്പോൾത്തന്നെ ഒരു ചോദ്യം:

'എവഴാഴന്നെഴീ.... ഇത്ഴയും നേഴം....'

ആ ചോദ്യത്തിന് അവൾ കൊടുത്ത മറുപടി വ്യത്യസ്ഥമായിരുന്നു.

'ഇന്ന് രണ്ടുരൂപയേ ബാക്കിയുള്ളൂ.... അത് ഞാൻ തരില്ല....'

'നീ തഴില്ലേ.... അല്ലേഴീ?'

ഇത് ചോദിച്ചുകൊണ്ട് അയാൾ അവളുടെ മുടിയിൽ പിടി

പ്രവചിച്ചു. അവൾ കരഞ്ഞുകൊണ്ട് പറഞ്ഞു:

'ഞാൻ തരാം.... പക്ഷേ ദയവായി ഇനി കടിക്കരുത്....'

'നീ എന്നെ ഉപദേശിക്കേണ്ട....' എന്നു പറഞ്ഞ് അയാൾ അവളുടെ കരണത്ത് അടിച്ചുകൊടുത്തിട്ട് മുഷിഞ്ഞ സാരിത്തുമ്പിൽ കെട്ടിവച്ചിരുന്ന രൂപ എടുത്തുകൊണ്ട് അവിടെനിന്നു പോയി. തങ്കം വീണ്ടും മുറ്റമടിക്കാൻ തുടങ്ങി. മുറ്റമടിക്കുന്നതിനിടയിൽ അവൾ കൂടെക്കൂടെ കണ്ണീർ തുടയ്ക്കുന്നുണ്ടായിരുന്നു. മുറ്റമടിച്ചു തീർത്തിട്ട് അകത്തേക്കു കയറി തലേന്നത്തെ അരിയിൽ ബാക്കിയുണ്ടായിരുന്നതു കഴുകി അടുപ്പത്തു വച്ചു. തീ കത്തിക്കാൻ തുടങ്ങുമ്പോൾ, അയലത്തെ കനകമ്മ അവിടേക്കു കയറിച്ചെന്നു. വളരെ പരിഭ്രമത്തോടെ അവർ പറഞ്ഞു:

"തങ്കേ.... തങ്കേ.... നിന്റെ കെട്ടിയോൻ കടിച്ചോണ്ട് കവലേല് അടിയൊണ്ടാക്കിയത്രേ. അതിയാനെ ആ കുട്ടപ്പൻ നെഞ്ചിന് ഒററ കുത്ത് കുത്തിന്നാ പറേണത്. ആരൊക്കെയോ ചേർന്ന് ഗേർമേൻറ് ആശുപത്രീലേക്ക് കൊണ്ട് പോയിട്ടൊണ്ട്.''

അതു കേട്ടമാത്രയിൽ തങ്കം ഉറങ്ങിക്കിടന്നിരുന്ന കുഞ്ഞിനേയും എടുത്തുകൊണ്ട് ആശുപത്രിയിലേക്കോടി. അത്യാഹിതവിഭാഗത്തിലെ ഒരു കട്ടിലിൽ അവളുടെ ഭർത്താവ് കിടക്കുന്നതുകണ്ടു. അവൾ അയാളുടെ അടുത്തുചെന്നു; ആ കട്ടിലിൽ അയാളുടെ അരുകിലിരുന്നു. അയാൾ തീരെ അവശനായിട്ടുണ്ടായിരുന്നു. അബോധാവസ്ഥയിലായിരുന്ന അയാൾക്ക് ബോധം വീണ്ടുകിട്ടിയപ്പോൾ കുററബോധത്തോടെ അയാൾ അരുകിലിരുന്ന തന്റെ ഭാര്യയെ നോക്കി.

"ഞാൻ എത്ര തവണ പറഞ്ഞിട്ടുള്ളതാ....... കടിക്കരുതെന്ന്.'' ഇത് പറയുമ്പോൾ അവളുടെ ശബ്ദം ഇടറിയിരുന്നു. അവൾ കരയുന്നുണ്ടായിരുന്നു. അയാൾ അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നതു കാണാമായിരുന്നു. അയാൾക്കെന്തോ പറയണമെന്നുണ്ടായിരുന്നു. എന്തെങ്കിലും ഉച്ചരിക്കാൻ കഴിയുന്നതിന് മുമ്പ് അയാൾ നിശ്ചലനായി. തങ്കം അവളുടെ കുഞ്ഞിനെ തന്റെ മാറോട് ചേർത്ത് കരഞ്ഞു. അവസാനമായി അയാൾക്കർപ്പിക്കുവാനായി ആ കണ്ണീർപ്പൂക്കൾ മാത്രമേ അവൾക്കുണ്ടായിരുന്നുള്ളു.


With the best compliments of:

QUILON HARD WARE MART, QUILON.

Rk. HARD WARES, QUILON.

Rk. MOSAICS, QUILON.

Telephone: 3426, 3093
3478, 3418
3513, 4147

# നഷ്ടവസന്തം

**ആനന്ദ്**

മൂന്നാംവർഷ ബി. എസ്സ്സി. സസ്യശാസ്ത്രവിദ്യാർത്ഥി

അരുണൻ പടിഞ്ഞാററൻ ചക്രവാളത്തിൽ സ്വർണ്ണക്കാലുകൾ പാകി അന്നത്തെ തന്റെ ജോലിക്ക് വിരാമമിട്ടുകൊണ്ട്, അന്നത്തെ സംഭവങ്ങൾക്കെല്ലാം മൂകസാക്ഷിയായി തന്റെ കൊട്ടാരത്തിലേയ്ക്കുള്ള യാത്രയുടെ അന്ത്യം കുറിച്ചു.

അന്ന് കടൽക്കരയിൽ പതിവിലത്തേതിലും ആൾക്കാർ നന്നേ കുറവായിരുന്നു. സൂര്യാസ്തമയത്തോടെ വന്നവർ അവരുടെ താവളംതേടി മടങ്ങി. വിജനമായ കടൽക്കരയുടെ ഏകാന്തതയിൽ മുഴുകി വിഹായസിലേക്ക് മിഴികൾ ഊന്നിക്കൊണ്ട് ഞാൻ ഏകനായിരുന്നു. അതേ! ഞാൻ എന്നും ഏകനാണ്. ഇന്ന് ആരും എന്നെത്തിരിച്ചറിയുകയില്ല. അറിഞ്ഞിട്ടുകാര്യവുമില്ല. എന്നെ എല്ലാവരുമറിയുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ന് എനിക്ക് ആ വസന്തകാലം നഷ്ടപ്പെട്ടിരിക്കുന്നു.

ബി. എ. ഡിഗ്രിയുടെ ഭാണ്ഡവും പേറി ഏതെല്ലാം വാതിലിൽ മുട്ടിവിളിച്ചു, യാചിച്ചു പക്ഷേ! എല്ലായിടത്തും 'നോ വേക്കൻസി'.

എന്റെ എല്ലാമായിരുന്നുവെന്ന് വിചാരിച്ചിരുന്ന അവൾ—ജയ എന്നെ ചതിയുടെ നീർക്കുണ്ടിലേയ്ക്ക് വലിച്ചെറിഞ്ഞിട്ട് പിരിഞ്ഞുപോയി. താൻ എന്നേ കബറടക്കം ചെയ്ത പൂർവ്വകാല സ്മൃതികൾ ഓരോന്നായി എന്റെ സ്മൃതിപഥത്തിൽ മിന്നിമറഞ്ഞു.

ക്ലാസ്സിൽ എല്ലാവരിലും ഒന്നാമനായിരുന്നു ഞാൻ. അന്നൊരിക്കൽ പ്രൊഫസർ തന്നെ വിളിപ്പിച്ചു.

ബോബൻ.... ബോബനിൽ പ്രകടമായ ഒരു മാററം ഞാൻ കാണുന്നു.

വാട്ട് ഹാപ്പെൻഡ് ടു യൂ? പ്രൊഫസർ തന്റെ മുഖത്തേക്ക് ഉററുനോക്കിക്കൊണ്ടിരുന്നു. മറുപടി പറയേണ്ടതെന്താണെന്നറിയാതെ കുഴഞ്ഞിരുന്ന തന്നെ വർത്തമാനത്തിലേക്ക്തിരിച്ചത് 'ഇതെ മാററം ഞാൻ ജയയിലും കാണുന്നു' എന്ന പ്രൊഫസറുടെ സ്വരമായിരുന്നു. നിങ്ങൾ തമ്മിൽ എന്തെങ്കിലും........ ഒരു ഗുരുനാഥനിലുപരി ഒരു സഹോദരനെപ്പോലെയുള്ള തന്റെ പ്രൊഫസറുടെ മുഖത്തേയ്ക്ക് നോക്കാനാവാതെ ഞാൻ പറഞ്ഞു. ഇല്ല....ഇല്ല. എന്നോടൊന്നും ചോദിക്കരുത്.

കോളേജ് തിരഞ്ഞെടുപ്പുസമയം. തിരഞ്ഞെടുപ്പ് കോലാഹലത്തിൽ മുങ്ങിയ കോളേജും പരിസരവും കൊടിതോരണങ്ങളുടെയും മീററിംഗുകളുടെയും ആരാമം. വാഗ്ദാനങ്ങളുടെ, പ്രസംഗങ്ങളുടെ ഒരു പരമ്പര.

പെൺകുട്ടികളിൽ ഏതിനും മുൻനിരയിലായിരുന്നു, പണക്കാരിയും സുന്ദരിയും സുശീലയുമായ ജയ. അന്ന് തനിക്കുവേണ്ടി, താൻ ജയിക്കുന്നതിനുവേണ്ടി ആത്മാർത്ഥമായി അവൾ പ്രവർത്തിച്ചു. ഒരിക്കൽ അത് വേദനാത്മകമായി പര്യവസാനിക്കുമെന്നു ആരും കരുതിയില്ല.

അവസാനം താൻതന്നെ ജയിച്ചിരിക്കുന്നു. ഏററവും കൂടുതൽ വോട്ടുകൾനേടി ഇതാ താൻതന്നെ ജയിച്ചിരിക്കുന്നു. അന്ന് തന്റെ സുഹൃത്തുക്കൾക്ക് ഉത്സവമായിരുന്നു. കോളേജിന്റെ അഭിമാനമായ—ബോബൻ. തിരഞ്ഞെടുപ്പിന്റെ ചൂടും ആവേശവും കുറഞ്ഞതോടെ കോളേജ് പരിസരവും ശാന്തമായി.

അന്ന് കോളേജ് ലൈബ്രറിയിൽ പുസ്തകം തിരഞ്ഞെടുത്തുകൊണ്ടിരുന്നപ്പോൾ അവൾ അവിടേയ്ക്കു കടന്നുവന്നു.

ആദ്യം അവളെ ശ്രദ്ധിച്ചില്ല.

'ങേ.... ഇതാര് ബോബനോ.... വലിയ ആളായിപ്പോയതുകൊണ്ടാണോ ഞങ്ങളെക്കണ്ടാൽ അറിയാത്തത്.' മന്ദഹാസത്തിൽ പൊതിഞ്ഞ പരിദേവനം

'ബോബൻ....' അവൾ വിളിച്ചു. ആ വിളിയിൽ യുഗാന്തരങ്ങളുടെ പട്ടുതുവാലയിൽ പൊതിഞ്ഞു കിടന്ന ഒരു ആത്മാർത്ഥഹൃദയത്തിന്റെ തേങ്ങലുകൾ അടങ്ങിയിട്ടുണ്ടായിരുന്നു.

'ബോബൻ വിജയിച്ചതിൽ എനിക്ക് സമ്മാനമൊന്നുമില്ലേ?'

'നിങ്ങൾ വലിയ പണക്കാരല്ലേ....?'

ഏതോ ശ്മശാനമൂകത അടന്നുവീണപോലെ. പിന്നെ ആരും ഒന്നും സംസാരിച്ചില്ല.

ആ അടുപ്പം ഞങ്ങളിൽ സ്നേഹത്തിന്റെ അല്ല, പ്രേമത്തിന്റെ

മന്തിരിച്ചാറുകൾ നിറസ്സുകയായിരുന്നുവെന്നു് അന്നറിഞ്ഞില്ല.

അന്നും ഞാൻ എന്നെ അറിഞ്ഞിരുന്നില്ല. കട്ടെടുത്ത സ്വപ്നങ്ങൾകൊണ്ടു് കടംവാങ്ങിയ മൺകുടമായിരുന്നു അതെന്നു് അന്നറിഞ്ഞില്ല. ആ അടുപ്പം സ്നേഹമായി മാറി. കൂടിക്കാഴ്ചകളിലും കത്തുകളിലുമായി പടർന്നുപന്തലിച്ചു. ആ അടിത്തറ ആടിയുലഞ്ഞു് ഇളകുമെന്നു് ആരുമറിഞ്ഞില്ല. കോളേജ് വിട്ടാൽ പാർക്കിലും ബീച്ചിലും ആടിയും പാടിയും അന്നു സമയം കളഞ്ഞിരുന്നു. അന്നത്തെ ദിനങ്ങൾ ഒന്നുംതന്നെ ഇപ്പോഴും മറക്കാൻ കഴിയുകയില്ല.

'തീർച്ചയായും ബോബൻ ഇന്നു് ബീച്ചിൽവരണം.' അവൾ പറഞ്ഞു. അന്നു് ഒരു ഒഴിവുദിവസമായിരുന്നു. അവൾ എന്റെ അടുത്തുവന്നുനിന്നു.

'ബോബൻ....' ഗദ്ഗദപൂർണ്ണമായ വിളി.

'അതെ, ബോബേട്ടൻ പറഞ്ഞതു് ശരിയാണു്. ഞാൻ പണക്കാരിയാണു്. എന്റെ ഡാഡിക്കു പണമുണ്ടു്. എല്ലാം എനിക്കു് വീട്ടിൽനിന്നും ലഭിക്കുന്നു. പക്ഷേ.... ആത്മാർത്ഥതയുള്ള സ്നേഹം, സമാധാനം എനിക്കു് ഒരിക്കലും എന്റെ വീട്ടിൽനിന്നും ലഭിച്ചിട്ടില്ല. ഇനി ലഭിക്കുകയുമില്ല. സ്വാർത്ഥമതിയായ ഡാഡി. വെറും മരപ്പാവയായ മമ്മി. ഒരു പിതാവിൽനിന്നും മകൾക്കു ലഭിക്കേണ്ട സ്നേഹവാത്സല്യം എനിക്കു് ഒരിക്കലും എന്റെ ഡാഡിയിൽനിന്നും ലഭിച്ചിട്ടില്ല. ഞാൻ എന്റെ വീട്ടിൽ ഏകയാണു്. വാത്സല്യം എന്തെന്നറിയാതെയാണു് ഞാൻ വളർന്നതു്....'

'എന്റെ ബോബേട്ടനെ ഞാൻ വിശ്വസിക്കുന്നു. ഞാൻ ബോബേട്ടനെ ആത്മാർത്ഥമായി സ്നേഹിക്കുന്നു. വിശ്വസിക്കുന്നു. ബോബേട്ടനില്ലാത്ത ജീവിതം ഒരിക്കലും എനിക്കു് ചിന്തിക്കാൻ പോലുംകഴിയുകയില്ല. എനിക്കെല്ലാം എന്റെ ബോബേട്ടൻ മാത്രമാണു്....'

മൗനം വാചാലമായ നിമിഷങ്ങൾ....

ഡിഗ്രിവർഷാവസാനം. വർഷങ്ങൾകൊണ്ടു് പടുത്തുയർത്തിയ സ്നേഹബന്ധങ്ങൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടു് കോളേജിനോടു വിടപറയുന്നനിമിഷം. വേർപെടാൻ കഴിയാത്തവർ അവരുടെ വഴി തേടുന്നു.

വേർപാടിന്റെ ദുഃഖം തളംകെട്ടിനിന്ന നിമിഷങ്ങൾ. ഇന്നും ഞാനതോർക്കുന്നു. എന്റെ നയനങ്ങളും നിറഞ്ഞുവോ?

'ഇനി നാമെന്നാണു് കാണുന്നതു്....?' സ്വരങ്ങൾ ചുണ്ടിൽ നിന്നടർന്നുവീണു്.

'എനിക്കൊരു ജീവിതമുണ്ടെങ്കിൽ അതു് ബോബേട്ടനോടൊപ്പമായിരിക്കും. ആ ജീവിതപന്ഥാവിൽ നമുക്കു് ഇണക്കിളികളായി കണ്ടുമുട്ടാം....'

വിരസതയാർന്ന ദിനങ്ങൾ കൊഴിഞ്ഞുകൊണ്ടിരുന്നു. പക്ഷേ കുറേ നാളായി അവളുടെ ഒരു വിവരവും ലഭിക്കുന്നില്ല. അതെന്നെ കൂടുതൽ ചിന്താഭരിതനാക്കി. അവൾ എന്നിൽനിന്നു് അകലുകയാണോ....?

ഞങ്ങളുടെ സ്നേഹസാഗരത്തിൽ ആദ്യമായുണ്ടാകുന്ന വേലിയിറക്കം. എന്നെ ഒരുദിവസം പോലും കാണാതെയോ വിവരമറിയാതെയോ ഇരിക്കാൻ സഹി

## 'വാചക മേള'

മദ്ധ്യ തിരുവിതാംകൂറിലെ പുലയക്കുടിലുകളിൽ അവരെ നയിക്കുന്ന ജന്മികളുടെ നാലുകെട്ടുകളിൽ ഞാൻ ജീവിതസത്യവും വൈരുദ്ധ്യവും നേരിൽ കണ്ടു. —തോപ്പിൽ ഭാസി.

രാജി വയ്ക്കുന്നതോടു കൂടി സുഹൃത്തുക്കളുടെ മുഖത്തു ശകാരങ്ങളുടെ മഷി കുടയുകയെന്നതു ഞാൻ ചെയ്യില്ല.

—വൈലോപ്പിള്ളി.

രാമായണത്തേയും മഹാഭാരതത്തേയും വ്യാഖ്യാനിച്ച ശ്രീ. അരവിന്ദ ഘോഷ് എഴുതിയ നിർവചനങ്ങളിലേതുപോലെ, ഒരു വരിയെങ്കിലും ആധുനിക സാഹിത്യ വിമർശകൻ എഴുതുകയാണെങ്കിൽ അവർ ഉടൻ ഹൃദയം പൊട്ടി മരിച്ചു പോകും. —പ്രൊഫ: അഴീക്കോട്.

സമ്പാദകൻ: എസ്. രാജേന്ദ്രൻ നായർ
സി 2 ബാച്ച്, സെക്കൻറ് ഗ്രൂപ്പ്
സെക്കൻറ് പി. ഡി. സി.



Scanned with OKEN Scanner

ക്കാത്ത അവൾ.... അവൾക്കെന്തു പററി. അന്വേഷിച്ചുപോകുന്നതു് അനുചിതമല്ലേ! മനസ്സ് പിറുപിറുത്തു.

ആരു് എതിർത്താലും ലോകംതന്നെ അവൾക്കെതിരായി തിരിഞ്ഞാലും അവളുടെ ബോബേട്ടനെ ഉപേക്ഷിക്കുകയില്ലെന്നു് വാശിപിടിച്ചിരുന്ന അവൾ.... അവളുടെ കത്തുകൾ വന്നിട്ടു് ഇന്നു് ആഴ്ചകളായി.... മാസങ്ങളായി....

മനസ്സിനു് എന്തോ ഒരു അസ്വസ്ഥത. ദുഃഖഭാരം എനിക്കു് താങ്ങാൻ കഴിയാത്തതുപോലെ. യുഗയുഗാന്തരങ്ങളുടെ കനകച്ചങ്ങലകൊണ്ടു് കോർത്തിണക്കിയ തങ്ങളെ കാലത്തിന്റെ കരാളഹസ്തം ഇരുധ്രുവങ്ങളിലേക്കു് വലിച്ചെറിയുകയാണോ....?

സ്ത്രീ.... അവൾ അബലയാണു്.... ചപലയാണു്.... മററാരുടെയെങ്കിലും മാസ്മരവിദ്യയിൽപ്പെട്ടുഴലുകയാണോ അവൾ.... ച്ഛെ! ഒരിക്കലും ഇല്ല. തന്റെ ചിന്തയെ സ്വയം ശപിച്ചു. അവളെക്കുറിച്ചു് ഒരിക്കലും അങ്ങനെ വിചാരിക്കരുതു്.

കവലയിൽ ബസ്സിറങ്ങുമ്പോൾ അവളെ കാണണമേ എന്നുള്ള ഒരു വിചാരമേ ഉണ്ടായിരുന്നുള്ളു മനസ്സിൽ. ഹൃദയം ശക്തിയായിമിടിക്കാൻ തുടങ്ങി. അവൾക്കെന്തു സംഭവിച്ചിരിക്കണം. ഒന്നും പിടികിട്ടുന്നില്ല. അവളുടെ വീടിനടുത്തെത്തിയപ്പോൾ തന്റെ കാലുകൾ താൻ അറിയാതെ തന്നെ നിശ്ചലമായി. നിരനിരയായിക്കിടക്കുന്ന കാറുകൾ. ആകെ ഒരു ബഹളം....

'എന്താണാവീട്ടിൽ വിശേഷം....' അടുത്തുകണ്ട ഒരു വൃദ്ധനോടു് കാര്യം തിരക്കി.

'ങേ! നിങ്ങളറിഞ്ഞില്ലേ? അവിടുത്തെ കുഞ്ഞിന്റെ കല്യാണമാ.... ജയക്കുഞ്ഞിന്റെ വല്യങ്ങുന്നിന്റെ നിർബന്ധപ്രകാരമുള്ള കല്യാണമാണു്. ആ കുഞ്ഞിനു് തീരെ ഇഷ്ടമില്ലാത്തതാ....'

തന്റെ കാൽക്കീഴിൽനിന്നും ഭൂമി മാറിപ്പോയതായി തോന്നി. താൻ പരാജയപ്പെടുകയോ? താൻ എന്താണീ കേൾക്കുന്നതു്? തനിക്കു് തന്റെ കാതുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. ലോകം തന്നെ നോക്കി പല്ലിളിച്ചുകാട്ടുകയാണോ....?

ഇത്രയുംനാളും താനല്ലാതെ അവളുടെ കഴുത്തിൽ മംഗല്യസൂത്രം ചാർത്തുകയില്ലെന്നും, ആരെതിർത്താലും എന്റെക്കൂടെയിറങ്ങിവരുമെന്നും വീരവാദമടിച്ചിരുന്ന അവൾ.... ഇതാ ഇന്നു് മറെറാരുവന്റെ ഭാര്യയായിരിക്കുന്നു. അവൾക്കു് ഒരിക്കലെങ്കിലും സ്നേഹമയിയായ ഒരു ഭാര്യയാകാൻ കഴിയുമോ....?

തനിക്കു് ആദ്യമായി പററിയ പരാജയം. എന്റെ മനസ്സിന്റെ സമനില തെററുകയാണോ? ഇല്ല.... ഇല്ല.... ഞാൻ ഇവിടെ പരാജയപ്പെടരുതു്. എനിക്കിവിടെ പരാജയപ്പെടാൻ കഴിയുകയില്ല....

പക്ഷേ! ഒടുവിൽ താൻ....

ജീവിത വിഹായസ്സിൽ പറന്നുല്ലസിച്ചുകൊണ്ടിരിക്കുമ്പോൾ ഇണക്കിളിയെ വേടൻ അമ്പെയ്തു പിടിച്ചിരിക്കുന്നു. ഇനി ഒരിക്കലെങ്കിലും ആ കിളി പറക്കുമോ? എന്റെ മാനസികോദ്യാനത്തിൽ പറന്നിരിക്കുമോ?

കാലമേ നിനക്കു നന്ദി.... നന്ദി........

ജീവിതനീർച്ചുഴിയിൽപ്പെട്ടു നഷ്ടബോധത്തിൽ അഗാധതയിലേയ്ക്കു് മുങ്ങിത്താഴുമ്പോൾ അങ്ങകലെ സൂര്യദേവൻ പടിഞ്ഞാറൻ ചക്രവാളത്തിൽ മറഞ്ഞുകഴിഞ്ഞിരുന്നു.

എല്ലാവരും പറയുന്ന
മനോഹരമായ അച്ചടിജോലികൾക്കു്

**മുല്ലവനം പ്രിന്റേഴ്സ്**

കരിക്കോട്ടു്, കൊല്ലം–5



ററി. കെ. എം. ആർട്ട്സ്

Scanned with OKEN Scanner




Scanned with OKEN Scanner





**HARSHA KUMAR.V.**
Inaugurating the Arts Club.



Prayar_ Gopalakrishnan.



Haqhur-Mohammed.



E. Rajendran.



Hasinar.

# ആട്ടോഗ്രാഫ്

**ജബീൻ എസ്.**

III D. C. Botany

നിവർത്തിവച്ച ആ ആട്ടോഗ്രാഫിന്റെ ഇളംമഞ്ഞനിറത്തിലുള്ള കടലാസ്സിൽ ഒരു തുള്ളി കണ്ണുനീർ വീണപ്പോൾ മാത്രമാണ് താൻ ഓർമ്മയിൽനിന്നുണർന്നത്. ഹൊ.... എന്തെല്ലാം ഓർമ്മകളായിരുന്നു ഒരു നിമിഷത്തിനുള്ളിൽ മനസ്സിൽ ഓടിയെത്തിയത്.

തലേന്ന് പകുതിയാക്കി വച്ചിരുന്ന കൈലേസ് തുന്നിത്തീർക്കാനാണ് സ്വീകരണമുറിയിലേക്ക് ചെന്നത്. മേശപ്പുറത്ത് ചിതറിക്കിടന്നിരുന്ന പുസ്തകങ്ങൾ അടുക്കിവയ്ക്കുന്നതിനിടയിലാണ് ആ പുതിയ ആട്ടോഗ്രാഫ് എന്റെ ശ്രദ്ധയിൽപെട്ടത്. ഓരോ പേജും പെട്ടെന്നു മറിച്ചുമറിച്ചു പോയി. പക്ഷേ.... ചന്ദ്രപ്രഭയുടെ വർണ്ണമുള്ള ആ കടലാസിൽനിന്നും എത്ര ശ്രമിച്ചിട്ടും കണ്ണുകളെടുക്കാൻ കഴിഞ്ഞില്ല. "May your efforts be crowned with you." എന്നെഴുതിയിട്ട് അടിയിലുള്ള ഒപ്പുകണ്ടപ്പോൾ താൻ അറിയാതെ ഞെട്ടിപ്പോയി. ഒരുകാലത്ത് എന്റെ ഹൃദയത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരനായിരുന്നു വിനു.

കഴിഞ്ഞയാഴ്ച ഞാനും ഭർത്താവും ഉഷയും സംസാരിച്ചുകൊണ്ടിരുന്നപ്പോൾ, നാടകവും മററും എഴുതാറുള്ള ഒരു വിനുസാർ ഞങ്ങളുടെ കോളേജിൽ വന്നിട്ടുണ്ടെന്ന് ഉഷ പറഞ്ഞിരുന്നു. ഉഷ പറഞ്ഞ വസ്തുത പിന്നീട് തിരക്കിനിടയിൽ ഓർമ്മിച്ചതേയില്ല. ഉഷ വിനുസാർ എന്നു പറഞ്ഞപ്പോഴാണ് മൂന്നുകൊല്ലംമുമ്പ് എന്റെ ആട്ടോഗ്രാഫിൽ വിനു എഴുതിയ വാചകം സ്മൃതിപഥത്തിലെത്തിയത്. 'പിരിയുന്ന ഈ അന്ത്യയാമത്തിൽവച്ച് എന്താണു പറയുക. വേദനകൾ എന്തെന്നറിയാത്ത, അഴലും നിഴലും അടുക്കൾക്കൂടിച്ചെല്ലാത്ത ഒരു സുന്ദരജീവിതം ഉമക്കു ലഭ്യമാകട്ടെ എന്നു ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എന്നെ മറന്നേക്കൂ....'

ഹൊ! ഒരു നിമിഷത്തിനുള്ളിൽ ഓർമ്മയുടെ ചുരുളുകൾ എത്രമാത്രം പുറകോട്ടു സഞ്ചരിക്കുന്നു.

പ്രീ–ഡിഗ്രിക്കു പഠിക്കുന്ന കാലം പട്ടണത്തിലുള്ള കോളേജിലാണ് പഠിച്ചത്. അച്ഛൻ ഹോസ്റ്റലിൽ കൊണ്ടുചെന്നാക്കിയിട്ട് യാത്രചോദിച്ചപ്പോൾ ഒരു കൊച്ചുകുട്ടിയെപ്പോലെനിന്നു വിമ്മിവിമ്മിക്കരഞ്ഞു. അധികം താമസിക്കേണ്ടിവന്നില്ല മററുള്ളവരുമായി ഇഴുകിച്ചേരാൻ. അന്ന് എന്റെ പ്രിയപ്പെട്ട കൂട്ടുകാരി ശോഭയായിരുന്നു. ശോഭയാണ് വിനുവിനെപ്പററിയുള്ള വിവരങ്ങൾ എന്നോടു പറഞ്ഞത്.

വിനു കോളേജിലെ ഏററവും നല്ല നടനും പാട്ടുകാരനുമായിരുന്നു. സയൻസ് ഗ്രൂപ്പുകാരായ ഞങ്ങൾക്ക് ഇംഗ്ലീഷ്, ഇംഗ്ലീഷ് മെയിൻകാരുടെ കൂടെയായിരുന്നു. അങ്ങനെയാണ് വിനുവിനെ കാണാനിടയായത്. ഫസ്റ്റ്ക്ലാസ്സും റാങ്കുമുള്ള അയാൾ എന്തുകൊണ്ടാണ് മെഡിസിനോ ഇഞ്ചിനീയറിംഗിനോ പോകാതെ ഇംഗ്ലീഷ് മെയിൻ എടുത്തത് എന്നാണ് എല്ലാവർക്കുമറിയേണ്ടത്. പലരും പലവിധത്തിൽ അഭിപ്രായം പറഞ്ഞു. അന്നൊന്നും ആ മനുഷ്യൻ തന്റെ ജീവിതത്തിലെ ഒരു പ്രശ്നമാകുമെന്ന് ഒരിക്കലും വിചാരിച്ചതേയില്ല.

ആ വർഷം കോളേജ് ആർട്ട്സ് ക്ലബ് സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടത് വിനുവായിരുന്നു. ഇംഗ്ലീഷ് ക്ലാസ്സുകളിൽ വിനു ഒരു ഹീറോതന്നെയായിരുന്നു. അങ്ങനെയിരുന്നതിനിടയിലാണ് ഞാനും വിനുവും പരിചയപ്പെടാൻ അവസരമുണ്ടായത്. അക്കൊല്ലത്തെ സമാപനത്തിനുള്ള നാടകത്തിൽ നായികയായി അഭിനയിക്കാൻ ഒരു പെൺകുട്ടിയെ തിരക്കി നടക്കുകയായിരുന്നു വിനു. എന്റെ നാട്ടുകാരൻകൂടിയായ ശേഖർസാറാണ് ഞാൻ സ്കൂളിൽവച്ചു നാടകത്തിൽ അഭിനയിക്കാറുണ്ടായിരുന്നുവെന്ന് വിനുവിനോടു പറഞ്ഞത്. അങ്ങനെ വിനു തന്നേയുംസമീപിച്ചു. ആദ്യമൊക്കെ ഒഴിഞ്ഞുമാറിയെങ്കിലും ആ ചോദ്യങ്ങൾക്കുമുമ്പിൽ തലകുനിക്കേണ്ടിവന്നു. അങ്ങനെ താനും വിനുവും നായികാനായകന്മാരായി ആദ്യമായി നാടകത്തിൽ അഭിനയിച്ചു. ഏററവും നല്ല നടിക്കുള്ള സമ്മാനം വാങ്ങിക്കുമ്പോൾ മനസ്സിൽ ശേഖർസാറിനെയും വിനുവിനേയും ആയിരംതവണ വാഴ്ത്താൻതോന്നി.

ആ നാടകത്തിനു ശേഷമാണ് ഞാനും വിനുവുംതമ്മിൽ ഒരു ഹൃദയബന്ധമുണ്ടായത്. ആ നാടകത്തിലെ നായികാനായകന്മാരെപ്പോലെതന്നെ ഞങ്ങളുടെ ഹൃദയത്തിലും സ്നേഹത്തിന്റെ നാമ്പുകൾ ഇതളെടുത്തുതുടങ്ങി.

അന്നത്തെ ആ സംഭവം ഒരിക്കലും മറക്കാൻ കഴിയുകയില്ല. വേണുസാർ ഇംഗ്ലീഷ് ക്ലാസ്സെടുക്കുകയാണ്. സാറ് 'ജൂലിയസ് സീസർ' തകർക്കുകയാണ്. ഞാനറിയാതെ എന്റെ കണ്ണുകൾ വിനു ഇരിക്കുന്ന ഭാഗത്തേയ്ക്ക് ശ്രദ്ധിച്ചു. മനസ്സുമുഴുവനും എപ്പോഴും പുഞ്ചിരിച്ചുകൊണ്ടു നടക്കുന്ന വിനുവായിരുന്നു. ശോഭയുടെ തട്ടു കേട്ടാണ് ഞാൻ ക്ലാസ്സിലാണെന്നുള്ള വിവരംപോലും ഓർത്തത്. പെട്ടെന്ന് സാറ് ചോദിച്ചു:

"Who killed Julius Caesar?"

"....Yes....Shakespeare....Sir."

നാലുവശത്തുനിന്നുമുള്ള പൊട്ടിച്ചിരി കേട്ടാണ് ചോദ്യം ശരിക്കു കേൾക്കാതെ ഉത്തരം പറഞ്ഞതിലുള്ള വിഡ്ഢിത്തം മനസ്സിലായത്.

അന്ന് ഞാൻ ഒററയ്ക്കാണ് കോളേജിൽ പോയത്. അവിചാരിതമായിട്ടാണ് കോളേജിലേയ്ക്കു തിരിയുന്ന വളവിൽവച്ച് വിനുവിനെ കണ്ടത്. കാണാത്തമട്ടിൽ നടന്നെങ്കിലും 'ഉമേ....' എന്നുള്ള വിളികേട്ടാണ് തിരിഞ്ഞുനോക്കിയത്.

'ഷേക്സ്പിയറാണ് സീസറെ കൊന്നത്.... അല്ലേ....?'

'ആർക്കും ഒരബദ്ധംപററും.... പക്ഷേ, ഇതിനു കാരണക്കാരൻ വിനുവാണ്....'

'ഓഹോ ... അങ്ങാടിയിൽ തോററതിന് അമ്മയോടാണോ?'

'ഇനി നാടകമൊന്നുമെഴുതുന്നില്ലേ....?'

'അഭിനയിയ്ക്കാൻ ആളില്ലല്ലോ....?'

'അതെന്താ....?'

'ഉമ എന്റെ ജീവിത നാടകത്തിൽത്തന്നെ അഭിനയിക്കാമെന്ന് വാഗ്ദാനംചെയ്തിരിക്കുകയല്ലേ....?'

'അതെ.... അതിനെന്താ സംശയം....'

'അപ്പോൾ ഇതു രണ്ടുംകൂടെ സാദ്ധ്യമല്ലല്ലോ....'

പെട്ടെന്ന് ഞാൻ പറഞ്ഞു:

'ആ രമയ്ക്കൊക്കെ നമ്മളെപ്പററി വലിയ സംശയമാണ്. എന്തെല്ലാമാണെന്നോ പറയുന്നത്?'

'രമ മാത്രമല്ല പലരും പറഞ്ഞെന്നിരിക്കും. പക്ഷേ, എനിക്ക് അത്ര വിശ്വാസംപോരാ. ആദ്യത്തെ എഴുത്തിൽ ഞാൻ സൂചിപ്പിച്ചിരുന്നതുപോലെ ഉമ ഒരു പണക്കാരന്റെ മകൾ.... ഞാൻ ഒരു പാവപ്പെട്ടവൻ.... അപ്പോൾ തീർച്ചയായും നമ്മളുടെ ഭാവി സങ്കീർണ്ണമായിരിക്കും....'

'വിനു.... എനിക്ക് വിനുവിനെയാണ് വേണ്ടത്.... പണക്കാരനെയല്ല.... പണവും ജാതിയുമൊന്നും സ്നേഹത്തിന്റെ അതിർത്തിവരമ്പുകളല്ല....'

'അതൊക്കെ വെറും വേദാന്തങ്ങളാണ്.... എന്തോ എനിക്കൊന്നും മനസ്സിലാകുന്നില്ല....'

എതിർവശത്തുനിന്നും വിദ്യാർത്ഥികൾ വരുന്നതു കണ്ടാണ് ഞങ്ങൾ പിരിഞ്ഞത്.

എത്ര വേഗമാണ് വർഷങ്ങൾ കടന്നുപോയത്. പരീക്ഷയ്ക്ക് കഷ്ടിച്ചു ഒരു മാസമേയുള്ളു. എല്ലാവരും തിരക്കിട്ടു പഠിക്കുകയാണ്. ഞാനും എന്തൊക്കെയോ വായിക്കുന്നുണ്ട്. രമയും ശോഭയും കൂട്ടുകാരുമൊക്കെ ആട്ടോഗ്രാഫിൽ വിനുവിനെക്കൊണ്ട് എഴുതിക്കാനായി പോകാൻ വിളിച്ചപ്പോൾ മനഃപൂർവ്വം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്.

ററി. കെ. എം. ആർട്ട്സ്

KERALA NUT FOOD Co.,
Exporters of:
Cashew Kernels / Cashew Nut Shell Liquid / Coffee
P. O. Box No. 80, Parameswar Nagar,
Quilon-691001., S. India.
Codes Used:
Bentley's Second Phrase
ACMS and Privates
Phone Office:
3776, 3777, 3778
Tel: 0886-230 KNP IN 0886-263 PFPL IN

പരീക്ഷ തീർന്ന ദിവസമാണ്. കെമിസ്ട്രി ലാബിന്റെ അടുത്തുനിന്നപ്പോഴാണ് വിനു അതിലെ പോയത്. ആട്ടോഗ്രാഫ് കൊണ്ടുകൊടുത്തു. ഒന്നും സംസാരിക്കാതെ അതു വാങ്ങി എന്തോ എഴുതി തിരിയെതന്നു. ആ വാചകം വായിച്ചപ്പോൾ അറിയാതെ കണ്ണുനിറഞ്ഞുപോയി.

'പിരിയുന്ന ഈ അന്ത്യയാമത്തിൽവച്ച് ഞാൻ എന്താണു പറയുക. വേദനകൾ എന്തെന്നറിയാത്ത, അഴലും നിഴലും അടുക്കുകൂടി ചെയ്യാത്ത, ഒരു സുന്ദരമായ ജീവിതം ഉമയ്ക്കു് ലഭ്യമാകട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു. എന്നെ മറന്നേക്കൂ.'

'വിനുവിനെ ഞാൻ മറക്കണമെന്നാണോ....?'

'അതേ.... അതാണ് ഉമയ്ക്കു് നല്ലതു്....'

'ഇല്ല.... ഒരിക്കലുമില്ല... ഞാൻ വിനുവിനുവേണ്ടി കാത്തിരിക്കും....'

'ഞാൻ ഒരിക്കലും ഉമയെ മറക്കുകയില്ല.... ഉമ എന്നെന്നും എന്റെ ഹൃദയത്തിൽത്തന്നെ ഉണ്ടായിരിക്കും....'

പരീക്ഷതീർന്ന് ഹോസ്റ്റലിൽ വന്നപ്പോൾ അച്ഛൻ എന്നെ വിളിക്കാൻ കാറുമായി വന്നിട്ടുണ്ട്. കൂട്ടുകാരോട് യാത്രപറഞ്ഞിട്ട് അച്ഛനോടൊപ്പം തിരിച്ചു.

വീട്ടിൽ പെട്ടെന്നാണ് എനിക്കുവേണ്ടിയുള്ള വിവാഹാലോചന നടന്നതു്. താൻ ആവുംവിധം എതിർത്തുനോക്കി. അച്ഛൻ ഒരുവിധത്തിലും കേട്ടില്ല. അവസാനം അച്ഛന്റെ ഇഷ്ടത്തിനു വഴങ്ങേണ്ടിവന്നു. അങ്ങനെ താൻ ഒരു ഡോക്ടറുടെ ഭാര്യയായി.

ഫോണിൽ തുടർച്ചയായി ബെല്ലടിക്കുന്നതുകേട്ടാണ് ആട്ടോഗ്രാഫ് മടക്കിവെച്ചതു്. എന്തെല്ലാമാണ് ഒരു നിമിഷത്തിനുള്ളിൽ ഓർത്തുപോയതു്. നിറഞ്ഞ ഒരു നിമിഷം.

അങ്ങനെ ഓർമ്മകളുടെ ശവകുടീരത്തിൽ ഒരുതുള്ളി കണ്ണുനീർ കൂടി അർപ്പിക്കപ്പെട്ടു.

നിങ്ങൾക്ക് ആവശ്യമുള്ള
എല്ലാ പുസ്തകങ്ങൾക്കും

M. S. BOOK DEPOT
QUILON-691001

ചെറുകഥ:

# ആശയുടെ തീരങ്ങളിൽ....

**ഉണ്ണി വർഗ്ഗീസ്**
ഫസ്ററ് പി. ഡി. സി., സി 2 ബാച്ച്

കറുത്തിരുണ്ട ആകാശം, നിശ്ശബ്ദതയെ ഭഞ്ജിക്കുന്ന ഇടിമുഴക്കം, അന്ധകാരത്തെ കീറിമുറിക്കുന്ന മിന്നൽ, ചീറിപ്പായുന്നമഴ. റെയിൽവേസ്റ്റേഷനിലെ സിമൻറ് ബഞ്ചിലിരിക്കുമ്പോൾ വർഷങ്ങളുടെ ദൈർഘ്യം വരുത്തിതീർത്ത മാറാലകൾ ഓർമ്മകൾ ചികഞ്ഞുമാററുകയായിരുന്നു. സമ്മിശ്രമായ വികാരങ്ങൾ സൃഷ്ടിച്ച വേലിയേററത്തിൽ നിന്നുതിർന്ന നിശ്വാസങ്ങളുടെപ്രതിധ്വനികൾ ആശകളുടെ ശവകുടീരത്തിൽ തട്ടി പെരുമ്പറയായുയർന്നു. അമ്മയേയും, മാഷിനേയും മററെല്ലാവരെയും കാണുവാനുള്ള അഭിനിവേശത്താൽ അയാളുടെമനസ്സ് വെമ്പൽ കൊണ്ടു. കുറച്ചുനേരത്തെ ഇടവേളയ്ക്കുശേഷം അന്ധകാരത്തെ കീറിമുറിച്ചുകൊണ്ട് ചൂളം വിളിയോടുകൂടി ട്രെയിൻ വന്നെത്തി.... വിജനമായ ഒരു കംപാർട്ടുമെൻറിൽ അയാൾ കയറിക്കൂടി. ഒരു ദീർഘനിശ്വാസമെന്ന രീതിയിലുള്ള ചൂളംവിളിയോടുകൂടി അതു കുതിച്ചുപാഞ്ഞു............ സീററിൽ ഏകനായി ഇരുന്നപ്പോൾ മനസ്സ് അകത്ത് ഇരുളിലെവിടെയോ ഉടക്കികിടന്ന ഓർമ്മകളെ പരതുകയായിരുന്നു. അച്ഛന്റെ മരണം അമ്മയുടെ അപകടം, മാഷിന്റെ സഹായം തന്റെ സ്മൃതിമണ്ഡലത്തിൽ എന്നും പച്ചപിടിച്ചു നില്ക്കുന്ന ജീവിതത്തിലെ അവിശപ്ത നിമിഷങ്ങളായിരുന്നു. താൻ എട്ടാംക്ലാസ്സിൽ പഠിച്ചുകൊണ്ടിരുന്ന കാലം. അച്ഛൻ ഒരു ലോറീഡ്രൈവറായിരുന്നു. താനും, അച്ഛനും, അമ്മയും അടങ്ങുന്ന ഒരു സന്തുഷ്ട കുടുംബം. സന്തോഷത്താൽ മുഖരിതമായിരുന്നപ്പോൾ അച്ഛനും അമ്മയ്ക്കും ഇടക്ക് താനൊരു ശുക്രനക്ഷത്രംപോലെ ശോഭിച്ചു, എന്നാൽ ആ സന്തോഷം അവസാനിക്കുവാൻ ദിവസങ്ങൾ വേണ്ടിവന്നില്ല. ഒരു ദിവസം അതു സംഭവിച്ചു! തന്റെയും അമ്മയുടെയും ഏക ആശ്രയമായിരുന്നഅച്ഛൻ ലോറിയപകടത്തിൽ ഞങ്ങളോട് വിടപറഞ്ഞു. ആ ദുഃഖം ഞങ്ങളുടെ ഹൃദയത്തിൽ നിരാശയുടെ കുരമ്പു തറച്ചു. മാതാപിതാക്കളുടെ ആഗ്രഹം മകനെ പഠിപ്പിച്ചു ഒരു ഡോക്ടറാക്കണമെന്നായിരുന്നു. അതുതന്നെയായിരുന്നു തന്റെയും ചിരകാല അഭിലാഷം. അച്ഛൻ വേർപെട്ടതിനുശേഷം പഠിക്കുവാനുള്ള ആഗ്രഹത്തിൽ നിവർത്തിയില്ലാഞ്ഞതിനാൽ സമ്പന്നരായ അമ്മാവന്മാരുടെ മുൻപിൽ സഹായത്തിനായി കേണപ്പോൾ ജീവിതത്തിന്റെ കയ്പുനീർ ആദ്യമായാസ്വദിച്ചു. തന്റെ ആഗ്രഹത്തെ അവർ പുച്ഛിച്ചു! അവരുടെ ശാസന ഹൃദയത്തിൽ നിരാശയുടെമുറിവേല്പിച്ചു. തന്നെപഠിപ്പിക്കുവാനുള്ള ആഗ്രഹത്താൽ അമ്മ സമ്പന്നന്മാരുടെ വീട്ടിലെ എച്ചിൽപാത്രങ്ങൾകഴുകി. തന്നെ ജീവനുതുല്യം സ്നേഹിച്ച ചന്ദ്രശേഖരൻമാഷ് തന്റെ ഒരു പ്രധാന അധ്യാപകനായിരുന്നു. തനിക്കുവേണ്ടി അദ്ദേഹം വളരെയേറെ യാതനകളനുഭവിച്ചു. നല്ലവനായിരുന്ന അദ്ദേഹത്തിന് തന്നോടുള്ള സ്നേഹവും വാത്സല്യവും അളവുററതായിരുന്നു. ഒരു ദിവസം തന്റെ അമ്മ ജോലിയും കഴിഞ്ഞ് വീട്ടിലേക്ക് വരുമ്പോൾ റോഡിനു മറുവശത്തേക്ക് കടക്കുമ്പോഴുണ്ടായ അപകടത്തിൽ ആശുപത്രിയിൽ ആകുന്നു........ അങ്ങനെ ഞങ്ങളുടെ ജീവിതം ജലം കിട്ടാതെ കരിയുന്ന വൃക്ഷങ്ങൾ പോലെ മുരടിക്കുവാൻ തുടങ്ങി. ജീവിക്കുവാൻവേണ്ടി ഒരു കൂലിപ്പണിക്കാരനായി മാറേണ്ടിവന്ന തനിക്ക് അച്ഛൻ മരിച്ചതിനുശേഷമുള്ള ഓരോ ദിവസവും ഓരോ യുഗങ്ങളെപോലെയായിരുന്നു അനുഭവപ്പെട്ടിരുന്നത്. അങ്ങനെ ദിവസങ്ങൾ തള്ളിനീക്കുകയായിരുന്നു. ക്ലാസ്സിൽ ചെല്ലാത്തതുകൊണ്ട് മാഷ് തന്റെ കാര്യം കുട്ടികളോടന്വേഷിച്ചു. അമ്മയ്ക്കുണ്ടായ അത്യാഹിതത്തെപററി കുട്ടികളിൽനിന്നും അറിഞ്ഞ അദ്ദേഹം ഞങ്ങളെ കാണുവാനായി വന്നു. ഗതിമുട്ടിയ ഞങ്ങളുടെ ജീവിതഗതി മനസ്സിലാക്കിയ അദ്ദേഹം ഞങ്ങളെ സഹായിക്കുവാൻ മുതിർന്നു. അദ്ദേഹത്തിന്റെ ആജ്ഞപ്രകാരവും, ശിക്ഷണത്തിലും വീണ്ടും പഠിക്കുവാൻ തുടങ്ങി. മാഷിന്റെ സഹായത്താൽ S. S. L. C. ക്ലാസ്സോടുകൂടി പാസ്സായി. തന്റെ സ്കൂൾ വിദ്യാഭ്യാസം അവസാനിച്ചു. കോളേജ്‌വിദ്യാഭ്യാസത്തിന് ധാരാളം പണം വേണ്ടുന്നതിനാൽ ആ അഭിലാഷം ഉപേക്ഷിക്കേണ്ടിവന്നു. എന്നാൽ മാഷ് അതു് തടയുകയും തന്നെ കോളേജ്‌വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സഹായത്താൽ കോളേജ് വിദ്യാഭ്യാസം ആരംഭിച്ചു. അങ്ങനെ മനസ്സുമുഴുവൻ കുറെ സ്വപ്നങ്ങളുമായി, ഉജ്ജ്വലസങ്കല്പങ്ങളുമായി ഉഴറുന്നതിനിടയിൽ അമ്മയുടേയും മാഷിന്റേയും തന്നിലർപ്പിക്കപ്പെട്ട പ്രതീക്ഷകൾക്ക് തിളക്കം കൂട്ടുവാൻ ആവുന്നത്ര പ്രവർത്തിച്ചു. അവസാന പരീക്ഷകഴിഞ്ഞ് നാട്ടിലേക്ക് തിരിക്കുമ്പോൾ രോഗശയ്യയിൽ കിടക്കുന്ന അമ്മയുടേയും, നിരാലംബനായ തന്റെ ജീവിതത്തിൽ ആശ്വാസത്തിന്റെ





Scanned with OKEN Scanner

കൈത്തിരികളുമായെത്തിയ മാഷിന്റേയും, ചിത്രം ഹൃദയംമുഴുവൻ നിറഞ്ഞുനിന്നു. ഹിമാലയത്തോളം ആശകളും പ്രതീക്ഷകളുമുണ്ടായിരുന്നു. സ്നേഹനിധിയായ അച്ഛന്റെ കൈത്തുമ്പിൽ തൂങ്ങി വർഷങ്ങൾക്ക് മുമ്പ് പിച്ചവച്ചു നടന്ന മണ്ണിലേക്ക് കാലെടുത്തുവച്ചപ്പോൾ ബാലചന്ദ്രൻ എന്ന മെഡിക്കൽ വിദ്യാർത്ഥിയുടെ സംഭവബഹുലമായ ജീവിതത്തിലെ ആ നിമിഷം ഏററവും ധന്യമായിരുന്നു.

≈≈≈

ചെറുകഥ:

# തെററ്


**ഷീബാ എ. ജെ.**

സെക്കന്റ് ബി. എസ്‌സി.

സുവോളജി മെയിൻ


വർഷകാലം ആരംഭിച്ചു. പുറത്ത് കോരിച്ചൊരിയുന്ന മഴ. രാത്രിയുടെ നിശ്ശബ്ദതയെ കീറിമുറിച്ചുകൊണ്ട് മഴയുടെ താളാത്മകമായ സംഗീതം. 'സന്തോഷ്' ഉറങ്ങാതെ കിടന്നു. ഓരോ കാര്യങ്ങളും ആലോചിച്ചുകൊണ്ട് കിടന്നു. ഉറങ്ങിയത് എപ്പോഴാണെന്നറിഞ്ഞില്ല. രാവിലെ അമ്മ വന്ന് തട്ടിയുണർത്തി:

'സന്തോഷേ, നിനക്ക് ഇന്നു കോളേജിൽ പോകണ്ടേ....? എഴുന്നേൽക്കൂ....'

പെട്ടെന്ന് ചാടിപ്പിരണ്ട് എഴുന്നേററ് പാറികിടന്ന തലമുടി ഒതുക്കിവച്ചു. കണ്ണുതിരുമ്മി ക്ലോക്കിലേക്കു നോക്കി. മണി 9 ആകാറായിരിക്കുന്നു. വേഗം ഡ്രസ് മാറി ഫയലും എടുത്തു ഇറങ്ങിയപ്പോൾ അമ്മ ചോറും പൊതിയുമായി നിൽക്കുന്നു. അവരുടെ മുഖത്തേക്ക് ഒന്നുനോക്കി. ഈറനണിഞ്ഞ കണ്ണുകളുമായി പൊതിയുംവാങ്ങി ധൃതിയിൽ നടന്നു.

മെയിൻറോഡിലെത്തി. ബസ് പോയിട്ടില്ലെന്ന് മനസ്സിലായി. തന്നോടൊപ്പം ബസ്സിൽവരുന്ന കുട്ടികളും അവിടെ നിൽപ്പുണ്ട്. എല്ലാവരും സന്തോഷിനെത്തന്നെ നോക്കി. ആൺകുട്ടികൾ അവനെ നോക്കി പരിചയഭാവത്തിൽ ചിരിച്ചു. അവരിൽനിന്നും കുറച്ചകലെയായി കുറേ പെൺകുട്ടികളും നിൽക്കുന്നു. അവരിൽ ഒരുവൾ: 'എടീ രമേ, ദേ സന്തോഷ് വരുന്നു....'

'ആ കുട്ടിയുടെ പേരിന് വിപരീതമാണ് ആ മുഖം. എപ്പോഴും വിഷാദംനിറഞ്ഞ മുഖം. എങ്ങനെ വിഷാദം കാണാതിരിക്കും രതീ.... ആ കുട്ടിയുടെ വേദനയോ, ആഗ്രഹങ്ങളോ വല്ലതും മററുള്ളവരോട് പറയാൻകഴിയുമോ? അതുകൊണ്ട് എല്ലാം ഉള്ളിലൊതുക്കി കഴിയുന്നു....'

'അതല്ലേ രമേ.... എല്ലാ ആൺകുട്ടികളും ഇങ്ങനെ ആയിരുന്നെങ്കിൽ നമുക്ക് ആരുടെയും കമന്റുകേൾക്കാൻ ഇടവരില്ലായിരുന്നു....'

'അങ്ങനെ പറയരുത് രതീ, അവരവരുടെ വിഷമം അവരവർക്കുമാത്രമേ അറിയൂ. നേരേമറിച്ച് നമുക്ക്, പെൺകുട്ടികൾക്ക് ഈ ഗതിവന്നാലോ? ആൺകുട്ടികൾ കമന്റ് പറയുന്നത് നമുക്ക് ചിലപ്പോൾ ഒരു രസമായി തോന്നില്ലേ....?'

'അതാ ബസ് വരുന്നു.'

എല്ലാവരും ചാടിക്കയറി. അതിനുമുമ്പുള്ള ഒരു വണ്ടി ഇല്ലാഞ്ഞതുകൊണ്ട് ഈ ബസ്സിൽ തള്ള കൂടുതലായിരുന്നു. എന്നുമുള്ള ഡ്രൈവറും കണ്ടക്ടറും അല്ലായിരുന്നു. പകരം പുതിയ 2 പേരാണ്. ഓരോരുത്തർക്കും ടിക്കററു കൊടുക്കുമ്പോൾ എവിടെയാ ഇറങ്ങേണ്ടത് എന്നു ചോദിക്കുന്നു. ഇത് പുതിയ നിയമമാണെന്ന് എല്ലാവരും വിചാരിച്ചു. അടുത്തത് സന്തോഷിന്റെ ഊഴമായിരുന്നു.

'എവിടെയാണ് ഇറങ്ങേണ്ടത്....?' കണ്ടക്ടറുടെ പരുഷമേറിയ വാക്കുകൾ.

അവന്റെ മനസ്സുവെമ്പി. പക്ഷേ, എന്തുചെയ്യാനാണ്. ദൈവം തനിയ്ക്കു് സംസാരിക്കാനുള്ള ശേഷിതന്നില്ല.

'എന്താടോ, തനിക്ക് കേൾക്കാൻവയ്യേ....?'

ദയനീയമായ ഒരു നോട്ടമായിരുന്നു അതിനു മറുപടി.

'എടോ.... തനിക്ക് കേൾക്കാൻവയ്യേ....?' അതു് ഒരു ഗർജ്ജനമായിരുന്നു.

ആളുകൾ എല്ലാവരും ആ ഭാഗത്തേയ്ക്കു നോക്കി. സന്തോഷിന്റെ മുഖം കോപാധിക്യത്താൽ ചുവന്നുതുടുത്തു. അവൻ ജ്വലിക്കുന്ന കണ്ണുകളോടെ കണ്ടക്ടറെ നോക്കി:

അപ്പോഴാണ് പുറകിൽനിന്നും ഒരു പെൺകുട്ടിയുടെ ദയയാർ

ന്ന സ്വരം കേട്ടതു്. 'സർ.... ആ കുട്ടി ഊമയാണു്....' എല്ലാവരും നോക്കി. നിഷ്കളങ്കയായ ഒരു പെൺകുട്ടി.

'താൻ എന്നും ആ കുട്ടിയെ കാണാറുണ്ടു്. അവൾ ഏതാണു്?' സന്തോഷ് മനസ്സിൽ പറഞ്ഞു.

കണ്ടക്ടർ സന്തോഷിനോടു് ക്ഷമചോദിച്ചു. കോളേജിനു് അടുത്തു എത്തിയ ഉടനെ അവിടെ ഇറങ്ങാനുള്ള കുട്ടികളെല്ലാം ഇറങ്ങി.

അന്നത്തെ ക്ലാസ്സിൽ പഠിപ്പിച്ചതൊന്നും സന്തോഷ് ശ്രദ്ധിച്ചില്ല. അവന്റെ മനസ്സുനിറയെ ആ പെൺകുട്ടിയായിരുന്നു. അവൾ തന്റെ ആരാണു്? തന്നോടൊപ്പം പഠിക്കുന്ന ഒരുപാടു് കുട്ടികൾ ബസ്സിലുണ്ടായിരുന്നിട്ടും അവരാരും ഒന്നും മിണ്ടിയില്ല. അവൾക്കു മാത്രമെന്തേ തന്നോടു് സഹതാപം തോന്നാൻ. സന്തോഷ് ചിന്താധീനനായിരുന്നു. വീട്ടിലെത്തിയിട്ടും അവനു് ആ വിചാരമേയുണ്ടായിരുന്നുള്ളു. അവളെ താൻ എവിടെയോവച്ചു കണ്ടിട്ടുള്ളതുപോലെ. അവളുടെ ആ ദയയാർന്ന സ്വരം ഇപ്പോഴും തന്റെ കാതുകളിൽ വന്നു് അലയ്ക്കുന്നില്ലേ? അവളെപ്പോലെ താൻ ആരെയോ, കണ്ടിട്ടുണ്ടു്. ആരെയാണു്? അവൻ ആലോചിച്ചുനോക്കി. അതെ, അവൾതന്നെ. തന്റെ മരിച്ചുപോയ ഒരേ ഒരു പെങ്ങൾ. സന്തോഷിന്റെ കണ്ണുകൾ ഈറനണിഞ്ഞു. അവൾക്കു് തന്നോടു് എന്തു സ്നേഹമായിരുന്നു. ഇണയും പ്രാവുംപോലെയായിരുന്നു. താൻ ഊമയായതിന്റെ ഖേദം അവൾ തീർത്തിരുന്നു. കിലുക്കാംപെട്ടിപോലെ സംസാരിക്കും. ദൈവമേ തനിയ്ക്കും അതുപോലെ സംസാരിക്കാൻകഴിഞ്ഞിരുന്നെങ്കിൽ, എന്നു് എത്ര തവണ വിചാരിച്ചിട്ടുണ്ടു്. ജനിച്ചപ്പോഴേ ഊമയായ തന്നെ എത്ര ഡോക്ടർമാർ ചികിത്സിച്ചു. ഫലം, നിഷ്ഫലം. എത്ര ദേവാലയങ്ങളിലും, പള്ളികളിലും കയറിയിറങ്ങി. ദൈവം ആ പ്രാർത്ഥനയൊന്നും കൈക്കൊണ്ടില്ല. തനിയ്ക്കു് മരണംവരെ ഈ ഗതിയായിരിക്കും. അച്ഛനും പെങ്ങളും ഉണ്ടായിരുന്നെങ്കിൽ ഈ മൂകത ഇല്ലായിരുന്നേനെ. വലിയ ഒരു വീട്ടിൽ അമ്മയും താനും മാത്രം. അവർ മരിക്കുന്നതിനുമുമ്പേ താൻ മരിക്കേണ്ടതായിരുന്നു. ദൈവവിധിപോലല്ലേ എല്ലാം നടക്കൂ. എപ്പോഴും വിഷാദം തളംകെട്ടിനിൽക്കുന്ന അമ്മയുടെ മുഖം.

അമ്മയുടെ വിളികേട്ടാണു് സന്തോഷ് ചിന്തയിൽനിന്നു വിമുക്തനായതു്: 'മോനേ സന്തോഷേ.... നിനക്കു് ഈ വർഷവും കൂടി കഴിഞ്ഞാൽ പഠിത്തംതീരുമല്ലോ?....'

തീരുമെന്ന അർത്ഥത്തിൽ സന്തോഷ് തലയാട്ടി.

എം. എ. വരെ പഠിച്ച നിനക്കു് ഒരു ക്ലാർക്കു് ആയിട്ടെങ്കി

With the best compliments from:

**PALLICAL FARMERS CO-OPERATIVE BANK Ltd.**

Pallical P. O., Trivandrum Dist.

Phone: 36

## MAHARAJAS

A notable name among Karicode Tutorials

Tution for:

Degree and Pre-Degree Classes of all Groups and all Subjects

Private Coaching for:

Ist P. D. C. and Ist D. C , IIIrd and IVth Group

Well equipped Lab for Practicals

MAHARAJAS

is a name for well coaching for both College and private students in perfectly peaceful atmosphere.

## MAHARAJAS

**Parallel and Tutorial College**

(Near T. K. M. College)

MODERN TECHNICAL INSTITUTE

KARICODE - QUILON.

**Coaching in:**

**Refrigeration and Air Conditioning, Electrician, Wireman.**


ലും ജോലികിട്ടും. അല്ലെങ്കിൽ നിനക്കു വേണ്ടത്ര സ്വത്തുണ്ടല്ലോ? അമ്മ മരിച്ചുപോയാലും എന്റെ മോനു് ദുഃഖിക്കേണ്ടി വരില്ല.'

അമ്മ എന്താ ഇങ്ങനെയൊക്കെ പറയാൻ എന്ന ഭാവത്തിൽ സന്തോഷ് അമ്മയെനോക്കി. ആ അമ്മയുടെ കണ്ണുകളിൽനിന്നും അശ്രുകണങ്ങൾ വീണു. ആ രാത്രി അവർ രണ്ടുപേരും ഉറങ്ങിയില്ല.

രാവിലെ കോളേജിൽ പോകാൻ ബസ് കയറാൻവന്നപ്പോൾ ഇന്നലെ കണ്ട ആ പെൺകുട്ടിയെ കണ്ടു. അവൾ തന്നെനോക്കി ചിരിച്ചു; താനും. ബസ് വരാൻ ഇനിയും 15 മിനിട്ടുകൂടിയുണ്ടു്. സന്തോഷ് അവളെ കൈയാട്ടി വിളിച്ചു. ഒരു മടക്കിയ പേപ്പർ അവളുടെ കൈയിൽ കൊടുത്തു.

അവൾ അതു് നിവർത്തി നോക്കി. നല്ല വടിവൊത്ത കൈയക്ഷരത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു:

'കുട്ടിയുടെ പേരെന്താണു്? എവിടെയാണു് വീടു്? ഇന്നലെ കണ്ടക്ടറോടു് അങ്ങനെ പറഞ്ഞതിനു് നന്ദി.'

അവൾ അതു് വായിച്ചിട്ടു് സന്തോഷിന്റെ മുഖത്തേക്കു നോക്കി ചെറുപുഞ്ചിരിയോടുകൂടി പറഞ്ഞു: 'എന്റെ പേരു് രമ. ഇവിടെനിന്നും രണ്ടുനാഴിക അകലെയാണു് വീടു്.' അവൾക്കു് സന്തോഷിനോടു് വർത്തമാനം പറയുന്നതു് ഇഷ്ടമായിരുന്നു.

ഈ സമയം കൂട്ടുകാരികൾ എന്തൊക്കെയോ കൈചൂണ്ടി കുശുകുശുക്കുന്നു. അവൾ ചിരിച്ചുകൊണ്ടു് അവരുടെ അടുത്തേക്കു് പോയി.

'രമേ.... സന്തോഷിന്റെ മുഖം സന്തോഷത്തോടു് ഇപ്പോഴാണു് ഞാൻ കണ്ടതു്.' എല്ലാവരും അവളെ കളിയാക്കി.

അവരിൽ ഒരുവൾ പറഞ്ഞു: 'എടീ നിനക്കു് ആ മിണ്ടാപ്രാണിയേ കിട്ടിയുള്ളോ പ്രേമിക്കാൻ....'

'അവരെയും ആരെങ്കിലും പ്രേമിക്കുണ്ടേ? അവർക്കും ആഗ്രഹങ്ങളും അഭിലാഷങ്ങളും ഇല്ലേ?' രമയുടെ മറുപടി ഇതായിരുന്നു.

ബസ് വന്നു എല്ലാവരും കയറി. കോളേജിൽ എത്തിയപ്പോൾ 'ഞാൻ പോകട്ടെ എന്റെ ക്ലാസ് ഇതാണു്' എന്നു് രമ സന്തോഷിനോടു പറഞ്ഞു. സന്തോഷ് പുഞ്ചിരിച്ചു. അവൻ ആ ക്ലാസ്സിലേക്കു നോക്കി. ബി. എ. ഫസ്റ്റ് ഇയർ ആണു്.

പിന്നീടുള്ള ദിവസങ്ങളിൽ അവർ എന്നും കാണുകയും, ചിരി

ക്കുകയും ചെയ്യുമായിരുന്നു. ഈ വർഷത്തെ പഠിത്തം അവസാനിക്കാൻ ഇനി രണ്ടു ആഴ്ചയേയുള്ളൂ. രമയുടെ മനസ്സിൽ ദുഃഖം തളംകെട്ടിനിന്നു. സന്തോഷിനെ ഇനി കാണാൻ പററില്ലല്ലോ? ബി. എ. യുടെ എക്സാമിനേഷൻ തീരാഞ്ഞിരിക്കുകയാണ് എന്റെ വിവാഹം ഉറപ്പിക്കാൻ. ഈ കാര്യം ഞാൻ സന്തോഷിനോട് എങ്ങനെ പറയും? സന്തോഷിനെയല്ലാതെ മറെറാരു പുരുഷനെ ഭാവി വരനായി സങ്കല്പിക്കാൻ വയ്യാ. എപ്പോഴാണെന്നറിഞ്ഞില്ല ഉറങ്ങിപ്പോയി. സന്തോഷ് തന്നെ കല്യാണമണ്ഡപത്തിലേയ്ക്കു പിടിച്ചു കയറുന്നതും, മാലചാർത്തുന്നതും, ആ രാത്രിയിൽ അവൻ അവളെ ചുംബിക്കുന്നതും. ആനന്ദ ലഹരിയിൽ മതിമറന്നു അവൻ അവളെ കെട്ടിപ്പിടിച്ചു. കൊച്ചനിയത്തിയുടെ ഞരങ്ങൽ അവളെ സ്വപ്നത്തിൽനിന്നും വേർതിരിച്ചു. അവൾക്ക് ലജ്ജതോന്നി. താൻ കണ്ടതു് എന്താണ്? അവൾ അനിയത്തിയെ അരികോടുചേർത്ത് പിടിച്ചുകിടത്തിക്കൊണ്ടു ഉറങ്ങി.

രാവിലെ അവൾ സന്തോഷ് നിൽക്കുന്ന സ്ഥലത്തുവന്നു. അവിടവും അവൾക്ക് സ്വർഗ്ഗമായിട്ടാണ് തോന്നിയതു്. തന്റെ ഇഷ്ടകാമുകനെ കാത്ത് അവൾ നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ സന്തോഷ് വരുന്നതു കണ്ടു്. സാരിയൊക്കെ നേരേ പിടിച്ചിട്ട്, മുഖം ഒന്നു തുടച്ചു നേരേചൊവ്വേ നിന്നു. ദൂരെ നിന്നുതന്നെ രമയെക്കണ്ടു് സന്തോഷ് ചിരിച്ചു.

അടുത്തു വന്നപ്പോൾ അവൾ പറഞ്ഞു: 'പിന്നെ സന്തോഷിനോട് ഞാൻ ഒരുകാര്യം പറയാൻ ആഗ്രഹിക്കുന്നു.'

സന്തോഷ് ചോദ്യരൂപേണ അവളെ നോക്കി.

'നമ്മുടെ കോളേജ് അടയ്ക്കാൻ ഇനി രണ്ടു ആഴ്ചയല്ലേ ഉള്ളൂ....'

അതെ എന്ന ഭാവത്തിൽ അവൻ തലയാട്ടി.

'എനിക്കാണെങ്കിൽ വിവാഹാലോചനകൾ വന്നുംപോയും ഇരിക്കുന്നു. ഞാൻ സന്തോഷിനെ മാത്രമേ വിവാഹംകഴിക്കൂ. സന്തോഷിന് എന്നെ ഇഷ്ടമല്ലേ?'

സന്തോഷ് അമ്പരന്നു നിൽക്കുകയാണ്. അവൻ നിഷേധഭാവത്തിൽ തലയാട്ടി. അവൻ വേഗം ഒരു പേപ്പറിൽ എഴുതി:

'ഡിയർ സിസ്റ്റർ, ഞാൻ നിന്നെ ഒരു സഹോദരിയെപ്പോലെയാണ് കരുതുന്നത്. നിന്നെപ്പോലെ എനിക്ക് ഒരു സഹോദരി ഉണ്ടായിരുന്നു. രൂപത്തിലും ഭാവത്തിലും എല്ലാം നിന്നെപ്പോലെയായിരുന്നു. അവൾ ഈ ലോകത്തോട് വിടപറഞ്ഞിട്ട് ഇന്നു രണ്ടുവർഷം കഴിയുന്നു. എന്റെ മരിച്ചുപോയ ആ സഹോദരിയെ ഞാൻ നിന്നിൽ കണ്ടെത്തി. ഒരു സഹോദരി എന്നതിൽ കവിഞ്ഞു എനിക്ക് നിന്നെ മറെറാരാളായി കരുതാൻ ആവില്ല. 'തെററ്' എന്റെ കൈയിലാണ് കുട്ടി. ഞാൻ നിന്നോട്ട് ഈ കാര്യം നേരത്തേ സൂചിപ്പിക്കേണ്ടതായിരുന്നു. എനിക്ക് മാപ്പുതരൂ. നീ വിവാഹം കഴിയ്ക്കണം. ഇനി എനിക്ക് അതിൽമാത്രമേ സന്തോഷമുള്ളൂ. ഒരു ഊമയായ എനിക്ക് ദാമ്പത്യജീവിതം ഒരു പ്രശ്നമാണ്. എനിക്കുണ്ടാകുന്ന സന്തതികൾക്കും ചിലപ്പോൾ ഈ ഗതിവന്നേയ്ക്കും. അതുകൊണ്ടു് ഞാൻ ഒരു നിത്യ ബ്രഹ്മചാരിയായി കഴിയാനാഗ്രഹിക്കുന്നു. നീ എന്നെ അതിലേയ്ക്കു വിട്ടേക്കൂ. നിന്റെ സന്തോഷമാണ് എന്റേയും. ഒരു സഹോദരൻ എന്ന നിലയ്ക്കു് ഞാൻ എന്നും കൂട്ടിനുണ്ടാകും. നീ എന്നോട് ക്ഷമിക്കൂ....'

രമ ഈ കുത്തു വായിച്ചു പൊട്ടിക്കരഞ്ഞുപോയി. റോഡാണെന്ന് അവൾക്ക് ഒരു ബോധവുമില്ലായിരുന്നു. അവൾക്ക് തലകറങ്ങുന്നതുപോലെ തോന്നി. കാലുകൾ കുഴയുന്നതുപോലെ. അവൾ വീഴുമെന്നായപ്പോൾ സന്തോഷ് അവളെ മെല്ലെ താങ്ങി. ബോധം നശിച്ചിരിയ്ക്കുന്നു. ആളുകൾ ഓടിക്കൂടി. എന്തുപററി? സന്തോഷ് അവളെ എടുത്ത് ഒരു ടാക്സിയിൽ കിടത്തി. സന്തോഷും വേറെ രണ്ടുമൂന്നുപേരുംകൂടി വണ്ടിയിൽ കയറി. അവളുടെ ശിരസ്സെടുത്ത് സന്തോഷ് തന്റെ മടിയിൽവച്ചു. നിഷ്ക്കളങ്കമായ ആ കൊച്ചുമുഖത്ത് അപ്പോഴും വിഷാദം തളംകെട്ടി നിന്നു. ഹോസ്പിററലിൽ എത്തി. രമയ്ക്കു് ബോധം തെളിഞ്ഞു. കണ്ണുകൾ തുറന്നു. സന്തോഷിന്റെ മുഖത്ത് നിരപരാധിത്വം തെളിഞ്ഞുനിന്നു.

അവൻ നിറമിഴികളോടെ രമയെ നോക്കി. അവൾ വിഷാദം കലർന്ന പുഞ്ചിരിച്ച്:

'സന്തോഷേട്ടാ.... ഞാൻ കടന്നു ചിന്തിച്ചതാണ് ഇതിനു കാരണം.... അങ്ങ് എന്നോട് ക്ഷമിക്കൂ.... എന്റെ ഹൃദയത്തിൽ ഒരു സഹോദരന്റെ സ്ഥാനം അങ്ങേയ്ക്കു് എന്നും ഉണ്ടായിരിക്കും....'

അവൾ ബെഡ്ഡിൽനിന്നും പതുക്കെ എഴുന്നേററു്. സന്തോഷിന്റെ മുഖത്ത് പുഞ്ചിരിവിടർന്നു.

ററി. കെ എം. ആർട്ട്സ്



## TAGORE COLLEGE

(College Junction)

**Quilon-1., Kerala.** Phone: 5707

ടൂറിസം വിദ്യാഭ്യാസത്തിന്റെ ഒരു ഭാഗമാണ്.

കേരളത്തിൽനിന്നും കുറേ എൻജിനീയറിംഗ് വിദ്യാർത്ഥികൾ ബാംഗ്ലൂർ 'സഞ്ജയ് ഗാന്ധി' കോളേജ് സന്ദർശിച്ചപ്പോൾ. ഈ കോളേജിന്റെ പെയർമാനും 'സിദാ' ട്രാവൽസിന്റെ ഉടമയും ഒരു മലയാളിയായ ശ്രീ പി. സദാശിവൻ, 'സിദാ ട്രാവൽസ്', കോളേജ് ജംഗ്ഷൻ, കൊല്ലം - ആണ്.

# ചോരത്തുള്ളികൾ

ആർ. ഹരിപ്രസാദ്
രണ്ടാംവർഷ ബി. കോം.

ചുടുനിണമൊഴുകീ താഴ്‌വാരങ്ങളിൽ
കുരുതിക്കളമായ്ത്തീർന്നു ധരിത്രി
ചുറ്റുംനിന്നു മുഖങ്ങളിൽ രക്തംവാറ്റി—
വിളറിവെളുത്തു, മൂകതയുറ്റി.
ഗാത്രംതമ്മിലടുത്തു കൈകളുയർന്നു
ക്രോധപടവാളേന്തീ മിഴികൾ
തമ്മിൽ വെട്ടിക്കൊല്ലാൻ കത്തികളീറാൻ
കത്തികൾ വാനിലുയർന്നു, താണു.
പിടഞ്ഞുവീണു, കൈകാൽത്തല്ലി—
ത്തകർന്നുകേഴുംനേരം മിഴികൾ
തറഞ്ഞുനിന്നൂ ദൈന്യതപൂണ്ടൊരു
വദനത്തിൽ അരനാഴികനേരം.

x x x x x

ഓർമ്മകൾ മെല്ലെപ്പുറകോട്ടോടി—
ത്തടഞ്ഞുനിന്നു വഴിവക്കിൽ
വാകമരത്തിൻ തണലിൽനിന്നൊരു
തേങ്ങലുയർന്നു, നിന്നു, സ്തബ്ധം.
‘കേൾക്കുക, പോകരുതിനിയും രാഷ്ട്രീയത്തിൽ
കോൽക്കളിവേണ്ടിതു വേണ്ടാ
അടിപതറാതെ, തീർക്കുക ഭുവിൽ
പുതിയൊരു ജീവിതസൗധം പേനത്തുമ്പാൽ’

x x x x x

താഴ്‌വാരങ്ങളിലുയർന്നപൊങ്ങിയ
ഹുങ്കാരത്തിലലിഞ്ഞു ശ്വാസം
ആദർശത്തിൻ പടഹമുയർത്താൻ
അടിയറവച്ചൊരു യുവശക്തി.
ചുടുനിണമൊട്ടിയ വാൾത്തലവേണോ
പട്ടതയിയറ്റാൻ രാഷ്ട്രീയത്തിൽ?
ഉത്തരമേകാനാകാതിന്നിവിടലയുന്നു
യുവചേതന കേഴുന്നു, പിടഞ്ഞുവീഴുന്നു.
വേണ്ട നമുക്കിനിയിക്കളി നിർത്തുക
പോകാം തകർക്കാതിനിയൊരു ജീവൻ.

Visit for all
Modern Furniture
**BHARATH FURNITURE**
LEKSHMINADA
QUILON
Phone: 3305
Bharath Furniture
Pattam, Tvm.
Phone: 8467



റി. കെ. എം. ആർട്സ്

# വിടപറയൽ

**ജെ. ശൈലജ**

*ഫസ്റ്റ് പി. ഡി. സി., സി 3 ബാച്ച്*

നിശബ്ദത തളം കെട്ടി നില്ക്കുന്ന അപരിചിതമായ പ്രദേശങ്ങൾ ചവിട്ടി മുന്നോട്ട് നീങ്ങി. ഒരിക്കലും പിന്നിട്ട വഴികൾ തിരിച്ച് കിട്ടുകയില്ലല്ലോ എന്നോർത്തപ്പോൾ ഞാനൊന്ന് ഞെട്ടി.

പക്ഷെ..........

ആ ഞെട്ടൽ എനിക്കൊരു സമാധാനമായി. ആ തോന്നൽ എന്റെ കാലുകളുടെ വേഗത വർദ്ധിപ്പിച്ചു. "ജീവിതത്തിന്റെ നഗ്ന യാഥാർത്ഥ്യങ്ങളിൽ ഒളിച്ചോടുന്ന ഭീരു........വിഡ്ഢി.....'' എനിക്ക് ചുററും ആരൊക്കെയോ അലറുന്നു.

നഷ്ടസ്വപ്നങ്ങളിൽ സ്വാർത്ഥതയുടെ പൊയ്മുഖമണിഞ്ഞ് ഇനിയും ജീവിക്കണമോ?

ആർക്ക്........ എന്തിന്?

അപൂർണ്ണതയുടെ ആയിരമായിരം വൃത്തങ്ങളിൽ എന്നോ എവിടെയോ നഷ്ടപ്പെട്ട, രൂപമില്ലാത്ത, ഭാവമില്ലാത്ത ഞാനെന്ന ഭാവം. ആ ഭാവത്തിന് അർത്ഥവും വ്യാപ്തിയും കണ്ടെത്തുവാൻശ്രമിച്ചിരുന്ന പെൺകുട്ടി....

പൊയ്മുഖങ്ങളണിഞ്ഞ് , സ്വന്തംമുഖം മറന്ന്പോയ ഞാൻ. അതിന്ആത്മാർത്ഥമായി ആഗ്രഹിച്ചതു് നിനക്കുവേണ്ടി മാത്രമായിരുന്നു. വർഷങ്ങളോളം നീററലിന്റെ മരക്കരിശ്ശും, മുൾക്കിരീടവും, ചുമക്കുവാൻ എനിക്ക് പ്രലോഭനം നൽകിയതു് നിന്നിലുള്ളപ്രതീക്ഷകളായിരുന്നു. എന്റെ വേദനകൾ എന്നിൽമാത്രം നിക്ഷിപ്തമാണെന്ന് ഇന്ന് ഞാൻ മനസ്സിലാക്കി. മരണത്തിന്മാത്രം നശിപ്പിക്കുവാൻ കഴിവുള്ള വേദനയുടെ ശൃംഖലകൾ ഒരിക്കൽകൂടി എനിക്കായ് നേടി തന്നിരിക്കുന്നു.(വർഷങ്ങൾക്കപ്പുറമുള്ള പ്രകാശംമങ്ങിയ സായാഹ്നത്തിൽ)

അകലെ ഇടിഞ്ഞ്പൊളിഞ്ഞ പഴയ അർദ്ധനാരീശ്വര ക്ഷേത്രത്തിന്റെ കരിങ്കൽ ഭിത്തികൾ.

അങ്ങകലെ വിദൂരതയിൽ നിന്ന് ആഞ്ഞടിച്ച കാററിൽ, ഏതോ ശ്മശാനത്തിൽ പച്ചമാംസം എരിയുന്ന ദുർഗന്ധം.

മുന്നിൽ തുടിക്കുന്ന അധരങ്ങളും വിഷാദം പതിയിരിക്കുന്ന മിഴികളും ഉള്ള പെൺകുട്ടി.

"നാളെ ഞാൻ പോകുകയാണ്........ കാത്തിരിക്കും." വിഷമം സൃഷ്ടിച്ച വാക്കുകൾ.

നിശബ്ദത സൃഷ്ടിച്ച കനത്ത ഏകാന്തതയിൽ അവളുടെ തേങ്ങലിന്റെ ശബ്ദം.

അവൾക്ക് സമാധാനം പകരുവാൻ, ദുഃഖങ്ങൾ ഏററെടുക്കുവാൻ, എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കുവാൻ കഴിയാതെപോയ സമയങ്ങൾ.

ഒരു കൊച്ചു കുട്ടിയെപ്പോലെ അവളുടെ മാറിൽ തലചേർത്ത് ഞാൻ കരഞ്ഞു.

ഞാൻ വെറുക്കപ്പെട്ട അതിലേറെ എന്നാൽ വെറുക്കപ്പെട്ട ഈ ലോകത്തിൽ, എനിക്ക് സമാധാനം പകർന്നിരുന്ന എന്റെ എല്ലാമായവൾ എന്നിൽനിന്നും അകലുന്നു. നിമിഷങ്ങളുടെ അർദ്ധവൃത്തങ്ങളിൽ നിശ്ചലമായ കണ്ണുകളോടെ ഞാൻ നോക്കിനിന്നു.

തുടർന്നങ്ങോട്ട്.......

ആരേയും ശ്രദ്ധിക്കാതെ, ആരാലും ശ്രദ്ധിക്കപ്പെടാതെ വലിയ വീടിന്റെ ഇരുളടഞ്ഞ മുറിയിൽ, ഞാനൊരു സ്വപ്നജീവിയായി.

ഹൃദയത്തിന്റെ ഭാഷ, കണ്ണുകളാകുമ്പോൾ കണ്ണുകൾ എനിക്ക് പ്രചോദനം നല്കുമ്പോൾ ഞാനാശ്വസിച്ചു. അതിൽ കൂടുതൽ സന്തോഷിച്ചു.

''കാത്തിരിപ്പ്'' ദുഃഖമായിരിക്കാം. പക്ഷെ അതിന് അർത്ഥമുണ്ടാകുമ്പോഴെ? അസ്വസ്ഥമായ ദിനരാത്രങ്ങളിൽ ആശ്വാസത്തിന്റെ കുളിർമ്മ വർഷിച്ച ഒരു ചോദ്യം.

ആഗ്രഹങ്ങളും, അഭിലാഷങ്ങളും, എന്റെ എല്ലാമായവളിൽ കേന്ദ്രീകരിച്ചു. പ്രതീക്ഷകൾക്കപ്പുറമേറി കഴിയുന്ന ഒരു വലിയകടമ്പ. ബന്ധങ്ങൾ തീർത്ത ബന്ധനങ്ങൾ കഴിയുവാൻ അവൾക്ക് കഴിയുമോ?

നിനക്കതിന് കഴിയണം, ഇത്രയും നാൾ നീ ഏകയായിരുന്നു. ഇനി, മുന്നോട്ടുള്ള ദൂരം പിന്നിടുവാൻ ഞാൻ കൂടെയുണ്ട് കുട്ടീ........

എങ്കിലും........?

ലോകം മുഴുവൻ സുഖ സമൃദ്ധിയിലാണ്ടുകിടക്കുമ്പോഴും ഞാൻ എനിക്കായി വിരമിച്ചു ഇരുട്ട്നിറഞ്ഞ സാമ്രാജ്യങ്ങളിൽ എന്തിനോവേണ്ടി അലഞ്ഞു. ഒരു പക്ഷേ........നഷ്ടപ്പെട്ട പലതും നേടാനായിരിക്കും?

കത്തിജ്വലിക്കുന്ന സൂര്യന്റെ താപം ചെടികളെപ്പോലും തളർത്തിയ ഒരു മദ്ധ്യാഹ്നം.

അങ്ങകലെ, റോഡിൽ വിയർപ്പിൽ കുളിച്ച വസ്ത്രങ്ങളുമായി നടന്ന് നീങ്ങുന്ന തപാൽശിപായി.

എന്നെ ഞാനാക്കുന്ന പെൺകുട്ടിയുടെ കത്ത്. കൈയക്ഷരം എനിക്ക് സുപരിചിതമാണല്ലോ? മനസ്സിൽ ആയിരമായിരം അനുഭൂതികൾ.

പുറത്തെടുത്തപേപ്പറിലെ വാചകങ്ങളിലേക്ക് ദൃഷ്ടികൾ ചലിച്ചപ്പോൾ........

പൊട്ടിച്ചിരിക്കുവാനും, പൊട്ടിക്കരയുവാനും ആവേശം. പക്ഷേ രണ്ടിനും കഴിയാത്ത കനംതൂങ്ങിയ നിമിഷങ്ങൾ.

നീ പുതിയൊരു ജീവിതം കണ്ടെത്തിയിരിക്കുന്നു. കുട്ടീ. എന്നാൽ........

എല്ലാം നഷ്ടപ്പെട്ടവരുടെ സാമ്രാജ്യങ്ങളിൽ മറ്റൊരു പേരുകൂടി ആലേഖനം ചെയ്യാൻ നിനക്ക് കഴിഞ്ഞിരിക്കുന്നു.

നിനക്ക് ബന്ധങ്ങളിലായിരുന്നു എന്നും വിശ്വാസം. ആ വിശ്വാസത്തിലൂടെ മുന്നേറിയ നിനക്ക് ഞാൻ........

എന്തിനേറെ ചിന്തിക്കുന്നു. ചിന്തകൾക്ക് അവസാനം ഉണ്ടായിരുന്നെങ്കിൽ ഞാൻ പലതും നേടുമായിരുന്നു. ദുഃഖമെന്ന ഭാവം സഹായിയായി മാറിയ എന്റെ ജീവിതത്തിൽ ഒരു പുതിയജീവിതത്തിൽ ഒരു പുതിയ അദ്ധ്യായം കൂടി. പക്ഷെ........

ഇനിഒരിക്കലും മറ്റൊരദ്ധ്യായം രചിക്കുവാൻ എനിക്ക് ശക്തിയില്ല, കുട്ടീ........

വഴികൾ ഇവിടെ അവസാനിക്കുകയാണോ? മുന്നിൽ ഇടിഞ്ഞ് പൊളിഞ്ഞ അർദ്ധനാരീശ്വരക്ഷേത്രത്തിന്റെ കരിങ്കൽഭിത്തികൾ.

എന്റെ പെൺകുട്ടീ........നമ്മുടെ തുടക്കം ഇതുപോലെ മറ്റെവിടെയോ ആയിരുന്നു. അവസാനമോ?

ഒന്നുചേരുവാൻ, തമ്മിലലിയുവാൻ ആത്മാർത്ഥമായി ആഗ്രഹിച്ചിരുന്ന നീ ഇന്നൊരു പുതിയ ജീവിതം കണ്ടെത്തിയിരിക്കുന്നു. പക്ഷെ........

ഞാനെന്ന ഭാവം രൂപമില്ലാത്ത, ഭാവമില്ലാത്ത ആയിരമായിരം വൃത്തങ്ങളായി മാറുന്നു. ഞാൻ മുന്നോട്ട് തന്നെ പോകും. ഈ യാത്ര അവസാനിക്കുന്നിടത്തോളം.

എന്റെ പെൺകുട്ടീ........നമുക്കിനിയും കണ്ടെത്താം. ഒരു പക്ഷെ അത് മറ്റൊരു ലോകത്തായിരിക്കും.

〰〰


With the best compliments from:

**Trichur Furniture Industries**

Lekshminada, Quilon.

Branches: Kilikolloor, Attingal.

Phone: 4470 QLN.

Resi: 4485, 4475




റ്റി. കെ. എം. ആർട്ട്സ്

THE SCHOOL OF ECONOMICS & SCIENCE

**KUNDARA, Br: KARIKODE.**

We stride in harmony with academic brilliance

Tuition Classes & Session Classes for:

P. D. C. all Groups, II D. C. English, B. A., B. Com. Subjects

Parallel Classes for:

P. D. C., B. A., B. Com., M. A., Economics

Well-equipped Lab-attached

# കലാസമിതി റിപ്പോർട്ട് 1982–83

1982–83 ലേക്കുള്ള കോളേജ് യൂണിയൻ തെരഞ്ഞെടുപ്പിൽ, കലാസമിതി പ്രവർത്തനത്തിന്റെ ചുമതല കൊല്ലം ററി. കെ. എം. ആർട്ട്സ് കോളേജിലെ വിദ്യാർത്ഥികൾ എസ്. എഫ്. ഐയുടെ പ്രതിനിധിയായ എന്നിലർപ്പിക്കുകയുണ്ടായി. ഈ കോളേജിന്റെ കലാസമിതിയുടെ പ്രവർത്തനചരിത്രത്തിലെ ഏററവും കാര്യക്ഷമമായ വർഷമായിരുന്നു 82–83 എന്ന് ഞാൻ അഭിമാനപൂർവ്വം അറിയിക്കട്ടെ. കലാസമിതി ആവിഷ്കരിച്ചിരുന്ന പല പരിപാടികളും രാഷ്ട്രീയസമ്മർദ്ദമുളവാക്കിയ പ്രതികൂലസാഹചര്യങ്ങളിൽ നടക്കാതെപോയത് വിദ്യാർത്ഥിനീ വിദ്യാർത്ഥികൾക്കുകൂടി അറിവുള്ളതാണല്ലോ.

കലാസമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ—കലാസമിതിയുടെ കീഴിൽ ലിററററി അസോസിയേഷൻ, ഡ്രാമാററിക് ക്ലബ്ബ്, ഫൈൻ ആർട്ട്സ് ക്ലബ്ബ് എന്നിവ രൂപീകരിക്കുകയുണ്ടായി.

1982 നവംബർ 17–ാം തീയതി രാവിലെ 10–മണിക്ക് കാഥിക സാമ്രാട്ട് സ: ഹർഷകുമാർ കലാസമിതിയുടെ ഉത്ഘാടനം നിർവഹിച്ചു

പ്രവർത്തനങ്ങളുടെ ഒരു നീണ്ട പട്ടിക ഇവിടെ അവതരിപ്പിക്കുവാൻഞാൻ ഉദ്ദേശിക്കുന്നില്ല. മറിച്ച് ചില പ്രധാനപ്പെട്ട പ്രവർത്തനങ്ങൾമാത്രം ഇവിടെ കുറിക്കുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽവച്ച്, വിവിധ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തിയ മൽസരങ്ങളിൽ പലതിലും സാമ്പത്തിക പരാധീനതകൾ ഉണ്ടായിട്ട്പോലും, കലാസമിതിയെ പ്രതിനിധീകരിച്ച് വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി.

1982 നവംബർ 13 ന് പത്തനംതിട്ട ജേസീസ് സംഘടിപ്പിച്ച അന്തർ കലാലയ യുവജനോത്സവത്തിൽ, മിക്ക ഇനങ്ങളിലും സമിതി അംഗങ്ങൾ പങ്കെടുക്കുകയും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുകയും ചെയ്തു.

1982 നവംബർ 10–ാം തീയതി കലാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ''മ്യൂസിക് ക്ലബ്ബിന്റെ പ്രവർത്തനം വളരെ നല്ലരീതിയിലായിരുന്നു. സംഗീതത്തിൽ വാസനയുള്ള '50'ൽപരം വിദ്യാർത്ഥികളിൽനിന്നുമാണ് '10' അംഗങ്ങൾ ഉള്ള മ്യൂസിക് ക്ലബ്ബിന് രൂപംനൽകിയത്.

കലാസമിതി രൂപീകരിച്ച 'ക്വിസ് ക്ലബ്ബി'ന്റെ പ്രവർത്തനവും വളരെ നല്ല രീതിയിലായിരുന്നു.

1982 നവംബർ 19 ന് കൊല്ലം വൈ. എം. സി. എ. സംഘടിപ്പിച്ച കലാമത്സരങ്ങളിൽ മിമിക്രി, മോണോആക്ട്, ഉപകരണസംഗീതം, പ്രസംഗം—എന്നി ഇനങ്ങളിൽ ററി. കെ. എം. കോളേജിലെ പ്രതിഭകൾ സമ്മാനാർഹരായി.

1982 ഡിസംബർ 6–ന് കൊല്ലം എസ്. എൻ കോളേജിൽ നടന്ന ശ്രീനാരായണ സെൻറിനറി ഡിബേററിലും 10–ന് നടന്ന ഡാ: എം. ശ്രീനിവാസൻ റിട്ടയർമെൻറ് മെമ്മോറിയൽ ഇൻറർ കോളേജിയേററ് പ്രസംഗമത്സരത്തിലും ഈ കോളേജിലെ പ്രതിഭകൾ പങ്കെടുക്കുകയുണ്ടായി.

കലാസമിതിയുടെ മേൽനോട്ടത്തിൽ 1982 'ഡിസംബർ 10' 'മനുഷ്യാവകാശ പ്രഖ്യാപന ദിനമായി' ആചരിച്ചു. അന്നേദിവസം നടന്നസമ്മേളനത്തിൽ മലയാള വിഭാഗം അദ്ധ്യാപകൻ ശ്രീ. ഹാഷിംകുട്ടി മനുഷ്യാവകാശ പ്രഖ്യാപനങ്ങൾ വായിക്കുകയുണ്ടായി.

1982 ഡിസംബർ 14 മുതൽ എറണാകുളത്തുവെച്ച് നടന്ന ''യൂണി: യൂത്ത്ഫെസ്ററിവലിൽ'' 4 കലാകാരികൾ ഉൾപ്പെടെ 14 പേർ നമ്മുടെ കലാലയത്തെ പ്രതിനിധീകരിച്ച് മൽസരങ്ങളിൽ പങ്കെടുത്തു. താല്പര്യമുള്ള വിദ്യാർത്ഥികളുടെ കലാപ്രകടനങ്ങൾ നടത്തി അവയിൽ നിന്നുമാണ് യുവജനോത്സവത്തിൽ പങ്കെടുക്കുന്നതിന് പ്രതിനിധികളെ തിരഞ്ഞെടുത്തത്. നമ്മുടെ വിദ്യാർത്ഥികൾക്ക് ഇനിയും വളരെയധികം പരിശീലനം ആവശ്യമാണെന്നുള്ളത് ഒരു ദുഃഖസത്യമായി അവശേഷിക്കുന്നു.

1983 ജനവരി 24 ന് കൊല്ലം എഫ്. എം. എൻ കോളേജിൽവച്ച് വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ കവിയരങ്ങിൽ നമ്മുടെ കോളേജിലെ '2' വിദ്യാർത്ഥികൾ അവരുടെ കവിതകൾ വായിക്കുകയുണ്ടായി.

1983 മാർച്ച് 7-ന് ''ഇന്ത്യൻ സിനിമയുടെ സമകാലീന പ്രശ്നങ്ങൾ'' എന്നവിഷയത്തെ ആസ്പദമാക്കി അറിയപ്പെടുന്ന സിനിമാനിരൂപകനും, 1982-ലെ ബെസ്റ്റ് ഫിലിം അവാർഡ് കമ്മിറ്റിയംഗവും ആയ ശ്രീ വിജയകൃഷ്ണൻ സംസാരിക്കുകയുണ്ടായി.

1983 മാർച്ച് 8, 9, 10, തീയതികളിൽ സാഹിത്യ മത്സരങ്ങൾ, ചിത്രരചനാ മത്സരങ്ങൾ എന്നിവ നടത്തുകയുണ്ടായി.

1983 മാർച്ച '11' ന് സംഘടിപ്പിച്ച ''സംഗീതമേള'' അതീവ ഹൃദ്യമായിരുന്നു. ലളിതഗാനം, സിനിമാഗാനം, മാപ്പിളപ്പാട്ട് എന്നിവയിൽ മത്സരം നടത്തുകയുണ്ടായി.

1983 മാർച്ച് 17ന് നടന്ന ''നാടകമേള''യിൽ ആകെ 15 നാടകങ്ങൾ അവതരിപ്പിക്കുകയുണ്ടായി. സ്റ്റാഫ് അഡ്വൈസർ കൂടിയായ ശ്രീ ബഷീർ കണ്ണ് സാർ, നാടക മേള ഉത്ഘാടനം ചെയ്തു. ശ്രീ എം. എസ്. രവി (മദ്രാസ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്) ശ്രീ അനന്തമംഗലം രാധാകൃഷ്ണൻ എന്നിവരടങ്ങുന്ന ജഡ്ജിംഗ് കമ്മററി നാടകങ്ങൾ വിലയിരുത്തുകയുണ്ടായി. ശ്രീ. ബദറുദ്ദീൻ സംവിധാനംചെയ്ത തിരുവാഴി എന്ന നാടകം ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കോളേജ് ഡേയോടനുബന്ധിച്ച് നടന്ന കലാമൽസരങ്ങളിൽ, ഭരതനാട്യം, തിരുവാതിരകളി, മാപ്പിളപ്പാട്ട്, ഒപ്പന എന്നിവ പുതിയ ഇനങ്ങളായിരുന്നു.

1983 മാച്ച് 19—ാം തീയതി കലാസമിതിയുടെ സമാപന സമ്മേളനം സഖാവ് സി. കെ. സീതാറാം ഉത്ഘാടനം ചെയ്തു. യൂണിയൻ കലോത്സവത്തിലെ വിജയികൾക്ക് ബഹുമാനപ്പെട്ട പ്രിൻസിപ്പാൾ സമ്മാനദാനം നിർവ്വഹിച്ചു.

സമയ നഷ്ടവും, സാമ്പത്തികപരാധീനതകളും, വളരെയധികം ഉണ്ടായിരുന്നിട്ടും, കലാസമിതിയുടെ പ്രവർത്തനങ്ങൾ അധികം പോറലേൽക്കാതെ നടന്ന് പോവാൻ സഹായിച്ച സ്നേഹനിധിയായ പ്രിൻസിപ്പാളിനെ, ഉപദേശങ്ങളും, മാർഗ്ഗനിർദ്ദേശങ്ങളും എപ്പോഴും നൽകികൊണ്ടിരുന്ന ബഹു: പ്രൊഫസർ ശ്രീ. ബഷീർ കണ്ണ് സാറിനെയും, ലിറററി അസോസിയേഷന് ജീവൻ പകർന്ന ശ്രീ ഹാഷിംകുട്ടി സാർ, ഡ്രാമാററിക് ക്ലബ്ബിന്റെ കാര്യദർശി ശ്രീ നൗഷാദ്സാർ, സഹകരണ മനസ്ഥിതിയോടെ എപ്പോഴും കൂടെനിന്നുപ്രവർത്തിച്ച വിദ്യാർത്ഥി സുഹൃത്തുക്കളെയും, മററ് നോൺ—ററീച്ചിംഗ് മിനിസ്ററീരിയൽ സ്റ്റാഫിനെയും കൃതജ്ഞതാപൂർവ്വം ഓർത്തുകൊണ്ട് കലാസമിതിയുടെ ഈ റിപ്പോർട്ട് ഞാൻ സമർപ്പിക്കട്ടെ!

സഹകരിച്ചവരോട് നന്ദി, പ്രതികരിച്ചവരോട് പ്രത്യേകിച്ചും.

സ്നേഹപൂർവ്വം

ഷറഫുദ്ദീൻ. കെ

തേഡ് ബി. കോം.

ആർട്സ്സ്ക്ലബ്ബ് സെക്രട്ടറി.

# പുഷ്പദുഃഖം

എം. ഷറഫുദ്ദീൻ
ബാച്ച് സി 3, തേഡ് ഗ്രൂ. ബി

മനോഹരമാം മലർവാടിയിൽ
വിടർന്ന പുഷ്പത്തിൻ സുഗന്ധമേററ്
ഞാനേകനായ് സഞ്ചരിക്കവേ—
വിടർന്ന പുഷ്പത്തിൻ മധു നുകരാനായാം
ശലഭങ്ങൾ, കരിവണ്ടുകൾ തൻ—
മനോഹരഗാനം പാടിപ്പറക്കവേ
മുഗ്ദ്ധതയാർന്ന പുഷ്പത്തിൻ ദളങ്ങളെ
വിടർത്തി കരിവണ്ടുകൾ മധു നുകരവേ
നൊമ്പരമണിഞ്ഞ പുഷ്പത്തിൻ ദളങ്ങൾ
ഒന്നൊന്നായ് നിലംപതിക്കവേ
എൻമിഴികളടച്ചു ഞാനെൻ—
പാതയിലേക്കറിയാതെ സഞ്ചരിച്ചുപോയ്
ഹാ! പുഷ്പമേ നിൻ സൗരഭ്യമൊന്നു കുറയ്ക്കൂ
നിൻ ജീവിതത്തിനായുസ്സ് വർദ്ധിപ്പിക്കൂ!

# നാഷണൽ സർവ്വീസ് സ്കീം പ്രവർത്തന റിപ്പോർട്ട് 1982-83

വിദ്യാഭ്യാസത്തിലൂടെ വിദ്യാർത്ഥികളുടെ സേവനോത്സുകതയും, അദ്ധ്വാനമനോഭാവവും വളർത്തിയെടുക്കുക എന്നുള്ള നാഷണൽ സർവ്വീസ് സ്കീമിന്റെ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്തുകൊണ്ടാണ് നമ്മുടെ കോളേജിലെ എൻ. എസ്. എസ്. യൂണിററ് പ്രവർത്തനപഥത്തിലേക്കിറങ്ങിയതു്.

എൻ. എസ്. എസിന്റെ കാര്യദർശി എന്ന നിലയിൽ ചലനാത്മകമായ കാലഘട്ടത്തിലെ ക്രിയാത്മകമായ പരിപാടികളുടെ ഒരു സംക്ഷിപ്തരൂപം ഇവിടെ അവതരിപ്പിക്കുന്നതിൽ ഞാൻ സന്തുഷ്ടനാണ്.

മററ് കോളേജിൽനിന്നും വ്യത്യസ്തമായി 3 യൂണിററുകളിലൂടെ 450–ലധികം സേവനമനസ്ക്കരായ വിദ്യാർത്ഥികൾ നമ്മുടെ പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകി.

## പരിസരശുചീകരണം

പരിസരശുചീകരണത്തിന്റെ ആവശ്യകത മനസ്സിലാക്കിക്കൊണ്ട് കോളേജ് പരിസരത്തെ കാടുകളും പടർപ്പുകളും നശിപ്പിച്ചുകൊണ്ടാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചതു്. പരിസരശുചീകരണത്തോടൊപ്പം കമ്പോസ്റ്റ്കുഴികൾ നിർമ്മിച്ചും, തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചും പ്രവർത്തനങ്ങൾക്ക് സൃഷ്ടിയുടെ പരിവേഷംചാർത്തി.

## നേതൃത്വപരിശീലന ക്യാമ്പ്

1982 ആഗസ്റ്റ് 27–മുതൽ 29–വരെ കൊല്ലം ഇഞ്ചിനീയറിംഗ് കോളേജിൽവച്ചു നടന്ന നേതൃത്വപരിശീലന ക്യാമ്പിൽ നമ്മുടെ കോളേജിൽനിന്നും 12 പ്രതിനിധികൾ പങ്കെടുക്കുകയും, എൻ. എസ്. എസിന്റെ പ്രവർത്തനങ്ങൾക്ക് രൂപംഗിനൽകുന്ന പല നിർദ്ദേശങ്ങളും നൽകുകയും, പുതിയ പരിപാടികൾ നടപ്പിലാക്കുന്നതിനാവശ്യമായ വിവരങ്ങൾ ശേഖരിക്കുകയുംചെയ്തു. ഈ ക്യാമ്പിൽ പങ്കെടുത്ത പകുമതികളായ നമ്മുടെ പ്രതിനിധികൾ വിശിഷ്ടമായ നേതൃത്വഗുണത്തിന്റെ ഉടമകളായിരുന്നു എന്നുള്ളതു് പ്രശംസനീയമായ ഒരു വസ്തുതയാണ്.

## ജീവകാരുണ്യ പ്രവർത്തനങ്ങൾ

കൊല്ലം ഡിസ്ട്രിക്ററ് ഹോസ്പിററലിൽ മരണത്തോടു മല്ലടിച്ചുകൊണ്ടിരുന്ന നിർധനരായ മൂന്നു രോഗികൾക്ക് നമ്മുടെ വാളൻറിയേഴ്സായ – പ്രിൻസ് എസ്., റഹമത്തു് തങ്ങൾ, അശോക് കുമാർ, പ്രസാദ്, തജീസ് എന്നിവർ രക്തംനല്കി. ഇതു് രക്തദാനത്തെക്കുറിച്ചു് അബദ്ധജടിലങ്ങളായ വിശ്വാസങ്ങൾ സൂക്ഷിക്കുന്നവർക്ക് ആ വിശ്വാസങ്ങൾ തിരുത്തിക്കുറിക്കുന്നതിനു് പ്രചോദനംനൽകിയിട്ടുണ്ട് എങ്കിൽ ഞങ്ങൾ സന്തുഷ്ടരാണ്.

കൂടാതെ നമ്മുടെ കോളേജിലെ വിദ്യാർത്ഥികളെ വഹിച്ചിരുന്ന കോമോസ് ബസ് കടപ്പാക്കടയിൽവച്ചു മറിയുകയും ഗുരുതരമായി നമ്മുടെ സഹവിദ്യാർത്ഥികൾക്ക് പരിക്കേൽക്കുകയുംചെയ്തു. ഗുരുതരമായി പരിക്കേററ വിദ്യാർത്ഥികൾക്ക് ആവശ്യഘട്ടങ്ങളിൽ നമ്മുടെ എൻ. എസ്. എസ്. വാളൻറിയേഴ്സ് രക്തംനൽകിയും, അവരെ ശുശ്രൂഷിക്കുന്നതിലൊതുങ്ങി രാവും പകലും ആശുപത്രിയിൽ തങ്ങി എന്നുള്ളതും എൻ. എസ്. എസ്. വാളൻറിയേഴ്സിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളെ എടുത്തുകാട്ടുന്നു.

## ആഗസ്ററ് 15 സ്വാതന്ത്ര്യദിനാഘോഷം

വിദേശമേധാവിത്വത്തിന്റെ കരങ്ങളിൽനിന്നും ഇൻഡ്യയെ ഇൻഡ്യാക്കാർ ഏററുവാങ്ങിയ ദിനമായ ആഗസ്റ്റ് 15–ന്റെ പ്രാധാന്യം ഉൾക്കൊണ്ടുകൊണ്ട് ആഘോഷങ്ങളിലൂടെ അനുസ്മരണീയതനൽകി. രാവിലെ നടന്ന പതാക ഉയർത്തൽ പരിപാടിയിൽ പങ്കെടുത്ത എല്ലാവർക്കും നമ്മുടെ യൂണിററിന്റെ വകയായി മിഠായിവിതരണം നടത്തുകയും, വിദ്യാർത്ഥികൾക്കുവേണ്ടി പ്രസംഗമത്സരം നടത്തുകയുംചെയ്തു.

ഉച്ചയ്ക്കുശേഷം കൊല്ലത്തെ ഡിസ്ട്രിക്ററ് ഹോസ്പിററലിലെ വിദഗ്ദ്ധരായ രണ്ടു ഡോക്ടർമാർ സാധാരണ രോഗങ്ങളേയും, സാംക്രമിക രോഗങ്ങളേയും കുറിച്ചു് ക്ലാസ് നൽകുകയും, പ്രഥമ

ശുശ്രൂഷ നൽകേണ്ടതു് എങ്ങനെയെന്ന് വാളൻറിയേഴ്സിനെ പഠിപ്പിക്കുകയുംചെയ്തു.

## ഒക്ടോബർ 2 ഗാന്ധിജയന്തിദിനം

നമ്മുടെ രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ജന്മദിനം സമുചിതമായി ആഘോഷിച്ചു. അന്നു രാവിലെ കോളേജിലെ എല്ലാ വിഭാഗം വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചുകൊണ്ട് ശ്രമദാനയജ്ഞം നടത്തുകയുണ്ടായി. ശുചീകരണ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയതു്. കരിക്കോട്ടുനിന്നും കോളേജിലേയ്ക്കുള്ള റോഡിന്റെ അററകുററപ്പണികൾ തീർത്തതോടൊപ്പം, കരിക്കോട്ട് മത്സ്യചന്തയും, വെയിററിംഗ് ഷെഡും, റെയിൽവേ സ്റ്റേഷൻ പരിസരവും വൃത്തിയാക്കി എന്നതും എടുത്തുപറയേണ്ട വസ്തുതയാണ്. ഉച്ചയ്ക്കുശേഷം വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് 'ഐക്യരാഷ്ട്ര സംഘടന ഒരു വിജയമോ അതോ പരാജയമോ' എന്ന വിഷയത്തെ ആസ്പദമാക്കി ഡിബേററ് സംഘടിപ്പിക്കുകയുണ്ടായി. കൂടാതെ ഒക്ടോബർ 23–ന് 'ആധുനിക സിനിമ വിദ്യാത്ഥികളെ വഴിതെററിക്കുന്നോ ഇല്ലയോ' എന്ന വിഷയത്തെ ആസ്പദമാക്കിയും ഡിബേററ് സംഘടിപ്പിച്ചു. ഈ ഡിബേററുകൾമുഖേന വാസനാബലവും, അഭിപ്രായ ദാർഢ്യവുമുള്ള അനേകം വിദ്യാർത്ഥികളെ കണ്ടെത്താൻകഴിഞ്ഞു.

## സൗജന്യ ട്യൂഷൻ പരിപാടി

നമ്മുടെ യൂണിററിന്റെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ എടുത്തുപറയാവുന്ന നേട്ടം കിളികൊല്ലൂരിലെ യത്തീംഖാനയിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി വാളൻറിയർ സെക്രട്ടറിമാരായ ഉണ്ണിക്കൃഷ്ണനുണ്ണിത്താനും, അഷറഫും, ഷിയാസും, വാളൻറിയർ ലീഡേഴ്സായ സലീംകുഞ്ഞ്, ഷാജഹാൻ, മൻസൂറുദ്ദീൻ, അഷറഫുദ്ദീൻ, ഷിഹാബുദ്ദീൻ എന്നിവരും നയിച്ച സൗജന്യ ട്യൂഷൻ പരിപാടിയാണ്. 5–ാംക്ലാസുമുതൽ 10–ാംക്ലാസുവരെയുള്ള വിദ്യാർത്ഥികൾക്ക് ദിവസേന വൈകുന്നേരം 4 മണിമുതൽ 6 മണിവരെ ട്യൂഷൻ നൽകാൻ കഴിഞ്ഞതു് ഒരു വലിയ വിജയമായി കരുതുന്നു.

കൊല്ലത്തെ സാംസ്കാരിക സംഘടനയായ ഗാന്ധിപീസ് ഫൗണ്ടേഷന്റെ പ്രവർത്തനങ്ങളുമായും നമ്മുടെ വിദ്യാർത്ഥികൾ സഹകരിച്ചു. അവർ നടത്തിയ സ്റ്റഡീക്ലാസുകളിലും ഭവന സന്ദർശനങ്ങളിലും നമ്മുടെ വിദ്യാത്ഥികൾ സജീവമായി പങ്കെടുത്തു.

## ദശദിനക്യാമ്പ്

1983 ജനവരി 12 മുതൽ 21 വരെ നടത്തിയ ദശദിനക്യാമ്പ് പലതുകൊണ്ടും ഗ്രാമത്തിന്റെ ജീവസ്പന്ദനം ഉൾക്കൊണ്ട ഒരനുഭവമായിരുന്നു. കൊല്ലത്തെ സോഷ്യൽ സർവ്വീസ് ഡയറക്ടർ റവ: ഫാദർ ഡേവിഡ് കണ്ടത്തിലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽവച്ച് ഡിസ്ട്രിക്ട് സെഷൻസ് ജഡ്ജ് ശ്രീ കെ. ററി. തോമസ് ക്യാമ്പിന്റെ ഔപചാരികമായ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. ക്യാമ്പിന് ആശംസകളർപ്പിച്ചുകൊണ്ട് അഡ്വക്കേററ് ജമീല ഇബ്രാഹിം, കൊററങ്കര പഞ്ചായത്തു് പ്രസിഡൻറ് ശ്രീ കരുണാകരൻപിള്ള എന്നിവർ സംസാരിച്ചു. ബഹുമാന്യ പ്രിൻസിപ്പൽ അതിഥികൾക്ക് സ്വാഗതമോതി. വാളൻറിയർ സെക്രട്ടറി ഉണ്ണിക്കൃഷ്ണനുണ്ണിത്താൻ കൃതജ്ഞതപറഞ്ഞു.

ശ്രമദാനയജ്ഞത്തിന്റെ ഉദ്ഘാടനം ഏകദേശം 15 മിനിട്ടോളം ജോലിചെയ്തുകൊണ്ട് ബഹുമാന്യ പ്രിൻസിപ്പൽ നിർവ്വഹിച്ചപ്പോൾ അതിൽനിന്നും ആവേശമുൾക്കൊണ്ട വിദ്യാർത്ഥികൾ തുടർന്ന് 10 ദിവസത്തെ ക്യാമ്പിന് ചൈതന്യം നൽകിക്കൊണ്ട് ഏററെടുത്ത പരിപാടികളുടെ പൂർത്തീകരണത്തിൽ ശ്രമിച്ചു.

പ്രധാന പരിപാടി പേരൂർ മുതൽ പേരൂർ ക്ഷേത്രംവരെ ഏകദേശം രണ്ടു കിലോമീററർ നീളം വരുന്ന ഒരു തോട്ടിൽ നിറഞ്ഞു കിടന്നിരുന്ന മണ്ണു നീക്കംചെയ്തുകൊണ്ട് അതിനെ ഉപയോഗപ്രദമാക്കുക എന്നുള്ളതായിരുന്നു. ഒപ്പം ഒരുവെടിക്ക് രണ്ടുപക്ഷി എന്ന വണ്ണം തോടിൻ അരികിലായി ഏകദേശം ഒന്നര അടി വീതിയിൽ രണ്ട് അടി പൊക്കത്തിൽ ഒരു നടപ്പാതകൂടി നിർമ്മിച്ചു.

സവിശേഷമായ മറെറാരു വസ്തുത പേരൂർ ക്ഷേത്രത്തിൽ കണ്ടും കുഴിയുമായി കിടന്നിരുന്ന ഗ്രൗണ്ട് നികത്തിയെടുത്തു് എന്നുള്ളതാണ്. ജാതി, മത, വർഗ്ഗ ചിന്തകൾക്കതീതമായി എല്ലാ വിദ്യാത്ഥികളും ഒരുമിച്ചു അതു ചെയ്തപ്പോൾ, ജാതിയുടെയും മതത്തിന്റെയും പേരിൽ സ്പർദ്ധ സൃഷ്ടിക്കുന്ന ജനങ്ങളുടെ മനസ്സിൽ പരിവർത്തനത്തിന്റെ കാററുവീശാൻ ഉപയോഗപ്രദമായി എന്നുള്ളതു് ഞങ്ങളെ കൃതാർത്ഥരാക്കി.

എടുത്തുപറയത്തക്ക പരിപാടികളിൽ മറെറാന്ന്, പേരൂർ ബി. വാർഡിലെ ലക്ഷംവീട് കോളനിയിൽ താമസിക്കുന്ന ജനങ്ങളുടെ പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി ക്യൂ. ഇ. എസ്. പി. ടൈപ്പ് ലാട്രിനുകൾ നിർമ്മിക്കാൻ കഴിഞ്ഞതിന് നാട്ടുകാരുടെ ഭാഗത്തുനിന്നും നിർലോഭമായ സഹകരണം ലഭിച്ചിരുന്നു എന്നതു് എടുത്തുപറയേണ്ട കാര്യമാണ്.



Scanned with OKEN Scanner

പ്രസ്താവയോഗ്യമായ മററ് കാര്യങ്ങൾ, പാലത്തറ ഹെൽത്ത് സെൻററുമായി യോജിച്ചുകൊണ്ട് പരിസര പ്രദേശങ്ങളിലെ 25– ഓളം കിണറുകളിൽ ക്ലോറിൻ തളിച്ചു വൃത്തിയാക്കി എന്നുള്ളതും കൊല്ലത്തെ മണ്ണു പരിശോധനാ വിഭാഗവുമായി സഹകരിച്ചുകൊണ്ട് ഗ്രാമപ്രദേശങ്ങളിലെ കൃഷി ഭൂമികളിലെ മണ്ണു പരിശോധിക്കുകയും, പരിശോധനാ ഫലത്തിൻെറ അടിസ്ഥാനത്തിൽ മണ്ണിൽ ചേർക്കേണ്ട വളങ്ങളെപ്പററിയും കൃഷിചെയ്യേണ്ട വിത്തുകളെപ്പററിയും ഗ്രാമീണജനങ്ങൾക്ക് അറിവു പകർന്നുകൊടുക്കുകയുംചെയ്തു എന്നുള്ളതാണ്.

കൂടാതെ വിദ്യാത്ഥികൾ വീടുകൾ കയറിയിറങ്ങി ശേഖരിച്ച ഏകദേശം 5000–ത്തോളം രൂപ വിലവരുന്ന വസ്ത്രങ്ങൾ പാവപ്പെട്ടവർക്ക് വിതരണംചെയ്തു എന്നുള്ളതാണ് മറെറാരു പരിപാടി.

ഏതു് അത്യാവശ്യഘട്ടത്തിലും നിർധനരായ രോഗികൾക്ക് രക്തം നൽകുന്നതിനുവേണ്ടി 50 പേരടങ്ങുന്ന ഒരു രക്തദാനഗ്രൂപ്പിനെ വാർത്തെടുക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ രക്തം പരിശോധിച്ചു ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ തിരിച്ചു. ആവശ്യക്കാർ അറിയിക്കുകയാണെങ്കിൽ ഹോസ്പിററലിൽ പോയി രക്തം നല്കാനുള്ള സംവിധാനമുണ്ടാക്കി.

വളരെ ക്ലേശങ്ങൾ സഹിച്ച് നിശ്ചിത സമയത്തിനുള്ളിൽ പൂത്തീകരിക്കേണ്ടിവന്ന മറെറാരു പരിപാടിയാണ് കോളേജ് ലൈബ്രറിക്കു മുമ്പിലുണ്ടായിരുന്ന ഒരു വലിയ കുഴി നികത്തിയെടുക്കൽ പാമ്പുകളുടെയും ക്ഷുദ്രജീവികളുടെയും ആവാസകേന്ദ്രമായ ആ സ്ഥലം ഏകദേശം 50 ലോഡ് മണ്ണുവീണാൽപ്പോലും നികരാത്തതായിരുന്നു.

കമ്മചൈതന്യത്തിൻെറ ഉറവിടങ്ങളായ നമ്മുടെ വാളൻറിയേഴ്സ് മൂന്നുദിവസം സ്റ്റഡിക്ലാസ്സുകൾ നിത്തിവച്ചുകൊണ്ട് എട്ടു മണിമുതൽ വൈകുന്നേരം നാലര മണിവരെ തിളയ്ക്കുന്ന സൂര്യനെ പൂക്കാവനമാക്കി മാററിക്കൊണ്ട് ആ ജോലി പൂത്തീകരിക്കാൻ ശ്രമിച്ചത്, അദ്ധ്യാപക–അനദ്ധ്യാപകരുടെ അഭിനന്ദനത്തിന് വഴിതെളിച്ചു. ഒപ്പം ഈ ജോലികണ്ട് ആവേശംനേടിയ സ്നേഹനിധികളായ അദ്ധ്യാപകരുടെ സഹകരണവും, അദ്ധ്വാനവും, ഈ കുഴി നികത്തുന്നതിനാവശ്യമായ മണ്ണു എടുക്കുന്നതിനുവേണ്ടികോളേജിൽ അങ്ങിങ്ങായി കോളേജിൻെറ സൗന്ദര്യത്തിന് കളങ്കംവരുത്തിയ മൺകൂനകൾ ഇല്ലാതാക്കാനും കഴിഞ്ഞു.

വിദ്യാർത്ഥികളുടെ അദ്ധ്വാനക്ഷമതയെ തൊട്ടുണർത്തിയതിലുപരി അവരുടെ സാംസ്കാരികമായ വളർച്ചയെ അതിൻെറ ഔന്നത്യത്തിലേയ്ക്കു് ഉയത്തുന്നവയായിരുന്നു. വിവിധ വിഷയങ്ങളെ ആസ്പദമാക്കി കൊല്ലത്തെ പ്രഗൽഭരും, പ്രശസ്തരുമായ വ്യക്തികൾ നയിച്ച സ്റ്റഡീക്ലാസ്സുകളും, ചച്ചാസമ്മേളനങ്ങളും, ഡിബേററുകളും, കൂടാതെ വിദ്യാർത്ഥികൾ അവതരിപ്പിച്ച കലാപരിപാടികളും ഉന്നതനിലവാരംപുലത്തി എന്നതും ശ്രദ്ധേയമാണ്.

മറെറാരു കാര്യം, പരിസര നിവാസികൾക്കുവേണ്ടി കൊല്ലത്തെ ജനറൽ പിക്ച്ചേഴ്സുമായി സഹകരിച്ചുകൊണ്ട് 'അച്ചാണി' എന്ന സിനിമ പ്രദർശിപ്പിക്കുകയുമുണ്ടായി എന്നുള്ളതാണ്.

പത്തു ദിവസം നീണ്ടുനിന്ന ക്യാമ്പിൻെറ സമാപനപ്രസംഗം സ്ററുഡൻറ്സ്സർവ്വീസ് ഡയറക്ടർ ശ്രീ ബാബു രാജേന്ദ്രപ്രസാദ് നടത്തി. യോഗത്തിൽ ബഹുമാന്യ പ്രിൻസിപ്പൽ അദ്ധ്യക്ഷനായിരുന്നു. ഇഞ്ചിനീയറിംഗ് കോളേജ് എൻ. എസ്. എസ്. അഡീഷണൽ പ്രോഗ്രാം ഓഫീസർ ശ്രീ വൈ. ബഷീർകുട്ടി, പ്രോഗ്രാം ഓഫീസർ ശ്രീ എസ്. കാദർ എന്നിവർ സംസാരിച്ചു. പ്രൊഫ: കെ. കെ. അബ്ദുൽഖാദർ അതിഥികൾക്കു സ്വാഗതമോതി. വാളൻറിയർ സെക്രട്ടറി ശ്രീ അഷറഫ് റിപ്പോർട്ട് അവതരിപ്പിച്ചു. ക്യാമ്പിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കുവേണ്ടി നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്ക് ശ്രീ ബാബു രാജേന്ദ്രപ്രസാദ് സമ്മാനങ്ങൾ വിതരണം ചെയ്തു. വാളൻറിയർ സെക്രട്ടറി ഷിയാസ് കൃതജ്ഞതപറഞ്ഞു.

നിലവിൽ പറഞ്ഞ പ്രവർത്തന പരിപാടികൾ കൂടാതെ നിരവധി രംഗങ്ങളിൽ അവസരത്തിനൊത്തു് ഉയരാനും, സേവനത്തിൻെറ പ്രകാശംചൊരിയാനും, എൻ. എസ്. എസിൻെറ വാളൻറിയേഴ്സിനു കഴിഞ്ഞിട്ടുണ്ട്. ഈ രേഖ സംക്ഷിപ്തമായിരിക്കണമെന്നുള്ളതുകൊണ്ട് വിശാലമായ ഒരു അവലോകനത്തിന് ഞാൻ മുതിരുന്നില്ല.

എൻ. എസ്. എസിൻെറ പ്രവർത്തനങ്ങൾക്ക് വാത്സല്യപൂർവ്വം പിന്തുണയും, നിർദ്ദേശങ്ങളും തന്നനുഗ്രഹിച്ച ബഹുമാന്യ പ്രിൻസിപ്പലിനും, നേർവഴിക്കു നയിച്ച പ്രോഗ്രാം ഓഫീസർമാരായ പ്രൊഫ: എസ്. കാദർസാറിനും, പ്രൊഫ: കെ. കെ. അബ്ദുൽഖാദർസാറിനും, ശ്രീമതി ബീനാ ററിസ്സറിനും, ദശദിനക്യാമ്പിന് എല്ലാ ദിവസങ്ങളിലും വിദ്യാർത്ഥികളോടൊരുമിച്ചു പ്രവത്തിച്ച എൻ.സി.സി. ഗേൾസ് വിംഗ് കമാൻറിംഗ് ഓഫീസർ ശ്രീമതി ഫാത്തിമാ ററിസ്സറിനും, പ്രവത്തനങ്ങളെ സഹായിച്ച കോളേജ് ലീഗൽ കമ്മിററിക്കും, 'സ്നേഹനിധികളായ അദ്ധ്യാപക–അനദ്ധ്യാപകർക്കും നന്ദിയും, കൃതജ്ഞതയും രേഖപ്പെടുത്തിക്കൊണ്ട് ഈ രേഖ സവിനയം നിങ്ങളുടെ പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

നാഷണൽ സർവ്വീസ് സ്കീമിനുവേണ്ടി

വാളൻറിയർ സെക്രട്ടറി

അഷറഫ് എ.





Scanned with OKEN Scanner

# 1982-83-വർഷത്തെ കോളേജ് യൂണിയൻ റിപ്പോർട്ട്

ഒരു കലാലയ വർഷം കൂടി കടന്നുപോയി. ഈ കോളേജ് യൂണിയന്റെ കാര്യദർശി എന്ന നിലയിൽ ഈ റിപ്പോർട്ട് അവതരിപ്പിക്കുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. 1982 സെപ്റ്റംബർ 24–ാം തീയതി കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. കഴിഞ്ഞ വർഷത്തെ യൂണിയൻ പ്രവർത്തനത്തിന്റെ ഒരു വിലയിരുത്തലായിരുന്നു ആ തെരഞ്ഞെടുപ്പ്ഫലമെന്ന് ഞാൻ വിശ്വസിക്കുന്നു. ആകെയുള്ള ജനറൽ സീറ്റുകളിൽ 7 എണ്ണത്തിൽ 5 എണ്ണത്തിലും കെ. എസ്. യു വിജയിച്ച് അധികാരത്തിൽ വരികയുണ്ടായി. കഴിഞ്ഞവർഷത്തെ കോളേജ് യൂണിയന്റെ കാൽപ്പാടുകളെ പിൻതുടർന്നുള്ളതായിരുന്നു 1982–83 വർഷത്തെ കോളേജ് യൂണിയന്റെ പ്രവർത്തനമെന്ന് ഞാൻ അഭിമാനത്തോടെ സ്മരിക്കുന്നു. വിദ്യാർത്ഥികളുടെ കലാ കായിക—വിദ്യാഭ്യാസ രംഗത്തുള്ള സർഗ്ഗവാസനകളെവളർത്തുന്ന ഒരു വേദിയായി കോളേജ് യൂണിയനെ വളർത്തുവാൻ യൂണിയൻ ഭാരവാഹികൾക്ക് കഴിഞ്ഞു. 25–10–82–ൽ കോളേജ് യൂണിയന്റെ ആദ്യ കൗൺസിൽ യോഗം ചേരുകയും യൂണിയന്റെ നേതൃത്വത്തിൽ ഡ്രാമാറ്റിക് ക്ലബ്ബ്, മ്യൂസിക് ക്ലബ്ബ് ലിറ്ററി അസോസിയേഷൻ, ഡിബേറ്റ് ആൻഡ് ക്വിസ് ഫോറം എന്നിവരൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ഈ കോളേജ്‌യൂണിയന്റെ അനൗപചാരികമായുദ്ഘാടനം 17-1-11982 ബുധനാഴ്ച രാവിലെ 10 മണിക്ക് നിർവ്വഹിക്കുകയുണ്ടായി. കോളേജ് യൂണിയൻ ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരളത്തിലെ വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും ശക്തിയും ആവേശവുമായ കേരളാ പ്രദേശ് യൂത്ത് കോൺഗ്രസ്സിന്റെ സമാരാധ്യനായ അദ്ധ്യക്ഷൻ ശ്രീ. ജി. കാർത്തികേയൻ എം. എൽ. എ ആ മംഗളകർമ്മം നിർവ്വഹിക്കുകയുണ്ടായി. അതോടൊപ്പം കലാസമിതിയുടെ ഉത്ഘാടനം കാഥികൻ ശ്രീ. ഹർഷകുമാർ നിർവ്വഹിച്ചു. പ്രസ്തുതസമ്മേളനത്തിൽ യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഹിദർമുഹമ്മദും, കോൺഗ്രസ്സ് കൊല്ലം ജില്ലാ സെക്രട്ടറി ശ്രീ. പ്രയാർ ഗോപാലകൃഷ്ണനും എ. ഐ. വൈ. എഫ് ന്റെ സംസ്ഥാന ജനറൽസെക്രട്ടറി ശ്രീ. ഇ. രാജേന്ദ്രനും എം. എസ്. എഫ്–ന്റെ സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ. ഹസൈനാർ തുടങ്ങിയവർ ആശംസാപ്രസംഗം നടത്തുകയും, കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി കൃതജ്ഞത അർപ്പിക്കുകയും ചെയ്തു. ടി. കെ. എം ആർട്ട്സ്കോളേജിന്റെ കലാകാരന്മാരെയും കലാകാരികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള വിവിധ ഇനം കലാപരിപാടികളോടെ സമ്മേളനത്തിന് തിരശ്ശീല വീഴുകയുണ്ടായി. കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ വിവിധ ക്ലബ്ബുകളും കലാസാംസ്കാരിക സംഘടനകളും നടത്തിയ മത്സരങ്ങളിൽ നമ്മുടെ ഈ കലാക്ഷേത്രത്തിൽനിന്നും കഴിവുള്ള കലാപ്രതിഭകളെ പങ്കെടുപ്പിക്കുവാൻ കഴിഞ്ഞു. അതിന്റെ ഭാഗമായി 13–11–82 ൽ പത്തനംതിട്ട ജയ്സീസിന്റെ ആഭിമുഖ്യത്തിൽ നടന്ന വിവിധ മത്സരങ്ങളിൽ 7 പേർ പങ്കെടുത്തു. 19–11–82 ൽ കൊല്ലം വൈസ്മെൻസ് ക്ലബ്ബ് സംഘടിപ്പിച്ച അന്തർകലാശാല മത്സരങ്ങളിൽ എല്ലാ ഇനത്തിലും നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും, മിമിക്രിക്ക് സെക്കന്റ് പ്രൈസും മറ്റ് മൂന്ന് ഇനങ്ങളിൽ തേഡ് പ്രൈസും ലഭിക്കുകയുണ്ടായി. ഡിസംബർ 6 ന് കൊല്ലം എസ്. എൻ. കോളേജിൽവച്ച് നടന്ന ശ്രീനാരായണ സെന്ററിനറി മെമ്മോറിയൽ ഇന്റർ കോളേജിയേറ്റ് മത്സരങ്ങളിൽ വിദ്യാത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി. ഡിസംബർ 10–ന "മനുഷ്യാവകാശ പ്രഖ്യാപനദിനം'' ആയി ആചരിക്കുകയുണ്ടായി, ശ്രീ. ഹാഷീം കുട്ടിസാർ മനുഷ്യാവകാശ പ്രഖ്യാപനം എന്ന പ്രമേയം അവതരിപ്പിക്കുകയും ശ്രീ. എസ്. കാദർ സാർ അതിന്റെ നിയമവശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. ആ ചച്ചയ്ക്ക് നമ്മുടെ കോളേജ് യൂണിയന്റെ സ്റ്റാഫ് അഡ്വൈസർ ശ്രീ. ബഷീർ കുഞ്ഞ് സാറിന്റെ സാന്നിദ്ധ്യവും മ്യൂസിക് ക്ലബ്ബ് അംഗങ്ങളുടെ ഗാനങ്ങളും സദസ്സിന് മാറ്റ് കൂട്ടുവാൻ സഹായിച്ചു. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി സദസ്സിന് കൃതജ്ഞത പറഞ്ഞു. ഡിസംബർ 14 മുതൽ എറണാകുളത്ത്‌വച്ച് നടന്ന യൂണിവേഴ്സിറ്റി യൂണിയൻ ഫെസ്റ്റിവലിൽ ആകെ 14 വിദ്യാത്ഥികളെ പങ്കെടുപ്പിക്കുകയുണ്ടായി. നമ്മുടെ വിദ്യാർത്ഥികളുടെ കലാപരിപാടികൾ പൊതുവേ നിലവാരം പുലർത്തുന്നവയായിരുന്നു.

രണ്ടാമത്തെ തവണയും ഡൽഹിയിൽ നടന്ന റിപ്പബ്ളിക് ദിനപരേഡിൽ കേരളത്തെ പ്രതിനിധീകരിച്ച പ്രൊഫ: ശ്രീ.

ബഷീർ കണ്ണുസാറിന് ഈ അവസരത്തിൽ കോളേജ് യൂണിയന്റെ അഭിനന്ദനം അർപ്പിക്കുകയാണ്.

ഈ അദ്ധ്യായനവർഷത്തിൽ വളരെ വേദനാജനകമായ ഒരു സംഭവമായിരുന്ന മൂന്നാം വർഷ കോമേഴ്സ് വിദ്യാർത്ഥിയായ ശ്രീ. റഹിമിന്റെ മരണം. പരേതനോടുള്ള ആദരസൂചകമായി കോളേജ്യൂണിയൻ യോഗം ചേർന്ന് അനുശോചനം രേഖപ്പെടുത്തി. ശ്രീ. റഹിമിന്റെ വേർപാടിലുള്ള ദുഃഖം നമ്മുടെ മനസ്സുകളിൽനിന്നും മറയുന്നതിന് മുൻപ് ജനുവരി 25–ാം തീയതി കൊല്ലം കടപ്പാക്കടയിൽവച്ചുണ്ടായ ബസ്സപകടത്തിൽ രണ്ടാം വർഷ ഗണിതശാസ്ത്ര വിദ്യാർത്ഥിനി മിസ്സ്: ബിനിയുടെ മരണവും കൂടാതെ മററ് ഒൻപതോളം വിദ്യാർത്ഥികൾ ഗുരുതരമായ പരിക്കുകൾക്ക് വിധേയരാവുകയും ചെയ്തു. പരേതയായ വിദ്യാർത്ഥിനിയോടുള്ളആദരസൂചകമായി7–2–82ൽ കോളേജ് യൂണിയൻ കൗൺസിൽ യോഗത്തിൽ അഗാധമായ ദുഃഖവും അനുശോചനവും രേഖപ്പെടുത്തുകയുണ്ടായി. കൂടാതെ കോളേജ്യൂണിയന്റെ ജീവകാരുണ്യപ്രവർത്തനത്തിന്റെ ഭാഗമായി ആശുപത്രിയിൽ ചികിത്സയിൽ നിദ്ധരരായി കഴിഞ്ഞിരുന്ന വിദ്യാർത്ഥികൾക്ക് നമ്മുടെ കോളേജിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും കയ്യിൽനിന്നും സമ്പരൂപിച്ച സഹായനിധി നൽകുകയുണ്ടായി.

അടുത്തതായി ചേർന്ന കോളേജ് യൂണിയൻ കൗൺസിൽ മൂന്നാംവർഷ സസ്യ ശാസ്ത്രവിദ്യാർത്ഥിയായ കെ. എസ്. യൂവിലെ സലീമിനെ സ്പോർട്ട്സ് സെക്രട്ടറിയായും ഒന്നാം വർഷ പ്രീഡിഗ്രി വിദ്യാർത്ഥിയായ ശ്രീ. സുബാഷിനെ ഹരിജൻ പ്രതിനിധിയായും തെരഞ്ഞെടുത്തു. 1983 ജനുവരി 25–ാം തീയതി നടന്ന കേരളാ യൂണിവേഴ്സിററി യൂണിയൻ തെരഞ്ഞെടുപ്പിൽ നമ്മുടെ കോളേജിലെ കൗൺസിലറായ ശ്രീ. കായിക്കര നവാസിനെ യൂണിവേഴ്സിററി എക്സിക്യൂട്ടീവ് അംഗമായി തെരഞ്ഞെടുക്കപ്പെട്ടത് നമുക്ക് ഏവർക്കും അഭിമാനിക്കാവുന്ന ഒരു സംഗതിയാണ്. നമ്മുടെ കോളേജിൽനിന്നും ഇൻറർ കോളേജിയേററ് കായിക മത്സരങ്ങളിൽപങ്കെടുത്ത നമ്മുടെ കോളേജ് ഫുട്–ബാൾ ടീം സെമിഫൈനലിൽ വരുകയും, കൊല്ലം ജില്ലാ ലീഗ് ഫുട്–ബാളിൽ ബി ഡിവിഷനിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. ഈ അവസരത്തിൽ കോളേജ് യൂണിയന്റെ അഭിനന്ദനത്തിന്റെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

1983 മാർച്ച് 7 ന് മലയാള സിനിമയുടെ സമകാലീന പ്രശ്നത്തെക്കുറിച്ച് കേരള ഫിലിം അവാർഡ് നിർണ്ണയിച്ചു. സമിതി അംഗമായ ശ്രീ. വിജയകൃഷ്ണൻ ക്ലാസ്സെടുത്തു. 1983 മാർച്ച് 9–ാംതീയതി കോളേജ്യൂണിയന്റെ അഭിമുഖ്യത്തിൽ ''കലാലയസൗന്ദര്യം ക്യാമറയുടെ ദൃഷ്ടിയിൽ'' എന്ന വിഷയത്തെ ഉൾക്കൊള്ളിച്ച് കൊണ്ട് ഒരു ഫോട്ടോഗ്രാഫി മത്സരം നടത്തുവാൻ കഴിഞ്ഞതു് കോളേജ്യൂണിയന് അഭിമാനിക്കാവുന്ന ഒന്നാണ്.

1983 മാർച്ച് 14, 15, 16 എന്നീ തീയതികളിൽ നമ്മുടെകോളേജിന്റെ ആനുവൽഅത്ലററിക്മീററ്–നടക്കുകയുണ്ടായി. അതിന്റെ വിജയത്തിലേയ്ക്കായി കോളേജ് യൂണിയന്റെ ആത്മാർത്ഥമായ സഹകരണം നൽകാൻ കഴിഞ്ഞതിൽ അതിയായസന്തോഷമുണ്ട്. അത്ലററിക് മീററിൽ വിജയികളായവർക്ക് കേരളാ യൂണിവേഴ്സിററി സിൻഡിക്കേററ്അംഗവും ററി. കെ. എം കോളേജ് ഗവണിംങ് ബോഡി അംഗവും കൂടിയായ ശ്രീ. കായിക്കര എ. നിസാമുദ്ദീൻ സമ്മാനദാനം നിർവ്വഹിക്കുകയുണ്ടായി.

മാർച്ച് 17–ാം തീയതി കോളേജ് ദിനത്തോടനുബന്ധിച്ച് നടന്ന നാടകമത്സരങ്ങളിൽ 15 ഏകാങ്കനാടകങ്ങൾ പങ്കെടുക്കുകയുണ്ടായി. ഈ നാടകങ്ങൾ മെച്ചമായ നിലവാരം പുലർത്തുന്നവയായിരുന്നു. 18–ാം തീയതി മറ്റ് കലാമത്സരങ്ങൾ നടത്തുകയുണ്ടായി. കലാപരിപാടികളിൽ വിജയിച്ച എല്ലാ കലാകാരന്മാർക്കും കലാകാരികൾക്കും കോളേജ് യൂണിയന്റെ അഭിനന്ദനം ഈ അവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളുന്നു. നാഷണൽ സർവ്വീസ് സ്കീമിന്റെയും എൻ. സി. സിയുടെയും പ്രവർത്തനങ്ങളെ ദൃഷ്ടിപരമായി സഹായിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

19–3–1983–ൽ കോളേജ് യൂണിയന്റെസമാപനസമ്മേളനം നടന്നു. സമ്മേളനത്തിന്റെ ഉത്ഘാടനം എൻ. എസ്. യൂ പ്രസിഡൻറ് ശ്രീ. രമേശ്ചെന്നിത്തല എം. എൽ. എ നിർവ്വഹിച്ചു. യോഗത്തിൽ ആർട്ട്സ് ക്ലബ്ബിന്റെ സമാപന സമ്മേളനം ശ്രീ. കെ. സീതാറാം നിർവ്വഹിച്ചു. ശ്രീ. സുരേഷ്കുറുപ്പ്, ശ്രീ. കായിക്കര നവാബ് എന്നിവർ പ്രസംഗിച്ചു. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു. ഉച്ചയ്ക്ക് 2 മണിക്കുശേഷം വിവിധ കലാപരിപാടികൾ നടന്നു.

കോളേജ് യൂണിയൻ പ്രവർത്തനങ്ങൾക്ക് വാത്സല്യപൂർവ്വം പിൻതുണയും, ഉപദേശങ്ങളും, നിർദ്ദേശങ്ങളും, തന്നനുഗ്രഹിച്ച ആരാധ്യനായ പ്രിൻസിപ്പാളിനും സ്റ്റാഫ്അഡൈ്വസർ പ്രൊഫസർ ബഷീർ കണ്ണുസാറിനും, സ്നേഹനിധികളായ മുഴവൻ അദ്ധ്യാപക, അനദ്ധ്യാപകർക്കും, മുഴവൻ സഹപാഠികൾക്കും ഹൃദയാംഗമായ നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഈ റിപ്പോർട്ട് സവിനയം സമർപ്പിച്ചുകൊള്ളട്ടെ!

എം. അബ്ദുള്ള ഷാഫി
ജനറൽ സെക്രട്ടറി
കോളേജ് യൂണിയൻ

ററി. കെ. എം. ആർട്ട്സ്

## National Service Scheme



Inaugural Address of the N. S. S. Special Camping Programme. By Dist. Judge Sri. K. T. Thomas.



Volunteers on action



A flourishing item by N. S. S. Volunteers.



Principal Inaugurating the Social Work



Mathew I. B. Com. (Best Camper) Receiving the prize from Principal

Scanned with OKEN Scanner



Valedictory address of N. S. S. Special Camping Programme
By Sri. Rajendra Prasad N. S. S. Programme Co-ordinator.



Volunteer Secretary
Ashraf A.



Newly Trained
Programme Officer
Prof. K K. Abdul Kadir



Volunteer Secretary
Unnikrishnan Unnithan R.



Volunteer Secretary
Shihab A.

Scanned with OKEN Scanner



NCC ARMY WING (BOYS)



NCC ARMY WING (GIRLS)



NAVAL N.C.C

Scanned with OKEN Scanner



S. U/o. Abdul Jabbar
Attended All India R. D. Camp and 'C' Certificate holder



S. U/o. Asokan P.
Attended All India Camp and 'C' Certificate holder



Rajasekharan Nair G.
Cadet Capt, Naval N. C. C. and 'B' Certificate holder



Suresh
P. O. Cadet



Major Basheer Kannu
A rare honour, selected for the second time Commanded Kerala, and Lakshwadeep N. C. C. contingent, Republic Day Parade and Prime Minister's rally at New Delhi during January 1983.



A. A. Karim
New Commissioner Officer
N. C. C. Army Wing
Second L. T.



M. Fathima Beegum
Newly Commissioner Officer
N. C. C. Girls Wing
Second L. T.



Ahmed Ali Taher
An Unique opportunity—*Selected to participate ufher in duty N. C. C. Contingent, 9th Asiad, New Delhi, and 'B' Certificate holder.*

Scanned with OKEN Scanner

# T. K. M. College of Arts & Science, Quilon-5

## N. C. C. Army Wing: Annual Report 1982-'83

The academic year 1982-'83 has recorded a year of creditable achievements in the N, C. C. activities of this college. The regular activities for the year commenced during the month of July. The Independence Day 1982 was celebrated in due way. Our cadets took part in the Ceremonial Parade at Ashramam Stadium and also in our college.

Our Six cadets were selected for the R. D. Selection camp held at Govt. H. S. Mavelikara during Sept. 1982.

On October 2nd 1982, in connection with the Gandhi Jayandhi Day Celebration our sub-unit launched a clean-up compaign. So also our contingent participated in the Route March under the auspices of the Quilon Group Our sub-unit has taken very keen paticipation in the NCC Day Celebration held at Quilon.

A special firing practice was held at the Kalluvathukkal Range and our cadets were given special training in weapon training. Our four cadets — S. u/o Abdul Jabbar — for Bayonet fighting and Firing Position, C. S. M. Ahemed Alithahir for Judging distance, Sgt. Navabjan far Bayonet fightnig and Sgt. Nandakumar for firing position — were selected to take part in the Inter-Bn Competitlon held at Nooranadu Range.

It deserves a special mention that our cadets did remarkable service in maintaining "Law and order" during college union election, union Inuaguration, Annual athletic meet and College Day Celebration.

Our cadets took part in the Republic Day Celebrations held at Ashramam stadium and in the college and also articipated in the Route March from Ashramam (via) Chamakada to Chinnakkada. The traffic Control was Successfully discharged by our Cadets at Chinnakkada, Quilon.

Our 12 cadets attended the Regular Army Attachment Camp at Pangod (Tvm.) during 1982.

Our 5 cadets passed certificate examinations during the year.

Our two cadets were detailed for the Advance Leadership course held at Bihar from 1st June to 21st June 1983.

In addition, this sub-unit had the honour and privilege that it did all routine activities at its utmost spirit and enthusiasm. In this context, a special mention is to be made on the unstinted co-operation and guidances imparted by the Officer, Commanding Administrative Officer, and staff of '7' Kerala Bn NCC and Quilon Group. The self-less services of our Senior cadets viz S. u/o Abdul Jabbar, S u/o Ashokan, C. S. M. Ahemad Alithahir, Sgt. Navabjan, Sgt. Nazir deserve our congratultiaons.

To add to the colour of this NCC Sub-unit. Sri A. A. Kareem (a former cadet of this sub-unit) is Commissioned as an Army wing NCC Officer. Congratulations to him.

It is again a very rare privilege and honour to this sub-unit and our Institution that Major Basheer Kannu got selected for the second time an NCC Contingent Commander, Kerala and Lakshadweed which represented the Kerala and Lakshadweep Directorate at the Republic Day parade and the Prime-Minister's Rally held at New Delhi during January, 1983.

To conclude, all these creditable achievements of the sub-unit is made possible and easy only because of the boundless support and guidance rendered by our esteemed Management and honourable Principal, Prof. S. M. Sainul Abdeen and members of the teaching and non-teaching staff of this Institution.

